VI നിയമനിർമ്മാണകാര്യം

1999-ലെ കേരള സഹകരണസംഘം (ഭേദഗതി) ബില്ലിന്റെ പരിഗണനയും അനന്തരഘട്ടങ്ങളും (ചർച്ച തുടർച്ച)

ശ്രീ. തമ്പാനൂർ രവി : സർ, Report of the select committee on Kerala co-operative Societies (Amenment) Bill, 1999 and the Bill as reported by the Selected Committee. ഇതിൽ 4 contents ഉണ്ട്. (1) Composition of the Committee (2) Report of the Select Committee (3) Minutes of dissent (4) The Bill as reported by the select committee. ഇതാണ് ഒറിജിനൽ ബിൽ. ഇവിടെ ഒരു മലയാള പരിഭാഷ തന്നു. ബില്ലിന്റെ മാത്രം പരിഭാഷയാണ്. ഒരു നിയമസഭാ സെലക്ട് കമ്മിറ്റിയെ അങ്ങ് നിയമിച്ച് ഇതിന്റെ റിപ്പോർട്ട് അംഗങ്ങൾക്ക് മനസ്സിലാക്കാൻ വേണ്ടി പരിഭാഷപ്പെടുത്തുമ്പോൾ ഫുൾ ആയിട്ട് വേണ്ടേ തരേണ്ടത് ? ഈ മലയാളം പരിഭാഷയിൽ വളരെ പ്രധാനപ്പെട്ട ഡിസന്റ് ഇല്ല, composition of the committee അതില്ല. സെലക്ട് കമ്മിറ്റി എന്താണ് പറഞ്ഞിരിക്കുന്നത് എന്നത് ഇല്ല. ഇതൊക്കെ ഒഴിവാക്കിയത് വളരെ കുറ്റകരമായ അനാസ്ഥയാണ്. ഒരിക്കലും ഇങ്ങനെയുണ്ടാകാൻ പാടുള്ളതല്ല.. മേലിൽ ആവർത്തിക്കാനും പാടില്ല. ബഹുമാനപ്പെട്ട സ്പീക്കർ ഇത് സംബന്ധിച്ച് റൂളിംഗ് നൽകണം.

മി. സ്പീക്കർ : റൂളിംഗിന്റെ ആവശ്യമൊന്നുമില്ല. ഈ ബില്ലിന്റെ അവതരണവും പരിഗണനയുമെല്ലാം ഇംഗ്ലീഷിലാണ്. ക്ലിയറായല്ലോ. പിന്നെ വന്ന ഒരു ആവശ്യം വകുപ്പ് തിരിച്ചുള്ള ചർച്ച നടക്കുമ്പോൾ എല്ലാ അംഗങ്ങൾക്കും ഭാഷയുടെ പ്രശ്നമില്ലാതെ പങ്കെടുക്കുന്നതിനുവേണ്ടി ട്രാൻസിലേഷൻ വേണമെന്ന് അംഗങ്ങളുടെ ഭാഗത്തുനിന്ന് ഒരാവശ്യം വന്നപ്പോൾ വകുപ്പ് തിരിച്ചുള്ളതിനുമാത്രമുള്ള ട്രാൻസിലേഷനാണ്. അംഗങ്ങൾക്ക് സഹായത്തിനുവേണ്ടി ചെയ്ത ഒരു കാര്യം മാത്രമാണത്. അല്ലാതെ ആധികാരികമായിട്ടുള്ള ട്രാൻസിലേഷൻ അല്ല.

ഭേദഗതികളെ സംബന്ധിച്ച് 18-12-1999 വൈകുന്നേരം വരെ ആദ്യത്തെ ബുള്ളറ്റിൽ ഭേദഗതി നൽകാൻ അവസരമുണ്ടായിരുന്നു. ഭേദഗതികൾ നൽകാനുള്ള സമയം ദീർഘിപ്പിക്കണമെന്ന് അംഗങ്ങൾ ആവശ്യപ്പെട്ടു, ചെയർ അത് പരിശോധിച്ച് 20-ാം തീയതിവരെ സമയം നീട്ടുകയുണ്ടായി. ആറ് ലിസ്റ്റുകളായിട്ടാണ് ഭേദഗതി വിതരണം ചെയ്തത്. ലിസ്റ്റ് ഒന്നും രണ്ടും 20-ാം തീയതി വൈകുന്നേരം തന്നെ അംഗങ്ങൾക്ക് കവറിൽ കൊടുത്തു. ലിസ്റ്റ് അഞ്ച് 21-ാം തീയതി കവറിൽ കൊടുത്തു. ലിസ്റ്റ് മൂന്നും ആറും 22-ാം തീയതി സഭയിൽ വിതരണം ചെയ്തു. ലിസ്റ്റ് നാല് ഉടനെതന്നെ നൽകും.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഇത്രയും ഭംഗിയായി, ആധുനിക സൗകര്യങ്ങളെല്ലാമുള്ള ഒരു അസംബ്ലി മന്ദിരം പണിയിച്ചു. നമ്മുടെ പ്രിന്റിംഗ് ഇപ്പോഴും കല്ലച്ചിലാണ്. അതാണ് ഭേദഗതി സമയത്ത് പ്രിന്റ് ചെയ്ത് കിട്ടാൻ താമസം വരുന്നതിന്റെ കാരണം. ഇത്രയുമൊക്കെ പണം മുടക്കിയിട്ട് ഇവിടെ ഒരു പ്രസ്സ് തുടങ്ങാൻ

LIBRARY ARCHIVES Kerala Legislative Assembly

ഇതുവരെ കഴിഞ്ഞില്ലെന്നു പറഞ്ഞാൽ അപമാനകരമാണ്. റൂൾ അനുസരിച്ച് 24 മണിക്കൂർ മുൻപ് ഞങ്ങൾ നോട്ടീസ് കൊടുത്താൽ മതി. അങ്ങു തന്നെ പറഞ്ഞു, ഞങ്ങൾ 48 മണിക്കൂർ മുൻപ് നോട്ടീസ് കൊടുത്തുവെന്ന്. എന്നിട്ടും ഞങ്ങൾക്കിത് കിട്ടിയില്ലെന്നു പറഞ്ഞാൽ വളരെ ഖേദകരമാണ്. അതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ട ബാദ്ധ്യതയുണ്ട്. അത് അടിയന്തിരമായി ചെയ്യണം എന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ : 48 മണിക്കൂർ മുൻപ് നോട്ടീസ് കൊടുത്തിട്ടില്ല. ഇതൊക്കെ റൂളിൽ പറയുന്നുണ്ടെങ്കിലും പ്രായോഗികമായിട്ട് ഇനിയും ചില കാര്യങ്ങൾ മാറ്റം വരുത്തേണ്ടതായിട്ടുണ്ട്. 20-ാം തീയതി തന്നെ അപ്പടിയെടുത്ത് പ്രസ്സിൽ കൊടുക്കാൻ പറ്റുകയില്ല. ഒരു ദിവസത്തെ വർക്ക് ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റിൽ നടത്തിയാലേ അതിനെ പ്രിന്റിംഗ് രൂപത്തിൽ കൊടുക്കാൻ പറ്റുകയുള്ളൂ. അങ്ങ് പറഞ്ഞതുപോലെ കല്ലച്ചിന്റെ കാര്യത്തിൽ മാത്രമല്ല, പുതിയ ആധുനിക സൗകര്യങ്ങൾ എല്ലാം ഉണ്ട്. അതുകൊണ്ടു മാത്രം നമുക്ക് ഈ പ്രശ്നം പരിഹരിക്കാൻ കഴിയില്ല. അതിനു മാനുവലായിട്ടുള്ള മാനുവൽ വർക്കുകൾ ഇതിന്റെ ഭാഗമായിട്ടുണ്ട്. അതിനുള്ള സാവകാശവും നമുക്ക് വേണം. അതേസമയത്ത് ഇത് മോഡണൈസ് ചെയ്യേണ്ടതായിട്ടുണ്ട്. അത് നമുക്ക് പരിഗണിക്കാം.

3-ാം വകുപ്പ്

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(1346) In sub - clause (v) of clause 3 of the Bill to clause (oc) proposed to be inserted the following proviso shall be added, namely :-

"Provided that the societies in existance at the commencement of the Kerala Co-operative Societies (Amendment) Act, 1999, having more than one taluk as its area of operation shall restrict such area of operation to the taluk where the head quarters of such society is situated within a period of six months".

ശ്രീ. ടി. എം. ജേക്കബ് : മന്ത്രി ഇവിടെ ഒഫീഷ്യൽ അമന്റ്മെന്റ് മൂവ് ചെയ്തിരിക്കുകയാണ്. അത് അദ്ദേഹത്തിന് അവകാശപ്പെട്ട കാര്യമാണ്. അത് ഞങ്ങൾ തടസ്സപ്പെടുത്തുന്നില്ല. പക്ഷേ ഞങ്ങൾക്ക് എന്തെങ്കിലും ഭേദഗതി നിർദ്ദേശിക്കാനുള്ള സൗകര്യം കൂടി തരണം.

മി. സ്പീക്കർ : സാധാരണ ബിൽ എടുക്കുന്നതിനു മുൻപ്, അല്ലെങ്കിൽ വകുപ്പ് തിരിച്ചുള്ള പരിഗണനയ്ക്ക് മുൻപ് മന്ത്രിമാർ ഭേദഗതികൾ അവതരിപ്പിക്കുന്ന കീഴ്വഴക്കം മുൻകാലങ്ങളിൽ ഉണ്ടായിട്ടുണ്ട്. അത് മനസ്സിലാക്കിക്കൊണ്ട് വളരെ മുൻകൂട്ടി തന്നെ ഇത് സർക്കുലേറ്റ് ചെയ്തിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. അഗസ്തി: ഈ ബില്ലിന്റെ കാര്യത്തിൽ ഒരു പ്രത്യേകത കാണേണ്ടതാണ്. കാരണം ഇത് സെലക്ട് കമ്മിറ്റിക്ക് പോയി, രണ്ടു ദിവസം പൊതു ചർച്ച നടന്നു. ഈ ഘട്ടത്തിൽ ഒന്നും ഇല്ലാതെ ഒഫിഷ്യൽ അമന്റ്മെന്റ് തരുന്നത് സാധാരണ ഗതിയിൽ ക്ലറിക്കൽ മിസ്റ്റേക്ക്, ഗ്രാമർ മിസ്റ്റേക്ക് ഇവയൊക്കെ കറക്ട് ചെയ്യുന്നതിനുവേണ്ടിയാണ്. നയപരമായ കാര്യങ്ങളെ സംബന്ധിച്ചുള്ള തീരുമാനങ്ങൾ ഉൾക്കൊള്ളുന്ന ഇത്രയേറെ ഭേദഗതികൾ ഇന്നു രാവിലെയാണ് തന്നത്. ഒന്നുകിൽ ഈ ബില്ലിനെ ഗവൺമെന്റ് ഗൗരവമായി കാണുന്നില്ല. അല്ലെങ്കിൽ മറ്റെന്തെങ്കിലും ദുരുദ്ദേശത്തോടുകൂടിയാണ് ഈ ഭേദഗതികൾ കൊണ്ടുവന്നിട്ടുള്ളത്. ഞങ്ങൾക്ക് ഈ ഭേദഗതി പഠിക്കുന്നതിനു വേണ്ടിയാണ്. ഇവിടെ വന്നതിനുശേഷമാണ് അമന്റ്മെന്റ് നോക്കുന്നതും എഴുതുന്നതുമൊക്കെ. ഇത്രയേറെ ഭേദഗതികൾ ഇതിനുമുൻപ് ഒരു ബില്ലിലും ഒഫിഷ്യൽ ഭേദഗതിയായി ബിൽ ക്ലാസ് ബൈ ക്ലാസ്സായി ചർച്ച ചെയ്യുന്ന സമയത്ത്, അതും സഹകരണ മേഖലയിൽ ഘടനാപരമായി മാറ്റങ്ങൾ വരുത്തേണ്ട ഭേദഗതികൾ വന്നിട്ടില്ല. അത് ഗൗരവമായി കാണണം.

ശ്രീ. പാലോട് രവി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(131) Clause (eb) of Section 2 of the Principal Act proposed to be inserted by clause 3(i) shall be deleted.

(143) Clause (ec) of Section 2 of the Principal Act proposed to be inserted by clause 3(i) shall be deleted.

(199) After the proviso to Section 2 (oa) of the Principal Act proposed to be inserted by clause 3 (iv) add the following further proviso :-

"Provided further that more than one society of the type mentioned in this sub-clause may be established in a Municipality with the prior sanction of the Government".

ഞാൻ വിയോജനക്കുറിപ്പ് അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചപ്പോൾ പറഞ്ഞത് 'കൺസോർഷ്യത്തിന്റെ കാര്യമാണ്. 'കൺസോർഷ്യം' ഏതു ബാങ്കുകൾ വരെയാകാം. ഏതു സംഘങ്ങൾ വരെ ആകാം. ബാങ്കുകളുടെ ലാഭ വിഹിതം, അത് വളരെ ഗൗരവമായി നാം ഇവിടെ ഉപയോഗിച്ചില്ലെങ്കിൽ സ്വാഭാവികമായും ഡെപ്പോസിറ്റ് ഇടാൻ വരുന്നവരെല്ലാം ബാങ്കുകളോട് സലാം പറയുന്ന ഒരു അവസ്ഥയുണ്ടാകും. അതുകൊണ്ടാണ് 'consortium lending scheme' ഇത് പുതിയ ഒരു ആശയമാണ്. ഞാൻ ആ ആശയത്തെ സ്വാഗതം ചെയ്യുന്നു. പക്ഷേ പ്രായോഗികതയിൽ അത് വിജയിക്കുമോ എന്നതിൽ ഈ സെക്ഷൻ വച്ച് നോക്കുമ്പോൾ വലിയ ആശങ്കയുണ്ട്. ഞാൻ വിയോജനക്കുറിപ്പ് അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചപ്പോൾ പറഞ്ഞു, ഇത് അപ്പക്സ് സംഘങ്ങളിൽ ആകാമെന്ന്. ഇത് ഏത് ലെവലിൽ ആകാമെന്നതിനെ സംബന്ധിച്ച് വ്യക്തമാക്കി. മാത്രമല്ല, ഡെവലപ്മെന്റ് അതോറിറ്റികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഇൻഫ്രാസ്ട്രക്ച്ചർ വർദ്ധിപ്പിക്കാനൊക്കെയാണ് ഈ പണം കൊടുക്കാൻ പോകുന്നത്. അങ്ങനെ വരുമ്പോൾ തുകയും പലിശയും ആവശ്യാനുസരണം സഹകരണ സംഘങ്ങൾക്ക് മടക്കി കൊടുക്കുവാൻ ഗവൺമെന്റിനു കഴിയുകയില്ല. ഇത് നമ്മൾ വളരെ ഗൗരവമായി കാണണം. പക്ഷേ ഈ കൺസോർഷ്യം തുക കൊടുക്കുന്നത് സംഘങ്ങൾക്ക്, ലോക്കൽ ബോഡികൾക്ക്, ഡവലപ്മെന്റ് അതോറിറ്റിക്ക് ഒക്കെയാണ്. അത് ഉപയോഗിക്കേണ്ടത് ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റിനും സഹകരണ സംഘങ്ങളിലെ ലോക്കൽ ബോഡികൾക്കും കൊടുക്കുന്ന തുക, നമുക്ക് വളരെ അപകടകരമായ ഒരു കീഴ്വഴക്കം ഉണ്ടാക്കും. അതുകൊണ്ടാണ് ഞാൻ 131-ാം നമ്പർ ഭേദഗതി മൂവ് ചെയ്തിരിക്കുന്നത്. മറ്റൊന്ന്, ഇപ്പോഴുള്ള വ്യവസ്ഥയനുസരിച്ച് ക്ലാസ് 3-ഉം, 4-ഉം. ഒരു മുനിസിപ്പാലിറ്റിയിൽ ഈ ക്ലാസിൽ വന്നിരിക്കുന്ന ടൈപ്പിൽപ്പെടുന്ന ഒരു സൊസൈറ്റിയേ ഉണ്ടാകാൻ പാടുള്ളൂവെന്നാണ്. ജില്ലാ ആസ്ഥാനങ്ങളിലുള്ള മുനിസിപ്പാലിറ്റിയുടേയും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കോർപ്പറേഷനുകളുടെ പ്രവർത്തന പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകൾ എത്രയോ ഇരട്ടി വലിപ്പമുള്ള താണ്. അതുകൊണ്ട് അവിടെ ഒരു ടൈപ്പിൽപ്പെട്ട ഒരു സംഘം മാത്രം മതി എന്നു പറയുന്നത് സഹകരണ പ്രസ്ഥാനത്തിന്റെ അടിസ്ഥാന തത്വത്തിന് എതിരാണ്. മാത്രമല്ല അത് പുരോഗതിക്ക് തടസ്സമായിരിക്കും. അതുകൊണ്ട് ഒന്നിൽ കൂടുതൽ സംഘം ഉണ്ടാക്കാൻ വ്യവസ്ഥ വേണം. അതിനുള്ള ഭേദഗതിയാണ് 143-ാം നമ്പരായി ഞാൻ അവതരിപ്പിക്കുന്നത്. ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ കിട്ടിയാൽ അത് 90 ദിവസത്തിനുള്ളിൽ അതിന്മേൽ തീരുമാനമെടുക്കണമെന്നാണ് നിലവിലുള്ള നിയമത്തിൽ പറയുന്നത്. ഇത് പകുതിയായി കുറയ്ക്കണമെന്നാണ് ഞാൻ എന്റെ 199-ാം നമ്പർ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(157) Section 2 (ed) of the Principal Act proposed to be inserted the following clause 3 (i) shall be deleted.

(162) In Section 2 (hb) of the Principal Act proposed to be inserted by clause 3 (ii) after the words "any officer" and before the word "on" insert the words "of the Co-operative Department or Government".

(177) In clause (ib) of section 2 of the Principal Act proposed to be inserted by clause 3 (iii) the words "individuals and" shall be deleted.

(185) In Section 2 (ib) of the Principal Act proposed to be inserted by clause 3 (iii) after the words "society having" and before the word "District" delete the words "more than one" and insert the words "two or more districts as its area of operation".

LIBRARY ARCHIVES Kerala Legislative Assembly

(194) In Section 2 (oa) of the Prinicipal Act proposed to be inserted by clause 3 (iv) before the words "agricultural credit activities" the word "mainly" shall be added.

(205) In Section 2 (oe) of the Principal Act proposed to be inserted by clause 3 (v) delete the words "and rural development activities" and substitute the words "rural and allied activities".

(217) In clause (ta) of Section 2 of the Principal Act proposed to be substituted by clause 3 for the word "society" substitute the word "Bank"

(224) In Section 2 (ta) of the Principal Act proposed to be inserted by clause 3 (vii) after the word "operation" and before the words "in the Urban Areas" insert the word "mainly".

ഇവിടെ പ്രിൻസിപ്പൽ ആക്ടിന്റെ രണ്ടാം വകുപ്പിൽ 2 (എച്ച്. ബി) ക്ലാസായി കൊടുത്തിരിക്കുന്നത് ഡയറക്ടർ ഓഫ് കോഓപ്പറേറ്റീവ് ആഡിറ്റിന്റെ ഡഫനിഷനാണ്. അതിന്റെ അവസാനഭാഗത്ത് any officer on whom all or any of the powers of the Director of Co-operative Audit under this Act are conferred. എന്നുപറയുന്നുണ്ട്. അതിൽ an officer of co-operative department or government എന്നുചേർക്കണം. കാരണം ഇതിൽ ഓഫീസർ എന്നുള്ളത് പ്രിൻസിപ്പിൾ ആക്ടിൽ 2 (എൻ) ന്റെ ഡഫനിഷൻ പ്രകാരം കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രസിഡന്റും, സെക്രട്ടറിയും, ഖജാൻജിയുമൊക്കെ ഇതിൽ ഓഫീസർ എന്നുള്ള പരിധിയിൽ വരുന്നുണ്ട്. ഗവൺമെന്റിന് ഒരു പക്ഷെ ഈ ഡയറക്ടർ ഓഫ് ആഡിറ്ററുടെ ഏതെങ്കിലും തരത്തിലുള്ള ചുമതല ഏതെങ്കിലും കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രസിഡന്റിന് കൈമാറാനുള്ള ഒരു വിദൂര സാദ്ധ്യത ഇതിലുണ്ട്. അതുകൊണ്ട് ആ പഴുത് അടയ്ക്കുവാനായി എന്റെ 162-ാം നമ്പർ ഭേദഗതി അംഗീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. എഴുകോൺ നാരായണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(163) In clause (hb) of Section 2 of the Prinicipal Act proposed to be inserted by clause 3 (ii) after the words "any officer" insert the words "of the Indian Audit and Accounts Department not below the rank of an Additional Accountant General".

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഞാൻ എന്റെ 164, 171 എന്നീ നമ്പർ ഭേദഗതികളും ബഹുമാനപ്പെട്ട മന്ത്രിയുടെ 1346-ാം നമ്പർ ഒഫിഷ്യൽ അമെന്റ്മെന്റിനുള്ള ഭേദഗതിയും അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(164) In clause (hb) of Section 2 of the prinicipal act proposed to be inserted by clause 3 (ii) after the words "any officer" insert the words "of the Co-operative Department not below the rank of an Additional Registrar of Co-operative Socieities".

(171) In clause (hb) of Section 2 of the prinicipal act proposed to be inserted by clause 3 (ii) after the words "officer" insert the words "of the Indian Audit and Accounts Service not below the rank of Deputy Accountant General".

In sub-clause (v) of clause 3 of the bill, the proposed proviso shall be amended as follows:-

For the words "the Taluk where the headquarters of such society is situated" substitute the words "that Taluk decided by the board of Directors of the Society".

ഇവിടെ ബഹുമാനപ്പെട്ട മന്ത്രിയുടെ 1346-ാം നമ്പർ ഒഫിഷ്യൽ അമെന്റുമെന്റിൽ പറയുന്നത് പ്രൈമറി കോ-ഓപ്പറേറ്റീവ് അഗ്രിക്കൾച്ചറൽ ഡവലപ്മെന്റ് ബാങ്ക് ഒരു താലൂക്കിൽ ഒരു ബാങ്ക് എന്ന തത്വത്തിൽ നടപ്പിലാക്കാൻ പോകുകയാണെന്നാണ്. ഇവിടെ പറയുന്നത് ഒന്നിലേറെ താലൂക്കുകളിൽ ഓപ്പറേഷനുള്ള ഒരു പ്രൈമറി കോ-ഓപ്പറേറ്റീവ് അഗ്രിക്കൾച്ചറൽ റൂറൽ ബാങ്ക് ഹെഡ് ക്വാർട്ടേഴ്സ് ഏത് താലൂക്കിലാണോ ആ താലൂക്കിലേക്ക് അതിന്റെ ഏരിയ ലിമിറ്റ് ചെയ്യുക എന്നാണ്. എന്റെ അമെന്റ്മെന്റ് അങ്ങനെ ഒരു തീരുമാനം അടിച്ചേൽപ്പിക്കാതെ ഏത് താലൂക്കിൽ ഓപ്പറേറ്റ് ചെയ്യണമെന്നാണോ കാർഷിക വികസന ബാങ്കിന്റെ ഡയറക്ടർ ബോർഡ് തീരുമാനിക്കുന്നത് ആ താലൂക്കിലേയ്ക്ക് അവർക്ക് ഓപ്പറേറ്റിംഗ് നടത്തുവാൻ സൗകര്യം കൊടുക്കണം. ഹെഡ് ക്വാർട്ടേഴ്സ് ചിലപ്പോൾ ഒരു താലൂക്കിലായിരിക്കും, ഏരിയ ഓഫ് ഓപ്പറേഷൻ പ്രധാനമായിട്ടും കൂടുതൽ വരുന്നത് മറ്റ് താലൂക്കുകളിൽ ആയിരിക്കും. ഒന്നിലേറെ താലൂക്കുകളിൽ നിലനിൽക്കുന്ന ഒരു പ്രൈമറി കാർഷിക വികസന ബാങ്കിന്റെ മേജർ ഏരിയ ഓഫ് ഓപ്പറേഷൻ ചിലപ്പോൾ ഹെഡ് ക്വാർട്ടേഴ്സ് ഇരിക്കുന്ന ആ താലൂക്കിൽ ആയിരിക്കില്ല. അങ്ങയുടെ അമെന്റുമെന്റ് അനുസരിച്ച് ഏത് ഹെഡ്ക്വാർട്ടേഴ്സ് ഏത് താലൂക്കിലാണോ ആ താലൂക്കിലേക്ക് ഓപ്പറേഷൻ ലിമിറ്റ് ചെയ്യുകയാണ്. അതിനുള്ള അവസരം ഉണ്ടാക്കാതെ ഏത് താലൂക്കിൽ ഓപ്പറേറ്റ് ചെയ്യണമെന്നാണോ ആ ബാങ്കിന്റെ ഡയറക്ടർ ബോർഡ് തീരുമാനിക്കുന്നത് ആ താലൂക്കിലേക്ക് അതിന്റെ ഏരിയ അനുവദിച്ചു കൊടുക്കണം. അല്ലാതെ ഹെഡ്ക്വാർട്ടേഴ്സ് ഒരു താലൂക്കിലായിപ്പോയതുകൊണ്ട് ആ താലൂക്കിലേക്ക് ഏരിയ ലിമിറ്റ് ചെയ്യുന്നത് ശരിയായ കാര്യമല്ല. രണ്ടാമത്തേത് എന്റെ 164, 171 എന്നീ നമ്പർ ഭേദഗതികളാണ്. അതിൽ പറയുന്നത് ഓഫീസർ എന്നുപറയുന്നത് സംബന്ധിച്ച് രണ്ടു നിർദ്ദേശങ്ങളുണ്ട്. ഒന്ന് ഓഫീസർ എന്ന് അവ്യക്തമായി

LIBRARY ARCHIVES Kerala Legislative Assembly

പറയാതെ കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റിലെ അഡീഷണൽ രജിസ്ട്രാറുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനോ അതല്ലെങ്കിൽ ഇന്ത്യൻ ആഡിറ്റ് ആന്റ് അക്കൗണ്ട്സ് സർവ്വീസിലെ ഡെപ്യൂട്ടി എ. ജി. യുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനോ എന്ന് ആ ഓഫീസർ എന്നുള്ള ഡെഫനിഷനകത്ത് ചേർക്കണം. അല്ലെങ്കിൽ ഏത് ലവലിലുള്ള ഉദ്യോഗസ്ഥന്മാർക്കും അധികാരം കൊടുക്കുന്ന നടപടിയുണ്ടാകും. ഞാൻ എന്റെ അമെന്റുമെന്റ് മൂന്നും മൂവ് ചെയ്യുന്നു.

ശ്രീ. കെ. സി. വേണുഗോപാൽ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(166) In clause (hb) of Section 2 of the Principal Act proposed to be inserted by clause 3 (ii) after the words "any officer" insert the words "of the Co-operative Department not below the rank of a Joint Registrar of Co-operative Societies".

(174) In clause (hb) of Section 2 of the Principal Act proposed to be inserted by clause 3 (ii) delete the words "under this Act".

(213) In clause (ra) of section 2 of the prinicipal Act proposed to the inserted by clause 3 (vi) shall be deleted.

ഇതിൽ ആഡിറ്റ് ഡയറക്ടറുടെ അധികാരം സഹകരണവകുപ്പിൽ തന്നെയുള്ള ഒരാൾക്ക് നൽകണം എന്നുള്ളതാണ് എന്റെ ഭേദഗതി. ഇതിനകത്ത് നിലവിലുള്ള നിയമം അനുസരിച്ച് ഈ ആഡിറ്ററുടെ അധികാരം ഗവൺമെന്റ് കാലാകാലങ്ങളിൽ ഇഷ്ടമുള്ള സ്ഥലങ്ങളിൽ ഇഷ്ടമുള്ള രീതിയിൽ ഉപയോഗിക്കാവുന്ന ഒരു സ്ഥിതിവിശേഷമുള്ളതുകൊണ്ടാണ് സഹകരണ വകുപ്പുമായി ബന്ധമുള്ള സഹകരണവകുപ്പ് ജീവനക്കാരൻ തന്നെ ആയിരിക്കണം. മാത്രമല്ല അത് ജോയിന്റ് രജിസ്ട്രാറുടെ റാങ്കിലുള്ള ആളായിരിക്കണം എന്നുള്ളതാണ് എന്റെ ഭേദഗതി. കോ-ഓപ്പറേറ്റീവ്സ് ആക്ടിൽ നിർവചിച്ചിരിക്കുന്നതുകൊണ്ട് അവിടെ സെക്ഷൻ പ്രത്യേകമായി under the section of the Act എന്ന് അവസാനഭാഗത്ത് പ്രത്യേകിച്ച് പറയേണ്ടത് ഒരാവർത്തനമായിട്ട് വന്നിരിക്കുകയാണ്. അത് വീണ്ടും ആവർത്തിക്കേണ്ട കാര്യമില്ല എന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീമതി റോസമ്മ ചാക്കോ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(169) In clause (hb) of Section 2 of the Principal Act proposed to be inserted by clause 3 (ii) after the words "any officer" add the words "of the Co-operative Department not below the rank of a Deputy Registrar of Co-operative Societies".

LIBRARY ARCHIVES Kerala Legislative Assembly

ജനകീയാസൂത്രണത്തിന് ബാങ്കുകളിൽ നിന്ന് ലോൺ കാര്യമായി കിട്ടാതെ വരുന്ന സന്ദർഭത്തിൽ സഹകരണ സംഘങ്ങളിൽ നിന്നും ലോൺ കൊടുക്കുക എന്നുള്ള സമ്പ്രദായം സഹകരണ സംഘങ്ങൾ പൊളിഞ്ഞ് പാളീസാകുന്നതിന് കാരണമാകും. പൊതു ജനങ്ങൾക്ക് അതിലുള്ള വിശ്വാസം കുറയുന്നതുകൊണ്ട് ഇത് മാറ്റണം എന്നുള്ള അഭിപ്രായമാണ് എന്റെ ഈ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. പി. വിശ്വനാഥൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(186) Clause (ib) of Section 2 of the Principal Act proposed to be inserted by clause 3 (iii) shall be recast as follows :

"Federal Co-operative Society means a Society having more than one district as its area of operation and having as its members and other co-operative societies".

അവിടെ ഇതിൽ അച്ചടിപ്പിശകാണെന്നാണ് എനിക്ക് തോന്നുന്നത്. അവിടെ 'and' ഞാൻ പറഞ്ഞിട്ടില്ല. ഇതിൽ എന്റെ ഉപദേശം കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് മാത്രം മതി, അംഗങ്ങൾ വേണ്ട. ഇൻഡിവിഡുവൽസിനെ അംഗങ്ങളാക്കാൻ പാടില്ല എന്നാണ് എന്റെ ഭേദഗതി. കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ ഫെഡറൽ സ്വഭാവം തന്നെ അംഗങ്ങൾ വരുന്നതോടുകൂടി നഷ്ടപ്പെടും. ഇഷ്ടംപോലെ ആളുകളെ ചേർത്താൽ വ്യക്തിക്ക് കൂടുതൽ പ്രാധാന്യം കിട്ടും. സൊസൈറ്റികളുടെ യാതൊരു താത്പര്യവും സംരക്ഷിക്കപ്പെടുകയില്ല. അതുകൊണ്ട് വ്യക്തി അംഗങ്ങളാകാൻ പാടില്ല എന്നുള്ള എന്റെ ഭേദഗതി ഞാൻ മൂവ് ചെയ്യുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(187) Section 2 (ib) of the Principal Act proposed to be inserted by clause 3 (iii) shall be redrafted as follows :

" (ib) Federal Co-operative Society means a Society with more than one district as its area of operation and having other Societies as its members".

രണ്ടാമതായി ഞാൻ അവതരിപ്പിക്കുന്നത് ബഹു. മന്ത്രി അവതരിപ്പിച്ച 1346-ാം നമ്പർ ഭേദഗതിക്കുള്ള ഭേദഗതിയാണ്.

In amendment No. 1346 given notice by the Minister for the words "within a period of six months" substitute the words "after the expiry of its term in accordance with the provisions of the Kerala Co-operative societies (Amendment) Act, 1999".

LIBRARY ARCHIVES Kerala Legislative Assembly

187-ാം നമ്പർ ഭേദഗതിയിൽ ഒരു കാര്യമുള്ളത് അതിനകത്ത്

"Federal Co-operative Society means having more than one district as its area of operation and having as its members individuals and other co-operative societies".

അതിൽ ഒരിക്കലും ഇൻഡിവിഡുവൽസിനെ മെമ്പറാക്കാൻ അനുവദിക്കുന്നത് ശരിയല്ല. അതുകൊണ്ട് എന്റെ ആദ്യത്തെ അമെന്റുമെന്റിൽ 187-ൽ കൊടുത്തത് ഇൻഡിവിഡുവൽ മെമ്പർഷിപ്പ് ഡിലീറ്റ് ചെയ്യണമെന്നുള്ളതാണ്. അതിൽ സഹകരണസംഘങ്ങളാണ് വരേണ്ടത്, സമ്പന്നൻമാരല്ല വരേണ്ടത്. സമ്പന്നന്മാർക്ക് കടന്നുകൂടാനുള്ള ഒരവസരമായി ഇത് മാറാൻ പാടില്ല. സഹകരണസ്ഥാപനം അങ്ങനെ അധഃപതിക്കാമോ ? അതുകൊണ്ട് യാതൊരു കാരണവശാലും ഇൻഡിവിഡുവൽ മെമ്പർഷിപ്പ് പാടില്ല. സഹകരണ സംഘങ്ങളെ മാത്രം മെമ്പർമാരാക്കണം. അതിനുവേണ്ടിയുള്ളതാണ് എന്റെ ആ ഭേദഗതി. രണ്ടാമതായി ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ ഒരു ഒഫീഷ്യൽ അമന്റുമെന്റ് കൊണ്ടുവന്നു. ആ ഓഫിഷ്യൽ അമന്റുമെന്റ് കൊണ്ടുവന്നതുകൊണ്ട് എന്റെ ഭേദഗതി യാതൊരു സംശയവും വേണ്ട അംഗീകരിക്കണം എന്നാണ് എന്റെ അഭിപ്രായം. ഒരിക്കലും ഇൻഡിവിഡ്യുവൽസിനെ ഇതിൽ അംഗങ്ങളായി ചേർക്കുന്നത് ശരിയല്ല. മന്ത്രിയിപ്പോൾ ഇവിടെ കൊണ്ടുവന്ന ഭേദഗതിയനുസരിച്ച് ഗുണമുണ്ട്. ഇരുപത്തിയഞ്ചു ശതമാനം ഇൻഡിവിഡ്യുവൽസിനെ അംഗങ്ങളാക്കണം. ഇത് വളരെ അപകടം ചെയ്യും, അവർ സൊസൈറ്റികളെ വരെ സ്വാധീനിക്കും. ഇനി അങ്ങേയ്ക്ക് അത്ര നിർബന്ധമാണെങ്കിൽ എന്റെ ഭേദഗതി എന്താണെന്ന് ചോദിച്ചാൽ ഒരു താലൂക്കിന് ഒരു സംഘം എന്ന നിലയിൽ വരുന്നത് കർഷകർക്ക് വളരെ ബുദ്ധിമുട്ട് ഉണ്ടാകും. ഉദാഹരണമായി കൃഷിക്കാർ കൂടുതലുള്ള ചില വില്ലേജുകളുണ്ട്. അവിടെ ഒരു താലൂക്കിൽത്തന്നെ ചിലപ്പോൾ രണ്ടെണ്ണം വേണ്ടിവരും. ഇപ്പോൾ തിരുവനന്തപുരം താലൂക്ക് ഇവിടെ കൃഷിക്കാർ കുറവാണ്. അതുപോലെയാണോ നെടുമങ്ങാട് താലൂക്ക് ? അവിടെ കൃഷിക്കാരുണ്ട്. നെയ്യാറ്റിൻകര താലൂക്കിൽ കൃഷിക്കാരുണ്ട്. ഈ തിരുവനന്തപുരം താലൂക്കിലെ മുന്നൂറോ, അഞ്ഞൂറോ, ആയിരമോ, രണ്ടായിരമോ, കൃഷിക്കാർക്കും ഒരു ബാങ്ക് എന്ന രീതിയിൽ വരുന്നത് വയബിൾ ആകുകയില്ല. അതുകൊണ്ട് ഒന്നിലധികം താലൂക്കുകളുടെ പരിധിയിൽ വരുന്ന നിലവിലുള്ള സംഘങ്ങളെ നിലനിർത്തണം. ഡെമോക്രാറ്റിക് സമ്പ്രദായത്തിലേയ്ക്ക് അല്ലേ നാം പോകുന്നത് ? അപ്പോൾ അവയുടെ ജനറൽ ബോഡിയുടെ തീരുമാനപ്രകാരമേ അതിൽ മാറ്റം വരുത്താവൂ. ഒഫീഷ്യൽ അമന്റുമെന്റിന് ഞാൻ കൊണ്ടുവന്ന ഭേദഗതി എന്താണെന്നു ചോദിച്ചാൽ, ചുരുങ്ങിയത് ആറ് മാസംകൊണ്ട് ഇത് ശരിയാക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. ആറു മാസമെന്നുള്ളത് മാറ്റി ഈ ആക്ട് നിലവിൽ വന്നാൽ ഉണ്ടാകാവുന്ന കാലാവധി എത്രയാണോ ആ കാലാവധി വരെ ഇതിന് അനുവാദം നൽകണമെന്നുള്ളതാണ് എന്റെ ഭേദഗതി.

<u>ശ്രീ. പി. ജെ. ജോയി</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(189) In Section 2 (ib) of the Principal Act proposed to be inserted by clause 3 (iii) after the words "a society having" and before the words "more than" insert the words "one or".

(200) After the proviso to clause (oa) of section 2 of the Principal Act proposed to be substituted by Clause 3 (iv) add the following further proviso :-

"Provided further that the restrictions contained in the foregoing proviso shall not apply to the municipal areas of Thiruvananthapuram, Cochin and Kozhikode".

സർ, ഇതിൽ ഒന്നിലധികം ജില്ലകളിൽ പ്രവർത്തിക്കുന്ന സംഘം മാത്രമേ ഇപ്പോൾ ഫെഡറൽ സൊസൈറ്റിയാകാവൂ എന്നാണ്. ഒരു ജില്ലയിൽ മാത്രം പ്രവർത്തിക്കുന്നതാണെങ്കിലും ഫെഡറൽ സൊസൈറ്റിയായി അംഗീകരിക്കണമെന്നാണ് എന്റെ 189-ാം നമ്പർ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. ഈ കോർപ്പറേഷനിലൊക്കെ ഒരു പഞ്ചായത്തിൽ അല്ലെങ്കിൽ ഒരു തദ്ദേശസ്വയംഭരണത്തിന്റെ പരിധിയിൽ ഒരു സൊസൈറ്റിയെന്നുള്ള കാഴ്ചപ്പാട്, വലിയ ഭൂപ്രദേശമുള്ള കോർപ്പറേഷൻ, വലിയ ഭൂപ്രദേശമുള്ള മുനിസിപ്പാലിറ്റികൾ അവിടെയൊക്കെ ആ നിബന്ധന കർശനമായി വച്ചാൽ ഇത് പ്രായോഗികമായി കൊണ്ടു നടക്കാൻ കഴിയാതെ വരും. അതുകൊണ്ട് അങ്ങനെയുള്ള സ്ഥലങ്ങളിൽ കൂടുതൽ സംഘങ്ങൾ സ്ഥാപിക്കാൻവേണ്ട ഭേദഗതിയുണ്ടാകണം. അതാണ് ഞാൻ 200-ാം നമ്പർ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത്.

<u>ശ്രീ. ടി. എം. ജേക്കബ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(190) In clause (ib) of Section 2 of the prinicipal Act proposed to be inserted by clause 3 (iii) for the words "as its members individuals and other co-operative societies" the words "individuals and other Co-operative Societies as its members" shall be substituted.

(204) In clause (oc) of Section 2 of the prinicipal Act proposed to be inserted by clause 3 (v) for the words "revenue taluk" the word "taluk" shall be substituted.

സർ, ഇവിടെ 190-ൽ പറഞ്ഞിരിക്കുന്നത്, അത് എഴുതിയിരിക്കുന്നതിന്റെ ഘടനയിലുള്ള മാറ്റത്തെ സംബന്ധിച്ചാണ്, ഇവിടെ ബില്ലിൽ അച്ചടിച്ചു വന്നിരിക്കുന്നത് "Federal Co-operative Society means a society having more than one district as its area of operation and having as its members individuals and other co-operative societies" എന്നാണ്.

"as its members individuals and other co-operative societies", എന്നുള്ളതിനുപകരം "individuals and other co-operative societies as its members എന്നാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

അതാണ് കറക്ടായിട്ടുള്ള വേഡിംങ്, അങ്ങനെ ചേർക്കുന്നതാണ് നിയമം ഭംഗിയാകാൻ നല്ലത്. അത് ഞാൻ ഈ ബില്ലിൽ വന്നിരിക്കുന്ന കാര്യത്തിനുള്ള ഭേദഗതിയായിട്ട് നിർദ്ദേശിക്കുകയാണ്. ഇവിടെ ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞ കാര്യത്തോട് ഞാൻ യോജിക്കുകയാണ്. ഇൻഡിവിഡ്യുവൽസിനെ ഇതിനകത്ത് ഉൽക്കൊള്ളിച്ചുകൊണ്ടുവരുന്നത് ശരിയല്ല, ഇത് സഹകരണമേഖലയുമായി ബന്ധപ്പെട്ട ഒരു നിയമമെന്നുള്ള നിലയിൽ സഹകരണപ്രസ്ഥാനങ്ങളെ മാത്രം അതിൽ കൺഫേം ചെയ്യുന്നതായിരിക്കും നല്ലത്. അതിന്റെ ഉള്ളിലേയ്ക്ക് ഇൻഡിവിഡ്യൂവൽസിനെ കൊണ്ടുവരികയെന്നു പറയുന്നത് ശരിയായ ഒരു സമീപനമായിരിക്കുകയില്ല. അത് എന്ത് ഉദ്ദേശത്തിൽ മന്ത്രി ചെയ്തുവെന്നുള്ളത് വ്യക്തമാക്കിയാൽ തരക്കേടില്ല. അത് നമ്മൾ എടുത്തിരിക്കുന്ന പൊതു ആശയത്തിന് വിരുദ്ധമായിട്ടുള്ളതായിരിക്കും. രണ്ടാമത്തെ സംഗതി ഈ ബില്ലിൽ Primary Co-operative Agricultural Society, ഞാൻ ഇവിടെ പ്രൊപ്പോസ് ചെയ്തിരിക്കുന്നത്, റവന്യു, താലൂക്ക് എന്നുള്ളതിന് പകരം താലൂക്ക് എന്നുപറഞ്ഞാൽ മതി. അതിന്റെ ആവശ്യമേയുള്ളൂ. നിയമത്തിലും അങ്ങനെയാണ് പറഞ്ഞിരിക്കുന്നത് അല്ലാതെ റവന്യൂ താലൂക്ക് എന്നു പറയേണ്ട കാര്യമില്ല. രണ്ടാമത്തെ വിഷയം ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്നിരിക്കുന്ന പ്രൊവൈസോ, സാർ, ഇവിടെ പ്രൊപ്പോസ് ചെയ്തിരിക്കുന്നത് എന്താ ? "Primary Co-operative Agricultural and Rural Development Bank" means an apex society having its area of operation confined to a revenue taluk and the principal object of which is to provide for long term agricultural credit and rural development activities," ഈ ഒരു കാര്യംകൊണ്ടുതന്നെ ഈ പറഞ്ഞ കാര്യങ്ങൾ വ്യക്തമാകുന്നുണ്ട്. എന്താ മന്ത്രി ഇവിടെ പറഞ്ഞിരിക്കുന്നത്, മന്ത്രി ഈ സബ്ക്ലോസ് പറഞ്ഞതിനുശേഷം അതിന് പ്രൊവൈസോ പറഞ്ഞിരിക്കുന്നത് "Provided that the societies in existance at the commencement of the Kerala Co-operative Societies (Amendment) Act, 1999, having more than one taluk as its area of operation shall restrict such area of operation to the taluk where the headquarters of such society is situated with in a period of six months".

ആറു മാസത്തിനകം ഈ സൊസൈറ്റി എവിടെയായിരിക്കുന്നുവോ, അതിന്റെ ഹെഡ്ക്വാർട്ടേഴ്സ് എവിടെയിരിക്കുന്നുവോ ആ താലൂക്കിലേയ്ക്ക് ആയിട്ട് അത് കൺഫേം ചെയ്യും എന്നാണ് പറഞ്ഞിരിക്കുന്നത്. സാർ ആറുമാസത്തിനുള്ളിൽ മന്ത്രിക്ക് ഒന്നും ചെയ്യാൻ സാധിക്കുകയില്ല. അതിന്റെ ആവശ്യമില്ല, ഏരിയാ ഓഫ് ഓപ്പറേഷൻ ഒന്നിൽ കൂടുതൽ താലൂക്കിൽ കിട്ടുന്നവർക്ക് ബുദ്ധിമുട്ടില്ല. ഒരു കാര്യം വളരെ വ്യക്തമാണ്. നമ്മുടെ താലൂക്കുകളെല്ലാം ഒരേ രൂപത്തിലല്ല നിൽക്കുന്നത്. വിസ്തൃതമായ താലൂക്കുകളുണ്ട്, വളരെ ചുരുക്കം പഞ്ചായത്തുകളുള്ള താലൂക്കുകൾ ഉണ്ട്. ഇപ്പോൾ കോതമംഗലം താലൂക്ക് ഉദാഹരണമായിട്ടെടുത്താൽ കോതമംഗലം താലൂക്കിൽ ആകെയുള്ളത് എട്ട് ചെറിയ പഞ്ചായത്തുകളാണ്. ഒരു പ്രത്യേക സാഹചര്യത്തിലുണ്ടായ താലൂക്കാണ് കോതമംഗലം താലൂക്ക്. ആ കോതമംഗലം താലൂക്കിനോട് ചേർന്നുതന്നെ മൂവാറ്റുപുഴ താലൂക്കിന്റെ ഭാഗമായിട്ട് കിടക്കുന്ന പഞ്ചായത്താണ് ആയമന പഞ്ചായത്ത്. അപ്പോൾ ഇതിന്റെ ഏരിയാ ഓഫ് ഓപ്പറേഷൻ

LIBRARY ARCHIVES Kerala Legislative Assembly

അതിലേയ്ക്കുകൂടി വ്യാപിച്ചുകിടന്നാൽ ഇപ്പോൾ നിങ്ങൾ കൊണ്ടുവന്നിരിക്കുന്ന പ്രൊവൈസോ അനുസരിച്ച് ഈ പറയുന്ന സൊസൈറ്റിയുടെ ഹെഡ്ക്വാർട്ടേഴ്സ് സ്ഥിതിചെയ്യുന്ന താലൂക്ക് ഏതെങ്കിലും ഒരു പഞ്ചായത്ത് ആയിരിക്കും. ഉദാഹരണമായി ഇപ്പോൾ പോത്താനിക്കാട് പഞ്ചായത്ത് ആണെന്ന് വിചാരിക്കുക, പോത്താനിക്കാട് പഞ്ചായത്താണെങ്കിൽ അത് കോതമംഗലത്തേക്കായി അത് കൺഫേം ചെയ്തുനില്ക്കും. അപ്പോൾ വരുന്നത് ആയമന പഞ്ചായത്ത് ഒഴിവാക്കപ്പെടും, അത് മൂവാറ്റുപുഴ താലൂക്കിന്റെ ഭാഗമായിട്ട് നിൽക്കുകയാണ്. അങ്ങനെ വരുമ്പോൾ കൃഷിക്കാർക്ക് ബുദ്ധിമുട്ട് വരും. അപ്പോൾ നിങ്ങൾക്ക് പ്രൊവൈസോ കൊണ്ടുവന്ന് കൺഫേം ചെയ്യിക്കേണ്ട ആവശ്യമില്ല. എന്റെ അഭിപ്രായം ബഹുമാനപ്പെട്ട മന്ത്രി അത് വിത്ത്ഡ്രോ ചെയ്യണമെന്നാണ്.

സർ, നേരത്തേ പ്രൈമറി കോ-ഓപ്പറേറ്റീവ് അഗ്രിക്കൾച്ചറൽ ആന്റ് റൂറൽ ഡെവലപ്മെന്റ് ബാങ്ക് എന്ന് പറഞ്ഞ് ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്നിരിക്കുന്ന ആ ഭേദഗതിയിൽ തന്നെ നില്ക്കുന്നതായിരിക്കും നല്ലത്. അതിനപ്പുറം കടന്ന് പോകേണ്ട. ഈ പ്രൊവിസോ ആഡ് ചെയ്താൽ വളരെയെറേ കൺഫ്യൂഷൻ ഉണ്ടാകും. തന്നെയുമല്ല ബഹുമാനപ്പെട്ട മന്ത്രി പറയുന്നതിൽ 'within a period of six months' കൊണ്ട് അത് സാധിക്കില്ല. പിന്നേയും നിങ്ങൾ ഓർഡിനൻസ് ഇറക്കി അമെന്റ് ചെയ്യേണ്ടിവരും. ഒന്നുകിൽ ഇവിടെ സൂചിപ്പിച്ചതുപോലെയും ഞാൻ പ്രൊപ്പോസ് ചെയ്തിരിക്കുന്നതുപോലെയും ശ്രീ. ആര്യാടൻ മുഹമ്മദ് അടക്കമുള്ള ആളുകൾ സൂചിപ്പിച്ചതുപോലെയും ആ പീരിയേഡ് ഡിലീറ്റ് ചെയ്യുക. ഇത് ഒഫിഷ്യൽ അമെന്റുമെന്റായിട്ട് വേണ്ട. ഞാൻ അത് നോക്കിയപ്പോൾ എന്റെ അഭിപ്രായത്തിൽ പ്രൊപ്പോസ് ചെയ്തിരിക്കുന്ന in sub-clause (v) (oc) ആയി വന്നിരിക്കുന്ന ആ ഭേദഗതികൊണ്ട് തന്നെ ഈ പർപ്പസ് സർവ് ചെയ്യും. കൂടുതൽ കൺഫ്യൂഷൻ ഉണ്ടാക്കാൻവേണ്ടി ഒരു പ്രൊവിസോ ആഡ് ചെയ്യേണ്ട എന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ഇ. എം. അഗസ്തി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(192) In Section 2 (oa) of the principal act proposed to be inserted by clause 3 (iv) after the words "Rural Bank" add the words "the members of which are exclusively farmers" and for the words "and having" substitute the word "with".

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 1346-ാം നമ്പർ ഭേദഗതിക്കുള്ള ഭേദഗതി:

In sub-clause (v) of clause 3 to clause (oc) proposed to be inserted add the following further proviso :

"notwithstanding anything contained in this Act a member of a committee of a Primary Co-operative Agricultural and Rural Development Bank shall continue in office till the expiry of the term of the committee notwithstanding that he happened to be a resident of the area beyond the jurisdiction of the committee on account of the operation of this clause".

LIBRARY ARCHIVES Kerala Legislative Assembly

സർ, എന്റെ 192-ാമത്തെ ഭേദഗതി റൂറൽ ബാങ്കിൽ പ്രൈമറി സൊസൈറ്റികളെ സംബന്ധിച്ചുള്ള ഡഫിനിഷനിൽ പറഞ്ഞിരിക്കുന്നത് 'Primary Agricultural Credit Society' means a Service Co-operative Society, a Service Co-operative Bank, A Farmers' Service Co-operative Bank and a Rural Bank, the principal object of which is to undertake agricultural credit activities and having its area of operation confined to a Village Panchayat or a Municipality : എന്നാണ്. ഇത് ഗുണപരമായ ഉദ്ദേശത്തോടുകൂടിയാണെന്ന് ഇവിടെ പൊതു ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അതൊന്ന് പൂർണ്ണമാകണമെങ്കിൽ Agricultural credit society is having its area of operation of Agricultural purposes, അവർ ബാങ്കിംഗ് ബിസിനസ് ഒന്നും നടത്തുന്നില്ല ; പ്രത്യേകിച്ച് റൂറൽ ബാങ്ക്. കാർഷിക വികസന ബാങ്കുകൾ എന്ന് പറയുന്നത് പാർലമെന്റ് പാസ്സാക്കിയ ഒരു പ്രത്യേക നിയമത്തിന്റെ പരിധിയിലാണ്. അത് റീ ഫിനാൻസ് മാത്രമാണ്. ബാങ്കിംഗ് ബിസിനസ് ഒന്നും നടത്തുന്നില്ല. അപ്പോൾ കർഷകർ മാത്രമായിരിക്കണം സംഘത്തിന്റെ പരിധിയിൽ വരുന്നതെന്ന് സ്പെസിഫിക്കായിട്ട് പറയണം. അല്ലെങ്കിൽ പൊതു ചർച്ചയിൽ എന്തൊക്കെ ഉദ്ദേശങ്ങൾ പറഞ്ഞാലും പ്രായോഗികമായി അത് നടക്കുകയില്ല. ഞാൻ അങ്ങയുടെ അറിവിലേയ്ക്കായി ഒരുകാര്യം പറയാം. പ്ലാന്റേഷൻ മേഖലയിൽ പ്രവർത്തിക്കുന്ന ചില സംഘങ്ങളുണ്ട്. പീരുമേട് താലൂക്കിൽ ഒരു കാർഷിക വികസന ബാങ്ക് രൂപപ്പെടുത്തിയിട്ടുണ്ട്. പീരുമേടിലെ ബഹുഭൂരിപക്ഷം സ്ഥലങ്ങളും തോട്ടം മേഖലയാണ്. ആ താലൂക്കിലെ ജനസംഖ്യയിൽ ഭൂരിപക്ഷവും തോട്ടം തൊഴിലാളികളാണ്. പക്ഷേ, ഈ വ്യവസ്ഥ അനുസരിച്ചാണെങ്കിൽ ആ തോട്ടം തൊഴിലാളികളെ മുഴുവൻ ഈ സംഘത്തിൽ അംഗങ്ങളാക്കാം. അവർക്ക് മെമ്പർ ആയിരിക്കാനുള്ള യോഗ്യത മതി. മെമ്പർ ആയിരിക്കാനുള്ള യോഗ്യത ഡിഫൈൻ ചെയ്തിരിക്കുന്നത് ഡപ്പോസിറ്റ് ഉണ്ടാകണം, അല്ലെങ്കിൽ മറ്റ് ഇടപാടുകൾ ഉണ്ടാകണം, പൊതുയോഗത്തിൽ പങ്കെടുക്കണം എന്നൊക്കെയാണ്. ഞാൻ ഒരു ഉദാഹരണം പറയാം. അങ്ങയുടെ മുൻഗാമിയായിരുന്ന ശ്രീ. പിണറായി വിജയനും ഞാനും കൂടി വണ്ടിപ്പെരിയാർ സർവ്വീസ് ബാങ്കിലെ ഒരു പരിപാടിയിൽ പങ്കെടുത്തതാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് തന്നെ ആ റിപ്പോർട്ടിനെതിരായി സംസാരിക്കേണ്ടി വന്നു. കാരണം എന്താണെന്നുവച്ചാൽ, ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, ഭരണസമിതി അധികാരം ഏറ്റെടുക്കുമ്പോൾ 3000 അംഗസംഖ്യയുണ്ടായിരുന്നു. അത് ഇപ്പോൾ 18,000 അംഗസംഖ്യയാക്കി എന്നാണ്. ബഹുമാനപ്പെട്ട മന്ത്രി തന്നെ പറഞ്ഞു അങ്ങനെ അംഗസംഖ്യ കൂട്ടിക്കൊണ്ട് പോകുന്നതല്ല സംഘത്തിന്റെ പ്രവർത്തനമെന്ന്. ഇതനുസരിച്ചാണെങ്കിൽ പീരുമേട് താലൂക്കിലെ മുഴുവൻ ആളുകളേയും ഈ സംഘത്തിലെ അംഗങ്ങളാക്കാം. എന്റെ അമെന്റുമെന്റ് എന്ന് പറയുന്നത് റൂറൽ ബാങ്കിലും അഗ്രിക്കൾച്ചറൽ പ്രൈമറി ക്രെഡിറ്റ് സൊസൈറ്റിയിലും അംഗമാകുന്ന ആളുകൾ കൃഷിക്കാർ മാത്രമായിരിക്കണം. തൊഴിലാളികൾക്ക് പ്രത്യേക ലേബർ സഹകരണ സംഘം ഉണ്ടാകണം. ഏത് കാറ്റഗറിയിലാണെങ്കിലും ഗുണഭോക്താക്കളായിരിക്കണം സംഘത്തിലെ അംഗങ്ങൾ. അതുകൊണ്ട് ഈ ഭേദഗതി അംഗീകരിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഒഫിഷ്യൽ ഭേദഗതിക്ക് ഞാൻ ഒരു അമെന്റുമെന്റ് കൊടുത്തിട്ടുണ്ട്. അതിനെക്കുറിച്ച് മുമ്പ് ഇവിടെ പറഞ്ഞതുകൊണ്ട് ഒരു വാചകമേ ഞാൻ പറയുന്നുള്ളൂ. ഒരു സംഘത്തിന്റെ പരിധിയിൽ ഒന്നിലേറെ താലൂക്കുകളുണ്ടെങ്കിൽ ഹെഡ് ക്വാർട്ടേഴ്സ് സ്ഥിതി ചെയ്യുന്ന പ്രദേശത്ത് സംഘം നിലനില്ക്കും അല്ലാത്തത് നിലനില്ക്കുകയില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 1346-ാം നമ്പർ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത്. ഈ ഘട്ടത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഒന്ന് ആലോചിക്കണം. ഔദ്യോഗികതലത്തിൽ നിന്ന് ഒഫിഷ്യൽ ഭേദഗതി വന്നുവെന്ന വാശി കാണിക്കാതെ എല്ലാ താലൂക്കുകളിലും കാർഷിക വികസന ബാങ്കുകൾ ഉണ്ടാകുന്നത് വയബിളാക്കാമോയെന്ന കാര്യത്തെക്കുറിച്ച് ആലോചിക്കണം. തിരുവനന്തപുരം താലൂക്ക് കാർഷിക വികസന പദ്ധതികൾ എളുപ്പത്തിൽ നടത്താൻ പറ്റുന്ന ഒരു താലൂക്ക് അല്ല. അതുകൊണ്ട് തിരുവനന്തപുരം താലൂക്കിൽ ഒരു സൊസൈറ്റിയുണ്ടായാൽ അതിന് നിലനിൽക്കാൻ പറ്റില്ല. വയബിളായിരിക്കുകയില്ല. സാമ്പത്തിക പ്രതിസന്ധിമൂലം ആ സംഘം തളർന്നു പോകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. Where there is agricultural purposes of its area of operation. That is my objection. ആ ഏരിയായിൽ മാത്രമേ സംഘങ്ങൾ ഉണ്ടാകാവൂ എന്നാണ് എന്റെ അപേക്ഷ. ഇതുസംബന്ധിച്ച് നബാർഡ് വ്യക്തമായ ചില നിബന്ധനകൾ നൽകിയിട്ടുണ്ട്. ഇവിടെ നബാർഡിന്റെ അനുമതി കൂടാതെയും വയബിലിറ്റി നോക്കാതെയും സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്ന ഏർപ്പാട് നിരുത്സാഹപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന ചീഫ് സെക്രട്ടറിക്ക് നബാർഡിൽ നിന്ന് കത്ത് അയച്ചിട്ടുണ്ട്. വയബിൾ അല്ലാത്ത സംഘങ്ങൾ രജിസ്റ്റർ ചെയ്താൽ ആ സംഘങ്ങൾക്ക് റീഫിനാൻസ് ഉണ്ടാകില്ല. ഇത്ര ഗൗരവമായ സാഹചര്യം നിലനിൽക്കേ നിയമാനുസൃതമായി പാർലമെന്റിൽ രൂപീകരിക്കപ്പെട്ട ഒരു നിയമത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന നബാർഡിന്റെ വ്യക്തമായ നിർദ്ദേശം ഉണ്ടായിരിക്കേ ഏതെങ്കിലും നാലോ അഞ്ചോ സംഘം ഉണ്ടാക്കാനോ അല്ലെങ്കിൽ ഇപ്പോൾ നിലവിലുള്ള സംഘങ്ങളുടെ ഘടനയിൽ മാറ്റമുണ്ടാക്കി സംസ്ഥാന കാർഷിക വികസന ബാങ്കിന്റെ ഭരണസമിതി പിടിച്ചെടുക്കാൻവേണ്ടി വളരെ ഹേസ്റ്റിയായിട്ട് സഹകരണ സംഘങ്ങൾ ഉണ്ടാക്കരുത്. ഈ ഔദ്യോഗിക ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി പിൻവലിക്കണം. എന്റെ 192-ാമത്തെ ഭേദഗതി അംഗീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(193) In clause (oa) of Section 2 of the Prinicipal Act proposed to be substituted by clause 3 (iv) after the words "a Rural Bank" add the words "the members of which are exclusively farmers and" and add the following explanation at the end.

"Explanation :- For the purposes of this Act farmer means a person who owns not less than fifty cents of agricultural land which is cultivated regularly".

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ഫ്രാൻസിസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(195) In clause (oa) of Section 2 of the Prinicipal Act proposed to be substituted by clause 3 (iv) for the words "confined to a Village Panchayat or a Municipality" the following words shall be substituted namely:-

"Confined to a half of a Village Panchayat or one third area of a Municipality".

സർ, ഞാൻ ഇതിനകത്ത് പറഞ്ഞിരിക്കുന്നത് ഒരു വില്ലേജ് പഞ്ചായത്ത് എന്നാണ്. വില്ലേജ് പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും വിസ്തൃതികൂടി കണക്കിലെടുക്കണം. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് area of operation പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പകുതിയാക്കണമെന്നും മുൻസിപ്പാലിറ്റിയാണെങ്കിൽ മൂന്നിലൊന്ന് ആക്കണമെന്നും അതാണ് ഞാൻ 195-ാം നമ്പർ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്.

സർ, 170-ാം നമ്പർ ഭേദഗതി സംബന്ധിച്ച് ഞാൻ സംസാരിക്കുകയാണ്; അവതരിപ്പിക്കുന്നില്ല. കാരണം. '....any officer on whom all or any of the powers of the Director of Co-operative Audit under this Act are conferred;ബഹുമാനപ്പെട്ട മന്ത്രി ഓർമ്മിക്കണം. വിവേചനാധികാരം നിയന്ത്രണ വിധേയമായിട്ട് ആയിരിക്കണം. അല്ലെങ്കിൽ അത് ദുർവിനിയോഗം ചെയ്യും. അതാണ് ഞാൻ എന്റെ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. 'any officer from the co-operative Department not below the rank of Additional Registrar of Co-operative Societies'. 'Any Officer'എന്ന് പറഞ്ഞാൽ ആരേയും എടുക്കാം. ദുർവിനിയോഗം ചെയ്യാതിരിക്കാൻവേണ്ടി ആ ഭേദഗതി അംഗീകരിക്കണം.

Shri B. Vijayakumar :— Sir, I move my amendments.

(193) In clause (oa) of Section 2 of the prinicipal Act proposed to be substituted by clause 3 (iv) for the words "Village Panchayat " substitute the words "Grama Panchayat".

(201) Delete Clause (oc) proposed to be inserted in section 2 of the Principal Act by clause 3 (v)

സർ, ശ്രീ. ഇ. എം. അഗസ്തിയുടെ 214-ാം നമ്പർ ഭേദഗതി അവതരിപ്പിക്കാൻ എന്നെ ആതറൈസ് ചെയ്തിട്ടുണ്ട്.

മി. സ്പീക്കർ : ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി അവതരിപ്പിച്ച 217-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അത് അവതരിപ്പിക്കേണ്ടതില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, 217-ന് മുമ്പാണ് ശ്രീ. ഇ. എം. അഗസ്തിയെ വിളിച്ചത്. അദ്ദേഹത്തിന്റെ നമ്പരാണ് ആദ്യം വരുന്നത്. അതുകൊണ്ട് ശ്രീ. ബി. വിജയകുമാറിനാണ് അത് അവതരിപ്പിക്കാൻ അവസരം കൊടുക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : അല്ല. ഞാൻ പറയാം. അദ്ദേഹത്തിന് തന്നെ അത് ലഭിച്ചിട്ടില്ല. അതിനു മുമ്പ് തന്നെ ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിക്ക് ലഭിച്ചു. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി സെക്കന്റ് മാൻ ആണ്. അതുകൊണ്ട് അത് അവതരിപ്പിക്കേണ്ടതില്ല.

ശ്രീ. ബി. വിജയകുമാർ : സർ, 196-ാം നമ്പർ ഭേദഗതി ബഹുമാനപ്പെട്ട മന്ത്രിക്ക് സ്വീകരിക്കാവുന്നതാണ്. നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ വില്ലേജ് പഞ്ചായത്ത് ഇല്ല. ഗ്രാമ പഞ്ചായത്താണുള്ളത്. അതുകൊണ്ട് വില്ലേജ് പഞ്ചായത്ത് എന്നുള്ളത് ഗ്രാമ പഞ്ചായത്തായി മാറ്റണമെന്നുള്ളതാണ് എന്റെ ഭേദഗതി.

സർ, 201 ഇവിടെ പറഞ്ഞ പ്രൈമറി അഗ്രിക്കൾച്ചർ ക്രെഡിറ്റ് സൊസൈറ്റിയെക്കുറിച്ചാണ്. പ്രൈമറി അഗ്രിക്കൾച്ചർ ക്രെഡിറ്റ് സൊസൈറ്റി....

അതിന്റെ ജൂറിസ്ഡിക്ഷൻ ഒരു റവന്യൂ താലൂക്കിൽ ഒതുക്കണമെന്നുള്ളതാണ് 201-ാം നമ്പർ ഭേദഗതികൊണ്ടുദ്ദേശിക്കുന്നത്. ശ്രീ. ഇ. എം. അഗസ്തി ഇവിടെ ചൂണ്ടിക്കാണിച്ച നബാർഡിന്റെ റിപ്പോർട്ടുണ്ട്. ചീഫ് സെക്രട്ടറിക്ക് അയച്ചിരിക്കുന്ന നബാർഡിന്റെ റിപ്പോർട്ടിൽ എന്താണ് നബാർഡ് പറഞ്ഞിരിക്കുന്നത്. Nabards' Annual Financial support to the Kerala State Co-operative Rural Development Bank is to Rs. 37 crores to 151 crores.

എന്നിട്ട് അതിൽ ഇന്ന് ലാഭത്തിൽ നടക്കുന്ന സംഘങ്ങൾ ഒൻപതെണ്ണം മാത്രമേയുള്ളൂ. പ്രോഫിറ്റിൽ നടക്കുന്നത് ഒൻപതെണ്ണം മാത്രമേയുള്ളൂ. ഇന്നത്തെ വിസ്തൃതി അനുസരിച്ചുതന്നെ പ്രൈമറി ലാൻഡ് ഡെവലപ്മെന്റ് ബാങ്ക്, ഈ സാമ്പത്തികവർഷം ഒൻപതെണ്ണം മാത്രമാണ് അക്യുമുലേറ്റഡ് ലോസ് ഇല്ലാതെ ലാഭത്തിൽ നടക്കുന്നത്. പ്രോഫിറ്റ് ഉണ്ടാക്കുന്നത് ഒൻപതെണ്ണമാണ്. 43-ൽ ഒൻപതെണ്ണം ഒഴിച്ച് ബാക്കിയെല്ലാം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ആ നഷ്ടത്തിൽ ഇത്രയും പ്രൈമറി അഗ്രിക്കൾച്ചർ ബാങ്കുകൾ പ്രവർത്തിക്കുമ്പോൾ കേരളത്തിൽ 62 താലൂക്കുകളുണ്ട്. അപ്പോൾ ഭേദഗതി അനുസരിച്ച് 19 താലൂക്കുകളിൽ പുതിയ ലാൻഡ് ഡെവലപ്പ്മെന്റ് ബാങ്ക് രൂപീകരിക്കുമ്പോൾ ഇന്ന് ലാഭത്തിൽ നടക്കുന്ന ഒൻപത് പ്രൈമറി അഗ്രിക്കൾച്ചർ റൂറൽ ഡെവലപ്മെന്റ് ബാങ്കുകൾ കൂടി നഷ്ടത്തിലേക്ക് പോകും. അത് വളരെ മോശമായ ഒരു സ്ഥിതി ഈ രംഗത്തുണ്ടാക്കും. 43 എണ്ണമാണ് ഇപ്പോൾ നിലവിലുള്ളത്. അതുകൊണ്ട് ഈ സാമ്പത്തിക വർഷം ലോസ് വന്നത് 32 എണ്ണമാണ്. അപ്പോൾ ഇനിയും ഇതിന്റെ വിസ്തൃതി കുറച്ച് 19 ബാങ്കുകൾ കൂടി രൂപീകരിക്കപ്പെടുമ്പോൾ ഇന്ന് ലാഭത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന 9 എണ്ണംകൂടി നഷ്ടത്തിലേക്ക് പോകുമെന്നുള്ളതുകൊണ്ട് ഇന്നത്തെ ഏരിയാ നിലനിർത്താൻ എന്റെ 201-ാം നമ്പർ ഭേദഗതി അംഗീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. സഹകരണരംഗത്തെ പൊതുവായിട്ടുള്ള താല്പര്യത്തിനുവേണ്ടിയാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

214-നെക്കുറിച്ച് എനിക്ക് സംസാരിക്കാനുണ്ട്. ശ്രീ. കെ. കുട്ടി അഹമ്മദുകുട്ടിയാണ് ആ ഭേദഗതി അവതരിപ്പിച്ചതെങ്കിലും അതേക്കുറിച്ച് എനിക്കും പറയാനുണ്ട്. 214-ൽ പറയുന്നത് കേരള അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക്സിനെക്കുറിച്ചാണ്. ഇതിൽ..... Urban Co-operative Bank means a society registered under this Act having its area of operation in the urban areas and which undertakes Banking Business; അതാണ് ഇതിന്റെ അടിസ്ഥാന ഘടകം. അർബൻ ബാങ്കുകൾ ബാങ്കിംഗ് ബിസിനസ് നടത്തുന്ന ബാങ്കുകൾ മാത്രമാണ്. അതിന് ഡ്യൂവൽ കൺട്രോൾ ഉണ്ട്. സംസ്ഥാന കോ-ഓപ്പറേറ്റീവ് രജിസ്ട്രാറുടെ കൺട്രോൾ ഭരണപരമായ കാര്യങ്ങളിൽ ബാങ്കിനുണ്ട്. അതുപോലെ തന്നെ കൺകറന്റ് ഓഡിറ്ററെ വച്ച് സാമ്പത്തിക നിയന്ത്രണമുണ്ട്. ഇതോടൊപ്പം രണ്ടു വർഷത്തിലൊരിക്കൽ റിസർവ് ബാങ്കിന്റെ ഓഡിറ്റ് ഉണ്ട്. എന്നുമാത്രമല്ല റിസർവ് ബാങ്ക് നിശ്ചയിക്കുന്ന പലിശമാത്രമേ അർബൻ ബാങ്കുകൾക്ക് അവരുടെ നിക്ഷേപകർക്ക് കൊടുക്കാൻ കഴിയൂ. വായ്പ എടുക്കുന്നവർക്കും റിസർവ് ബാങ്ക് നിശ്ചയിക്കുന്ന പലിശമാത്രമേ കണക്കാക്കാൻ പറ്റൂ. സംസ്ഥാന ഗവൺമെന്റ് എന്തു പറഞ്ഞാലും, പ്രൈമറി സംഘങ്ങളും ഡി.സി.ബി. യും എന്തു തന്നെ പറഞ്ഞാലും ആ പലിശ അർബൻ ബാങ്കുകൾക്ക് ബാധകമല്ല. അത് ബാധകമാകുന്നത് റിസർവ് ബാങ്കിന്റെ ഡയറക്റ്റീവ്സാണ്. എന്നുമാത്രമല്ല റിസർവ് ബാങ്കിന്റെ ലൈസൻസ് കിട്ടിയ കമ്മേഴ്സ്യൽ ബാങ്കിന്റെ ബിസിനസ് നടത്തുന്ന ഒരു സ്ഥാപനമാണ് അർബൻ ബാങ്ക്. ഈ അർബൻ ബാങ്കുകൾ ചിട്ടി നടത്താൻ പാടില്ല. പ്രാഥമിക സഹകരണസംഘങ്ങൾ, സൊസൈറ്റികൾ നടത്തുന്ന ഒരു ബിസിനസ്സും അർബൻ ബാങ്കുകൾ നടത്താൻ പാടില്ല. അതുകൊണ്ട് ബാങ്കിംഗ് ബിസിനസ് നടത്തുന്ന റിസർവ് ബാങ്കിന്റെ ലൈസൻസ് കിട്ടിയ ബാങ്കുകൾ എന്നുള്ള നിലക്ക് ഇതിൽ ഒരു ഭേദഗതി പറയുന്നത്,.... Urban Co-operative Bank means a Bank registered under the co-operative societies Act. അതുകൊണ്ട് "സൊസൈറ്റി" എന്നുള്ളത് മാറ്റി അത് "ബാങ്ക്" എന്നാക്കണം. അത് Bank registered under this Act, that is this co-operative societies amendment Act. അപ്പോൾ അതിനകത്ത് ഒരു തർക്കവും ഇല്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ആ ഭേദഗതി സ്വീകരിക്കണമെന്ന് ഞാനഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ഇനി. ശ്രീ. ഡൊമിനിക് പ്രസന്റേഷന് ഭേദഗതി അവതരിപ്പിക്കാം.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(197) In clause (oa) of Section 2 of the prinicipal Act proposed to be substituted by clause 3 (iv) after the words "Municipality" insert the words "or a Municipal Corporation".

(207) Clause (oc) of section 2 of the principal Act proposed to be inserted by clause 3 (v) shall be redrafted as follows:-

LIBRARY ARCHIVES Kerala Legislative Assembly

"(oc) 'Primary Co-operative Agricultural and Rural Development Bank' means a society functioning in accordance with the provisions contained in the Kerala State Co-operative Agricultural and Rural Developments Act, 1984 (20 of 1984) and the principal object of which is to provide for long term credit for agricultural and rural development activities".

(225) In clause (ta) section 2 of the Principal Act proposed to be substituted by clause 3 (vii) after the words "Banking Business" insert the words "including agricultural purpose".

ഇപ്പോൾ having its area of operation confined to a village panchayat or a municipality എന്നുമാത്രമേയുള്ളൂ. ഇപ്പോൾതന്നെ മുനിസിപ്പൽ കോർപ്പറേഷനിൽ ഏരിയായുള്ള ബാങ്കുകളുണ്ട്. കണയന്നൂർ ബാങ്കിന് കോർപ്പറേഷൻ ഏരിയാ ഉണ്ട്. രണ്ട് താലൂക്കിന്റെ ജൂറിസ്ഡിക്ഷൻ വരുന്നുണ്ട്. അപ്പോൾ അതുകൊണ്ട് അതുകൂടി ഉൾപ്പെടുത്തണമെന്നതാണ് എന്റെ ഭേദഗതി. മുനിസിപ്പാലിറ്റി ഓർ മുനിസിപ്പൽ കോർപ്പറേഷൻ എന്നാക്കണമെന്നാണ് എന്റെ 197-ാം നമ്പർ ഭേദഗതിയിൽ നിർദ്ദേശിച്ചിരിക്കുന്നത്.

സർ, അർബൻ ബാങ്കുകളുടെ കാര്യത്തിൽ.... including agricultural purpose എന്ന് ഞാൻ കൊണ്ടുവരാൻ കാരണം നമ്മുടെ കൊച്ചി നഗരംപോലുള്ള പ്രദേശങ്ങളിൽ മണ്ഡരി രോഗത്തിന് മരുന്നുതളിക്കുന്നതിനുള്ള സംവിധാനങ്ങൾ ഇപ്പോഴുണ്ട്. നഗരത്തിൽ ഇപ്പോഴും തെങ്ങുകൃഷി വ്യാപകമായിട്ടുള്ള പ്രദേശങ്ങളുമുണ്ട്. അവിടെ തെങ്ങുകൾക്ക് മരുന്ന് തളിക്കാനും മറ്റുമായി അർബൻ ബാങ്കുകളെ സമീപിക്കേണ്ടിവരുന്നു. അതുകൊണ്ട് അതിന്റെ കൂട്ടത്തിൽ അഗ്രിക്കൾച്ചർ ബാങ്കിംഗ് ബിസിനസ് മാത്രമല്ല, അഗ്രിക്കൾച്ചർ പർപ്പസ് എന്നുകൂടി ചേർക്കണമെന്നതാണ് എന്റെ 225-ാം നമ്പർ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത്.

മി. സ്പീക്കർ : യേസ്, ശ്രീ. വി. ബാലറാമിന് 202-ാം നമ്പർ ഭേദഗതി മൂവ് ചെയ്യാം.

ശ്രീ. വി. ബാലറാം : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസാരിക്കുന്നില്ല.

(202) In clause (oc) of section 2 of the principal Act proposed to be inserted by clause 3 (v) after the words "confined to" add the words "the minimum of ".

മി. സ്പീക്കർ : ശ്രീ. കെ. എം. മാണി. ഇല്ല, അദ്ദേഹം ശ്രീ. മാമ്മൻ മത്തായിയെ, ഓതറൈസ് ചെയ്തിരിക്കുകയാണ്.

ശ്രീ. മാമ്മൻ മത്തായി : സാർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(206) In section 2 of the Principal Act proposed to be inserted by clause 3 (v) after clause (oc) following proviso shall be inserted:-

LIBRARY ARCHIVES Kerala Legislative Assembly

"provided that the restriction regarding the area of operation shall not apply to Banks in existence at the commencement of the Kerala Co-operative Societies (Amedment) Act, 1999".

ഈ ഭേദഗതിയിൽ പറയുന്നത് ക്ലാസ് 3 സബ് ക്ലാസ് (5) (ഒ. സി.) ക്ക് ശേഷം ഒരു പ്രൊവൈസോ കൂടി എഴുതി ചേർക്കണമെന്നാണ്. ആ പ്രൊവൈസോയിൽ പറയുന്നത് "provided that the restriction regarding the area of operation shall not apply to Bank in existence at the commencement of the Kerala Co-operative Societies.

അത് പറയാൻ കാരണം കോ-ഓപ്പറേറ്റീവ് ഓഡിറ്റ് അതായത് പ്രൈമറി അഗ്രിക്കൾച്ചർ ക്രെഡിറ്റ് സൊസൈറ്റിയെ സംബന്ധിച്ചിടത്തോളം ഒരു പ്രൊവൈസോ കൊണ്ടുവന്നിട്ട് ഈ നിയമം ബാധിക്കുകയില്ലെന്ന് പറഞ്ഞിട്ടുണ്ടെങ്കിൽപ്പോലും, അതായത് ഒരു വില്ലേജിലും ഒരു മുനിസിപ്പാലിറ്റിയിലും ഒരു സൊസൈറ്റി മാത്രം മതി എന്ന് പറഞ്ഞിട്ടുണ്ടെങ്കിൽപ്പോലും ആക്ടിന് മുൻപ് അതിന് വ്യത്യസ്തമായ ബാങ്കുകളെ ബാധിക്കുകയില്ലെന്ന് പറഞ്ഞിട്ടുണ്ട്. അതേസമയം പ്രൈമറി കോ-ഓപ്പറേറ്റീവ് അഗ്രിക്കൾച്ചർ റൂറൽ ഡെവലപ്മെന്റ് ബാങ്കുകളെ സംബന്ധിച്ചിടത്തോളം അങ്ങനെയൊരു പ്രൊവൈസോ കൊണ്ടുവന്നിട്ടില്ല. രാഷ്ട്രീയ ചിന്തയായിരിക്കും അതിന്റെ ലക്ഷ്യം. കാരണം, 90 ശതമാനം ബാങ്കുകളും ഇന്ന് യു.ഡി.എഫ്. -ന്റെ കൈവശമിരിക്കുകയാണ്. ഈ രണ്ട് വകുപ്പുകളുംകൂടി വരുമ്പോൾ എന്തോ ഒരു ഡിസ്ക്രിമിനേഷൻ ഇതിലുള്ളതായി മനസ്സിലാക്കാൻ കഴിയും. അതുകൊണ്ട് ഇപ്പോൾ നല്ല നിലയിൽ പ്രവർത്തിക്കുന്ന ബാങ്കുകളെ സംബന്ധിച്ചിടത്തോളം അതിന്റെ പ്രവർത്തനത്തിന് ദോഷം വരാത്ത രീതിയിൽ 206-ാം നമ്പർ ഭേദഗതിയിൽ പറയുന്നപ്രകാരം പ്രൊവൈസോ കൊണ്ടുവരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ: യെസ്, ശ്രീ. ജി. സുധാകരൻ, അങ്ങേക്ക് 208-ാം നമ്പർ ഭേദഗതി അവതരിപ്പിക്കാം.

ശ്രീ. ജി. സുധാകരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(208) After clause (oc) of section 2 of the Principal Act proposed to be inserted by clause 3 (v) add the following:-

"(od) Hospital co-operative society means a society, the main object of which is to run a hospital or a clinical laboratory or a scanning centre or a medical shop or to conduct medical or paramedical courses".

മൂലനിയമത്തിലെ രണ്ടാം വകുപ്പിലുള്ള 3-ാം ഉപവകുപ്പിന്റെ ഭേദഗതിയാണ് ഞാൻ ഉന്നയിച്ചിരിക്കുന്നത്. പ്രധാനപ്പെട്ട നിർവ്വചനങ്ങൾ രേഖപ്പെടുത്തുന്ന ഭാഗത്ത്, നമ്മുടെ കേരളത്തിലെ ഒരു പ്രധാനപ്പെട്ട സഹകരണമേഖലയായി വളർന്നുവരുന്ന ഇപ്പോൾ എ. കെ. ജി. സഹകരണാശുപത്രിപോലുള്ള പ്രധാനപ്പെട്ട ഹോസ്പിറ്റൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളെ ആ നിർവ്വചനത്തിൽ നിന്ന് വിട്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ മൂലനിയമത്തിലെ സെക്ഷൻ 16-ഉം 18-ഉം ഭേദഗതി ചെയ്യുന്ന 7-ാം വകുപ്പിന്റെ 2-ാം ഉപവകുപ്പിനും അതുപോലെ 8-ാം വകുപ്പിനുമായി ഇതേപ്പറ്റി വിശദീകരിക്കുന്ന എക്സ്പ്ലനേഷൻ കൊടുത്തിട്ടുണ്ട്. ഡെഫനിഷൻ കൊടുക്കാതിരിക്കുകയാണ്. വിശദീകരണം മാത്രം കൊടുക്കുകയെന്നുള്ളത് നിയമത്തിന്റെ സമ്പൂർണ്ണതയ്ക്ക് ഒരു പോരായ്മയാണ്. അതുകൊണ്ട് അവിടെ ഡെഫനിഷൻ തന്നെ കൊടുക്കണമെന്നാണ് എനിക്കുപറയാനുള്ളത്. അതിനാണ് ഞാൻ ഈ ഭേദഗതി മൂവ് ചെയ്യുന്നത്..." "Hospital co-operative society means a society, the main object of which is to run a hospital or a clinical laboratory or a scanning centre or a medical shop or to conduct medical or paramedical courses". അങ്ങനെ ഹോസ്പിറ്റലുകളെയും ക്ലിനിക്കുകളെയും ലബോറട്ടറികളെയും സ്കാനിംഗ് സെന്ററുകളെയും മെഡിക്കൽ ഷോപ്പുകളെയും മെഡിക്കൽ പാരാ-മെഡിക്കൽ കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളെയും അടക്കം കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റലുകളുടെ നിർവ്വചനത്തിൽ ഉൾപ്പെടുത്തി ഈ നിയമം സമ്പൂർണ്ണമാക്കണമെന്ന ഭേദഗതിയാണ് ഞാൻ ഉന്നയിക്കുന്നത്.

മി. സ്പീക്കർ : യെസ്, ശ്രീ. വെങ്ങാനൂർ പി. ഭാസ്ക്കരന് 1311-ാം നമ്പർ ഭേദഗതി മൂവ് ചെയ്യാം.

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(1311) The following proviso may be added at the end of sub-clause (iii) of clause 3 provided that individual members shall have the right to elect one and only one member to the committee of the federal co-oprative society from among themselves".

സർ, ഫെഡറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നുപറയുമ്പോൾ ഒന്നിലധികം ജില്ലകളിൽ പ്രവർത്തനപരിധിയുള്ളതും സഹകരണ സംഘങ്ങളും വ്യക്തികളും അംഗങ്ങളായിട്ടുള്ളതുമായ സൊസൈറ്റികളാണ് ഫെഡറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി. ഫെഡറൽ കോ-ഓപ്പറേറ്റീവ് സൈസൈറ്റി എന്ന ഈ നിർവ്വചനത്തിൽ വ്യക്തികളുടെ, അംഗങ്ങളുടെ എണ്ണം നിജപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് തന്നെ ഫെഡറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് കമ്മിറ്റിയും സംഘങ്ങൾക്ക് പ്രാതിനിധ്യവുമില്ലാത്ത സ്ഥിതിവിശേഷമുണ്ടാകാം. യഥാർത്ഥത്തിൽ ഫെഡറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി കമ്മിറ്റിയിൽ സംഘങ്ങൾക്കാണ് പ്രാമുഖ്യം നല്കേണ്ടത്. അതുകൊണ്ട് കമ്മിറ്റിയിൽ വ്യക്തിഗത അംഗങ്ങളുടെ പ്രാതിനിധ്യം ഒന്നാക്കി ചുരുക്കണമെന്നുള്ള ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ഇനി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ 1316-ാം നമ്പർ ഭേദഗതി മൂവ് ചെയ്യാം.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(1316) In clause (ib) of section 2 of the principal Act proposed to be inserted by clause 3 (iii) the following proviso shall be added, namely:-

"provided that individual membership shall not exceed twenty five per cent of the total membership in a federal co-operative society".

മി. സ്പീക്കർ : ശ്രീ. ടി. കെ. ബാലൻ, അങ്ങേക്ക് 1326-ാം നമ്പർ ഭേദഗതി മൂവ് ചെയ്യാം.

ശ്രീ. ടി. കെ. ബാലൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(1326) The proviso to clause (oa) of section 2 of the principal Act proposed to be inserted by sub-clause (iv) of clause 3 shall be recast as follows, namely:-

"provided that the restriction regarding the area of operation shall not apply to societies or Banks other than a Service Co-operative Society or a Service Co-operative Bank in existence at the time of commencement of this Act and service Co-operative Societies or Service Co-operative Banks having more than one village panchyat or municipality as area of operation, the area of operation of such societies or Banks may be restricted to the village panchayat or municipality as the case may be where the headquarters of the society is situated, within period of one year by amalgamation or division".

പ്രധാനമായിട്ടും സഹകരണസംഘങ്ങളുടെ മേഖലയിൽ ഇന്ന് കാണുന്നത് വളരെ അനാരോഗ്യകരമായിട്ടുള്ള മത്സരമാണ്. ആ മത്സരങ്ങളെ ഇല്ലാതാക്കിക്കൊണ്ട് പഞ്ചായത്തുകളുടെ, പ്രത്യേകിച്ചും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളൊക്കെ പൂർണ്ണാധികാരത്തോടെ അധികാരത്തിൽ വന്നപ്പോൾ, നമ്മുടെ സഹകരണ സ്ഥാപനങ്ങളാകെ അതിന് അനുസരണമായി വരികയെന്നുള്ളതാണ് അതിന്റെ ഉദ്ദേശ്യം. അതുകൊണ്ടാണ് ഇത്തരത്തിലുള്ള ഒരു ഭേദഗതി മൂവ് ചെയ്യുന്നത്. കൂടുതൽ സൊസൈറ്റികൾ ഒരേസ്വഭാവത്തിലുള്ളത് ലയിപ്പിച്ച്, ഈ ആക്ട് നടപ്പിൽ വന്നതിനുശേഷം, ഇടയ്ക്ക് ലയിപ്പിച്ച് ഒന്നാക്കുകയാണ്. ഒരു പഞ്ചായത്തിൽ, ഒരു മുനിസിപ്പാലിറ്റിയിൽ ഒന്ന് എന്ന രീതിയിലാക്കണം. അത് എന്നാണ് ഞാൻ എന്റെ ഭേദഗതിയിലൂടെ ഉദ്ദേശിക്കുന്നത്.

മി. സ്പീക്കർ : ശ്രീ. അലിഹസ്സന് 1331-ാം നമ്പർ ഭേദഗതി അവതരിപ്പിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. അലിഹസ്സൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(1331) In Clause (oc) of Section 2 of the principal Act proposed to be inserted by clause 3 (v), delete the word "for" in between the words, "provide" and "long".

മി. സ്പീക്കർ : ശ്രീ. കെ. പ്രകാശ്ബാബു, ഒഫീഷ്യൽ അമെൻമെന്റിനുള്ള അങ്ങയുടെ ഭേദഗതി അവതരിപ്പിക്കാം.

ശ്രീ. കെ. പ്രകാശ്ബാബു : സർ, ഞാൻ ബഹു. മന്ത്രി അവതരിപ്പിച്ച 1346-ാം നമ്പർ ഭേദഗതിക്ക് താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

"In Amendment to Sub-clause (v) clause 3 (oc) in the new proviso substitute the words "one year" for six months".

പ്രൈമറി അഗ്രിക്കൾച്ചർ റൂറൽ ഡെവലപ്മെന്റ് ബാങ്കിന്റെ പ്രവർത്തന പരിധി ഒരു താലൂക്കായി ലിമിറ്റ് ചെയ്യുന്ന ഭേദഗതിയോട് ഞാനും യോജിക്കുന്നു. എന്നാൽ അതിനുവേണ്ട സമയപരിധി പറഞ്ഞിരിക്കുന്നത് ആറുമാസമാണ്. ഒരു താലൂക്കിന് വെളിയിലുള്ള അസെറ്റ്സ് ഒക്കെ തിട്ടപ്പെടുത്തി അത് ആ നിലയിലേക്ക് കൊണ്ടുവരണമെങ്കിൽ ആറുമാസമെന്നുള്ള കാലാവധി അപര്യാപ്തമാണ്. അങ്ങനെ വന്നാൽ ചിലപ്പോൾ മറ്റുചില മെമ്പർമാർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ആറുമാസം കഴിയുമ്പോൾ വീണ്ടും ഒരു ഓർഡിനൻസ് പ്രഖ്യാപിക്കേണ്ടിവരും. അതുകൊണ്ട് ആറുമാസമെന്നുള്ള സമയപരിധി ഒരു വർഷമായി തിട്ടപ്പെടുത്തണമെന്നുള്ളതാണ് എന്റെ ഭേദഗതി. ഞാൻ അത് മൂവ് ചെയ്യുകയാണ്.

മി. സ്പീക്കർ : യേസ്, മറ്റു ഭേദഗതികളൊന്നും ഓർഡറിലല്ല. ഇനി മിനിസ്റ്റേഴ്സ് റിപ്ലൈ.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ,

12 NOON] ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 190, 204 എന്നീ നമ്പർ ഭേദഗതികൾ അംഗീകരിക്കാവുന്നതാണ്.

മി. സ്പീക്കർ : ശ്രീ. ടി. എം. ജേക്കബ് അപ്പോൾ സ്ക്കോർ ചെയ്തല്ലോ.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, ഇവിടെ അവതരിപ്പിച്ച ഒഫിഷ്യൽ അമെന്റുമെന്റിനെ സംബന്ധിച്ചു വന്ന ഭേദഗതികളിൽ ഒരു തെറ്റിധാരണക്ക് ഇടവരുന്ന വിധത്തിലുള്ള പരാമർശങ്ങളുണ്ടായി. ഇത് താലൂക്ക് അടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുന്നത് മറ്റെന്തോ ദുരുദ്ദേശം വച്ചുകൊണ്ടാണെന്ന് അർത്ഥം വരാവുന്ന വിധത്തിലുള്ള ദുസൂചനകൾ ഉണ്ടാവുകയുണ്ടായി. കേരളത്തിൽ 22 ബാങ്കുകളാണ് ഈ സെക്ടറിൽ ഇപ്പോഴുള്ളത്. അതിൽ 12 എണ്ണത്തിൽ എൽ.ഡി. എഫും. 10 എണ്ണത്തിൽ യു.ഡി.എഫുമാണ്. അപ്പോൾ അങ്ങനെ സംശയിക്കപ്പെടുന്ന കാര്യം ഈ നമ്പർകൊണ്ട് ഇല്ലെന്നുള്ള കാര്യം വളരെ വ്യക്തമാണ്. സ്റ്റേറ്റ്, ജില്ല, താലൂക്ക്,

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്ത് എന്നിങ്ങനെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാൽ ഒരു ഘടനാപരമായ ഏകീകരണമാണ് അടിസ്ഥാനപരമായി അതുകൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. ജനറൽ ബോഡിക്ക് വിടുകയെന്ന് പറഞ്ഞാൽ എപ്പോഴെങ്കിലും ആകുകയെന്നുള്ളതാണ്. നീട്ടികൊടുക്കുകയെന്നു പറഞ്ഞാൽ അതിന്റെ പ്രാധാന്യം കുറച്ചു കാണുന്നു എന്നാണ് അർത്ഥമാക്കുന്നത്. അപ്പോൾ ആലോചിക്കുമ്പോൾ പൊതുവിൽ ആറുമാസത്തിനുള്ളിൽ ഇതിനനുസരിച്ചുള്ള ഒരു ക്രമീകരണമുണ്ടാവുകയെന്നതാണ് ഈ ഒഫിഷ്യൽ അമെന്റുമെന്റുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. അതുകൊണ്ട് അതുസംബന്ധിച്ചുള്ള ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. പാലോട് രവി പ്രകടിപ്പിച്ച ഉൽക്കണ്ഠയുടെ ഉദ്ദേശമെന്താണെന്നു വച്ചാൽ സഹകരണ പ്രസ്ഥാനത്തിന്റെ ഫണ്ട് ദുർവിനിയോഗിക്കുന്നതിനുള്ള ഒരു സന്ദർഭമുണ്ടാകും എന്നുള്ളതുകൊണ്ട് അത് ഡിലീറ്റ് ചെയ്യണമെന്നാണ്. അതിനോട് യോജിക്കാൻ കഴിയാത്തതിനുള്ള കാരണം, ഇന്ന് കോ-ഓപ്പറേറ്റീവ് സെക്ടറിൽ സർപ്ലസ് ഫണ്ടുള്ള ഏതൊരു സ്ഥാപനത്തിലും സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കായിരിക്കും ഇത് മാനേജ് ചെയ്യുക. ഇത്തരത്തിലുള്ള ഏതൊരു സ്ഥാപനവും ഇതിൽ വരികയും സ്റ്റേറ്റ് ഗവൺമെന്റിന്റെ ഗ്യാരന്റിയോടുകൂടി വയബിളായിട്ടുള്ള പ്രോജക്ടുകൾക്ക് ഡെവലപ്മെന്റ് ആക്ടി വിറ്റീസിന് ഫണ്ട് കൊടുക്കുകയും ചെയ്യുകയെന്നതാണ് ഇതുകൊണ്ട് ലക്ഷ്യം വയ്ക്കുന്നത്.

ഇത് ശരിയായ ഭേദഗതിയാണെന്ന തോന്നലുണ്ടായതു കൊണ്ടാകും ഭാഗീകമായിട്ട് സമ്മതിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ ഒരു ഭേദഗതി ഇന്ന് ഇവിടെ 1347-ാം നമ്പരായിട്ട് മൂവ് ചെയ്തിട്ടുള്ളത്. അതിന്റെ ബാക്കി ഭാഗം കൂടി മന്ത്രി അംഗീകരിക്കുവാൻ വേണ്ടിയാണ് ഞാൻ സംസാരിക്കുന്നത്. 60 ദിവസത്തിനുള്ളിൽ അഫിലിയേഷനുള്ള അപേക്ഷകളിന്മേൽ തീരുമാനമെടുക്കാൻ അപ്പക്സ് സൊസൈറ്റികൾ ബാദ്ധ്യസ്ഥമാണെന്നും അല്ലെങ്കിൽ താനെ ആ അഫിലിയേഷൻ ഉണ്ടാകുമെന്നും ഉറപ്പിച്ചു പറയുമ്പോൾ ഈ അപ്പക്സ് സൊസൈറ്റികളിൽ മാത്രമല്ല മറ്റ് സെൻട്രൽ സൊസൈറ്റികളിലും ഫെഡറൽ സൊസൈറ്റികളിലും ഫൈനാൻസിംഗ് ബാങ്കിലും കൂടി അംഗങ്ങളാണ് ആ സൊസൈറ്റികൾ. ആ സ്ഥിതിക്ക് ബഹുമാനപ്പെട്ട മന്ത്രി സെൻട്രൽ സൊസൈറ്റിയുടെ കാര്യം പറഞ്ഞിട്ടുണ്ട്. ഫെഡറൽ സൊസൈറ്റികളുടെയും ഫൈനാൻസിംഗ് ബാങ്കുകളുടെയും കാര്യം പറയുന്നില്ല. അപ്പക്സ് സൊസൈറ്റിയെ പോലെ തന്നെ ഫൈനാൻസിംഗ് ബാങ്കുകളിലും ഫെഡറൽ സൊസൈറ്റികളിലും കൂടി അംഗത്വം ഉള്ളവർക്ക് ഇത് ബാധകമാക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. തമ്പാനൂർ രവി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(300) In sub-section (2) of Section 8 A of the Principal Act proposed to be inserted by clause 5, for the words "sixty days" the words "forty-five days" shall be substituted.

(308) In sub-section (3) of Section 8 A of the Principal Act proposed to be inserted by clause 5, for the words "sixty days" the words "forty -five days" shall be substituted.

ഡേറ്റും മാസവും വരുന്നതെല്ലാം മന്ത്രി റിജക്ട് ചെയ്യുകയാണ്. അത് പരിശോധിക്കണം.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(302) After sub-section (2) of Section 8 A of the Principal Act proposed to be inserted by clause 5, add the following proviso namely :-

"When apex society refuses to affiliate a Primary Co-operative Society, Central Co-operative Society Act or the Federal Co-operative Society as the case may be, the apex society shall communicate the order of refusal together with the reasons there of within five days from the date of disposal of such application".

(315) After sub-section 3 of Section 8 A of the Principal Act proposed to be inserted by clause 5, a proviso shall be added as follows :

LIBRARY ARCHIVES Kerala Legislative Assembly

"The Registrar shall give a reasonable opportunity to apex society to be heard before taking a decision on the appeal of the applicant society".

പ്രിൻസിപ്പൽ ആക്ടിൽ 8 (എ) 3-ൽ അപ്പക്സ് സൊസൈറ്റിയോ സെൻട്രൽ സൊസൈറ്റിയോ അഫിലിയേഷനുള്ള അപേക്ഷ നിരസിച്ചാൽ ആക്ഷേപമുള്ള സംഘങ്ങൾക്ക് നിരസിക്കൽ ഉത്തരവ് കൈപ്പറ്റി 30 ദിവസത്തിനകം രജിസ്ട്രാർക്ക് അപ്പീൽ ബോധിപ്പിക്കാവുന്നതും 60 ദിവസത്തിനകത്ത് അപ്പീൽ തീർപ്പാക്കേണ്ടതുമാണെന്ന് പറഞ്ഞിട്ടുണ്ട്. ഇവിടെ ടി. എം. ജേക്കബ് പറഞ്ഞതുപോലെ തീർപ്പ് അറിയിക്കുന്നതിനെ കുറിച്ച് ആക്ടിലൊന്നും പറഞ്ഞിട്ടില്ല. അതുകൊണ്ട് എന്റെ ഭേദഗതി, അപ്പക്സ് സൊസൈറ്റിയോ സെൻട്രൽ സൊസൈറ്റിയോ അഫിലിയേഷനുള്ള അപേക്ഷ നിരസിച്ചാൽ നിരസിക്കൽ ഉത്തരവ് ചുരുങ്ങിയ ദിവസങ്ങൾക്കകം നിരസിക്കുന്നതിനുള്ള കാരണവും കാണിച്ച് ബന്ധപ്പെട്ട സൊസൈറ്റികൾക്ക് കമ്മ്യൂണിക്കേറ്റ് ചെയ്യണമെന്നുള്ളതാണ്. ഇത് ക്ലാസ് 4 ആയി ഉൾപ്പെടണമെന്നാണ് എന്റെ ഭേദഗതി. 5 എന്നുള്ളത് അച്ചടിപ്പിശകാണ്. 315-ാം നമ്പർ ഭേദഗതി, അപ്പീലിൽ രജിസ്ട്രാറുടെ തീരുമാനം അന്തിമമായിരിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. അപ്പീൽ സമർപ്പിച്ച സൊസൈറ്റിയുടെ അപ്പീൽ ഹിയർ ചെയ്യുമ്പോൾ അപ്പക്സ് സൊസൈറ്റിക്കും ഹിയറിംഗിനുള്ള ഒരവസരം കൊടുക്കണം. ഇതിൽ അത് വ്യക്തമായി പറയാത്തതുകൊണ്ട് ചിലപ്പോൾ അപ്പക്സ് സൊസൈറ്റിയുടെ വാദം കേൾക്കാതെ തന്നെ തീരുമാനിക്കപ്പെടാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ട് അപ്പീൽ അപ്പക്സ് സൊസൈറ്റിക്കും ഒരു ഹിയറിംഗിനുള്ള അവസരം കൊടുക്കണമെന്നും അത് 8-ാം വകുപ്പിൽ 5-ാമത്തെ ക്ലാസായി ഉൾപ്പെടുത്തണമെന്നുമാണ് എന്റെ ഭേദഗതി.

ശ്രീ. ബി. വിജയകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(304) Sub-section (2) of Section 8 A of the Principal Act proposed to be inserted by clause 5 shall be recast namely:-

"(2) Where the apex society does not within a period of sixty days from the date of receipt of the application for affiliation, determine whether such affiliation should be given or not, the applicant society may file an appeal before the government in such manner and within such period as may be presecribed and they may, within a period of fifteen days from the date of receipt of the appeal, direct the apex society concerned to give affiliation or deny affiliation to the applicant society and the apex society shall give affiliation or deny affiliation to the applicant society accordingly".

LIBRARY ARCHIVES Kerala Legislative Assembly

എന്റെ 304-ാം നമ്പർ ഭേദഗതി എന്നു പറയുന്നത് ഇവിടെ അവതരിപ്പിച്ച ബില്ലിൽ 8-എ രണ്ടിൽ where the apex society അതിന്റെ കൂടെ ഇപ്പോൾ മന്ത്രിയുടെ ഒഫീഷ്യൽ അമന്റ്മെന്റിൽ സെൻട്രൽ സൊസൈറ്റി എന്നുകൂടി ചേർത്തു. അപ്പോൾ where the apex society or central society does not,. within a period of sixty days from the date of receipt of the application for affilication. അങ്ങനെ തീരുമാനമെടുത്തില്ലെങ്കിൽ shall be deemed to have been given to the applicant എന്ന് പറഞ്ഞിരിക്കുന്നു. 60 ദിവസത്തിനകം തീരുമാനമെടുത്തില്ലെങ്കിൽ അത് കൊടുത്തതായി പരിഗണിക്കും. അതേസമയം റിജക്ട് ചെയ്താൽ അപ്പീൽ കൊടുക്കാനുള്ള അധികാരം തൊട്ടുതാഴെയുള്ള മൂന്നാമത്തെ ക്ലാസിൽ കൊടുത്തിരിയ്ക്കുന്നു. as the case may be, rejects an application for affiliation under sub-section (1), the aggrieved society may file an appeal before the Registrar. ഒരു മറുപടിയും കൊടുത്തില്ലെങ്കിൽ കൊടുത്തതായി പരിഗണിക്കുകയും റിജക്ട് ചെയ്താൽ അപ്പീലിനും പ്രൊവിഷനുണ്ട് ഇത് രണ്ടിനും അപ്പീൽ പ്രൊവിഷൻ കൊടുക്കണം എന്നുള്ളതാണ്. അത് deemed to have been given എന്നുപറയുന്നത് ജനാധിപത്യത്തിന് ചേർന്നതല്ല. അതല്ലെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി ഇതേ സമീപനം സ്വീകരിക്കുന്നുവെങ്കിൽ ബൈലോ അമന്റ്മെന്റിലുമൊക്കെ ജോയിന്റ് രജിസ്ട്രാർമാർ രജിസ്ട്രാർക്ക് മറുപടി കൊടുത്തില്ലെങ്കിൽ deemed to have been given എന്നാക്കണം. ബൈലാ അമന്റ്മെന്റിന് സംഘം അപേക്ഷ കൊടുക്കും. അവിടെ വരുമ്പോൾ അപ്പീൽ പ്രൊവിഷനുവേണ്ടി അപ്പക്സ് സംഘത്തിന് അഫിലിയേഷന് കൊടുത്താൽ മറുപടി ഇല്ലെങ്കിൽ കൊടുത്തതായി പരിഗണിക്കും എന്നു പറയുന്ന ആ സമീപനം ഒന്ന് മാറ്റണം. ഒന്നുകിൽ എല്ലാത്തിനും അങ്ങനെ മറുപടി ഇല്ലെങ്കിൽ കൊടുത്തതായി പരിഗണിക്കണമെന്ന സമീപനമെടുക്കണം. അതല്ലെങ്കിൽ എല്ലാത്തിലും അപ്പീൽ പ്രൊവിഷൻ മതിയെന്ന് തീരുമാനമെടുക്കണമെന്നാണ് എന്റെ ഭേദഗതി.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(309) In sub-section (3) of the new Section 8 A proposed to be inserted by clause 5, for the word "sixty" substitute the word "thirty".

ഇത് ഡിലേ ഒഴിവാക്കാൻ വേണ്ടിയാണ്. അപ്പക്സ് സൊസൈറ്റിക്ക് കൊടുത്താൽ അവിടെ 60 ദിവസം കഴിയണം. പിന്നീട് ഒരു മാസത്തിനകമാണ് രജിസ്ട്രാർക്ക് കൊടുക്കേണ്ടത്, അദ്ദേഹവും 60 ദിവസം എടുക്കണം. ഈ ഡിലേ ഒഴിവാക്കാനാണ് ഭേദഗതി കൊടുത്തത്, അത് അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. മാമ്മൻ മത്തായി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(316) Section 8 A (3) of the Principal Act proposed to be inserted by clause 5 shall be recast as follows :

"(3) When the apex or central society, as the case may be, rejects an application for affiliation under sub-section (1), the aggrieved society may file an appeal before the "Tribunal" constituted under Section 81 against such rejection, within 30 days from the date of receipt of the order of rejection and the order of the Tribunal shall be final".

അപ്പക്സ് സൊസൈറ്റിയോ സെൻട്രൽ സൊസൈറ്റിയോ ആപ്ലിക്കേഷൻ റിജക്ട് ചെയ്തു കഴിഞ്ഞാൽ അപ്പീൽ അധികാരം രജിസ്ട്രാർക്കാണ് എന്നാണ് എന്റെ ഭേദഗതി. രജിസ്ട്രാർ റിജക്ട് ചെയ്തു കഴിഞ്ഞാൽ 30 ദിവസത്തിനകം അപ്പീൽ അധികാരം ട്രൈബ്യൂണലിന് കൊടുക്കണം എന്നാണ്. അതാണ് കൂടുതൽ വിശ്വാസ്യത ജനിപ്പിക്കുന്നത്. അതുകൊണ്ടാണ് ഈ ഭേദഗതി ഞാൻ അവതരിപ്പിച്ചിരിക്കുന്നത്.

ശ്രീ. പി. ജെ. ഫ്രാൻസിസ് : സർ, ഞാൻ ബഹു. മന്ത്രി അവതരിപ്പിച്ച 1347-ാം നമ്പർ ഭേദഗതിക്കുള്ള ഭേദഗതി അവതരിപ്പിക്കുന്നു.

In amendment No. 1347 given notice by the Minister in clause (iii) the following shall be inserted after the words "from the date of appeal" "and the order of the Registrar is subject to the revision of the State Government".

മൂലനിയമത്തിൽ ഇല്ലാത്ത ഒരു വകുപ്പാണ്. 8-എ. ആ 8-എ സെലക്ട് കമ്മിറ്റിക്ക് അയച്ചതിനുശേഷമാണ് 8-എ യുടെ 3-ാം സബ്ക്ലാസ് ഉണ്ടാക്കിയത്. ആ സബ് ക്ലാസിൽ അപ്പീൽ ഉത്തരവ് ഫൈനലാണെന്ന് പറയുന്നു. ആ ഫൈനാലിറ്റി എടുത്തു കളഞ്ഞാൽ അതിന്റെ അർത്ഥം ആ തീരുമാനം പുനർ തീരുമാനത്തിന് വിധേയം ആണെന്നാണ്. അങ്ങനെ പുനർ തീരുമാനത്തിന് വിധേയമാണെങ്കിൽ, മൂലനിയമത്തിലോ, ഇവിടെ കൊണ്ടുവന്നിട്ടുള്ള ബില്ലിലോ അത് ആര് പുനർ തീരുമാനം നടത്തണമെന്ന് ഒരിടത്തും സൂചിപ്പിച്ചിട്ടില്ല. അതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നത്. ഫൈനാലിറ്റി മാറ്റുകയാണെങ്കിൽ "and the order of the Registrar is subject to the revision of the State Government"എന്ന ഭേദഗതി മന്ത്രി അംഗീകരിക്കണം. ഫൈനാലിറ്റി മാറ്റുന്നെങ്കിൽ പിന്നെ അത് ഒരു റിവിഷന് വിധേയമാകട്ടെ. ആ റിവിഷന് വിധേയമാക്കാൻ ഒരു വകുപ്പുമില്ല. അതുകൊണ്ട് എന്റെ ഭേദഗതി അംഗീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, എന്റെ 290-ാം നമ്പർ ഭേദഗതിക്ക് തുല്യമായ ഭേദഗതി ഇവിടെ വേറെ അവതരിപ്പിച്ചു. അതിൽ ഒരു കാര്യം പറയാനുണ്ട്. ഇതിൽ പറഞ്ഞിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

In clause 4, where an application for registration of a society is not disposed of within the time specified in sub-section (3), the applicant may make a representation,-

(a) before the Registrar, if the application for registration is made to person on whom the powers of the Registrar is conferred under sub-section (2) Section 3.

ആക്ടിൽ എല്ലാ അധികാരങ്ങളും രജിസ്ട്രാർക്കാണ് നൽകിയിട്ടുള്ളത്. പ്രിൻസിപ്പിൾ ആക്ടിലാണെങ്കിലും ഇപ്പോൾ കൊണ്ടുവന്ന ഭേദഗതി നിയമത്തിലാണെങ്കിലും അങ്ങനെതന്നെയാണ്. ആ പവർ ഡെലിഗേറ്റ് ചെയ്തു കൊടുക്കുകയാണ്. അത് രജിസട്രാറുടെ പവറാണ്. ആ പവർ ഡെലിഗേറ്റ് ചെയ്ത് ജില്ലയിലുള്ള ജോയിന്റ് രജിസ്ട്രാർക്ക് കൊടുക്കുന്നു. അദ്ദേഹം രജിസ്റ്റർ ചെയ്യുന്നു. അപ്പോൾ ആ പവർ തന്നെയാണ് ഉപയോഗിക്കുന്നത്. അതുകൊണ്ട് രജിസ്ട്രാർക്ക് അപ്പീൽ കൊടുക്കുക എന്നുപറയുന്നത് ശരിയല്ല. ആ അപ്പീൽ ഗവൺമെന്റിനാണ് വരേണ്ടത്. അത് ഡെലിഗേറ്റ് ചെയ്തതാണ്. അതുകൊണ്ട് രജിസട്രേഷന്റെ കാര്യത്തിൽ രജിസ്ട്രാറുടെ പവർ ഒരിക്കൽ ഉപയോഗിച്ചു കഴിഞ്ഞു. വീണ്ടും ആ പവർ രജിസ്ട്രാർ ഉപയോഗിക്കുന്നത് ശരിയല്ല. അത് രജിസ്ട്രാറുടെ പവേഴ്സാണ്. അതുകൊണ്ട് അതിനുള്ള അപ്പീൽ പോകേണ്ടത് ഗവൺമെന്റിനാണ്.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : ഭേദഗതികളൊന്നും സ്വീകാര്യമല്ല. അതിൽ ഫെഡറൽ സൊസൈറ്റിയിലുള്ള അഫിലിയേഷൻ വരുന്നില്ല എന്നതുകൊണ്ടാണ് ശ്രീ.പി. ജെ. ഫ്രാൻസിസ് പറഞ്ഞിരിക്കുന്നത് ഒഴിവാക്കിയത്. പിന്നെ ഫൈനൽ എന്നുള്ളത് ആക്ടിൽ വന്നു കഴിഞ്ഞാൽ ഇപ്പോൾ മൂലനിയമത്തിൽ തന്നെ ഉണ്ട് എന്നുതുകൊണ്ട് സർക്കാരിലേക്ക് വരുന്നതിനുള്ള അവസരം നൽകുകയാണ്. മറുപടി നൽകിയില്ല എങ്കിൽ ഡീംഡ് ആയിരിക്കും എന്ന് കണക്കാക്കുകയാണ്. അതായത്, മറുപടി എന്തായിരിക്കണം എന്നുള്ളത് അവർ നിശ്ചയിച്ചാൽ മതി. അനുകൂലമോ, പ്രതികൂലമോ അംഗീകരിക്കണമെന്നോ, തള്ളണമെന്നോ എന്തെങ്കിലും ഒരു റിപ്ലെ കൊടുക്കണമല്ലോ? അത് കൊടുക്കാതെ വന്നാൽ എന്നുള്ളതാണ്. കൊടുക്കണമെന്നുള്ളതാണ് അതുകൊണ്ടുദ്ദേശിക്കുന്നത്. കൊടുക്കാതിരിക്കുക എന്നുള്ളതല്ല. അതിന്റെ മെറിറ്റിലേയ്ക്ക് പൊയ്ക്കോട്ടെ. പക്ഷെ മറുപടി ഉണ്ടായിരിക്കണം. അത് കൊടുത്തില്ല എങ്കിൽ മനഃപൂർവ്വം ഒഴിവാക്കപ്പെടുക എന്നുള്ള നിലയിലേയ്ക്കുവരും എന്നുള്ളതുകൊണ്ടാണ് ഡീംഡ് ആകുക എന്നുള്ളതുകൊണ്ടുദ്ദേശിക്കുന്നത്. ശ്രീ. ബി. വിജയകുമാർ ഉദ്ദേശിച്ച ഭേദഗതി, കൊടുത്തില്ല എങ്കിൽ അത് ഡീംഡ് എന്നതാണ് അതുകൊണ്ടുദ്ദേശിക്കുന്നത്. പിന്നെ, നേരത്തെ ശ്രീ. ടി. എം. ജേക്കബ് പറഞ്ഞതിൽ, റൂൾസിൽത്തന്നെ വന്നാൽ മതി എന്നാണ് ധാരണ. ആ ധാരണ വച്ചാണ് അപ്രകാരം നിർദ്ദേശിക്കപ്പെട്ടത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ബഹുമാനപ്പെട്ട വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി അവതരിപ്പിച്ച നമ്പർ 1347-ാം നമ്പർ ഭേദഗതിക്ക് ശ്രീ. കെ. സി. ജോസഫ്, ശ്രീ. ടി. എം. ജേക്കബ്, ശ്രീ. പി. ജെ. ഫ്രാൻസിസ് എന്നിവർ അവതരിപ്പിച്ച ഭേദഗതികളെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതികൾ നിരാകരിക്കപ്പെട്ടിരിക്കുന്നു

മന്ത്രി അവതരിപ്പിച്ച 1347-ാം നമ്പർ ഭേദഗതി അംഗീകരിക്കാമോ എന്ന പ്രശ്നത്തെ....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

1347-ാം നമ്പർ ഭേദഗതി അംഗീകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. വി. ബാലറാം അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീമതി റോസമ്മ ചാക്കോ അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 294, 301 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : 294 പ്രസ്സ് ചെയ്യുന്നു. ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെ പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ - 26

1. ശ്രീ. കെ. പി. എ. മജീദ്
2. ശ്രീ. കെ. അച്ചുതൻ
3. ശ്രീ. സി. ടി. അഹമ്മദ് അലി
4. ശ്രീ. എ. കെ. ആന്റണി
5. ശ്രീ. ഇ. എം. അഗസ്തി

6. ശ്രീ. കെ. എ. ചന്ദ്രൻ
7. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
8. ശ്രീ. പി. ജെ. ഫ്രാൻസിസ്
9. ശ്രീ. ടി. എം. ജേക്കബ്
10. ശ്രീ. ജോണി നെല്ലൂർ
11. ശ്രീ. പി. ജെ. ജോയി
12. ശ്രീ. ജി. കാർത്തികേയൻ
13. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
14. ശ്രീ. മാമ്മൻ മത്തായി
15. ശ്രീ. കെ. മുഹമ്മദാലി
16. ശ്രീ. എ. കെ. മണി
17. ശ്രീ. ആര്യാടൻ മുഹമ്മദ്
18. ശ്രീ. എഴുകോൺ നാരായണൻ
19. ശ്രീ. വി. ജെ. പൗലോസ്
20. ശ്രീമതി രാധാ രാഘവൻ
21. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
22. ശ്രീ. തമ്പാനൂർ രവി
23. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
24. ശ്രീമതി ശോഭനാ ജോർജ്
25. ശ്രീ. കെ. സി. വേണുഗോപാൽ
26. ശ്രീ. ബി. വിജയകുമാർ

പ്രതികൂലിക്കുന്നവർ - 53

1. ശ്രീ. എ. അലിഹസ്സൻ
2. ശ്രീ. ആനത്തലവട്ടം ആനന്ദൻ
3. ശ്രീ. എൻ. അനുരുദ്ധൻ
4. ശ്രീ. എൻ. ആർ. ബാലൻ
5. ശ്രീ. ടി.കെ. ബാലൻ
6. ശ്രീ. സി. പി. ബാലൻ വൈദ്യർ
7. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
8. ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ
9. ശ്രീ. വി. കെ. ചന്ദ്രൻ
10. ശ്രീ. എം. ദാസൻ
11. ശ്രീ. പി. സി. ജോർജ്ജ്
12. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ

LIBRARY ARCHIVES Kerala Legislative Assembly

13. ശ്രീ. ടി. കെ. ഹംസ
14. ശ്രീ. എം. വി. ജയരാജൻ
15. ശ്രീ. ടി. എസ്. ജോൺ
16. ശ്രീ. ജോൺ ഫെർണാണ്ടസ്
17. ശ്രീ. വി. സി. കബീർ
18. ശ്രീ. എ. കണാരൻ
19. ശ്രീ. എൻ. കണ്ണൻ
20. ശ്രീ. എളമരം കരീം
21. ശ്രീ. ഇ. കെ. നായനാർ
22. ശ്രീ. പി. കെ. കുമാരൻ
23. ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ്
24. ശ്രീമതി ആർ. ലതാദേവി
25. പ്രൊഫ. മീനാക്ഷി തമ്പാൻ
26. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
27. ശ്രീ. പാലോളി മുഹമ്മദ് കുട്ടി
28. ശ്രീ. പിരപ്പൻകോട് മുരളി
29. ശ്രീ. ടി. നാണു മാസ്റ്റർ
30. ശ്രീ. സി. കെ. നാണു
31. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
32. ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്)
33. ഡോ. എ. നിലലോഹിതദാസൻ നാടാർ
34. ശ്രീ. ടി. കെ. നൗഷാദ്
35. ശ്രീ. കെ. പ്രകാശ് ബാബു
36. ശ്രീമതി എൻ. കെ. രാധ
37. ശ്രീ. കെ. രാധാകൃഷ്ണൻ
38. ശ്രീ. പി. രാഘവൻ
39. ശ്രീ. സി. കെ. രാജേന്ദ്രൻ
40. ശ്രീ. കെ. പി. രാജേന്ദ്രൻ
41. ശ്രീ. രാജു എബ്രഹാം
42. ശ്രീ. വി. പി. രാമകൃഷ്ണപിള്ള
43. ശ്രീ. എസ്. ശർമ്മ
44. ശ്രീ. യു. എസ്. ശശി.
45. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
46. ശ്രീ. പി. പി. സുലൈമാൻ റാവുത്തർ
47. ശ്രീ. പി. എസ്. സുപാൽ
48. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

LIBRARY ARCHIVES Kerala Legislative Assembly

49. ശ്രീമതി സുശീലാഗോപാലൻ
50. ശ്രീ. എം. എ. തോമസ്
51. ശ്രീ. എം. പി. വർഗ്ഗീസ്
52. ശ്രീ. വർഗ്ഗീസ് വൈദ്യർ
53. ശ്രീ. പി. വിശ്വൻ

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ - 26

പ്രതികൂലിക്കുന്നവർ - 53

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 301-ാം നമ്പർ ഭേദഗതിയും പ്രൊഫ. സാവിത്രി ലക്ഷ്മണൻ, സർവ്വശ്രീ ജോണി നെല്ലൂർ, തമ്പാനൂർ രവി, കെ. കുട്ടി അഹമ്മദ് കുട്ടി, ബി. വിജയകുമാർ, ഡൊമിനിക് പ്രസന്റേഷൻ, മാമ്മൻമത്തായി എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികളും നിരാകരിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ...

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ശ്രീ. ടി. എം. ജേക്കബ്: സർ, സഭ ഇപ്പോൾ നിറുത്തിവച്ചിട്ട് രണ്ട് മണിക്ക് വീണ്ടും കൂടാം.

മി. സ്പീക്കർ : ഒരു മണിക്ക് പിരിയുന്നത് ചട്ട വിരുദ്ധമാണ്.

ശ്രീ. ടി. എം. ജേക്കബ് : അത് സഭയ്ക്ക് തീരുമാനിക്കാമല്ലോ.

മി. സ്പീക്കർ : ഇന്റർവെൽ എത്രസമയം വേണം? സഭ ഇപ്പോൾ നിർത്തി വച്ചിട്ട് രണ്ടരമണിക്ക് വീണ്ടും കൂടാം.

(ഉച്ച ഭക്ഷണത്തിനായി 1 മണിക്ക് നിറുത്തിവച്ച സഭ 2.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും യോഗം ചേർന്നു.)

LIBRARY ARCHIVES Kerala Legislative Assembly

6-ാം വകുപ്പ്.

ശ്രീ. പി. ജെ. ജോയി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(324) In sub-section (4 A) of Section 12 of the Principal Act proposed to be inserted by clause 6 for the words "ninety days" substitute the words "seventy five days".

ബൈലായിൽ അമെന്റുമെന്റ് കൊടുത്താൽ അതിനും വേണം മൂന്നുമാസത്തെ കാലാവധിയെന്നുള്ളത് ഒരു തരത്തിലും അംഗീകരിക്കാൻ കഴിയുകയില്ല. ബൈലായുടെ കൂടെ അമെന്റുമെന്റ് കൊടുത്താൽ അതിന് രജിസ്ട്രാർക്ക് തീർപ്പു കൽപ്പിക്കാൻ മൂന്നു മാസമെന്നുള്ളത് ശരിയല്ല. അത് കുറയ്ക്കണം. അതാണ് എന്റെ ഭേദഗതി.

ശ്രീമതി റോസമ്മ ചാക്കോ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(331) In sub-section (4 A) of Section 12 of the Principal Act proposed to be inserted by clause 6 for the words "ninety" substitude the words "Sixty".

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(339) In sub-section (4 B) of Section 12 of the Principal Act proposed to be inserted by clause 6 for the words "shall within sixty days from the date of receipt of such representation,issue directions to the authority concerned, to dispose of the same", the words "shall within fifteen days from the date of receipt of such representation, issue direction to the authority concerned, to dispose of the same within fifteen days" shall be sustituted.

ഞാൻ നേരത്തെ ഒരു ക്ലാസിന് അമെന്റുമെന്റായിട്ട് പ്രൊപ്പോസ് ചെയ്ത അതേ സാഹചര്യം തന്നെയാണ് ഇവിടെയും. രജിസ്ട്രാർക്ക് അല്ലെങ്കിൽ ഗവൺമെന്റിന് ഡയറക്ഷൻ ഇഷ്യു ചെയ്യാനുള്ള സമയ പരിധിയെ സംബന്ധിച്ചാണ്. മന്ത്രി വളരെ ലൈറ്റായിട്ട് പറഞ്ഞു. ചിലർ 35 എന്നു പറഞ്ഞു. ചിലർ 30 എന്നു പറഞ്ഞു. ചിലർ 45 എന്നു പറഞ്ഞു. അങ്ങനെയെല്ലാം വന്നതുകൊണ്ട് ഞാൻ 60 എന്നു പറഞ്ഞു. അതിന് മിനിസ്റ്റർ ഒരു കോമൺ ഡിസിഷനെടുക്കണം. കാരണം ഡിലേ ഒഴിവാക്കാൻവേണ്ടി സമയപരിധി കുറയ്ക്കണമെന്നുള്ള പ്രൊപ്പോസലാണ് നിർദ്ദേശിക്കാനുള്ളത്.

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(340) In sub-section (4 B) of Section 12 of the Principal Act proposed to be inserted by clause 6, for the words "sixty days" the words "forty five days" shall be substitute.

LIBRARY ARCHIVES Kerala Legislative Assembly

ഇത് പലരും പറഞ്ഞകാര്യം തന്നെയാണ്. മന്ത്രി വളരെ ലൈറ്റായിട്ട് എടുത്തിരിക്കുകയാണ്. എല്ലാത്തിലും കാലതാമസം ഒഴിവാക്കുക പുതിയ സമീപനമാണല്ലോ. ഡിലേ പരമാവധി കുറയ്ക്കാൻ വേണ്ടിയാണ് ഞങ്ങൾ അമെന്റുമെന്റ് തന്നത്. പക്ഷെ അത് വളരെ ലാഘവത്തോടുകൂടി ഗവൺമെന്റ് എടുത്തിരിക്കുകയാണ്. അത് പുനഃപരിശോധിക്കണമെന്നുള്ളതാണ് എന്റെ അഭിപ്രായം.

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(342) In sub-section (4 B) of Section 12 of the Principal Act proposed to be inserted by clause 6 for the words "within sixty days" substitute the words "with in forty five days".

333-ാം നമ്പർ ഭേദഗതിയെ സംബന്ധിച്ച് ഒരു വാക്കേ പറയാനുള്ളൂ. ബൈലാ അമെന്റുമെന്റിന് 90 ദിവസമെന്തിനാണ് ? 60 ദിവസം ധാരാളമാണ്. അതുകൊണ്ട് കാലതാമസമൊഴിവാക്കാൻ 60 ദിവസമാക്കണം. അതുപോലെ 342-ൽ 60 ദിവസമെന്നാണ് ആക്ടിൽ പറയുന്നത്. അത് 45 ദിവസമായി ലിമിറ്റു ചെയ്യണം.

ശ്രീ. പി. ജെ. ഫ്രാൻസിസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(348) In the end of Section 12 (4 B) of the Prinicipal Act proposed to be inserted by clause 6 "and the Registrar or the Government... to dispose the service" be substituted as follows:-

"and the Registrar or the Government, as the case may be, shall within twenty days from the date of receipt of such representation, issue directions to the authority concerned, to dispose the same within thirty days from the date of receipt of such direction".

സംസാരിക്കുന്നില്ല. കാരണം മന്ത്രി സ്വീകരിക്കാത്തതുകൊണ്ട്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(354) In sub-section (4 B) of Section 12 of the Principal Act proposed to be inserted by clause 6 for the words "to dispose of the same" substitute the words "to take appropriate decision".

എന്തെങ്കിലും തീരുമാനം വേണ്ടേ. അതുകൊണ്ടാണ് അമെന്റുമെന്റ് തന്നത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(322) Sub Section (4A) and (4B) proposed to be inserted in Section 12 of the Principal Act by clause 6 shall be numbered as sub-clause (ii) of that clause and before sub-clause (ii) as so numbered the following shall be inserted as sub-clause (i), namely :-

"(i) after sub-section (4) add the following as sub-section (4A), namely:-

(4 A) if the Registrar refuses to register an amendment of the bye-laws of a society, that society may file an appeal before the Government and they shall within a period of two months from the date of presentation of the appeal either allow the appeal and direct the Registrar to register the amendment of the bye-laws or reject the appeal. Provided that before the society may be given a reasonable apportunity for being heard.

(323) Sub Section (4A) and (4B) proposed to be inserted in Section 12 of the parent Act by clause 6 shall be numbered as sub-clause (ii) of that clause and before sub-clause (ii) as so numbered add the following sub-clause (i), namely :—

"(i) in proviso (a) to sub-section (2) or Section 12 add the following "a federal society or",

സർ, ഒരു ക്ലാസെടുത്താൽ ആ ക്ലാസ് ഡിസ്പോസ് ചെയ്യുന്നതിനുമുൻപ് എപ്പോഴും ചെയറിന് അനുവദിക്കാവുന്നതാണെന്നാണ് എനിക്കു തോന്നുന്നത്. ഇതിൽ 322-ൽ രജിസ്ട്രാർ റെഫ്യൂസ് ചെയ്താൽ അത് അമെന്റുമെന്റിന്റെ അപ്പീലിന്റെ കാര്യമെന്നു പറഞ്ഞതുപോലെ രജിസ്ട്രാറുടെ അധികാരമാണ് ജോയിന്റ് രജിസ്ട്രാർക്കുള്ളത്. അപ്പോൾ ജോയിന്റ് രജിസ്ട്രാർ ഡിസ്പ്പോസ് ചെയ്താൽ രജിസ്ട്രാർ ഡിസ്പ്പോസ് ചെയ്തതാണ്. ഡെലിഗേറ്റഡ് പവറാണ്. അതുകൊണ്ട് അത് ഗവൺമെന്റിൽ തന്നെ വരണം. രണ്ടാമത് 323, അതിൽ ഒരു കാര്യംകൂടി പറയണം. ഫെഡറൽ സൊസൈറ്റി, ബാക്കി അപ്പെക്സും. അതു പോലെ സെൻട്രൽ സൊസൈറ്റിയും പറഞ്ഞിട്ടുണ്ട്. ആ സ്ഥലത്ത് ഫെഡറൽ സൊസൈറ്റിക്കുകൂടി.... അതായത് രജിസ്റ്റർ ചെയ്യുന്നതിനു മുൻപ് ഇവർ അപ്പെക്സ് സൊസൈറ്റിയോടും അതുപോലെ സെൻട്രൽ സൊസൈറ്റിയോടും അഭിപ്രായം ആരായണമെന്ന് പ്രിൻസിപ്പൾ ആക്ടിലുണ്ട്. അതിൽ ഈ പ്രൊവിഷൻ ഇപ്പോഴും നിലനിൽക്കുകയാണ്. അതിന്റെ കൂടെ ഫെഡറൽ സൊസൈറ്റിയുടെ അഭിപ്രായം കൂടി ആരായണം. കാരണം ഫെഡറൽ സൊസൈറ്റിയുടെ താല്പ്പര്യത്തിനെതിരായിട്ടുള്ള ബൈലാ അമെന്റുമെന്റ് ആണെങ്കിൽ അതിന്റെ അഭിപ്രായങ്ങൾ സെൻട്രൽ സൊസൈറ്റിയുടെയും അപ്പെക്സ് സൊസൈറ്റിയുടെയും അറിയുന്നതുപോലെ ഇതും അറിയേണ്ടതാണ്. അതുകൊണ്ട് ഫെഡറൽ സൊസൈറ്റിക്ക് എന്നുകൂടി അതിൽ ഉൾപ്പെടുത്തണ മെന്നുള്ളതാണ് എന്റെ 323-ാം നമ്പർ ഭേദഗതി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാമ്മൻ മത്തായി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(380) In Section 12 of the Principal Act, after Section (4 B), proposed to be inserted by clause 6, a new sub-section may be inserted namely :—

" (4 C) If the Registrar or the Government as the case may be, rejects the application to register an amendment of the bye-laws as aforesaid the applicant society may file an appeal before the "Tribunal' constituted under Section 81. within 30 days from the date of receipt of the order of rejection and its decision shall be final".

പ്രിൻസിപ്പൽ ആക്ട് സെക്ഷൻ 12 (4 ബി)ക്കു ശേഷം (4 സി) എന്ന പുതിയ വകുപ്പ് ഇൻസെർട്ടു ചെയ്യണമെന്നാണ് എന്റെ ഭേദഗതി. അതായത്, "If the Registrar or the Government as the case may be, rejects the application to register an amendment of the bye-laws as aforesaid the applicant society may file an appeal before the 'Tribunal' constituted under Section 81, within 30 days from the date of receipt of the order of rejection and its decision shall be final".

നിലവിലുള്ള നിയമമനുസരിച്ച് രജിസ്ട്രാർ കഴിഞ്ഞാൽ പിന്നീട് ഒരു അപ്പീൽ അതോറിറ്റി ഇല്ല. കൂടുതൽ വിശ്വാസതയ്ക്കുവേണ്ടി അത് ട്രിബ്യൂണലിന് കൊടുക്കണം. അത് രജിസ്ട്രാറുടെ ഇൻജക്ഷൻ ഓർഡർ ലഭിച്ച് 30 ദിവസത്തിനകം അപ്പീൽ കൊടുക്കുന്ന ഒരു പ്രൊവിഷൻ ആണ്. (4 C) അത് ഇൻസർട്ട് ചെയ്യണമെന്നാണ് എന്റെ ഭേദഗതി.

മി. സ്പീക്കർ : മറ്റു ഭേദഗതികൾ ഓർഡറിലല്ല.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : ഇവിടെ നിർദ്ദേശിക്കപ്പെട്ട ഭേദഗതികൾ ഒന്നും സ്വീകാര്യമല്ല.

ശ്രീ. ടി. എം. ജേക്കബ് : മന്ത്രിക്ക് സ്വീകരിക്കുകയോ സ്വീകരിക്കാതിരിക്കുകയോ ചെയ്യാം. പുതിയ ഒരു നിയമം വരുമ്പോൾ എങ്ങനെയാണ് സമയം നീട്ടിക്കൊടുക്കുന്നത്. ഒരു പൊതു സമീപനമല്ലേ എടുക്കേണ്ടത് ? ഉദ്യോഗസ്ഥന്മാർക്ക് ഓരോ കാര്യങ്ങളും ഡിസ്പോസ് ചെയ്യാൻ ഇഷ്ടംപോലെ സമയം കൊടുക്കേണ്ട ആവശ്യമുണ്ടോ ? ഗവൺമെന്റ് ഈ കാര്യത്തിൽ എന്തെങ്കിലും സമീപനം സ്വീകരിക്കണം.

ശ്രീ. എസ്. ശർമ്മ : ബൈലാ അമെന്റുമെന്റ് ഒരാൾക്ക് ചെയ്യാൻ കഴിയുന്നതല്ലല്ലോ. ഒരു കമ്മിറ്റി വിളിച്ച് കൂട്ടുന്നതിനുള്ള സമയം വേണം. അങ്ങനെ പ്രാക്റ്റിക്കലായിട്ട് സമയത്തിന്റെ പ്രശ്നം ബൈലാ അമെന്റുമെന്റിന്റെ കാര്യത്തിൽ വരണമെന്നുള്ളതുകൊണ്ടാണ് ഇപ്രകാരം ഉദ്ദേശിച്ചത്. നമുക്ക് ഇവിടെ നിന്ന് നിശ്ചയിക്കുമ്പോൾ വളരെ ശരിയായിട്ടു തോന്നും. ചില സംഘങ്ങളുടെ പ്രവർത്തനത്തിൽ വളറെ പ്രാക്റ്റിക്കലായിട്ടു നോക്കണം.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. ആര്യാടൻ മുഹമ്മദ് : 323 വളരെ പ്രധാനപ്പെട്ടതാണ്. മന്ത്രി സ്വീകരിക്കുന്നില്ല. ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച ഭേദഗതികളെ....

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

ഭേദഗതികൾ നിരാകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. പി. ജെ. ജോയി : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച ഭേദഗതിയെ....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീമതി റോസമ്മ ചാക്കോ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീമതി റോസമ്മ ചാക്കോ : ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീമതി റോസമ്മ ചാക്കോ അവതരിപ്പിച്ച ഭേദഗതിയെ....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച ഭേദഗതിയെ...

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച ഭേദഗതിയെ...

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

മി. സ്പീക്കർ : ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച ഭേദഗതിയെ...

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. പി. ജെ. ഫ്രാൻസിസ് അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. പി. ജെ. ഫ്രാൻസിസ് : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. പി. ജെ. ഫ്രാൻസിസ് അവതരിപ്പിച്ച ഭേദഗതിയെ...

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച ഭേദഗതിയെ...

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

മി. സ്പീക്കർ : ശ്രീ. മാമ്മൻ മത്തായി അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. മാമ്മൻ മത്തായി : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. മാമ്മൻ മത്തായി അവതരിപ്പിച്ച ഭേദഗതിയെ...

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ.....

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

7-ാം വകുപ്പ്

ശ്രീ. വി. ജെ. പൗലോസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(381) Delete clause 7 (i) and renumber the remaining accordingly.

(440) For the fourth proviso to Section 16 (1) of the Principal Act proposed to be added by clause 7 (ii) substitute the following proviso, namely :-

"Provided that in the case of Hospital Co-operative Societies other Co-operative Societies may be admitted as members".

Provided also that such of the Co-operative Societies which are admitted as members in the Hospital Co-operative Societies and which have an yearly turnover of not less than ten crores of rupees shall be given representation in the Board of Directors of the Hospital Co-operative Societies".

(516) Section 16 (2 B) of the Principal Act proposed to be inserted by clause 7 (iii) shall be recast as follows, namely : (2 B) where the Registrar does not within one month of the date of receipt of such written request determine whether such membership should be given or not the applicant may file an appeal before the government and they shall within thirty days from the date of receipt of such appeal given directions to the society to give membership to the applicant and the society should be bond to abide by such direction".

LIBRARY ARCHIVES Kerala Legislative Assembly

സർ, 381-ൽ പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളെ അംഗങ്ങളാക്കുന്നതു സംബന്ധിച്ചാണ്. ഇത്തരം സ്ഥാപനങ്ങളെ അംഗങ്ങളാക്കുന്നതിലൂടെ അവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യതിചലിക്കാനും മറ്റും ഇട വരുമെന്നതിനാൽ അത്തരം സ്ഥാപനങ്ങളെ ഒഴിവാക്കുന്നതിനാണ് ഈ ഭേദഗതി. 440-ൽ ഹോസ്പിറ്റൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി തുടങ്ങി മറ്റു സംഘങ്ങളെ അംഗങ്ങളാക്കി ച്ചേർക്കുമ്പോൾ അത്തരം അംഗസംഘങ്ങളിൽ ഇൻഡസ്ട്രിയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ, വ്യവസായ വാണിജ്യ സ്ഥാപനങ്ങളെയെല്ലാം അംഗങ്ങളായി ചേർക്കണം എന്ന് ഇതിനകത്ത് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അങ്ങനെയുള്ള സ്ഥാപനങ്ങളെ അംഗങ്ങളാക്കി ചേർക്കുമ്പോൾ അവർക്ക് ഭരണത്തിന് പ്രാതിനിധ്യമുണ്ടാക്കുന്നതിലേയ്ക്ക് പത്തുകോടി രൂപയിൽ കുറയാത്ത ടേണോവറുള്ള സ്ഥാപനങ്ങളെ അംഗങ്ങളാക്കി ചേർക്കണമെന്നുള്ള നിർദ്ദേശമാണ് ഈ ഭേദഗതിയിലുള്ളത്.

ശ്രീ. പി. ജെ. ജോയി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(412) In Section 16 (1) (ba) proposed to be inserted by clause 7 (i) for the words "a local self government". substitute the words "a local self government and an organisation registered under any law for the time being in force".

(456) In Sub-section (1) of Section 16 of the Principal Act, after the proviso proposed to be added by clause 7 (ii) the following further proviso shall be added :—

"Provided also that not less than fifty percent of the seats in the Board of Directors of the Hospital Co-operative Societies shall be reserved to be filled by the representatives of the societies admitted as members in the Hospital Co-operative societies".

സർ, ശ്രീ. വി. ജെ. പൗലോസ് പറഞ്ഞ കാര്യങ്ങളോട് ഞാനും യോജിക്കുകയാണ്. തദ്ദേശസ്ഥാപനങ്ങളെ ഇതിൽ അംഗമാക്കിക്കൊണ്ടുള്ള അവർക്ക് ലോൺ കൊടുത്ത് അവസാനം സംഘം മുടിയുന്ന ഒരു സ്ഥിതിയിലേയ്ക്ക് കാര്യങ്ങളെത്തും. അതു ബഹുമനപ്പെട്ട മന്ത്രി പുനഃപരിശോധിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

456-ൽ ഹോസ്പിറ്റൽ സൊസൈറ്റിയിൽ അംഗമാക്കുന്ന സംഘങ്ങൾക്ക് 50 ശതമാനം കമ്മിറ്റിയിൽ സംവരണം ചെയ്യണമെന്നാണ് എനിക്കു നിർദ്ദേശിക്കാനുള്ളത്. സാമൂഹ്യരംഗത്ത് പ്രവർത്തിക്കുന്ന അത്തരം സ്ഥാപനങ്ങൾ തീർച്ചയായിട്ടും സൊസൈറ്റിയിൽ അംഗങ്ങളായിട്ട് വരേണ്ടത് ആവശ്യമാണ്. അതുകൊണ്ട് 50 ശതമാനം സംവരണം ചെയ്യണമെന്നാണ് ആവശ്യപ്പെടുന്നത്.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(458) After the fourth proviso proposed to be inserted in sub-section (1) of Section 16 of the Principal Act by clause 7 (ii), add the following further provisos:-

"Provided also that not less than fifty per cent of the seats in the Board of Directors of the Hospital Co-operative Societies shall be reserved to be filled by the representatives of the societies admitted as members in the Hospital Co-operative Societies.

Provided also that while filling the seats reserved for co-operative societies in the Board of Directors of the Hospital Co-operative Societies regard should he had to see that two Directors from the same society do not come to those seats".

<u>ശ്രീ. തമ്പാനൂർ രവി</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(420) Delete clause 7 (ii) and renumber the remaining accordingly.

ക്ലാസ് 7- സബ് സെക്ഷൻ (2) ഡിലീറ്റ് ചെയ്യണമെന്നാണ് എന്റെ അഭിപ്രായം.

Shri Mammen Mathai : Sir, I move the following amendment :

(422) In Section 16 (i) of the Principal Act proposed to be inserted by clause 7 (ii) the fourth proviso shall be omitted.

<u>ശ്രീമതി റോസമ്മ ചാക്കോ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(429) In the proviso to Section 16 (1) of the Principal Act proposed to be added by clause 7 (ii), the words "and other organisations registered under any other law" shall be deleted.

<u>ശ്രീ. ടി. എം. ജേക്കബ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(431) In the proviso to Section 16 (1) of the Principal Act, proposed to be added by clause 7 (ii), the words "registered under any other law", shall be omitted.

ഇതിനെക്കുറിച്ച് ഒരു കാര്യം പറയാനുള്ളത്. 1969-ലെ നിയമത്തിൽ ചാപ്റ്റർ 3-ലാണ് വകുപ്പ് 16 വരുന്നത്. ആ വകുപ്പിൽ പറയുന്ന persons who may be become members എന്നു പറഞ്ഞിട്ടാണ് ഈ കാര്യങ്ങൾ ഇവിടെ ആഡ് ചെയ്തിരിക്കുന്നത്. സമാനമായ അമെൻഡ്മെന്റ് നേരത്തെ മൂവ് ചെയ്തതു കൊണ്ടാണ് ഞാനിവിടെ പ്രൊപ്പോസ് ചെയ്ത 408, 421 എന്നീ നമ്പർ അമന്റുമെന്റുകൾ വിളിക്കാത്തത്. 408-നെ സംബന്ധിച്ച് എനിക്ക് ഒരു

LIBRARY ARCHIVES Kerala Legislative Assembly

വാക്കു പറയാനുണ്ട്. ഇവിടെ any other society എന്നു പറഞ്ഞശേഷം ഇവിടെ ആഡ് ചെയ്തിരിക്കുന്നതാണ് (ബി), (എ) ആയിട്ട് ലോക്കൽ സെൽഫ് ഗവൺമെന്റിന്. അതു നമ്മൾ വളരെ ലൈറ്റായിട്ട് കണ്ടിട്ടു കാര്യമില്ല. ഇത് ഇന്നസെന്റായിട്ടുള്ള ഒരു അമെഡ്മെന്റാണെന്ന് എനിക്കു തോന്നുന്നില്ല. ജനകീയാസൂത്രണം തുടങ്ങിയ പല കാര്യങ്ങൾ ഇവിടെയുണ്ട്. ഇതിനെല്ലാം കൊടുക്കുന്ന പണവും ആ പണം ചെലവഴിക്കുന്നതിനെ സംബന്ധിച്ചുമൊക്കെ വ്യത്യസ്തമായിട്ടുള്ള അഭിപ്രായങ്ങൾ ഇവിടെയുണ്ട്. സൊസൈറ്റിയിലേയ്ക്ക് ലോക്കൽ സെൽഫ് ഗവൺമെന്റിനെ അംഗമാക്കി ചേർക്കണമെന്നു പറയുന്നതിന് അർത്ഥമെന്താണ് ? എന്ത് ആവശ്യത്തിനു വേണ്ടി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ ഇതിന്റെ പരിധിയിലേയ്ക്ക് നിങ്ങൾ കൊണ്ടുവരുന്നു ? നമ്മൾ ഓരോ സ്ഥാപനങ്ങളെ സംബന്ധിച്ച്, ലോക്കൽ ബോഡീസ് എന്തിനുവേണ്ടിയാണ് ഉണ്ടാക്കിയത് എന്നു അതിന്റെ നിയമത്തിൽ പറഞ്ഞിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് ഇവയൊക്കെ എന്തിനാണെന്നുള്ളത് വേറെ നിയമത്തിൽ പറയുന്നുണ്ട്. ഞാനത് ആവർത്തിക്കുന്നില്ല. നിലവിലുള്ള സഹകരണ സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള ക്ലാസ്-16 വളരെ ക്ലിയറായി പറയുന്നുണ്ട്. അങ്ങനെയൊരു സാഹചര്യത്തിൽ അതിനകത്ത് ഉദ്യോഗസ്ഥന്മാരെക്കൂടി കടത്തിക്കൊണ്ട് വരുന്നത് സർക്കാരിന്റെ ദുരുദ്ദേശപരമായിട്ടുള്ള ഒരു സമീപനമാണ്. അതിനെ അംഗീകരിക്കാൻ സാധ്യമല്ല. അതിന്റെ ആവശ്യമില്ല. ലോക്കൽ ബോഡീസിന് പണം കൊടുക്കാൻ സർക്കാരിന്റെ ഒരു സ്ഥാപനമായിട്ട് വേറൊരു നിയമപ്രകാരം ഇവിടെ അനുവാദം കൊടുത്തിട്ടുണ്ട്. ഗവൺമെന്റിന് വേണമെങ്കിൽ പണം കൊടുക്കാൻ മറ്റു മാർഗ്ഗങ്ങളുണ്ട്. ഗവൺമെന്റ് ഓരോ ആവശ്യങ്ങൾക്കുവേണ്ടി, ഓരോ സ്ക്കീമിനുവേണ്ടി കൊണ്ടുവന്നിട്ട് അത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപിക്കാം. അതിനു ബുദ്ധിമുട്ടില്ല.

ശ്രീ. പി. സി. ജോർജ് : ഈ നിയമമുണ്ടാക്കിയതിൽ ഏറ്റവും നല്ലൊരു കാര്യമാണിത് എന്നുള്ളതാണ് സത്യം. വികസനപ്രവർത്തനങ്ങൾ നടത്താൻ പണില്ലാത്ത സാഹചര്യത്തിൽ സഹകരണ ബാങ്കിൽ നിന്ന് കടമെടുക്കാൻ ത്രിതല പഞ്ചായത്തിന് അധികാരം കൊടുക്കുന്നതിൽ എന്താണ് തെറ്റ് ?

ശ്രീ. ടി. എം. ജേക്കബ് : ഇവിടെ അതിന്റെ ആവശ്യമില്ലെന്ന അഭിപ്രായക്കാരനാണ് ഞാൻ. Second thought-ൽ വന്നിരിക്കുന്ന ഭേദഗതിയാണിത്. അതിന്റെ ആവശ്യമില്ല. അതിനു വേറൊരു നിയമമുണ്ട്. ആ നിയമപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എത്ര പണം കണ്ടെത്താനും സാധിക്കും. എവിടെയെങ്കിലും ഒരു ഗ്രാമപഞ്ചായത്ത് സൊസൈറ്റിയുണ്ടെങ്കിൽ ആ പ്രൈമറി സഹകരണ സംഘത്തിനകത്ത് പോയി കുറച്ചു പണം പിൻവലിച്ച് വേറെ എന്തെങ്കിലും കാര്യങ്ങൾക്കുവേണ്ടി, കൃഷിക്കാർക്കോ മറ്റാളുകൾക്കോ ആനുകൂല്യം കൊടുക്കാൻ വേണ്ടി വച്ചിരിക്കുന്ന ഒരു സംഘം. ആ സംഘത്തിലെ പണമെടുത്ത് പഞ്ചായത്തും സഹകരണസ്ഥാപനങ്ങളും കൂടി ഒരു കക്ഷിയാണ് ഭരിക്കുന്നതെങ്കിൽ വെറുതെ ആവശ്യമില്ലാത്ത കാര്യങ്ങളുണ്ടാക്കാൻ വേണ്ടിയല്ലേ ഇതു ചെയ്യാൻ പോകുന്നത് ? അതിൽ സംശയമുണ്ടോ ? ഒരു സംശയവും ഈ കാര്യത്തിലില്ല. ഇത് സൊസൈറ്റിയെ നശിപ്പിക്കാനുള്ള പുറപ്പാടാണ്. സഹകരണ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങളെ നശിപ്പിക്കാനുള്ള പുറപ്പാടാണ്. അതിനുവേണ്ടിയാണ് ലോക്കൽ സെൽഫ് ഗവൺമെന്റിനെ ഇതിനകത്ത് അംഗമായിരിക്കുന്നത്. അതിലൊരു സംശയവും വേണ്ട. ഇതിപ്പോൾ നിങ്ങൾക്കു വേണ്ടി മാത്രമല്ല. ഞങ്ങൾ ഭരിക്കുന്ന സ്ഥാപനങ്ങളും ഇവിടെ ഉണ്ട്. സൊസൈറ്റികളുമുണ്ട്. അതുപോലെ....

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : അവർക്കു കൊടുക്കേണ്ട .....(ബഹളം)....

ശ്രീ. ടി. എം. ജേക്കബ് : വെറുതെ എന്തെങ്കിലും വിളിച്ചുപറയാതെ, നിയമസഭയിലിരുന്ന എന്തെങ്കിലും വിളിച്ചു പറയുന്നതാണ് ശ്രീമതി മെഴ്സിക്കുട്ടി അമ്മയ്ക്ക്മിടുക്കെങ്കിൽ അങ്ങനെയാകട്ടെ. ഒരു നിയമമുണ്ടാക്കുമ്പോൾ ആ നിയമത്തിന്റെ പോരായ്മയാണ് ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. നിങ്ങൾക്ക് എന്തെങ്കിലും പറയാനുണ്ടെങ്കിൽ ഭേദഗതി മൂവ് ചെയ്തിട്ടു പറയണം. നിയമത്തിൽ ഇങ്ങനെയൊരു പ്രൊവിഷൻ കൊണ്ടുവന്നാൽ അത് മിസ്യൂസ് ചെയ്യാനുള്ള സാഹചര്യമുണ്ടാകും. അതിനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കരുതെന്നാണ് ഇവിടെ പറയുന്നത്. ഇവിടെയൊരു നിയമം കൊണ്ടുവന്ന് നിങ്ങൾ ചെയ്യാൻ പോകുന്ന കാര്യങ്ങൾ തെറ്റാണ്, ആ തെറ്റ് ഇവിടെ ചൂണ്ടിക്കാണിക്കണ്ടേ ? സഭാ വേദിയിലല്ലാതെ വേറെ എവിടെ ചൂണ്ടിക്കാണിക്കും ? നമ്മുടെ രാജ്യത്ത് സഹകരണനിയമം വന്നിട്ട് എത്ര വർഷമായി ? 1969-ൽ ഇപ്പോഴത്തെ നിലയിലുള്ള സഹകരണ നിയമം വന്നു. 1969 കഴിഞ്ഞിട്ട് വർഷം എത്രപോയി ? ഇപ്പോൾ 1999-ൽ നിൽക്കുകയാണ്. ഇത്രയും കാലത്തിനുള്ളിൽ ഈ 16-ാം വകുപ്പിന് ഇങ്ങനെയൊരു ഭേദഗതി വേണ്ടായെന്ന് എല്ലാവരുംകൂടി തീരുമാനിക്കാൻ എന്താണ് കാരണം എത്രയോപ്രാവശ്യം ഇത് സഭയിൽ ചർച്ചയ്ക്കുവന്നിട്ടുണ്ട്. ലോക്കൽ സെൽഫ് ഗവൺമെന്റ് ഇതിനകത്തുവേണ്ട, അതിന്റെ ആവശ്യമില്ല. സഹകരണ സ്ഥാപനങ്ങളെ, സൊസൈറ്റികളെ നശിപ്പിക്കാൻവേണ്ടി കൊണ്ടുവന്നിരിക്കുന്ന വകുപ്പാണിത്. ജനകീയാസൂത്രണം വേറൊരു ഭാഗത്തുണ്ട്. അതിന് പണം കണ്ടെത്തണമെങ്കിൽ സർക്കാർ വേറെ പണം കൊടക്കണം. വേറെ എത്രയോ മാർഗ്ഗങ്ങളുണ്ട് ? പ്ലാൻ ഫണ്ടിൽനിന്നും കൊടുക്കാം. അല്ലെങ്കിൽ വേറെ മാർഗ്ഗങ്ങൾ ആർജിക്കാം. സർക്കാരിന് ഗ്യാരന്റി നിന്ന് പണം വേറെയുണ്ടാക്കാം. ഈ മാർഗ്ഗങ്ങളൊക്കെയുണ്ടായിട്ടും ഇവിടെ വെറും സാധാരണ സംഘങ്ങൾ വേറെ ചില പർപ്പസിനുവേണ്ടി ഉണ്ടാക്കി വച്ചിട്ട് ആ സംഘങ്ങളെ ഉപയോഗിച്ച് ഈ സ്ഥാപനങ്ങൾക്ക് പണം കൊടുത്ത് സംഘത്തെ നശിപ്പിക്കാൻ പോകുന്നു. അത് ഇവിടുത്തെ കൃഷിക്കാരോട് ചെയ്യുന്ന ഏറ്റവും വലിയ ദ്രോഹമായിരിക്കും. പ്രാഥമിക സഹകരണസംഘങ്ങൾ പ്രധാനമായും കൃഷിക്കാർക്കും സാധാരണ തൊഴിലില്ലാത്ത ആളുകൾക്കുമൊക്കെ എന്തെങ്കിലും ചെറിയചെറിയ സഹായങ്ങൾ ചെയ്യാൻ വേണ്ടിയാണ്, അതല്ലാതെ കുറേപ്പേരുടെ കാര്യസാദ്ധ്യത്തിന് വേണ്ടിയല്ല. ആ ഒരു ധാരണയിൽ പോകുന്നത് ശരിയല്ല. അങ്ങനെയൊരു സമീപനം സ്വീകരിച്ചുകൊണ്ടുവന്നിരിക്കുന്നതുകൊണ്ട് ഒരു കാരണവശാലും ലോക്കൽ സെൽഫ് ഗവൺമെന്റിനെ അംഗമാക്കാനുള്ള നീക്കത്തെ അനുകൂലിക്കാൻ നിവൃത്തിയില്ല. മറ്റൊന്ന് ഞാനിവിടെ 431-ൽ പറഞ്ഞിരിക്കുന്നത് "registered under any other law"- അത് ആവശ്യമില്ല. അങ്ങനെയല്ലാതെതന്നെ മെമ്പേഴ്സ് ആയി അഡ്മിറ്റു ചെയ്യാനുള്ള പ്രൊവിഷൻസ് വേറെ രൂപത്തിൽ നമ്മൾ ഇൻകോർപറേറ്റുചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ 415-ാം നമ്പർ ഭേദഗതിമാത്രമേ അവതരിപ്പിക്കുന്നില്ല എന്നു പറഞ്ഞുള്ളൂ. 396-ഉം 443-ഉം 458-ഉം ഉണ്ട്. 396 ഓർഡറിലല്ല, ഡിലീറ്റ് ചെയ്യണമെന്നു പറഞ്ഞു. ആയിരിക്കാം. 458 മാത്രമേ നേരത്തെ അവതരിപ്പിച്ചുള്ളൂ. 443-ാം നമ്പർ ഭേദഗതിയുണ്ട്. അത് ഞാൻ അവതരിപ്പിക്കുന്നു.

(443) For the proviso to Section 16 (1) of the Principal Act proposed to be added by clause 7 (ii) substitute the following namely:—

"Provided also that in the case of Hospital Co-oprative Societies other Co-operative Societies may be admitted as members.

Provided also that such of the Co-operative Societies which are admitted as members in the Hosptial Co-operative Societies shall be given representation in the Board of Directors of the Hospital Co-operative Societies".

ഇതുതന്നെയാണ് ശ്രീ. ടി. എം. ജേക്കബ് ചൂണ്ടിക്കാണിച്ചത്. യഥാർത്ഥത്തിൽ ഈ രാജ്യത്തെ കൃഷിക്കാർക്കുതന്നെ പണം കിട്ടാനില്ലാത്ത ഒരു സാഹചര്യമാണ്. ലോക്കൽ ബോഡീസിന് പണം കിട്ടാനുള്ള വേറെ എത്രയോ മാർഗ്ഗങ്ങൾ നമ്മുടെ രാജ്യത്തുണ്ട്. ഇതിൽ മിച്ചമുള്ള പണം ലോക്കൽ ബോഡീസിന് കൊടുക്കുന്നതിൽ ഞങ്ങൾ എതിരല്ല. പക്ഷേ അതിന് അവരെ മെമ്പർമാർ ആക്കേണ്ടകാര്യമില്ല. 'സി' ക്ലാസ് മെമ്പർഷിപ്പ് കൊടുക്കാം. 'ബി' ക്ലാസ് മെമ്പർ ഷിപ്പ് കൊടുക്കാം. എന്നാൽ അവർക്ക് വോട്ടവകാശമില്ല. പക്ഷേ പണമുണ്ടെങ്കിൽ മാത്രമേ അതിനു നൽകാവൂ എന്ന് ഒരു സംഘത്തിന് തോന്നുകയാണെങ്കിൽ ഇവിടെ കൃഷിക്കാരുടെ താല്പര്യം ശ്രീ. ടി. എം. ജേക്കബ് പറഞ്ഞതുപോലെ കളഞ്ഞുകുളിക്കുമെന്നുള്ള കാര്യത്തിൽ എനിക്ക് യാതൊരു സംശയവുമില്ല. നമ്മുടെ സംസ്ഥാനത്ത് പല സ്ഥലങ്ങളിലും ഇന്ന് ബ്ലേഡ് ബാങ്കുകൾ വളർന്നുവരികയാണ്. നൂറും നൂറ്റിയിരുപതും ശതമാനം പലിശ വാങ്ങുന്ന ബാങ്കുകൾ നമ്മുടെ ഗ്രാമങ്ങളിൽ വളർന്നു വരുന്നു. സഹകരണ സ്ഥാപനങ്ങളിൽ നിന്നും വേണ്ടത്ര പണം കിട്ടാത്തതുകൊണ്ടാണ് അതെന്നുള്ളകാര്യം മനസ്സിലാക്കണം. ഞാനൊരുകാര്യം പറയട്ടെ, കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ എന്റെ കോൺസ്റ്റിറ്റുവൻസിയിൽപ്പെട്ട ഇടക്കര പഞ്ചായത്തിൽ ഈ ബ്ലേഡു ബാങ്കിൽനിന്നും പണം വാങ്ങിയതിന്റെ ഫലമായി 5 ആളുകൾ ആത്മഹത്യ ചെയ്തു. അതാണ് നമ്മുടെ സംസ്ഥാനത്തെ ഗ്രാമങ്ങളിലുള്ള സ്ഥിതി എന്നുള്ളത് മനസ്സിലാക്കണം. എന്തുകൊണ്ട് ആ സാഹചര്യം വരുന്നത് ? ബാങ്കുകളിൽ നിന്നും അവർക്ക് വേണ്ടത്ര പണം കിട്ടാനുള്ള സൗകര്യങ്ങൾ പല ഗ്രാമങ്ങളിലുമില്ലെന്നുള്ളകാര്യം നാം മനസ്സിലാക്കണം. നമ്മുടെ സ്കെയിൽ ഓഫ് ഫിനാൻസ് ഇന്ന് എടുത്തു നോക്കിയാൽ കുറവാണ്. വാഴക്കൃഷിക്കാണ് അധികം ആളുകളും

LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷിക്കുന്നത്. എന്താണ് അതിനുകാരണം ? പ്രൈമറി ബാങ്കുകളിൽ നെൽകൃഷിയേക്കാൾ കൂടുതൽ scale of finance അതിനാണ് കൂടിയിട്ടുള്ളത്. നമ്മുടെ കൃഷിക്കാരന് എന്തെല്ലാം ആവശ്യങ്ങളുണ്ട്. ആ ആവശ്യങ്ങൾക്കു വേണ്ട പണം നമ്മെക്കൊണ്ട് കൊടുക്കാൻ ഇന്ന് കഴിയുന്നില്ല. പണം മിച്ചമുണ്ടെന്ന് നാം അവകാശപ്പെടുന്നു. അങ്ങനെ പണമില്ലാതെ, നമ്മുടെ ബാങ്കുകൾക്ക് ഇന്ന് കൃഷിക്കാരന്റെ താല്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയാതെയിരിക്കുന്നു. ആ സന്ദർഭത്തിൽ ഈ രൂപത്തിൽ ഇതുചെയ്തു പോയാൽ വളരെ അപകടമാണെന്ന് മാത്രമേ ഞാൻ പറയുന്നുള്ളൂ. ഒരുകാര്യം കൂടി ഞാൻ ചൂണ്ടിക്കാണിക്കുന്നു. ബ്ലോക്ക് പഞ്ചായത്ത്, അതുപോലെ ജില്ലാ പഞ്ചായത്ത്, എന്താണ് അവരുടെ റിസോഴ്സ് ? ഗവൺമെന്റ് കൊടുക്കുന്ന ഗ്രാന്റുമാത്രം. അവർക്ക് നികുതി പിരിക്കാനുള്ള അവകാശം ഈ നിയമത്തിനുണ്ടോ ? അവർക്ക് എവിടെ നിന്നെങ്കിലും മറ്റുള്ള പണം കിട്ടുന്നുണ്ടോ ? സർക്കാരിന്റെ ഗ്രാന്റിനെമാത്രം ആശ്രയിച്ചുകൊണ്ടുനിൽകുന്ന അത്തരം സ്ഥാപനങ്ങൾക്ക് പണം കൊടുത്തുകഴിഞ്ഞാൽ അവരുടെ റീപേയിംഗ് കപ്പാസിറ്റി എന്തായിരിക്കുമെന്ന് ആലോചിക്കേണ്ടതല്ലേ ? അവസാനം ലോക്കൽ ബോഡീസും കാണില്ല, നമ്മുടെ സഹകരണസ്ഥാപനങ്ങളും കാണില്ല. ഗ്രാമീണ മേഖലയിലെ സാമ്പത്തികത്തകർച്ച പൂർണ്ണമാകുമെന്നുള്ള കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. രണ്ടാമത്തെ കാര്യം 458-ാം നമ്പർ ഭേദഗതിയിൽ എനിക്ക് പറയാനുള്ളത് provided also that in the case of Hospital Co-operative Societies, Industrial and Commercial establishment and other organisations registered under any other law may be admitted as member. എന്താണ് സ്ഥിതിയെന്ന് അറിയാമോ നിങ്ങൾക്ക് ? നമ്മുടെ രാജ്യത്തെ ബ്ലേഡ് ബാങ്കുകളൊക്കെ ഇവിടെ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളാണ്. മണി ലെൻഡേഴ്സ് ആക്ട് 1958 അനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ബ്ലേഡ് ബാങ്കുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. അതുപോലെ എത്രയോ സ്ഥാപനങ്ങളുണ്ട്. They are also registered under any other Act. അതൊക്കെ രജിസ്റ്റർ ചെയ്യപ്പെട്ട സ്ഥാപനങ്ങളാണ്. ആ സ്ഥാപനങ്ങൾക്കൊക്കെ മെമ്പർഷിപ്പ് കൊടുത്താൽ എന്തായിരിക്കും ഹോസ്പിറ്റൽ സൊസൈറ്റിയുടെ സ്ഥിതി ? അവർക്കെല്ലാം മെമ്പർഷിപ്പ് കൊടുക്കാനുള്ള വ്യവസ്ഥ ഇതിനകത്ത് കൊണ്ടുവന്നിരിക്കുന്നു. Organisation registered under any other law may be admitted as members. ഈ രാജ്യത്തെ സമ്പന്നന്മാരുടെ മുഴുവൻ സ്ഥാപനങ്ങൾക്കും മെമ്പർഷിപ്പ് കൊടുക്കാനുള്ള വ്യവസ്ഥ. എന്തിനാണ് ഈ വ്യവസ്ഥ എന്നറിയാമോ ? ഇതിന്റെ പേരിൽ മെഡിക്കൽ കോളേജുണ്ടാക്കണം. ഇതിന്റെ പേരിൽ ബാക്കി സ്ഥാപനങ്ങൾക്കൊക്കെ ഷെയർ കൊടുക്കാനുള്ള അവസരമുണ്ടാക്കണം. എന്നിട്ട് ഇൻഡിവിഡുവലായിട്ടും ഒരു പ്രൊവിഷൻ വച്ചിരിക്കുന്നു. അഞ്ചു ജില്ലകളിൽ ഹോസ്പിറ്റൽ സൊസൈറ്റി ഫെഡറൽ സൊസൈറ്റിയാണ്. എന്റെ ഭേദഗതി എന്താണെന്നുവച്ചാൽ സഹകരണ സ്ഥാപനങ്ങൾക്കല്ലാതെ മെമ്പർഷിപ്പ് കൊടുക്കാൻ പാടില്ല. അതിൽ വേറൊരുകാര്യംകൂടി ഞാൻ പറയുന്നു, അതിന്റെ ബോർഡ് ഓഫ് മാനേജുമെന്റിൽ 50 ശതമാനം സഹകരണ സ്ഥാപനങ്ങളുടെ പ്രതിനിധികളായിരിക്കണം. അതൊരു കോ-ഓപ്പറേറ്റീവ്

LIBRARY ARCHIVES Kerala Legislative Assembly

സൊസൈറ്റിയാണ്. മെഡിക്കൽ കോളേജായാലും കൊള്ളാം, എഞ്ചിനീയറിംഗ് കോളേജായാലും കൊള്ളാം ഏതു സ്ഥാപനമായാലും കൊള്ളാം അത് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെട്ടതാണെങ്കിൽ അതിന്റെ ഡെമോക്രേറ്റീവ് ക്യാരക്ടറോ പോകുന്നു. കോ-ഓപ്പറേറ്റീവ് ക്യാരക്ടറെങ്കിലും നിലനിർത്താൻ അതിന്റെ 50 ശതമാനം മെമ്പർഷിപ്പ് അവർക്കുനൽകണം. യാതൊരു നിലയിലും ഈ രൂപത്തിലുള്ള സ്ഥാപനങ്ങളെ മെമ്പർമാരാക്കാൻ പാടില്ല. ബഹുമാനപ്പെട്ട മന്ത്രി ഒരുകാര്യം മനസ്സിലാക്കണം. ഇത് മിസ്യൂസ് ചെയ്യാൻ നാളെ അവസരമുണ്ട്. അതുപോലെതന്നെ ഞാൻ നേരത്തേ പറഞ്ഞ മണി ലെൻഡേഴ്സ് ആക്ട്. That is also Law അതൊക്കെവച്ചുകൊണ്ട് ഈ രാജ്യത്തുണ്ടാക്കിയ സ്ഥാപനങ്ങളെയൊക്കെ ഇതിൽ മെമ്പർമാരാക്കണമെന്നുപറഞ്ഞാൽ വളരെ അപകടമാണ്. അങ്ങ് ഒരുപക്ഷേ ഇത് മിസ്യൂസ് ചെയ്യില്ല. സമ്മർദ്ദങ്ങൾ വന്നേക്കാം, അല്ലെങ്കിൽ മറ്റ് ആളുകൾ വന്നാലും മിസ്യൂസ് ചെയ്യാനുള്ള പ്രൊവിഷൻ വയ്ക്കുന്നത് ശരിയല്ല. അതുകൊണ്ട് ഇതുമാറ്റണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

3 P.M.] (460) In the explanation to the proviso to Section 16 (1) of the Principal Act proposed to be added by clause 7 (ii) the words "medical or" shall be deleted.

ഇതിൽ 'മെഡിക്കൽ കോഴ്സ്' എന്നുള്ളത് വേണ്ട. കാരണം മെഡിക്കൽ കോഴ്സ് നടത്താനുള്ള കപ്പാസിറ്റിയോ അതിനുള്ള ശേഷിയോ ഹോസ്പിറ്റൽ സംവിധാനത്തിൽ ഉണ്ടാകുകയില്ല. അതിന്റെ കീഴിൽ മെഡിക്കൽ കോഴ്സ് നടത്തുവാനുള്ള ഒരു പ്രൊവിഷൻ ഇടുന്നത് അനാവശ്യമാണ്. ഇവർക്ക് വേണമെങ്കിൽ പാരാമെഡിക്കൽ കോഴ്സ് നടത്താം. മെഡിക്കൽ ഷോപ്പ് നടത്താം, ഹോസ്പിറ്റൽ നടത്താം. അതിന്റെ കീഴിൽ മെഡിക്കൽ കോഴ്സ് നടത്തുവാനുള്ള ഒരു പ്രൊവിഷൻ ആവശ്യമില്ല.

ശ്രീ. കെ. സി. വേണുഗോപാൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(462) In the explanation to the proviso to Section 16 (1) of the Principal Act proposed to be added by clause 7 (ii) after the words "paramedical courses" the words "in subjects other than modern medicines" shall be inserted.

ശ്രീ. കെ. സി. ജോസഫ് പറഞ്ഞതുപോലെ പാരാമെഡിക്കൽ കോഴ്സ് എന്നതിന് പകരം 'in subjects other than modern medicines' അങ്ങനെ അത് generalise ചെയ്യണം എന്നുള്ളതാണ് എന്റെ ഭേദഗതി.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ : Sir, I move the following amendment :

(470) In the explanation to the proviso to Section 16 (1) of the Principal Act proposed to be added by clause 7 (ii) after the words "medical shops" the following words shall be added "or diagnostic laboratories".

സഹകരണരംഗത്ത് ബഹുമാനപ്പെട്ട മന്ത്രി ഉദ്ദേശിക്കുന്ന കാര്യങ്ങൾ ഫലവത്താകണമെങ്കിൽ ലോക്കൽ ബോഡീസിന് മെമ്പർഷിപ്പ് കൊടുക്കാതിരിക്കണം. അങ്ങനെ കൊടുക്കുകയാണെങ്കിൽ അത് ദൂഷ്യഫലങ്ങൾ ഉണ്ടാക്കുമെന്നു മാത്രമേ എനിക്ക് പറയുവാനുള്ളൂ.

ശ്രീ. പി. ജെ. ഫ്രാൻസിസ് : Sir, I move the following amendment :

(471) In Section 16 (1) of the Principal Act explanation to the proviso proposed to be added by clause 7 (ii) shall be numbered as explanation I and after explanation I as so numbered and the following as Explanation II, namely:-

"*Explanation II* :— For the avoidance of doubt it is hereby declared that in the appoinments made in connection with the affairs of the hospital co-operative societies the principles of reservation contained in rules 14 to 18 of the Kerala State and Subordinate Service Rules 1958 shall be applied mutatis mutandis".

ഭേദഗതി നമ്പർ 394, 430 ഇവയെപ്പറ്റി ഒരു വാക്ക് പറയുകയാണ്. ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയോട് എനിക്ക് പറയുവാനുള്ളത്. ഈ ഭേദഗതി Local Self Government "and other organisation; registered under any other law" അത് മാറ്റിയില്ലെങ്കിൽ ഈ കറുത്ത അദ്ധ്യായത്തിന്റെ പാപഭാരം അങ്ങ് പിൽക്കാലത്ത് ചുമക്കേണ്ടി വരും.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : Sir, I move the following amendment :

(504) Items (a) and (b) to Section 16 (2B) of the Principal Act proposed to be inserted by clause 7 (iii) shall be recast as follows :

"before the government and the government shall within thirty days from the date of receipt of such representation can decide whether such membership can be given or not"

<u>ശ്രീ. ഇ. എം. അഗസ്തി</u> : Sir, I move the following amendment :

(505) In Section 16 sub section 2 (B) proposed to be added by clause 7 (iii) shall be recast as follows :

"2 B, where the Registrar does not within one month of the date of receipt of such written request determine whether such membership should be given or not, the applicant may file an appeal before the government and they shall within thirty days from the date of receipt of such appeal determine whether such membership should be given or not and inform the society accordingly provided that if the government determine that the membership shall not be given to the applicant he may be given a reasonable opportunity of being heard."

ഈ ഭേദഗതിയിൽ അംഗത്വത്തിനുവേണ്ടി അപേക്ഷിക്കുന്ന സംഘങ്ങളുടെ അപേക്ഷ നിരസിക്കുന്ന ഘട്ടത്തെക്കുറിച്ചാണ് പറയുന്നത്.

"where the registrar does not within one month of the date of receipt of such written request determine whether such membership should be given or not....."

Aggrieved ആയ പാർട്ടിക്ക് അത് കേൾക്കാനുള്ള അവസരം നൽകണമെന്നതാണ് ഈ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. ഞാൻ ഒരു വാചകം കൂടി പറയുകയാണ്. ബഹുമാനപ്പെട്ട ടി. എം. ജേക്കബും, ശ്രീ. ആര്യാടൻ മുഹമ്മദും ചൂണ്ടിക്കാണിച്ചതുപോലെ ലോക്കൽ സെൽഫ് ഗവൺമെന്റ് എന്നുള്ളത് ഡിലീറ്റ് ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ശ്രീ. ആര്യാടൻ മുഹമ്മദ് ചൂണ്ടിക്കാണിച്ചതുപോലെ ത്രിതല പഞ്ചായത്തുകളിൽപ്പെട്ട സ്ഥാപനങ്ങളുടെയെല്ലാം വരുമാന മാർഗ്ഗം ഗവൺമെന്റിന്റെ ഗ്രാന്റ് മാത്രമാണ്. ഗവൺമെന്റ് ഗ്രാന്റ് കൊടുക്കുന്ന സ്ഥാപനങ്ങൾക്ക് മെമ്പർഷിപ്പ് കൊടുക്കാമെങ്കിൽ എന്തുകൊണ്ട് ഗവൺമെന്റിന് തന്നെ ആയിക്കൂടാ. ഇവിടെ പ്രിൻസിപ്പിൾ ആക്ടിൽ പറയുന്നത് 'Any other society number two is the Government' എന്നാണ്. ഗവൺമെന്റു തന്നെ ചെയ്യുന്ന കാര്യങ്ങൾ പിന്നെ എന്തിനാണ് മറ്റ് ഏജൻസികളെ കൊണ്ട് ചെയ്യിപ്പിക്കുന്നത് ? അങ്ങനെയൊരു ഭേദഗതി കൊണ്ടുവന്നത് എന്തിനാണ് ? അതുപോലെ മറ്റൊരു കാര്യം ശ്രീ. ആര്യാടൻ മുഹമ്മദ് ചൂണ്ടിക്കാണിച്ചതാണ്. Industrial or Commercial Establishments ഞാൻ എതിർക്കുന്നില്ല. കോമേഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് എന്താണെന്ന് ഈ ആക്റ്റിൽ ഡിഫൈൻ ചെയ്യേണ്ടേ ? ഇല്ലെങ്കിൽ വളരെ അവ്യക്തമാകും. ശ്രീ. ആര്യാടൻ മുഹമ്മദ് ചൂണ്ടിക്കാണിച്ചതുപോലെ എല്ലാ ബ്ലേഡ് കമ്പനിക്കാരും സഹകരണ മേഖല സ്വരൂപിച്ച സമ്പത്ത് കൈയ്യാളുന്ന ആളുകളായി വരുന്ന ഒരു സ്ഥിതിവിശേഷമുണ്ടാകും. അങ്ങയുടെ ഉദ്ദേശശുദ്ധിയെ ഞാൻ സംശയിക്കുന്നില്ല. അവ്യക്തമായ വാക്കുകൾ ദുരുപയോഗപ്പെടുത്തിക്കൊണ്ട് സഹകരണ മേഖലയുടെ ഉദ്ദേശശുദ്ധിയെ നശിപ്പിക്കാൻ ഇടയുള്ളതുകൊണ്ട് ഒന്നുകിൽ ഒരു ഒഫിഷ്യൽ ഭേദഗതിയായി അങ്ങുതന്നെ കൊണ്ടുവന്ന് ഈ കോമേർഷ്യൽ

LIBRARY ARCHIVES Kerala Legislative Assembly

എസ്റ്റാബ്ലിഷ്മെന്റ് എന്നുള്ളത് ഗവൺമെന്റ് കൺട്രോൾസ് ആയിരിക്കണമെന്ന് ഡിഫൈൻ ചെയ്യണം. അല്ലെങ്കിൽ ഈ വാക്ക് ഡിലീറ്റ് ചെയ്ത് ഒരു ഭേദഗതി മൂവ് ചെയ്യണം. അല്ലെങ്കിൽ ഞങ്ങളുടെ ഭേദഗതി അംഗീകരിക്കണം.

മി. സ്പീക്കർ: മറ്റ് ഭേദഗതിയിൽ ഓർഡറിൽ അല്ല. ഭേദഗതികൾ ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുന്നുണ്ടോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : ഇവിടെ നിർദ്ദേശിക്കപ്പെട്ട ഭേദഗതികളൊന്നും സ്വീകാര്യമല്ല. പ്രൈമറി സഹകരണ സംഘങ്ങളെക്കുറിച്ച് പഠിക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റിയെ ഈ ഗവൺമെന്റ് നിയോഗിച്ചിരുന്നു. ആ കമ്മിറ്റി നടത്തിയിട്ടുള്ള പഠനത്തിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റിന്റെ മുൻപിൽ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ നൽകിയിട്ടുള്ള പ്രധാന ശുപാർശകളിൽ ഒന്നാണ് ഇത്. ഇവിടെ ചർച്ച ചെയ്തതുപോലെയുള്ള ഉത്കണ്ഠയ്ക്ക് അടിസ്ഥാനമില്ല. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വയബിളായ ഏതെങ്കിലും പ്രോജക്ടിന് സാമ്പത്തിക പ്രയാസം വരുന്ന സന്ദർഭത്തിൽ ഒരു ലോൺ വായ്പയായി കൊടുക്കുന്നു. ഇപ്പോൾ ഗവൺമെന്റ് ഗ്യാരന്റി നിന്നിട്ട് വിവിധ ഏജൻസികളിൽ നിന്നും വായ്പ എടുക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നും വായ്പയെടുക്കുമ്പോൾ പൈസ തിരിച്ച് കൊടുക്കുന്നതിന് പലിശയും അങ്ങനെയുള്ള മാനദണ്ഡങ്ങളുമൊക്കെയുണ്ട്. കൃഷിക്കാരുടേയും മറ്റും ആവശ്യങ്ങൾ നിറവേറ്റി കഴിഞ്ഞതിനുശേഷം സർപ്ലസ് ഫണ്ടുള്ള സംഘങ്ങളിൽ അപേക്ഷ കൊടുത്ത് ഒരാൾക്ക് വായ്പ കിട്ടണമെന്നുണ്ടെങ്കിൽ അംഗമായിരിക്കണം.

ശ്രീ. ടി. എം. ജേക്കബ് : ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ച കൂട്ടത്തിൽ സാമ്പത്തിക സൗകര്യങ്ങളെക്കുറിച്ച് പറഞ്ഞു. തദ്ദേശസ്വയംഭരണ സ്ഥാപനവകുപ്പുമന്ത്രി ഇവിടെയിരിപ്പുണ്ട്. നമ്മുടെ പല പഞ്ചായത്തുകളും വരുമാനമുണ്ടാക്കാൻവേണ്ടി ഒരു കാലഘട്ടത്തിൽ റൂറൽ ഡവലപ്മെന്റ് ബോർഡിൽ നിന്നും പണം കടമെടുത്ത് ഇവിടെ ഷോപ്പിംഗ് കോംപ്ലക്സ് പണിതിട്ടുണ്ട്. ആ പണിത ഷോപ്പിംഗ് കോംപ്ലക്സ് ഒന്നും ആദായകരമായിട്ട് റിട്ടേൺസ് കിട്ടാതെ വന്ന് റവന്യൂ റിക്കവറി നടപടികളായി ജനകീയാസൂത്രണ പദ്ധതിക്ക് കൊടുത്തിരിക്കുന്ന പ്ലാൻ ഫണ്ട് എടുത്ത് ആർ. ആർ. നടപടിയിൽ നിന്നും മോചനം കിട്ടാൻവേണ്ടി പണം സ്പെന്റ് ചെയ്യുന്ന ഒരു സാഹചര്യം കേരളത്തിലെ ഒട്ടുമുക്കാൽ പഞ്ചായത്തുകളും ഇപ്പോൾ അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ കാര്യങ്ങൾ നടക്കുമെന്ന് തോന്നുന്നുണ്ടോ ?

ശ്രീ. എസ്. ശർമ്മ : ഇത് ബഹുമാനപ്പെട്ട അംഗത്തിന്റെ ഒരു അഭിപ്രായമാണ്. ഇത് ഒരു കമ്മിറ്റിയെ വച്ച് പഠനം നടത്തിയതിന്റെയടിസ്ഥാനത്തിൽ നൽകിയിട്ടുള്ള ശുപാർശ പരിശോധിച്ചിട്ട് ഇതിൽ തെളിവെടുപ്പ് നടത്തി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളോ സഹകരണ മേഖലയിലെ പ്രതിനിധികളോ ആരും തന്നെ ഇതൊന്നും വേണ്ടന്നോ നിരാകരിക്കുമെന്നോ ഏതെങ്കിലും തരത്തിലുള്ള അഭിപ്രായങ്ങൾ തെളിവെടുപ്പിന്റെ ഘട്ടത്തിൽ പ്രകടിപ്പിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ പറയുന്നത്, സെലക്ട് കമ്മിറ്റിക്ക് വിട്ടതിന് ഒരു പ്രധാന്യമുണ്ടല്ലോ. ആ പ്രാധാന്യത്തിന്റെ പശ്ചാത്തലം ഞാൻ സാന്ദർഭികമായി ഒന്നു പരാമർശിച്ചു പോയി എന്നേയുള്ളൂ. അതിൽ കൂടുതൽ കണക്കാക്കണ്ട. ചില ഷോപ്പിംഗ് കോംപ്ലക്സുകളെ സംബന്ധിച്ചിടത്തോളം തിരിച്ചടവിന് കഴിയാതെ വരുന്ന പ്രതിസന്ധി കണ്ടേക്കാം. ഞാൻ അതുകൊണ്ടാണ് വയബിൾ ആയ പ്രോജക്ട് എന്നുള്ള വാക്കുകൾ ഉപയോഗിക്കുന്നത്.

ശ്രീ. ടി. എം. ജേക്കബ് : നിയമത്തിനകത്ത് ബി (എ) പ്രകാരം ലോക്കൽ സെൽഫ് ഗവൺമെന്റ് നമ്മൾ ഇൻകോർപ്പറേറ്റ് ചെയ്യുന്നു. അങ്ങനെ ചെയ്തു കഴിഞ്ഞാൽ അതിൽ സബ്മിറ്റ് ചെയ്യുന്ന പ്രോജക്ടുകൾ വയബിൾ ആയിരിക്കണമെന്ന് ഇതിനകത്ത് പറയുന്നില്ല. Any scheme they can submit. അങ്ങനെയാണെങ്കിൽ റൂറൽ ഡവലപ്മെന്റ് ബോർഡിൽ നിന്നും പണം എടുത്തപ്പോൾ അതിൽ നിന്നുമുള്ള വരുമാനമാർഗ്ഗം കൊണ്ട് പഞ്ചായത്തിൽ ഡവലപ്മെന്റ്സ് ഉണ്ടാക്കാമെന്നു പറഞ്ഞു. ബഹുമാനപ്പെട്ട ശർമ്മയ്ക്കും ഇതറിയാം. എറണാകുളം ഡിസ്ട്രിക്ടിൽ തന്നെ നല്ലൊരു ശതമാനം പഞ്ചായത്തുകൾ ഇപ്പോൾ ആർ. ആർ. നടപടിക്കു വിധേയമായിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എസ്. ശർമ്മ : ഇതിനകത്തെ ഒരു പ്രശ്നം, അടിസ്ഥാന സഹകരണ സംഘങ്ങൾക്ക് കൊടുക്കണം എന്നുള്ളതാണ്. അങ്ങനെ കൊടുത്താൽ തിരിച്ചുകിട്ടും എന്നിടത്തല്ലേ വായ്പ കൊടുക്കുകയുള്ളൂ. വ്യക്തികൾക്ക് കൊടുക്കുന്നതിനേക്കാൾ ഗ്യാരന്റിയുണ്ടല്ലോ ഒരു പഞ്ചായത്തിന് കൊടുക്കുന്നതിന്. ഒരു വ്യക്തിക്ക് കൊടുക്കുന്നതിനേക്കാൾ ഗ്യാരന്റിയുള്ളതാണ് ഒരു സമൂഹത്തിന്റെ പ്രതിനിധി കളടങ്ങുന്ന ജനകീയ സഭക്ക് കൊടുക്കുന്നത്. അതിനെ എതിർക്കേണ്ട കാര്യമില്ല. ഇതിന് ഒരു അടിസ്ഥാനമുണ്ട്. തദ്ദേശസഹകരണസ്ഥാപനങ്ങൾ മുൻപത്തേതിൽ നിന്നും വ്യത്യസ്ഥമാണ്. കുറെക്കൂടി ഡവലപ്മെന്റ് ആക്ടിവിറ്റീസ് വളരെ സജീവമായി നടക്കുന്ന ഒരു peoples plan-ന്റെ ഭാഗമായിട്ട് വരുന്നുണ്ടല്ലോ. വിമർശനങ്ങളോ അഭിപ്രായവ്യത്യാസങ്ങളോ തർക്കങ്ങളോ കണ്ടേക്കാം. പക്ഷേ അത് പൊതുവൽക്കരിച്ച് എടുക്കേണ്ടതില്ല. ഒരു ബസ് ആക്സിഡന്റ് ഒരു സ്ഥലത്ത് സംഭവിച്ചുവെന്നുള്ളതുകൊണ്ട് കേരളം മുഴുവനും ബസ് ഓട്ടം നിർത്താൻ കഴിയുകയില്ലല്ലോ. അപൂർവമായി എന്തെങ്കിലും എവിടെയങ്കിലും സംഭവിച്ചുവെന്ന് വന്നേയ്ക്കാം. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കും അതിന്റെ വികസനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടതിന് മുഴുവൻ കൊടുക്കുന്ന ഒരു ഏജൻസി എന്നുള്ളതല്ല. ഒരു പ്രത്യേക ഘട്ടത്തിൽ ആവശ്യമാണെന്ന് വരുന്ന ഒരാൾക്ക് വീട്ടാവശ്യത്തിനോ മകളെ കെട്ടിക്കുന്നതിനോ മറ്റു രൂപത്തിലോ പെട്ടെന്ന് ഒരു വായ്പ എടുക്കണം എന്നുള്ള ഒരു സ്ഥിതി വരികയാണെങ്കിൽ അംഗത്വം എടുത്താൽ വായ്പ കൊടുക്കുകയില്ലേ ? ഇത് ഒരു സ്വയംഭരണ സ്ഥാപനത്തിന് അപേക്ഷ സമർപ്പിച്ചാൽ ഒരു പ്രദേശത്തിന്റെയാകെ പ്രശ്നം തീരുകയും തീർച്ചടവ് ഉറപ്പാക്കുകയും ചെയ്തുകൊണ്ട് അത് ബോദ്ധ്യപ്പെടുത്തിയതിന് ശേഷമേ പണം കൊടുക്കുകയുള്ളൂ. വ്യക്തിക്ക് വായ്പ കൊടുക്കുന്നത് ഒരു ഉറപ്പും ഇല്ലാതെയാണ്. അപ്പോൾ ഞാൻ പറഞ്ഞുവന്നത്, ഉദ്ദേശം വളരെ വ്യക്തമാണ്. ഒരു വ്യക്തിയേക്കാൾ പ്രധാനമായിട്ട് തെരഞ്ഞെടുക്കപ്പെട്ട ഒരു

LIBRARY ARCHIVES Kerala Legislative Assembly

ജനകീയ സ്ഥാപനത്തെ കാണണമെന്ന സാമാന്യമായ തിരിച്ചറിവെങ്കിലും ഈ കാര്യത്തിൽ ഉണ്ടാകണം. സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹകരണസംഘങ്ങളെയും സഹായിക്കാൻ കഴിയും. ഡെപ്പോസിറ്റ് മൊബിലൈസേഷനൊക്കെ നടക്കുന്ന സന്ദർഭത്തിൽ നാട്ടിൽപുറത്ത് ഒരു ധനകാര്യ സ്ഥാപനം എന്നുള്ള നിലയിൽ സ്വയംഭരണസ്ഥാപനങ്ങൾക്ക് ഈ സഹകരണസംഘങ്ങളെ തിരിച്ചും സഹായിക്കാൻ കഴിയും. അപ്പോൾ സ്വയംഭരണസ്ഥാപനങ്ങളുടെ പ്രാധാന്യം വർദ്ധിക്കുക, സഹകരണ സംഘങ്ങളുടെ പ്രാധാന്യം വർദ്ധിക്കുക എന്നുള്ളത് പരസ്പര പൂരകമാക്കിക്കൊണ്ട് ഡവലപ്മെന്റ് ആക്ടിവിറ്റീസിലേക്ക് പോകുന്നത് ഗവൺമെന്റ് ഗ്യാരന്റിക്കുക്കൂടി വിധേയമായിട്ടാണ്. അങ്ങനെ ഒരു സദുദ്ദേശമാണുള്ളത്. അല്ലാതെ തകർച്ചയെ നേരിടുന്ന ഒരു സംഘത്തിന്റെ പൈസയെടുത്ത് പഞ്ചായത്തിന് കൊടുക്കുക എന്നുള്ള നിലയിൽ അല്ല. അംഗത്വം എടുക്കാൻ അപേക്ഷിച്ചാൽ തടസ്സം നിൽക്കണ്ട. എടുത്തു കഴിഞ്ഞാൽ ലോണിന് അപേക്ഷിക്കുകയാണെങ്കിൽ സാധാരണ മറ്റുള്ളവർക്ക് ലോണിന്റെ കാര്യത്തിൽ സ്വീകരിക്കുന്ന കണ്ടീഷൻസ് പാലിക്കാൻ കഴിയുമെന്ന് ഉറപ്പുവരുത്തിക്കഴിഞ്ഞാൽ മിച്ചഫണ്ട് കൊടുക്കുന്നതുകൊണ്ട് തെറ്റില്ലായെന്നുള്ള സാദ്ധ്യതയെ പ്രയോജനപ്പെടുത്തൂ. ഇതാണ് ഇതു കൊണ്ടുദ്ദേശിക്കുന്നത്. അതിനെ ഒരു നല്ല സ്പിരിറ്റിൽ കാണണമെന്നാണ് എനിക്ക് ഇക്കാര്യത്തിൽ പറയാനുള്ളത്. സഹകരണഹോസ്പിറ്റലുകൾ കേരളത്തിൽ 157 എണ്ണമുണ്ട്. അതു സംബന്ധിച്ച് ഒരു കമ്മിറ്റിയെ വച്ച് പഠനം നടത്തിയപ്പോൾ 157 സഹകരണ ഹോസ്പിറ്റലുകളുള്ളതിൽ 90 ശതമാനവും കടബാദ്ധ്യതയും ഷെയർ പിരിക്കാനുള്ള പ്രയാസങ്ങളും കൊണ്ട് ബുദ്ധിമുട്ടുകയാണ്. പിന്നെ അതിനകത്ത് പ്രൊഫഷണൽ കൂടി വേണമെന്നുള്ള അഭിപ്രായം വന്നു. ആ സാഹചര്യത്തിലാണ് സഹകരണ ഹോസ്പിറ്റലുകളുടെ മൂലധന നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്ന വിധത്തിൽ സഹകരണ ആശുപത്രികളെക്കൂടി ഇതിൽ ഉൾപ്പെടുത്തിതാണ്. അതുകൊണ്ട് ഭേദഗതികൾ സ്വീകരിക്കാൻ പ്രയാസമാണ്.

മി. സ്പീക്കർ: ശ്രീ. വി. ജെ. പൗലോസ് അവതരിപ്പിച്ച 381-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ജെ. പൗലോസ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

സഭ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ - 29

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ശ്രീ. പി. കെ അബ്ദുറബ്ബ്
3. ശ്രീ. കെ. അച്ചുതൻ
4. ശ്രീ. സി. ടി. അഹമ്മദ് അലി
5. ശ്രീ. എ. കെ. ആന്റണി
6. ശ്രീ. ഇ. എം. അഗസ്തി
7. ശ്രീ. കെ. എ. ചന്ദ്രൻ

LIBRARY ARCHIVES Kerala Legislative Assembly

8. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
9. ശ്രീ. പി. ജെ. ഫ്രാൻസിസ്
10. ശ്രീ. ടി. എം. ജേക്കബ്
11. ശ്രീ. ജോണി നെല്ലൂർ
12. ശ്രീ. കെ. സി. ജോസഫ്
13. ശ്രീ. പി. ജെ. ജോയി
14. ശ്രീ. ജി. കാർത്തികേയൻ
15. ശ്രീ. മാമ്മൻ മത്തായി
16. ശ്രീ. കെ. മുഹമ്മദാലി
17. ശ്രീ. എ. കെ. മണി
18. ശ്രീ. ആര്യാടൻ മുഹമ്മദ്
19. ശ്രീ. എഴുകോൺ നാരായണൻ
20. ശ്രീ. വി. ജെ. പൗലോസ്
21. ശ്രീ. അടൂർ പ്രകാശ്
22. ശ്രീമതി രാധാരാഘവൻ
23. ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
24. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
25. ശ്രീ. തമ്പാനൂർ രവി
26. ശ്രീമതി റോസമ്മ ചാക്കോ
27. ശ്രീ. കെ. സി. വേണുഗോപാൽ
28. ശ്രീ. ബി. വിജയകുമാർ
29. ശ്രീ. കെ. പി. വിശ്വനാഥൻ

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ - 40

1. ശ്രീ. എ. അലിഹസ്സൻ
2. ശ്രീ. ആനത്തലവട്ടം ആനന്ദൻ
3. ശ്രീ. എൻ. അനിരുദ്ധൻ
4. ശ്രീ. എൻ. ആർ. ബാലൻ
5. ശ്രീ. ടി.കെ. ബാലൻ
6. ശ്രീ. സി. പി. ബാലൻ വൈദ്യർ
7. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
8. ശ്രീ. വെഞ്ഞാനൂർ പി. ഭാസ്കരൻ
9. ശ്രീ. വി. കെ. ചന്ദ്രൻ
10. ശ്രീ. ചന്ദ്രശേഖരൻ നായർ
11. ശ്രീ. എം. ദാസൻ
12. ശ്രീ. പി. സി. ജോർജ്ജ്

13. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
14. ശ്രീ. ടി. കെ. ഹംസ
15. ശ്രീ. കെ. ഇ. ഇസ്മയിൽ
16. ശ്രീ. സി. എൻ. ജയദേവൻ
17. ശ്രീ. എം. വി. ജയരാജൻ
18. ശ്രീ. ടി. എസ്. ജോൺ
19. ശ്രീ. ജോൺ ഫെർണാണ്ടസ്
20. ശ്രീ. ജോസ് ബേബി
21. ശ്രീ. എ. കണാരൻ
22. ശ്രീ. എൻ. കണ്ണൻ
23. ശ്രീ. എളമരം കരീം
24. ശ്രീ. ഇ. കെ. നായനാർ
25. ശ്രീ. പി. കെ. കുമാരൻ
26. ശ്രീ. സി. എ. കുര്യൻ
27. ശ്രീമതി ആർ. ലതാദേവി
28. ശ്രീ. ലോനപ്പൻ നമ്പാടൻ
29. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
30. ശ്രീ. പാലൊളി മുഹമ്മദ് കുട്ടി
31. ശ്രീ. പിരപ്പൻകോട് മുരളി
32. ശ്രീ. ടി. നാണു മാസ്റ്റർ
33. ശ്രീ. സി. കെ. നാണു
34. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
35. ശ്രീ. പി. നാരായണൻ
36. ഡോ. എ. നീലലോഹിതദാസൻ നാടാർ
37. ശ്രീ. ടി. കെ. നൗഷാദ്
38. ശ്രീ. കെ. പ്രകാശ് ബാബു
39. ശ്രീമതി എൻ. കെ. രാധ
40. ശ്രീ. കെ. രാധാകൃഷ്ണൻ
41. ശ്രീ. പി. രാഘവൻ
42. ശ്രീ. സി. കെ. രാജേന്ദ്രൻ
43. ശ്രീ. കെ. പി. രാജേന്ദ്രൻ
44. ശ്രീ. പി. രാജു
45. ശ്രീ. രാജു എബ്രഹാം
46. ശ്രീ. വി. പി. രാമകൃഷ്ണപിള്ള
47. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
48. ശ്രീ. ടി. കെ. രാമകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

49. ശ്രീ. എസ്. ശർമ്മ
50. ശ്രീ. യു. എസ്. ശശി.
51. ശ്രീ. കെ. പി. സതീശ് ചന്ദ്രൻ
52. ശ്രീ. സെബാസ്റ്റ്യൻ പോൾ
53. ശ്രീ. എ. സി. ഷൺമുഖദാസ്
54. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
55. ശ്രീ. ടി. ശിവദാസമേനോൻ
56. ശ്രീ. ജി. സുധാകരൻ
57. ശ്രീ. പി. എസ്. സുപാൽ
58. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
59. ശ്രീ. എം. പി. വർഗ്ഗീസ്
60. ശ്രീ. വർഗ്ഗീസ് വൈദ്യർ
61. ശ്രീ. പിണറായി വിജയൻ

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

മി. സ്പീക്കർ : അനുകൂലിക്കുന്നവർ - 29

പ്രതികൂലിക്കുന്നവർ - 61

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു. ശ്രീ. വി. ജെ. പൗലോസ് അവതരിപ്പിച്ച മറ്റ് ഭേദഗതികളും നിരാകരിക്കപ്പെട്ടു. സർവ്വശ്രീ. പി. ജെ. ജോയി, ആര്യാടൻ മുഹമ്മദ്, തമ്പാനൂർ രവി, മാമ്മൻ മത്തായി, ടി. എം. ജേക്കബ്, കെ. സി. ജോസഫ്, കെ. സി. വേണുഗോപാൽ, ജോണി നെല്ലൂർ, പി. ജെ. ഫ്രാൻസിസ്, ഡൊമിനിക് പ്രസന്റേഷൻ, ഇ. എം. അഗസ്തി, ശ്രീമതി റോസമ്മ ചാക്കോ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികളും നിരാകരിക്കപ്പെട്ടു.

മി. സ്പീക്കർ : 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം അംഗീകരിക്കപ്പെട്ടിരിക്കുന്നു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

8-ാം വകുപ്പ്

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(518) In section 18 of the Principal Act the new proviso and explanation proposed to be inserted by clause 8 shall be deleted.

(538) The proviso to section 18 of the Prinicipal Act proposed to be inserted by clause 8 shall be recast as follows :

"Provided also that a Hospital Co-operative Society may admit any other primary society as member having advanced loan or contribution of funds".

ഞാൻ എന്റെ ഈ രണ്ടു ഭേദഗതിയും മൂവ് ചെയ്യുന്നു. സംസാരിച്ചിട്ട് പ്രത്യേക കാര്യമൊന്നും ഇല്ലാത്തതുകൊണ്ട് സംസാരിക്കുന്നില്ല.

ശ്രീ. ബി. വിജയകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(520) In the proviso to Section 18 of the Principal Act proposed to be inserted by clause 8, for the words "any other society" the words "other organisations registered under any other law" shall be substiuted.

(531) In the proviso to Section 18 of the Principal Act proposed to be inserted by clause 8, the words "nominal or associate" shall be deleted.

സെക്ഷൻ 18-ൽ പ്രിൻസിപ്പിൽ ആക്ടിൽ പറഞ്ഞിരിക്കുന്നത് any other society എന്നാണ്. അതിനുപകരം "other organisations registered under any other law" അത് സബ്സ്റ്റിറ്റ്യൂട്ട് ചെയ്യണം എന്നാണ് എന്റെ 520-ാം നമ്പർ ഭേദഗതി. സെക്ഷൻ 18-ൽ ക്ലാസ് 8-ലുള്ളത് "നോമിനൽ ഓർ അസോസിയേറ്റ്" അത് ഡിലീറ്റ് ചെയ്യണം എന്നുള്ളതാണ് 531-ാം നമ്പർ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നത്. "മെമ്പർ" മതി എന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(521) In the proviso to Section 18 of the Principal Act proposed to be inserted by clause 8, for the words "any other society" the words "industrial and commerical establishments" shall be substiuted.

(527) In the proviso to Section 18 of the Principal Act proposed to be inserted by clause 8, the words "nominal or associate" shall be deleted.

LIBRARY ARCHIVES Kerala Legislative Assembly

'സൊസൈറ്റി' എന്നുള്ളത്. 'ഇൻഡസ്ട്രിയൽ ആന്റ് കൊമേഴ്സ്യൽ' ആയിട്ട് കുറയ്ക്കണം. എല്ലാം വന്നു പെടണ്ട എന്നുള്ളതാണ് 521-ാം നമ്പർ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത്. നോമിനൽ ഓർ അസോസിയേറ്റ് ഡിലീറ്റ് ചെയ്യണം എന്നുള്ളതാണ്. 527-ാം നമ്പർ ഭേദഗതികൊണ്ടുദ്ദേശിക്കുന്നത്.

ശ്രീ. ഇ. എം. അഗസ്തി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(522) In the proviso to Section 18 of the Principal Act proposed to be inserted by clause 8, for the words "any other society" the words "industrial establishments" shall be substiuted.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(523) In the proviso to Section 18 of the Principal Act proposed to be inserted by clause 8, for the words "any other society" the words "commercial establishments" shall be substituted.

എന്റെ 523-ാം നമ്പർ ഭേദഗതിയിൽ പറയുന്നത് "any other society" the words "commercial establishments" shall be substiuted. എന്നാണ്. ഈ ആക്ടിൽ പറയുന്നത് Provided also that a Hospital Co-operative Society may admit any other society as nominal or associate member. എന്നാണ് സൊസൈറ്റിയെ നോമിനൽ മെമ്പറും, അസോസിയേറ്റ് മെമ്പറും ആക്കണ്ട, അവരെ ഫുൾ മെമ്പർമാർ ആക്കിയാൽ മതി. അതിന് വ്യവസ്ഥയുണ്ട്. ഈ കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സിനെ എല്ലാം അങ്ങേ ഭാഗത്ത് കൊണ്ടു പോയി വച്ചിരിക്കുകയാണ്. അവരെ ഈ ഭാഗത്തേക്ക് കൊണ്ടുവരണം അതാണ് വേണ്ടത്. നേരത്തെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു കമ്മിറ്റി വച്ചു, അന്വേഷിച്ചു, ഹോസ്പിറ്റൽ സൊസൈറ്റികളൊക്കെ നഷ്ടമാണ് എന്നൊക്കെ, അതൊക്കെ വളരെ ശരിയാണ്. അതുകൊണ്ട് ആ സംഘങ്ങൾക്ക് പണംമുണ്ടാക്കാൻ ഇതുപോലെയുള്ള കൊമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സിനെയൊക്കെ മെമ്പർമാരാക്കുക, അവരെ 'നോമിനൽ ഓർ അസോസിയേറ്റ് മെമ്പേഴ്സ്' അങ്ങനെ ആക്കാവുന്നതാണ്. അതിന് പകരം ഇവിടെ പറയുന്നത് എന്താണെന്നറിയാമോ ? അവർക്ക് അങ്ങേ ഭാഗത്ത് ഫുൾ മെമ്പർഷിപ്പും, ഇവിടെ പറയുന്നത്. 'Provided also that a Hospital Co-operative Society may admit any other society as nominal or associate member'. കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടനുസരിച്ച് രജിസ്റ്റർ ചെയ്ത എല്ലാ സൊസൈറ്റിയേയും മെമ്പർമാരാക്കുക അവരെ 'നോമിനൽ ഓർ അസോസിയേറ്റ്' മെമ്പേഴ്സ്, കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സി'നെ മുഴുവൻ "full fledged members" വളരെ വൈരുദ്ധ്യമല്ലേ ഇത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഇതിനുപകരം ഇവിടെ ഈ അസോസിയേറ്റ്സ് എന്നുള്ളത് എടുത്തുകളഞ്ഞിട്ട് പകരം ഈ പറയുന്ന വിധത്തിൽ 'കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ്' എന്നാക്കിക്കഴിഞ്ഞാൽ യാതൊരു അപകടവുമില്ല, മന്ത്രി പറഞ്ഞ പർപ്പസ് സെർവ് ചെയ്യുകയും ചെയ്യും. ഞാൻ പറയുന്നപോലെ സഹകരണപ്രസ്ഥാനത്തിന്റെ കയ്യിൽത്തന്നെ ഈ സ്ഥാപനം നിൽക്കും. സഹകരണ സ്പിരിറ്റിന് അനുകൂലവുമായിരിക്കും. ഞാൻ എന്റെ ഭേദഗതി മൂവ്ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. വേണുഗോപാൽ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(524) In the proviso to Section 18 of the Principal Act proposed to be inserted by clause 8, after the word "society" the words "registered under the Societies Registration Act" shall be inserted.

ഇതിനകത്ത് ക്ലാസ് 3-ൽ ഹോസ്പിറ്റൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നുള്ള ആ സൊസൈറ്റിക്ക് കുറച്ചുകൂടി എലാബറേറ്റ് ഡെഫനിഷൻ കൊടുക്കുക എന്നുള്ളതാണ്.

അത് ബഹുമാനപ്പെട്ട മന്ത്രി അനുവദിക്കുമെന്നാണ് എന്റെ പ്രതീക്ഷ. ഞാൻ മൂവ് ചെയ്യുകയാണ്.

ശ്രീ. കെ. പി. വിശ്വനാഥൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(525) In the proviso to Section 18 of the principal Act proposed to be inserted by clause 8,

(1) delete the words "nominal or associate"

(2) Add the following further proviso at the end, "provided also that not less than fifty per cent of the seats in the Board of Directors shall be reserved for the societies admitted as members of the Hospital Co-operative Society."

ഇതിൽ പറഞ്ഞിരിക്കുന്നത് 'നോമിനൽ ഓർ അസോസിയേറ്റ്' എന്നുള്ളത് ഡിലീറ്റ് ചെയ്യണമെന്നുള്ളതാണ്. അതിൽ നടക്കുന്ന തെരഞ്ഞെടുപ്പുകളിൽ ഈ സൊസൈറ്റികളുടെ പ്രതിനിധികൾ 50 ശതമാനം ബോർഡ് ഓഫ് ഡയറക്ടേഴ്സിൽ അംഗങ്ങളായിരിക്കണം എന്നാണ് എന്റെ രണ്ടാമത്തെ ഭേദഗതി. പ്രാഥമിക സഹകരണ സംഘങ്ങൾ അല്ലെങ്കിൽ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സംഘങ്ങളുടെ പ്രതിനിധികൾക്ക് 50 ശതമാനം നോമിനേറ്റഡ് മെമ്പേഴ്സ് എന്നുള്ളത് മറ്റ് എസ്റ്റാബ്ലിഷ്മെന്റിൽ ഉള്ളവരെയോ, അല്ലെങ്കിൽ മറ്റ് സ്ഥാപനങ്ങളിൽ ഉള്ള ആളുകളെയോ ചേർക്കണമെങ്കിൽ അവർ നോമിനേറ്റഡ് മെമ്പേഴ്സായിരിക്കണം. ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞതുപോലെയുള്ള ഒരു ഭേദഗതിയാണ് ഞാൻ അവതരിപ്പിക്കുന്നത്.

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(537) In the Explanation to the proviso to section 18 of the prinicipal Act proposed to be inserted by clause 8 for the word "Hospital Socieity" the word "Hospital Co-operative Society"

LIBRARY ARCHIVES Kerala Legislative Assembly

shall be substituted.

അതിനകത്ത് എക്സ്പ്ലനേഷൻ ഒഫ് ദി ടേം "ഹോസ്പിറ്റൽ സൊസൈറ്റി" എന്നുള്ളതിനേക്കാൾ നല്ലത് "ഹോസ്പിറ്റൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി" എന്നാണ്. അതാണ് എന്റെ ഭേദഗതി.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 537-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റ് ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ ടി. എം. ജേക്കബ് അവതരിപ്പിച്ച 537-ാം നമ്പർ ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ ......

ഭേദഗതി അംഗീകരിക്കപ്പെട്ടിരിക്കുന്നു. സർവ്വശ്രീ. ജോണി നെല്ലൂർ, ബി. വിജയകുമാർ, ഡൊമിനിക് പ്രസന്റേഷൻ, ഇ. എം. അഗസ്തി, ആര്യാടൻ മുഹമ്മദ്, കെ. സി. വേണുഗോപാൽ, കെ. പി. വിശ്വാനാഥൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

മി. സ്പീക്കർ : ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നത്തെ....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ ......

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം അംഗീകരിക്കപ്പെട്ടിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

9-ാം വകുപ്പ്

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(1348) In clause 9 of the bill, to section 20 to be substituted, the following proviso shall be added at the and, namely :—

"Provided further that the procedure and manner in which can active member may be identified shall be such as may be prescribed"

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(541) In section 20 of the Principal Act proposed to be substituted by clause 9 for the words "active member" the word "members" shall be substituted.

(601) In item (E) of the proviso of section 20 of the Principal Act proposed to be substituted by clause 9 the words "or casting" shall be omitted.

(604) The Explanation to the proviso to section 20 of the Principal Act proposed to be substituted by clause 9 shall be deleted.

സർ, ഈ നിയമത്തിൽ ഒരു പുതിയ പ്രൊവിഷൻകൂടി കൊണ്ടു വന്നിരിക്കുകയാണ്. അതായത് ആക്ടീവ് മെമ്പർ എന്ന ഒരു സംഗതികൂടി, വാസ്തവത്തിൽ ഇതിന്റെ ആവശ്യകതയുണ്ടോ ? ഞാൻ മനസ്സിലാക്കിയിടത്തോളം സെലക്ട് കമ്മിറ്റിയിൽ സജീവമായിട്ടുള്ള ചർച്ചകൾ എന്ന ഒരു സംഗതിയാണിത് ഞാൻ ഈ ഭേദഗതിയിൽ എല്ലാംകൂടി ഒന്നിച്ചാണ് സംസാരിക്കാൻ ഉദ്ദേശിക്കുന്നത്. 541-ൽ ആക്ടീവ് മെമ്പർ എന്നുള്ളത് മാറ്റണമെന്നുള്ളതാണ്. അതുപോലെതന്നെ 601-ൽ എനിക്ക് തോന്നുന്നു. in the case of an equality of votes the Chairman shall have and exercise a second or casting vote. മന്ത്രിക്ക് വേണമെങ്കിൽ അത് സ്വീകരിക്കാവുന്നതാണ്. സെക്കന്റ് വോട്ട് എന്നുപറഞ്ഞാൽ അത് കാസ്റ്റിംഗ് വോട്ട് തന്നെയാണ്. പിന്നെ സെക്കന്റ് ഓർ കാസ്റ്റിംഗ് വോട്ട് എന്ന് എന്തിനാണ് പറയുന്നത്? സെക്കന്റ് വോട്ട് ഓർ കാസ്റ്റിംഗ് വോട്ട് രണ്ടും കൂടി പറയേണ്ടകാര്യമില്ല. അങ്ങനെ സാധാരണഗതിയിൽ ഒരിടത്തും പറയാറില്ല. അതുകൊണ്ട് "എക്സർസൈസ് എ സെക്കന്റ് ഓർ കാസ്റ്റിംഗ് വോട്ട്" എന്നുള്ളത് എടുത്തു കളയണം. അതിന്റെ ആവശ്യമില്ല. പിന്നെ 604-ൽ ഞാൻ എക്സ്പ്ലനേഷൻ ഒഴിവാക്കണം എന്നാണ് പറഞ്ഞിരിക്കുന്നത്. സർ, ഇവിടെ ആക്ടീവ് മെമ്പർ എന്നുള്ളതിനെ സംബന്ധിച്ച്, നേരത്തെ ഉണ്ടായിരുന്ന മെമ്പേഴ്സ് ആരൊക്കെയാണ് ഇതിൽ മെമ്പർമാരായിട്ട് വരുന്നത്. മൂലനിയമത്തിലെ സെക്ഷൻ-20 യിൽ വോട്ട് ഓൺ മെമ്പേഴ്സ് എന്നുള്ളതിനെക്കുറിച്ച് പറഞ്ഞിരുന്നത് ഇവിടെ മന്ത്രി 9-ാം ക്ലാസായിട്ട് കൊണ്ടുവന്നിരിക്കുന്നത്, പുതിയ ഒരു വകുപ്പായിട്ട് കൂട്ടിച്ചേർത്തിരിക്കുകയാണ്. അതിൽ ആക്ടീവ് മെമ്പേഴ്സ് ആരെക്കെയായിരിക്കണം. ഇവിടെ പറഞ്ഞിരിക്കുന്നത്. in the case of a credit society, a member who has made a deposit or has become a borrower or surety or has attended any general body meeting of the society during the period of five years immediately preceding the date of resolution of the committee for the conduct of election;

(ii) in the case of any other society, a member who has involved in all or any of the objects of the society specified in the bye-laws thereof during the period of five years immediately proceding the date of resolution of the committee for the conduct of election".

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ് പറഞ്ഞിരിക്കുന്നത്. ഇതിനകത്ത് വരുന്ന പ്രശ്നമെന്നു പറയുന്നത് സൊസൈറ്റികളിൽ ആക്ടീവ് മെമ്പറും സാധാരണ മെമ്പറും എന്നുള്ളതിനെ സംബന്ധിച്ച് പ്രശ്നങ്ങൾ ഉണ്ടാകാം. ഇത് നമ്മുടെ സഹകരണമേഖലയിൽ പുതിയ പ്രശ്നങ്ങൾക്ക് വഴിതെളിക്കും. അതിന്റെ ആവശ്യമില്ലാതെ തന്നെ കാര്യങ്ങൾ കൊണ്ടുപോകാൻ സാധിക്കും. ഇപ്പോൾ ഇതിനകത്ത് വേറെ പ്രൊവിഷൻസ് വരുന്നുണ്ട്, ഒന്നിലേറെ സൊസൈറ്റികളിൽ അംഗങ്ങളാണെങ്കിൽ ഒരേസമയം വോട്ടിംഗ് നടക്കുമ്പോൾ കള്ള വോട്ട് ചെയ്യാതിരിക്കാനുള്ള നടപടികൾ വരുന്നുണ്ട്, അതുപോലെ ഐഡന്റിന്റി സംവിധാനത്തെക്കുറിച്ചുള്ള ഏർപ്പാടുകൾ ചെയ്യുന്നുണ്ട്. അങ്ങനെ എല്ലാന്നിലയിലും നമ്മൾ കുറേക്കൂടി പെർഫെക്ടാക്കി ഈ സംഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളും അതിലേയ്ക്കുള്ള ഇലക്ഷൻസും നിയന്ത്രിച്ചു കൊണ്ടു പോകുന്ന സാഹചര്യമുള്ളപ്പോൾ പിന്നെ ഈ സാധാരണ മെമ്പറും ആക്ടീവ് മെമ്പറും എന്നുപറയുന്ന ഒരു വിവേചനം ഈ മേഖലയിൽ കൊണ്ടുവരേണ്ട കാര്യമില്ല.

<u>ശ്രീ. കെ. പ്രകാശ് ബാബു</u>: സർ, നോമിനൽ മെമ്പർഷിപ്പ് എന്നുള്ളത് ഇപ്പോൾത്തന്നെ ഉള്ളതാണ്, നേരത്തെ സംസാരിക്കുമ്പോൾ അങ്ങും ശ്രീ. ആര്യാടനും ഈ പഞ്ചായത്തുകളെ വേണമെങ്കിൽ നോമിനൽ മെമ്പർ ആക്കാമല്ലോ എന്നു സജസ്റ്റു ചെയ്തു. ഇപ്പോൾ നിങ്ങൾ തന്നെ നോമിനൽ എന്നും ആക്ടീവ് വേണ്ടയെന്നും പറയുന്നു. നോമിനൽ മെമ്പർഷിപ്പ് എന്നുപറയുന്നത് ഉണ്ടല്ലോ.

<u>ശ്രീ. ടി. എം. ജേക്കബ്</u>: ശ്രീ. കെ. പ്രകാശ് ബാബു പറയുന്നതാണ് ശരിയെങ്കിൽ പിന്നെന്തിനാണ് ഈ ഭേദഗതി ? ഭേദഗതി കൊണ്ടുവന്നിരിക്കുന്നത് ആക്ടീവ് മെമ്പർ എന്നുള്ള ക്യാറ്റഗറി ക്രിയേറ്റ് ചെയ്യാൻ വേണ്ടിയാണ്. ആ ആക്ടീവ് മെമ്പർ എന്ന പുതിയ സംവിധാനം നമ്മുടെ സഹകരണ മേഖലയിലേയ്ക്ക് കടത്തിക്കൊണ്ടു വരുമ്പോൾ അത് ഒട്ടേറെ പുതിയ പ്രശ്നങ്ങൾക്ക് വഴിതെളിക്കുകയാണ്. അതിന്റെ ആവശ്യമില്ല. ഇപ്പോൾതന്നെ നമ്മുടെ സഹകരണ മേഖല പലയിടത്തും ഒരു പരുവത്തിലായിട്ടുണ്ട്. ഇനി അതിന്റെ കൂടെ ഒന്നുകൂടി കുഴപ്പമാക്കാനുള്ള ഏർപ്പാടുകളിലേയ്ക്ക് പോകാതിരിക്കുന്നതാണ് അഭികാമ്യം. ഈ ആക്ടീവ് മെമ്പർക്ക് ഒരു പുതിയ എക്സ്പ്ലനേഷൻ കൊടുത്തു. ഇനി ഒരു ആക്ടീവ് മെമ്പറെ കണ്ടുപിടിക്കണമെങ്കിൽ അഞ്ച് വർഷത്തേയ്ക്ക് മുൻപ് ഏതെങ്കിലും കാലയളവിൽ ഇയാൾ മീറ്റിംഗിൽ പങ്കെടുത്തിട്ടുണ്ടോ. ഏതെങ്കിലും സംഘംഗങ്ങളിൽ ഷുവർട്ടിയായിട്ട് നിന്നിട്ടുണ്ടോ, ഏതെങ്കിലും പൈസ ബോറോ ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കണം. ഈ മെമ്പർമാരെ മുഴുവൻ പരിശോധന നടത്തണമെങ്കിൽ എന്താ സ്ഥിതി ? വളരെയേറെ അംഗങ്ങളുള്ള ഒരു സൊസൈറ്റിയിൽ നിങ്ങൾ ഈ പ്രോസസ് നടത്തി, ഇവിടെ ഈ എക്സ്പ്ലനേഷനിൽ പറയുന്നതനുസരിച്ച് ആക്ടീവ് മെമ്പറെ നിങ്ങൾ കണ്ടുപിടിക്കണമെങ്കിൽ ഓരോ സഹകരണ സ്ഥാപനത്തിനും അതിനുവേണ്ടി വരുന്ന അദ്ധ്വാനം ചെറുതൊന്നുമല്ല. ഇനി ആരാണ് ആക്ടീവ് മെമ്പർ ; ആരാണ് ആക്ടീവ് മെമ്പർ അല്ലാത്തത്, പിന്നെ

LIBRARY ARCHIVES Kerala Legislative Assembly

അതിനുമേൽ ഒരു തർക്കം, പിന്നെ പ്രശ്നം ഇങ്ങനെ ഒന്നിലേറെ പ്രശ്നങ്ങൾ ഇവിടെ വഴിതെളിക്കാൻ സാഹചര്യങ്ങൾ ഒരുക്കുന്ന അമെന്റുമെന്റ് എന്നുള്ള നിലയിൽ ഇപ്പോൾ ഇതിന്റെ ആവശ്യമില്ല. മൂലനിയമത്തിൽ എന്ത് പറഞ്ഞിരിക്കുന്നോ അത് അനുസരിച്ച് പോകുന്നതാണ് സഹകരണ മേഖലയ്ക്ക് ഗുണമായിട്ടുള്ളത് അതിനെ സംബന്ധിച്ച് വലിയ ആക്ഷേപങ്ങളില്ല. സെലക്ട് കമ്മിറ്റി തെളിവെടുപ്പിന് പോയ സ്ഥലങ്ങളിൽ ഞാൻ മനസ്സിലാക്കുന്നത്, ഇതിനെക്കുറിച്ച് വളരെ സജീവമായി ഭിന്നാഭിപ്രായം രേഖപ്പെടുത്തിയ ആളുകൾ ഉണ്ടെന്നാണ്. മെമ്പേഴ്സ് എന്ന നിലയിലും ഭിന്നാഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. ഇതെല്ലാം കൂടി വച്ചു നോക്കുമ്പോൾ സഭയുടേയും അതുപോലെതന്നെ പുറത്തുനിന്ന് കിട്ടിയ അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ ആക്ടീവ് മെമ്പർ എന്ന പുതിയ ക്യാറ്റഗറി സഹകരണമേഖലയിൽ കൊണ്ടുവരാൻ വഴിയൊരുക്കുന്ന ഈ ഭേദഗതി ആവശ്യമില്ല എന്നുള്ളതു കൊണ്ടാണ് ഞാൻ 541-ഉം 604-ഉം നമ്പർ ഭേദഗതികൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.

ശ്രീ. കെ.സി. ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(570) In proviso (a) to section 20 of the principal Act proposed to be substituted by clause 9 shall be amended as follows:-

"(a) a member admitted within sixty days immediately prior to the date of election and a member admitted by an administrator, unless his admission is approved by an elected board of Directors shall not have the right to vote".

(586) In proviso (c) to section 20 of the Principal Act proposed to be amended by clause 9 for the words "each person" the word "a person" shall be substituted and the words "each including the right to vote for election of office bearers of the society" shall be deleted.

(602) After the provisos to section 20 of the Principal Act proposed to be substituted by clause 9 the following proviso (f) shall be added namely:-

"(f) a memeber admitted by the administrator will not be having the right to vote, before the approval of his membership by an elected board of directors of administration committee".

സർ, ഇവിടെ 570-ൽ പറയുന്നത്. a member within sixty days immediately prior to the date of election shall not have the right to vote. എന്നാണ്. ഇവിടെ സഹകരണമേഖലയിൽ ഇപ്പോഴുള്ള വളരെ അപകടകരമായ നീക്കങ്ങൾ ഞാൻ മുന്നിൽ കാണുന്നുണ്ട്, ഇപ്പോൾ സംഘങ്ങളെല്ലാം പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്ററെ വയ്ക്കുക, അഡ്മിനിസ്ട്രേറ്റർ മെമ്പർമാരെ ചേർത്ത്

LIBRARY ARCHIVES Kerala Legislative Assembly

അവർക്ക് വോട്ടവകാശം കൊടുത്ത് സംഘം പിടിക്കുക, ഇതാണ് ഇപ്പോൾ നടക്കുന്നത്. എന്റെ നിയോജക മണ്ഡലത്തിൽ 1957-ൽ സ്ഥാപിച്ച നെടിയണ്ണ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ഇന്നുവരെ യു. ഡി. എഫ്. ആണ് ഭരിച്ചു കൊണ്ടിരിക്കുന്നത്. ആ സമിതിയെ പിരിച്ചുവിട്ടു. അഡ്മിനിസ്ട്രേറ്ററെ വച്ചു, 1957-ന് ശേഷം ഇന്നുവരെ ഇലക്ഷൻ നടക്കുന്നത് ബാങ്കിന്റെ ഹെഡ് ക്വാർട്ടേഴ്സിൽ വച്ചാണ്. ഗോവിന്ദൻ മാസ്റ്റർക്ക് അറിയാം, ജയരാജിന് അറിയാം, ഞാൻ പറയാം.

മി. സ്പീക്കർ : അതൊന്നും ഈ ചർച്ചയിൽ വേണ്ട.

ശ്രീ. കെ. സി. ജോസഫ് : 1957 മുതൽ ഇങ്ങോട്ട് ആ സംഘത്തിൽ ഇലക്ഷൻ നടക്കുന്നത് ഹെഡ്ക്വാർട്ടേഴ്സായ ചെമ്പൻ തോട്ടിൽ വച്ചാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഉദാഹരണങ്ങൾ പറഞ്ഞാൽ സഭയ്ക്ക് ബോദ്ധ്യമാകും, അവർ അംഗീകരിക്കും സർ, അതുകൊണ്ടാണ് ഈ ഉദാഹരണം പറയുന്നത്.

ശ്രീ. കെ. സി. ജോസഫ് : ചൂടു വെള്ളത്തിൽ വീണ പൂച്ച പച്ചവെള്ളം കണ്ടാലും പേടിക്കും, ഇവിടെ ഇലക്ഷനിൽ സംഘം പിടിക്കാൻവേണ്ടി യാത്രാ സൗകര്യമില്ലാത്ത ഒരു സ്ഥലത്തേയ്ക്കു മാറ്റി, അതായത് എല്ലാ ഇലക്ഷനിലും ബൂത്ത് പിടിക്കുന്ന ചേനപറമ്പിലേയ്ക്ക് മാറ്റി. ഞാൻ സഹകരണമന്ത്രിയെ കണ്ടു, അദ്ദേഹത്തോടു പറഞ്ഞു, അദ്ദേഹം പരിശോധിക്കാമെന്നു പറഞ്ഞു, യാതൊന്നും പരിശോധിച്ചില്ല. ആ ഇലക്ഷനിൽ സ്ഥാനം മാറ്റി സംഘം പിടിച്ചെടുത്തു. നിങ്ങൾ ചെയ്യുന്നതല്ലേ ? സർ, അതുകൊണ്ട് എനിക്ക് പറയാനുള്ളത്, അഡ്മിനിസ്ട്രേറ്ററായി ചേർക്കുന്ന മെമ്പർമാർക്ക് വോട്ടവകാശം കൊടുക്കാൻ പാടില്ല. കൊടുക്കണമെങ്കിൽ പിന്നീട് ഒരു ഇലക്റ്റഡ് കമ്മിറ്റി അംഗത്വം അംഗീകരിക്കണം. അല്ലാതെ പിൻവാതിലിൽകൂടി കമ്മിറ്റി പിരിച്ചുവിട്ടിട്ട് അഡ്മിനിസ്ട്രേറ്ററെ വച്ച് മെമ്പർമാരെ ചേർത്ത് സംഘം പിടിക്കാനുള്ള പ്രൊവിഷൻ ഇല്ലാതാക്കാൻവേണ്ടി അഡ്മിനിസ്ട്രേറ്ററെ ചേർത്താലും ആ മെമ്പർമാർക്ക് ഒരു ഇലക്റ്റഡ് കമ്മിറ്റി അംഗത്വം അംഗീകരിക്കാതെ വോട്ടവകാശം കൊടുക്കാൻ പാടില്ല. ഇതാണ് 570-ാം നമ്പർ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത്. അത് കൂടാതെ 586, അവിടെ പറയുന്നത് Where the Government is a member of the society, each person nominated by the Government on the committee of society shall have one vote each അതിന്റെ കൂടെ വേറൊരു കാര്യമുണ്ട്. എന്താണെന്ന് അറിയാമോ ? “including the right to vote for election of office bearers of the society” 1969-ൽ ഇ. എം. എസിന്റെ കാലത്തുള്ള ഒരു സഹകരണ നിയമമുണ്ട്, ആ നിയമത്തിൽ പറയുന്നത് എന്താണ് ? where the Government is a member of the society, each person nominated by the government on the committee of the society shall have one vote one vote except when the right to vote is to be exercised for election of office bearers of the society.

LIBRARY ARCHIVES Kerala Legislative Assembly

സർ, അന്ന് പറഞ്ഞു ഗവൺമെന്റ് നോമിനീസിന് ഇലക്ഷനിൽ വോട്ടവകാശമില്ലെന്ന്. ഇപ്പോൾ എന്താണ് പറയുന്നത് ? അവർക്ക് വോട്ടവകാശം കൊടുക്കുന്നു. എന്തിനുവേണ്ടിയാണിത് ? ഇവിടെ പിൻവാതിലിലൂടെ ഗവൺമെന്റിന്റെ പേരിൽ ആളിനെ കൊണ്ടുവന്ന് സംഘം പിടിക്കാനുള്ള നിങ്ങളുടെ തീരുമാനത്തിന്റെ ഭാഗമായിട്ടാണ് 1969-ൽ സഖാവ് ഇ. എം. എസ്.ന്റെ കാലത്ത് അവതരിപ്പിച്ച അമെന്റ്മെന്റിൽ ഇത്തരമൊരു ഭേദഗതി കൊണ്ടുവന്നത്. ഇങ്ങനെയുള്ള നടപടികൾ ഒരിക്കലും സഭയ്ക്ക് അംഗീകരിക്കാൻ കഴിയില്ല.

ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് ഒരു അപേക്ഷയുള്ളത്, രണ്ട് കാര്യങ്ങളിൽ ഗവൺമെന്റിന് ഒരു തുറന്ന സമീപനം വേണം. ഒന്ന് ഗവൺമെന്റ് നോമിനീസിന് ഇലക്ഷനിൽ വോട്ടവകാശം പാടില്ല. വോട്ട് ചെയ്യാൻ പോകുന്ന മെമ്പർമാരെ അങ്ങേയ്ക്ക് അറിയാമല്ലോ. സഹകരണ വകുപ്പുമന്ത്രി ഒരാളിനെ അയയ്ക്കും. അവർ പോയി അങ്ങ് പറയുന്ന ആളിന് വോട്ട് ചെയ്യും. അവർക്ക് സ്വാതന്ത്ര്യമില്ല. ഗവൺമെന്റിനുവേണ്ടി വോട്ട് ചെയ്യാൻവേണ്ടി മെമ്പർമാരെ അയച്ച് സംഘം പിടിക്കുന്ന നടപടികൾ അപെക്സ് സൊസൈറ്റികളിൽ പലയിടത്തും കണ്ടതല്ലേ ? അതുകൊണ്ട് ഗവൺമെന്റ് നോമിനീസിന് ഇലക്ഷനിൽ വോട്ട് അവകാശം പാടില്ല. അത്തരത്തിൽ ഒരു മാറ്റം വരുത്തി സഹകരണ നിയമത്തിന് കുറച്ചെങ്കിലും ജനാധിപത്യ സ്വഭാവം ഉൾക്കൊള്ളിക്കാൻ ശ്രദ്ധിക്കണം.

Shri. P. J. Joy : Sir, I move the following amendments :

(574) Proviso (c) of section 20 of the principal Act proposed to be substituted by clause 9 shall be deleted.

(590) The item (d) of the proviso of section 20 of the Principal Act proposed to be amended by clause 9 shall be deleted.

(613) (i) In item (i) of the explanation of section 20 of the Principal Act proposed to be substituted by clause 9, (1) for the words "credit society" the word "society" shall be substiuted.

(2) after the words "surety or" the words "involved in the actual business of the society" shall be added.

(3) the words beginning from "has attended" and ending with "conduct election" shall be deleted.

(ii) Clause (ii) of the explanation shall be deleted.

സർ, പലരും പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. എക്സ് ഓഫിഷ്യോ മെമ്പർമാർ വോട്ട് ചെയ്യുകയാണ്. നമ്മുടെ സഭയിൽ ഒരുപാട് നിയമനിർമ്മാണങ്ങൾ നടന്നിട്ടുണ്ട്. എക്സ് ഒഫിഷ്യോ മെമ്പർമാർക്ക് വോട്ടവകാശം കൊടുത്തതായിട്ട് അറിയില്ല. അത് ശരിയായ ഒരു നടപടിക്രമമല്ല.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ തന്നെ ഗവൺമെന്റിൽ ഷെയർ ഉണ്ടെങ്കിൽ വോട്ടവകാശം കൊടുക്കാമെന്നുള്ളത് ശരിയല്ല. വളരെ ഗൂഢോദ്ദേശമാണ് അതിന് പിന്നിലുള്ളത്. ഏത് ഗവൺമെന്റ് വന്നാലും അത് ദുരുപയോഗപ്പെടുത്തും. അതുകൊണ്ട് അങ്ങനെ വരാൻ പാടില്ല ; വോട്ടവകാശം കൊടുക്കുന്നത് ശരിയല്ല.

ശ്രീ. ജോണി നെല്ലൂർ : Sir, I move the following amendments :

(573) In Proviso (a) of section 20 of the Principal Act proposed to be substituted by clause 9 the words "sixty" shall be substituted by the words "three sixty five".

(595) Proviso (d) of section 20 of the Principal Act proposed to be substituted by clause 9 shall be re-cast as follows:

"(d) an ex-officio member of the committee of a society shall have one vote but shall not have right to vote for election of office bearers of the society".

സർ, 365 ദിവസങ്ങൾക്ക് മുമ്പ് മെമ്പർഷിപ്പ് എടുത്തവർക്ക് മാത്രമേ വോട്ടവകാശം കൊടുക്കാവൂ. കള്ളവോട്ട് തടയാനും സംഘം പിടിച്ചെടുക്കുന്നത് തടയാനും വേണ്ടിയാണ് ഈ വ്യവസ്ഥ വച്ചിരിക്കുന്നത്. പെട്ടെന്ന് ഒരാൾ മെമ്പർഷിപ്പ് എടുത്ത് നാളെ വോട്ട് ചെയ്യാനുള്ള അവകാശവുമായി വന്നാൽ അത് പാടില്ലെന്നാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. 365 ദിവസം മുമ്പ് മെമ്പർഷിപ്പ് എടുത്തിരിക്കണമെന്നാണ് 573-ാം നമ്പർ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്.

നോമിനേറ്റഡ് മെമ്പറുടെ വോട്ടവകാശം റദ്ദാക്കണം. അവർ നോമിനേറ്റഡ് മെമ്പർമാരായിട്ട് ഇരിക്കട്ടെ. അവർക്ക് ഒരുകാരണവശാലും വോട്ടവകാശം കൊടുക്കാൻ പാടില്ല.

സർ, 595-ാം നമ്പർ ഭേദഗതികൊണ്ടുദ്ദേശിക്കുന്നത് ഇവിടെ ശ്രീ. പി. ജെ. ജോയി പറഞ്ഞത് തന്നെയാണ്. വോട്ടവകാശം എക്സ് ഒഫിഷ്യോ മെമ്പർമാർക്ക് നൽകാൻ പാടില്ല. പ്രത്യേകിച്ച് office bearers-നെ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ ഒരു കാരണവശാലും എക്സ് ഒഫിഷ്യോ മെമ്പർമാർക്ക് വോട്ടവകാശം കൊടുക്കാൻ പാടില്ല.

ശ്രീ. മാമ്മൻ മത്തായി : Sir, As authorised by Shri. K. M. Mani, I move the following amendments :

(585) In Proviso (c) to section 20 of the Principal Act proposed to be substituted by clause 9 for the word "including" the word 'except' shall be substituted.

(637) For item (ii) of the Explanation to the proviso to section 20 of the Principal Act proposed to be substituted by clause 9, the following shall be substituted, namely :-

LIBRARY ARCHIVES Kerala Legislative Assembly

"(ii) in the case of any other society, a member who has involved in all or any of the objects of the society specified in the Bye-laws thereof or has attended any general body meeting, during the period of 5 years immediately preceding the date of resolution of the committee for the conduct of election".

സർ, നിലവിലുള്ള വകുപ്പ് സംഘത്തിലെ ഒരംഗമായിരിക്കുന്നവർക്ക് സംഘത്തിലെ കമ്മിറ്റിയിലേക്ക് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഓരോ അംഗത്തിനും സംഘത്തിന്റെ ഔദ്യോഗിക ഭാരവാഹികളെ തെരഞ്ഞെടുക്കാൻ വോട്ട് ചെയ്യുന്നതിനുള്ള അവകാശം ഉൾപ്പെടെ ഓരോ വോട്ട് വീതം ഉണ്ടായിരിക്കേണ്ടതാണ്. എന്റെ ഭേദഗതി എന്ന് പറയുന്നത്, അംഗങ്ങളെ തെരഞ്ഞെടുക്കുന്ന കാര്യത്തിലെങ്കിലും വോട്ടവകാശം അനുവദിക്കാൻ പാടില്ല എന്നാണ്. അതുകൊണ്ട് 585-ാം നമ്പർ ഭേദഗതിയിലെ In the Proviso (c) to section 20 of the Principal Act proposed to be substituted by clause 9 for the word "including" the word 'except' shall be substituted. എന്നത് അംഗീകരിക്കണം.

Shri. V. Balaram : Sir, I move the following amendments :

(587) Proviso (c) of section 20 of the principal Act proposed to be substituted by clause 9 "for each person" the words "a person" shall be substituted and the words "each including the right to vote for election of office bearers of the society" shall be deleted.

Shri. K.C. Venugopal : Sir, I move the following amendments :

(589) Redraft clause (c) of the proviso of section 20 of the Principal Act proposed to be substituted by clause 9 as follows :

(c) "When the Government is a member of a society one person nominated by the Government on the Committee of the society shall have one vote. But he shall have no right to vote in the election of office bearers of that society".

(593) In proviso (d) of section 20 of the Principal Act proposed to be substituted by clause 9 add at the end the following words "in the general body meeting of the society and nowhere else".

സർ, ഇവിടെ ശ്രീ. കെ. സി. ജോസഫ് സൂചിപ്പിച്ചതുപോലെ സംസ്ഥാന ഗവൺമെന്റിന്റെ നോമിനീസിന് ഓഫീസ് ബെയ്റേഴ്സിനെ തെരഞ്ഞെടുക്കാനുള്ള വോട്ടവകാശം കൊടുക്കുക എന്ന് പറയുന്നത് നമ്മുടെ ജനാധിപത്യ സംവിധാനത്തിൽ പിൻവാതിലിലൂടെയുള്ള കടന്നു കയറ്റമാണ്. പല സന്ദർഭത്തിലും

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ നടന്നിട്ടുള്ളതുമാണ്. അതുകൊണ്ട് അവർക്ക് office bearers-നെ തെരഞ്ഞെടുക്കാനുള്ള വോട്ടവകാശം കൊടുക്കരുതെന്നാണ് എന്റെ 589-ാം നമ്പർ ഭേദഗതി.

സർ, 593-ാം നമ്പർ ഭേദഗതിയിൽ കാസ്റ്റിംഗ് വോട്ടിന്റെ കാര്യമാണ് പറയുന്നത്. ജനറൽ ബോഡിയിലല്ലാതെ വേറെ എവിടെയും കാസ്റ്റിംഗ് വോട്ട് അനുവദിക്കരുതെന്നാണ് എന്റെ ഭേദഗതി. ജനറൽ ബോഡി മേക്കിംഗിൽ തുല്യതവന്നാൽ മാത്രം ഉപയോഗിക്കാവുന്ന സംവിധാനമായി കാസ്റ്റിംഗ് വോട്ട് ഉപയോഗിക്കണം.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : Sir, I move the following amendment :

(592) In Proviso (d) to section 20 of the Principal Act proposed to be substituted by clause 9 after the words "vote" the words "except for no-confidence motion" shall be added.

സർ, എക്സ് ഒഫിഷ്യോ മെമ്പർമാർക്ക് വോട്ടവകാശം കൊടുക്കുന്നത് ശരിയല്ല. ഗവൺമെന്റ് പ്രതിനിധി പോകുന്നത് ഗവൺമെന്റിനെ സംരക്ഷിക്കാൻ വേണ്ടിയാണ്. ഇനി അങ്ങനെ കൊടുത്താൻ പോലും ഒരു കാരണവശാലും അവിശ്വാസ പ്രമേയം വരുമ്പോൾ അവർ പങ്കെടുക്കാനും വോട്ട് ചെയ്യാനും പാടില്ല.

ശ്രീമതി ശോഭനാ ജോർജ് : Sir, I move the following amendment :

(594) Add the following at the end of proviso (d) of section 20 of the Principal Act proposed to be substituted by clause 9 "but he shall have no right to vote in the election of office bearers of the society".

സർ, ശ്രീ. കെ. സി. ജോസഫ് ഉൾപ്പെടെയുള്ളവർ പറഞ്ഞ അഭിപ്രായത്തോട് പൂർണ്ണമായി ഞാൻ യോജിക്കുന്നു. വോട്ടവകാശം കൊടുക്കാൻ പാടില്ല. അത് ജനാധിപത്യത്തിന് വിരുദ്ധമാണെന്നാണ് എന്റെ അഭിപ്രായം.

Shri. Thampanoor Ravi : Sir, I move the following amendments :

(569) In proviso (a) of section 20 of the Principal Act proposed to be substituted by clause 9 for the words "sixty days", the words "thirty days" shall be substituted.

(588) In proviso (c) of section 20 of the Principal Act proposed to be substituted by clause 9 the words "including the right to vote for election of office bearers of the society" shall be deleted.

(638) The explanation of section 20 of the Principal Act proposed to be substituted by clause 9 shall be recast as follows :

LIBRARY ARCHIVES Kerala Legislative Assembly

"*Explanation* :— For the purpose of this section active member means a member of a society who is a farmer cultivating not less than ten acres of land in extent or a member who contributes his share for the furtherance of the business undertaken by the society or a member who belongs to the category of persons for whose benefit the society is formed.

Explanation II :— For the avoidance of doubt it is hereby declared that if the board of Directors of a society admits any person who is not a farmer cultivating ten acres of land or a person who cannot contribute for the furtherance of the business of that society or a person who does not belong to the category of persons for whose benefit the society is formed such Board of Directors shall be liable to be proceeded against or of working against the interests of the society'.

സർ, ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ active member, inactive member എന്ന് ഒന്നില്ല. എല്ലാ മെമ്പർമാർക്കും വോട്ട് ചെയ്യാനുള്ള അവകാശമുണ്ട്. നമ്മുടെ നാട്ടിൽ Representation of People's Act അനുസരിച്ചാണ് പാർലമെന്റിലും അസംബ്ലിയിലും തെരഞ്ഞെടുപ്പ് നടത്തുന്നത്. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ കണ്ണൂർ ജില്ലയിലൊക്കെ 10(ശതമാനം പോളിംഗ് ആണ് നടന്നത്. മരിച്ചുപോയവർ വന്ന് വോട്ട് ചെയ്തിരിക്കുകയാണ്. ഇലക്ഷൻ കമ്മിഷനിൽ കണക്കുണ്ട്. ഞാൻ അത് പറയാൻ കാരണം 98 ശതമാനം പോളിംഗ് നടന്ന പോളിംഗ് ബൂത്തുപോലും കേരളത്തിലുണ്ട്. ഈ വകുപ്പ് അനുസരിച്ച് active inactive എന്ന് രണ്ടുതരം പൗരന്മാരെ സൃഷ്ടിക്കുകയെന്ന് പറയുന്നത് ഭരിക്കുന്ന ഗവൺമെന്റ് ഏതായിരുന്നാലും അവർ ഗവൺമെന്റിന്റെയും ഉദ്യോഗസ്ഥരുടേയും സ്വാധീനം ഉപയോഗിച്ച് active എന്നും inactive എന്നും രണ്ടുതരം പൗരന്മാരെ സൃഷ്ടിച്ച് ഭരിക്കുന്ന ഗവൺമെന്റിന് അനുകൂലമായി സൊസൈറ്റികൾ പിടിക്കാനുള്ള ഒരു അടവായിട്ട് അതിനെ കാണുന്നതുകൊണ്ടാണ് active എന്നുള്ളത് മാറ്റണം. രണ്ടുതരം പൗരന്മാർ വേണ്ട. ശ്രീ. ടി. എം. ജേക്കബ് പറഞ്ഞതുപോലെ 'മെമ്പർമാർ എന്ന് മാത്രമാക്കണം.

ഒരു സൊസൈറ്റിയിൽ ഇലക്ഷൻ 60 ദിവസങ്ങൾക്ക് മുൻപ് മെമ്പർഷിപ്പ് എടുത്താൽ വോട്ട് ചെയ്യാൻ അധികാരമുണ്ടെന്നാണ്. അത് 30 ദിവസമാക്കണം. എന്തിനാ നീട്ടിക്കൊണ്ടുപോകുന്നത് ? 30 ദിവസം മതി. 60 ദിവസമെന്നുള്ളത് 30 ദിവസമാക്കണമെന്നുള്ള എന്റെ 569-ാം നമ്പർ ഭേദഗതി അംഗീകരിക്കാവുന്നതാണ്.

സർ, 588-ാം നമ്പർ ഭേദഗതിയെന്നു പറയുന്നത് ഗവൺമെന്റ് നോമിനിക്ക് In proviso (c) of section 20 of the Principal Act proposed to be

LIBRARY ARCHIVES Kerala Legislative Assembly

substituted by clause 9 the words "including the right to vote for election of office bearers of the society" shall be deleted. എന്നാണ്. അവിടെ എന്റെ അഭിപ്രായം "including the right to vote for election of office bearers of the society" എന്നുള്ളത് ഡിലീറ്റ് ചെയ്യണം എന്നാണ്. ഗവൺമെന്റ് ഉദ്യോഗസ്ഥൻ എന്ന് പറയുന്നത് സർക്കാരിന്റെ ഏറാൻമൂളികളായിരിക്കും. എൽ. ഡി. എഫ്. ഗവൺമെന്റായാലും ശരി യു. ഡി. എഫ് ഗവൺമെന്റായാലും ശരി ഇത് സഹകരണ രംഗത്തെ സഹകരണ ജനാധിപത്യം തടസ്സപ്പെടുത്തും. അതിലെ പ്രധാനകാര്യമെന്ന് പറയുന്നത്, കാലാകാലങ്ങളിൽ ഭരിക്കുന്ന ഗവൺമെന്റുകൾ ഗവൺമെന്റുദ്യോഗസ്ഥന്മാരെ നോമിനികളായി അവരെക്കൊണ്ട് സഹകരണ സംഘങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ വോട്ടുചെയ്യിപ്പിച്ച് ഭരണാധികാരം പിടിച്ചെടുക്കുന്നതിനുവേണ്ടി ശ്രമിക്കുന്നതാണ് സംഘങ്ങളുടെ നാശത്തിന് കാരണമാകുന്നത്. അതുകൊണ്ട് ഈ നിയമത്തിന് രൂപംകൊടുക്കുമ്പോൾ ഗവൺമെന്റ് നോമിനികൾക്ക് ഒരു സാഹചര്യത്തിലും വോട്ടവകാശം കൊടുക്കാൻ പാടില്ലെന്നുള്ളതാണ് എന്റെ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്.

സർ, എന്റെ 638-ാം നമ്പർ ഭേദഗതിയിൽ പറയുന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. അത് ഞാനിവിടെ വായിക്കുന്നില്ല. സെക്ഷൻ 20-ന്റെ എക്സ്പ്ലനേഷനാണ്.... "For the purpose of this section active member means.... സമയമില്ലാത്തതുകൊണ്ട് ഞാൻ അത് മുഴുവൻ വായിക്കുന്നില്ല. എക്സ്പ്ലനേഷൻ ഒന്നും രണ്ടും ഞാൻ പ്രോപോസ് ചെയ്തിരിക്കുന്നതുപോലെ റീ-കാസ്റ്റ് ചെയ്യണം അതാണ് എന്റെ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത്.

മി. സ്പീക്കർ: യെസ്, ശ്രീ. പി. ജെ. ഫ്രാൻസിസ്, അങ്ങയുടെ 640-ാം നമ്പർ ഭേദഗതി മൂവ് ചെയ്യാം.

Shri. P. J. Francis : Sir, I move the following amendments :

(640) Section 20 of the Principal Act proposed to be substituted by clause 9 shall be recast as follows:

"20, A. Vote of members :— (1) Every member of a society shall have one vote in the affairs of the society.

Providded that, —

(a) a member admitted within sixty days immediately prior to the date of election shall not have the right to vote ;

(b) a nominal or associate member shall not have the right to vote.

(c) Where the Government is a member of a Society, each person nominated by the Government on the committee of the society shall have one vote each including the right to vote for election of office bearers of the society.

LIBRARY ARCHIVES Kerala Legislative Assembly

(d) an ex-officio member of the committee of a society shall have one vote ;

Section 20 B, casting vote- (e) in the case of an equality of votes, the chairman shall have and exercise a second or casting vote.

ഇത് പുതിയ സബ്സ്റ്റിറ്റ്യൂഷൻ ഓഫ് സെക്ഷൻ - റീകാസ്റ്റ് ചെയ്യണമെന്ന ഭേദഗതിയാണ്. ഈ സെക്ഷനിലൂടെ സംഘം പിടിച്ചെടുക്കുകയെന്നുള്ള ദുരുദ്ദേശ്യം വളരെ വ്യക്തമായി വന്നിരിക്കുകയാണ്. ഒറിജിനൽ ബില്ലിലെ 20-ാം വകുപ്പിനാണ് ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ഈ സബ്സ്റ്റിറ്റ്യൂഷൻ കൊണ്ടുവന്നിരിക്കുന്നതുതന്നെ പരസ്പര വിരുദ്ധങ്ങളായിട്ടാണ്. അതായത് മെമ്പർമാരെ active മെമ്പർ എന്നും active അല്ലാത്ത മെമ്പറെന്നും രണ്ടുതരത്തിൽ വേർതിരിക്കുന്നു. ആക്ടീവ് മെമ്പറിനേ വോട്ടവകാശമുള്ളൂ എന്നു പറയുന്നു. അറുപതുദിവസത്തിനുമുൻപ് ചേർക്കുന്ന ഒരാളിന് എങ്ങിനെയാണ് ആക്റ്റീവ് മെമ്പറാകാൻ കഴിയുന്നത്? അപ്പോൾ പരസ്പരവിരുദ്ധമല്ലേ അത്. അയാൾ ആക്റ്റീവ് മെമ്പർ ആകുമോ, ഇല്ല. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഒഫീഷ്യൽ അമെന്റുമെന്റിൽ എന്താണ് പറഞ്ഞിരിക്കുന്നത്. "provided further that the procedure and manner in which an active memebr may be identified shall be such as may be prescribed". This is just contradictory. കാരണം നിങ്ങൾ കൊണ്ടുവന്ന സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത ബില്ലിൽ എക്സപ്ലനേഷിൽ ആരൊക്കെയാണ് ആക്റ്റീവ് മെമ്പർ എന്നുള്ളതിനെക്കുറിച്ച് പറയുന്നുണ്ട്. എന്നിട്ട് ഇവിടെ മന്ത്രി കൊണ്ടുവന്ന ഒഫീഷ്യൽ അമെന്റിൽ പറയുന്നത് അത്.... prescribed manner will be prescribed അപ്പോൾ എക്സ്പ്ലനേഷൻ ഒന്നും രണ്ടും എന്താണ് ? എക്സ്പ്ലനേഷൻ (1)...In the case of a credit society, a member who has made a deposit or has become a borrower or surety or has attended any general body meeting of the society during the period of five years immediately preceding the date of resolution of the committee for the conduct of election ; അപ്പോൾ ഈ അഞ്ചുവർഷത്തിന് മുൻപ് ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള ആളോ കടമെടുത്തിട്ടുള്ള ഒരാളോ അവരെയായിരിക്കും ആക്റ്റീവ് മെമ്പർ എന്നുപറയുന്നത്. പിന്നെ എന്തിനാണ്, മന്ത്രി ഇങ്ങനെയൊരു ഭേദഗതി പ്രിസ്ക്രൈബ് ചെയ്യുന്നത് ? സംഘം പിടിച്ചെടുക്കാനുള്ള ഒരുദ്ദേശത്തോടു കൂടിയാണ് ഇത്തരമൊരു ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. അതുകൊണ്ടാണ് ഞാൻ ഈ സെക്ഷൻ റീകാസ്റ്റ് ചെയ്യണമെന്ന് പറയുന്നത്. ഞാൻ അത് വായിക്കുന്നില്ല. എന്റെ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : യേസ്, ശ്രീ. ആര്യാടൻ മുഹമ്മദ്, അങ്ങയുടെ ഓറൽ അമെന്റുമെന്റ് അവതരിപ്പിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : ഈ ബില്ലിന്റെ 9-ാം വകുപ്പിൽ മെമ്പർഷിപ്പ് എന്നു പറയുന്നത് ഒരു കാരണവശാലും നിലനിൽക്കത്തക്കതല്ലായെന്നുള്ളതാണ് എന്റെ പക്ഷം. സർ, അത് സ്ഥാപിക്കുന്നതിനായി ഞാൻ സുപ്രീ കോടതിയുടെ ഫുൾ ബെഞ്ചിന്റെ ഒരു റൂളിംഗ് ഇവിടെ ഉദ്ധരിക്കുകയാണ്. എ. ഐ. ആർ. 1985 സുപ്രീംകോർട്ട് 1973. സർ, ചീഫ് ജസ്റ്റിസ് ചന്ദ്രചൂഡ് അടക്കമുള്ള ഫുൾ ബെഞ്ചിന്റെ വിധിയാണ്. ആ വിധിയിൽ പറയുന്ന കാര്യം "There cannot be a slightest doubt that a co-operative society is a corporation as commonly understood and the scheme of the Constitution does not make any difference. The very mention of the Co-operative Societies both in Entry 43 of the List 1 and Entry 32 of the List 2 along with other Corporation gave an indication that the Constitution makers were of the view that Co-operative societies were of the same genesis as other Corporations and all were corporation. ഇത് പഞ്ചാബിലെ ഒരു സഹകരണ പ്രസ്ഥാനത്തിന്റെ കേസ്സിൽ വന്ന സുപ്രീം കോടതിയുടെ വിധിയാണ്. 1973-ലാണ് സുപ്രീംകോടതി ആ വിധി പ്രഖ്യാപിച്ചിട്ടുള്ളത്. ആ വിധിയിൽ പറയുന്നത് ഒരു സഹകരണ സ്ഥാപനം ഒരു കോർപ്പറേഷൻ ആണെന്നുള്ളതാണ്. അത് ഫുൾബെഞ്ചിന്റെ വിധിയാണ്. ആർട്ടിക്കിൾ 31 സി ആന്റ് ഡി അതിന്റെ (സി)യിൽ വളരെ വ്യക്തമായി പറയുന്നുണ്ട് "....ഞാൻ അത് വായിക്കാം......"

Article 31 (c) the amalgamation of two or more corporations either in the public interest or in order to secure the proper management of any of the corporation, ഈ ബില്ലിൽ പറഞ്ഞത് പ്രോപ്പർ മാനേജുമെന്റിനു വേണ്ടിയാണ്.." proper management of any corporation, corporation is also a co-operative society as per the Judgement of the Supreme Court. സർ, 31 (ഡി) യിൽ അത് അതിനേക്കാൾ ക്ലിയറായിട്ട് പറയുന്നുണ്ട്. "the extinguishment or modification of any rights of managing agents, secretaries and treasurers, Managing Directors, Directors or Managers of Corporation, or of any voting rights of share-holders thereof, സർ, ഷെയർഹോൾഡറുടെ വോട്ടിംഗ് റൈറ്റിനെ ടച്ച് ചെയ്യുന്ന ഒരുകാര്യം ചെയ്യാൻ... This Legislature is not competent. There is no competency for this Legislature. അങ്ങനെ വന്നാൽ തന്നെ ഞാൻ അങ്ങയോട് പറയട്ടെ, ഭരണഘടനയുടെ ഈ വ്യവസ്ഥ പ്രകാരം ഇക്കാര്യം ഇതൊരു കോർപ്പറേഷനാണ്, എന്നുമാത്രമല്ല, അടിയിൽ പറയുന്ന കാര്യംകൂടി ഞാൻ വായിക്കട്ടെ, provided that where such law is a law made by the Legislature of a state, the provisions of this article shall not apply thereto unless such law, having been reserved for the consideration of the president, has received his assent:

ആ കോൺസ്റ്റിറ്റ്യൂഷണൽ പ്രൊവിഷനാണ് ഞാൻ പറയുന്നത്. ഒരു കോർപ്പറേഷനാണെങ്കിൽ ആ കോർപ്പറേഷനിലെ ഡയറക്ടറുടെ കാര്യത്തിൽ ഒരു മാറ്റം വരുത്തണമെങ്കിൽ അതിന് അസന്റ് വേണം. രണ്ടാമത്തെ കാര്യം, ഷെയർഹോർഡറുടെ അവകാശത്തെ തൊട്ടുകൊണ്ടുള്ള ഒരു നിയമനിർമ്മാണം

LIBRARY ARCHIVES Kerala Legislative Assembly

നടത്തുകയാണെങ്കിൽ ആ നിയമനിർമ്മാണം നടത്തുമ്പോൾ അതിന് പ്രസിഡന്റിന്റെ അസന്റ് വേണം. ഗവർണ്ണറുടെ അംഗീകാരം കിട്ടിയാൽ ഈ നിയമം നിലവിൽ വരികയില്ല. ആർട്ടിക്കിൾ 31 (ഡി) അനുസരിച്ച് അംഗീകാരം കൊടുക്കാൻ ഗവർണ്ണർക്ക് അധികാരമില്ല. കോർപ്പറേഷൻ ആണെങ്കിൽ....

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സുപ്രീംകോടതിയുടെ വിധി കോർപ്പറേഷൻസിനെക്കുറിച്ചാണ് വന്നിട്ടുള്ളത്. അത് കമ്പനീസ് ആക്റ്റ് അനുസരിച്ചുള്ളതാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : അതുകൊണ്ടാണ് ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി, ഞാൻ ഈ ജഡ്ജുമെന്റ്, സുപ്രീംകോടതിയുടെ ഫുൾബെഞ്ചിന്റെ ജഡ്ജുമെന്റ് ആദ്യം ക്വാട്ട് ചെയ്തത്. what is a co-operative society? A co-operative society is also a corporation. ഇത് ഞാൻ പറയുന്നതല്ല, സുപ്രീംകോടതിയുടെ ഫുൾബെഞ്ചിന്റെ വിധിയാണത്. ചീഫ് ജസ്റ്റീസ് ചന്ദ്രചൂഡ് ഉൾക്കൊള്ളുന്ന ഫുൾബെഞ്ചിന്റെ വിധിയാണ്. ആ വിധി ഞാൻ ഒന്നുകൂടി വായിക്കാം. ഞാൻ ഇവിടെ അത് ആദ്യം വായിച്ചപ്പോൾ അങ്ങ് അത് ശ്രദ്ധിച്ചില്ല. ഞാൻ ആദ്യം അതാണ് ക്വാട്ട് ചെയ്തത്. "...There cannot be a slightest doubt that a co-operative society is a corporation as commonly understood and the scheme of the constitution does not make any difference. The very mention of the co-operative societies both in entry 43 of the list 1 and entry 32 of the list 2 along with other corporation gave an indication that the constitution makers were of the view that co-operative societies were of the same genesis as other Corporations and all were Corporations. All the Co-operative Societies are Corporations.

സുപ്രീംകോടതിയുടെ ഫുൾബെഞ്ച് പറയുന്നത് എല്ലാ സഹകരണസ്ഥാപനങ്ങളും കോർപ്പറേഷനാണെന്നാണ്.

മി. സ്പീക്കർ : ഒരു സുപ്രീംകോടതി വിധിയിൽ ഇങ്ങനെയൊരു പരാമർശമുണ്ടെന്ന് വച്ചിട്ട് എല്ലാ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും
4 P.M.] കോർപ്പറേഷനാണെങ്കിൽ പിന്നെ ഈ നിയമമാകെ മാറ്റിയെഴുതേണ്ടി വരും. ഈ സുപ്രീംകോടതി വിധി ഇതിന് ബാധകമായാൽ ഈ നിയമത്തിലെ എല്ലാ വകുപ്പുകൾക്കും അത് ബാധകമാണ്. അതുകൊണ്ട് ആ ഡിസ്‌ക്ഷൻ ഇവിടെ നടത്തേണ്ട ആവശ്യമില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ പറയുന്നത് കേൾക്കണം. എന്നാലും സ്റ്റേറ്റ് ലെജിസ്ലേച്ചറിന് കോമ്പിറ്റൻസിയുണ്ടെന്നുള്ള കാര്യം എനിക്കറിയാം. ആർട്ടിക്കിൾ 258 അനുസരിച്ച് അസെന്റ് കിട്ടേണ്ട ഒരു കാര്യം നിയമസഭ പാസ്സാക്കി അസെന്റിന് അയച്ചാൽ, അസെന്റ് കിട്ടിയാൽ മുൻകൂട്ടി അനുവാദം കിട്ടിയതായി കണക്കാക്കാം. അതുകൊണ്ട് നിയമസഭയ്ക്ക് അധികാരമുണ്ട്. പക്ഷെ, ഗവർണ്ണർക്ക് അധികാരം ഇല്ല. ഡൽഹിയിൽ ബി.ജെ.പി.ക്കാരാണ്. ഇത് അസെന്റിന് പോകേണ്ടിവരും. നിങ്ങളും അവരും തമ്മിൽ ചില അഡ്ജസ്റ്റുമെന്റ്സ് ഉണ്ട്. യൂണിവേഴ്സിറ്റിയിലൊക്കെ ആളുകളെ

LIBRARY ARCHIVES Kerala Legislative Assembly

കയറ്റിയത് ഞങ്ങൾക്കറിയാം. യൂണിവേഴ്സിറ്റി സെനറ്റിലേയ്ക്ക് ഗവർണർ ആളെ വച്ചല്ലോ ? പണ്ട് രാംദുലാരി സിൻഹ ആളെ വച്ചപ്പോൾ എന്തായിരുന്നു നായനാരേ, അന്ന് അങ്ങ് കൂട്ടിയ ബഹളം ? അങ്ങേയ്ക്ക് ഇന്ന് ഒരക്ഷരം മിണ്ടാൻ ധൈര്യമുണ്ടോ ? ഇല്ല. എന്താണ് ? നിങ്ങളും ബി. ജെ. പി. യും തമ്മിലുള്ള അഡ്ജസ്റ്റുമെന്റ് ഇല്ലെങ്കിൽ പ്രസിഡന്റിന്റെ അസെന്റ് കിട്ടേണ്ടിവരും. അതുകൊണ്ട് ഞാൻ പറയുന്നു. മെമ്പറുടെ അവകാശം എടുത്തുകളയാൻ പാടില്ല. കൃഷിക്കാരെ അംഗങ്ങളാക്കണം. ഈ ഡിസ്ക്രിമിനേഷൻ പാടില്ല. അതുകൊണ്ട് ഇത് മാറ്റണം. കൃഷിക്കാരായിരിക്കണം. അല്ലെങ്കിൽ എല്ലാ മെമ്പർമാർക്കും വോട്ടവകാശം നൽകണമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ : ശ്രീ. ഇ. എം. അഗസ്തിക്ക് ഒഫിഷ്യൽ ഭേദഗതിക്കുള്ള ഭേദഗതി അവതരിപ്പിക്കാവുന്നതാണ്. മറ്റൊന്നും ഓർഡറിൽ അല്ല.

ശ്രീ. ഇ. എം. അഗസ്തി : സർ, 1348-ാം നമ്പർ ഒഫിഷ്യൽ ഭേദഗതിക്കുള്ള ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

Amendment No. 1348 given notice by the Minister shall be deleted.

ഈ ഭേദഗതി മൂവ് ചെയ്യുമ്പോൾ എനിക്ക് ഒരു സംശയമുണ്ട്. ആർഗ്യുമെന്റിനുവേണ്ടി പറയുകയല്ല. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സർക്കുലേറ്റ് ചെയ്തിരിക്കുന്ന അമെന്റുമെന്റ് ഞാൻ വായിക്കാം. In clause 9 of the Bill, to section 20 to be substituted, the following proviso shall be added at the end, namely :—

"Provided further that the procedure and manner in which an active member may be identified shall be such as may be prescribed". ഇതിലൊരു സംശയമുണ്ട്, added at the end, namely:— എവിടെയാണ് ഇത് ചേർക്കേണ്ടത്. ഞാൻ ഒരു ലീഗൽ എക്സ്പെർട്ട് ഒന്നുമല്ല. എന്റെ പരിമിതമായ വിവരംവച്ച് at the end എന്നു പറഞ്ഞാൽ എവിടെയാണോ ക്ലാസ്സ് തീരുന്നത് അവിടെയാണ്. ക്ലാസ്സ് തീർന്നതിനുശേഷം ഇവിടെ ഒർജിനൽ ആക്ടിൽ ഒരു എക്സ്പ്ലനേഷൻ ഉണ്ട്. ക്ലാസ്സ് തീരുന്നത് 20 (എ), (ബി), (സി), (ഡി), (ഇ) എന്നാണ്. (ഇ) തീർന്ന്, in the case of an equality of votes, the chairman shall have and exercise a second or casting vote. എന്നു പറഞ്ഞ് എക്സ്പ്ലനേഷനുണ്ട്. ആ എക്സ്പ്ലനേഷൻ പറയുന്നത് ഓപ്പണിംഗ് സെന്റൻസിനെ സംബന്ധിച്ചാണ്. "ആക്ടീവ്" എന്താണെന്ന് ഒർജിനൽ ബില്ലിൽ ഡിഫൈൻ ചെയ്യുന്നുണ്ട്. For the purpose of this section, active member means,—

(i) in the case of a credit society, a member who has made a deposit or has become a borrower or surety or has attended any general body meeting of the society during the period of five years immediately preceding the date of resolution of the committee for the conduct of election;

LIBRARY ARCHIVES Kerala Legislative Assembly

(ii) in the case of any other society, a member who has involved in all or any of the object of the society specified in the bye-laws thereof during the period of five years immediately preceding the date of resolution of the committe for the conduct of election". This is the explanation in the body portion of the bill. ഇവിടെ എക്സ്പ്ലനേഷനിൽ ആക്ടീവ് മെമ്പർ ആരൊക്കെയാണെന്ന് വളരെ കൃത്യമായി ഡിഫൈൻ ചെയ്തിരിക്കുന്നു. ഒഫിഷ്യൽ അമെന്റുമെന്റ് മൂവ് ചെയ്തിരിക്കുന്നതിൽ പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്. In clause 9 of the Bill, to section 20 to be substituted, the following proviso shall be added at the end, namely:— where is the end ? ലാ മിനിസ്റ്റർ മറുപടി പറഞ്ഞാലും മതി. എവിടെയാണ് ഇത് ചേർക്കേണ്ടത് ? അപ്പോൾ ആദ്യത്തെ എക്സ്പ്ലനേഷൻ ക്ലാസ്സ് നിൽക്കുന്നുണ്ടോ ? അതോ ഇനിയിപ്പോൾ ഗവൺമെന്റിന് രണ്ടാമത് after thought ഉണ്ടായോ ? ഇപ്പോൾ പറഞ്ഞതിനേക്കാൾ അപകടകരമായ പ്രൊവിഷൻ ഉണ്ടാക്കണമെന്നുള്ളതുകൊണ്ട് ആക്ടീവ് മെമ്പർ ഇനിയും റീഡിഫൈൻ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ? ഒരു ബിൽ വരുമ്പോൾ ഇങ്ങനെ അവ്യക്തമായി പോകാൻ പറ്റുമോ ? റീഡിഫൈൻ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ? ഈ ഇന്റർപ്രെറ്റേഷൻ ശരിയാണോ ? എവിടെയാണ് പ്രൊവൈസോ കൂട്ടിച്ചേർക്കേണ്ടത് ? ഇപ്പോഴത്തെ എക്സ്പ്ലനേഷൻ നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കണം. ഇത് നിയമപരമായ കാര്യമാണ്. ആക്ടീവ് മെമ്പർഷിപ്പിനെ സംബന്ധിച്ച് ഞാൻ ഒരു കാര്യം പറയട്ടെ. അത് ഗുണഭോക്താക്കൾക്ക് മാത്രമായി പരിമിതപ്പെടുത്തണം. ഗവൺമെന്റിന്റെ ഉദ്ദേശശുദ്ധിയിൽ സംശയമുണ്ട്. ആക്ടീവ് മെമ്പറെ ദുർവ്യാഖ്യാനം ചെയ്ത് സഹകരണ സംഘങ്ങൾ പിടിച്ചെടുക്കാനുള്ള ദുരുദ്ദേശമാണെന്ന് ഇവിടെനിന്ന് എല്ലാ ഭാഗത്തെയും ആളുകളും സംശയിച്ചതുപോലെ അവ്യക്തത നിറഞ്ഞ ഈ ഒഫിഷ്യൽ അമെന്റുമെന്റ് ദുരൂഹതയുണ്ടാക്കിയിരിക്കുന്നു. ഈ കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട ലാ മിനിസ്റ്റർ വിശദീകരണം നൽകണം. ചെയറിന്റെ ഭാഗത്തുനിന്ന് റൂളിംഗ് ഉണ്ടാകണം.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : ബഹുമാനപ്പെട്ട ജോണി നെല്ലൂർ അവതരിപ്പിച്ച 595-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റു ഭേദഗതികളെല്ലാം നിരാകരിക്കുകയാണ്.

മി. സ്പീക്കർ : ശ്രീ. ഇ. എം. അഗസ്തി എക്സ്പ്ലനേഷനിൽ ചേർക്കേണ്ടതിനെ സംബന്ധിച്ച് ഇപ്പോൾ കൊണ്ടുവന്ന ഭേദഗതിയിൽ ക്ലാരിഫിക്കേഷൻ കിട്ടിയോ ?

ശ്രീ. എസ്. ശർമ്മ : ആക്ടീവ് മെമ്പർ ആരാണെന്ന് നിശ്ചയിക്കുന്നതിനുള്ള നടപടിക്രമം തയ്യാറാക്കുന്നതിനുവേണ്ടിയുള്ള ഒഫിഷ്യൽ അമെന്റുമെന്റാണിത്. അതാണ് അതുകൊണ്ടുദ്ദേശിക്കുന്നത്.

മി. സ്പീക്കർ : അത് മനസ്സിലായി. അതല്ല. എക്സ്പ്ലനേഷനിൽ എവിടെയാണ് ചേർക്കേണ്ടത് ?

ശ്രീ. എസ്. ശർമ്മ : ഇപ്പോൾ ചേർത്തിട്ടുള്ളിടത്തുതന്നെ.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഇക്കാര്യത്തിൽ ലാ ഡിപ്പാർട്ടുമെന്റുമായി അലോചിച്ച് എന്താണെന്നുവച്ചാൽ ചെയ്യുക.

ശ്രീ. എസ്. ശർമ്മ : സർ, ഇത് പരിശോധിക്കാം, ചെയറിന്റെ നിർദ്ദേശമനുസരിച്ച് ഇതിനെക്കുറിച്ച് ലാ ഡിപ്പാർട്ടുമെന്റുമായി ആലോചിക്കാം.

ശ്രീ. ഇ. എം. അഗസ്തി : ഇത് എവിടെയാണ് ചേർക്കേണ്ടത്. interpretation of statute അനുസരിച്ച് എന്താണ് അതിന്റെ പൊസിഷൻ. ഒരു സ്റ്റാറ്റ്യൂട്ട് ഇന്റർപ്രെറ്റ് ചെയ്യണമല്ലോ. പാസ്സാക്കിവിട്ടാൽപോരല്ലോ ? നാളെ കോടതിയിൽ വിശദീകരണം വരുമല്ലോ. കോടതിയിൽ വരുമ്പോൾ ബോഡി പോർഷനിൽ വരുന്ന ഈ പോർഷൻ നിൽക്കുമോ ഇല്ലയോയെന്ന് ലാ ഡിപ്പാർട്ടുമെന്റ് പറയണ്ടേ ?

മി. സ്പീക്കർ : അത് ക്ലാരിഫൈ ചെയ്തുകൊണ്ട് അദ്ദേഹം പറയും. അതുവരെ ഇത് പെൻഡിംഗിൽ വയ്ക്കാം.

ശ്രീ. ഇ. എം. അഗസ്തി : ബഹുമാനപ്പെട്ട മന്ത്രി ശർമ്മ പറയണമെന്ന് ഞാൻ പറയുന്നില്ല. അങ്ങ് ഒരു ലീഗൽ എക്സപെർട്ട് ആകണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല. പക്ഷെ ലാ മിനിസ്റ്റർ ഇത് കൺസൾട്ട് ചെയ്ത് പറഞ്ഞിട്ട് ഈ ക്ലാസ്സ് പാസ്സാക്കിയാൽ മതിയെന്നാണ് എന്റെ അഭിപ്രായം. ഇത് ഒരു വാശിയുടെ കാര്യമല്ലല്ലോ ?

ശ്രീ. എസ്. ശർമ്മ : അത് അതേ സ്പിരിറ്റിൽതന്നെയാണ് എടുക്കുന്നത്.

മി. സ്പീക്കർ : അപ്പോൾ ഇത് മാറ്റിവയ്ക്കാം.

ശ്രീ. എസ്. ശർമ്മ : സർ, മറ്റുള്ള ഭേദഗതികളെ സംബന്ധിച്ച് ചെറിയൊരു വിശദീകരണം വേണമെന്ന് ഞാൻ അഗ്രഹിക്കുകയാണ്. സജീവാംഗത്വത്തിന്റെ പ്രശ്നം പറഞ്ഞ് സുപ്രീംകോടതിയുടെ വിധി ക്വോട്ട് ചെയ്ത് ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദും മറ്റു ചില അംഗങ്ങളും അതിലുള്ള ഉൽക്കണ്ഠയെക്കുറിച്ച് പറഞ്ഞു. ഇപ്പോൾ നിലവിലുള്ള കോ-ഓപ്പറേറ്റീവ് സെക്ടറിൽത്തന്നെ, മിൽമ യിൽ ഇത്ര ലിറ്റർ പാൽ അളക്കുന്നവർക്ക് വോട്ടവകാശം എന്നുള്ള സിസ്റ്റം തുടരുന്നുണ്ട്. ഹൗസിംഗ് സൊസൈറ്റിയിലുണ്ട്. ബഹുമാനപ്പെട്ട ടി. എം. ജേക്കബ് പറഞ്ഞതുപോലെ തെളിവെടുപ്പ് ഘട്ടത്തിൽ, സെല്ക്ട് കമ്മിറ്റി സിറ്റിംഗ് നടത്തിയ സന്ദർഭത്തിൽ സമ്മിശ്രമായ പ്രതികരണമാണുണ്ടായത്. ഈ ബിൽ ഡ്രാഫ്ട് ചെയ്യുന്നതിനമുൻപ്, അതിന്റെ കരട് തയ്യാറാക്കുന്ന ഘട്ടത്തിൽ വിളിച്ചു ചേർത്ത സഹകാരികളുടെ കോൺഫറൻസിൽ, ഞാൻ ഇന്നലെ വിശദീകരിച്ചതുപോലെ രണ്ടുമൂന്ന് ഗ്രൂപ്പായിട്ട് തിരിച്ചിട്ട്, ബഹുമാനപ്പെട്ട എം. എം. ഹസ്സൻ ചെയർമാനായിട്ടുള്ള ഒരു ഗ്രൂപ്പ് നിർദ്ദേശിക്കപ്പെട്ട സഹകരണ സംഘം പിടിച്ചെടുക്കാൻവേണ്ടിയാണ് എന്നുപറഞ്ഞാൽ സെലക്ട് കമ്മിറ്റിയുടെ അവസാന സിറ്റിംഗ് ഇവിടെ ചേർന്നപ്പോൾ അപ്പെക്സ് ഫെഡറേഷൻ ഭാരവാഹികളെയും സഹകാരികളേയും വിളിച്ചു കൂട്ടിയ ആ കോൺഫറൻസിൽ മുന്നോട്ടു വച്ച ഒരു നിർദ്ദേശം ഒരു കാരണവശാലും ഇതു നീക്കം ചെയ്യരുതെന്നാണ്. ഇത് ശ്രീ. എം. എം. ഹസ്സൻ വീണ്ടും വീണ്ടും ആവശ്യപ്പെട്ടു. ഇതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ദേശിക്കുന്നത് ഇന്റർനാഷണൽ കോ-ഓപ്പറേറ്റീവ് അലവൻസ്, അതിന്റെ കാഴ്ചപ്പാട് അനുസരിച്ച് ഈ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കകത്തു തന്നെ നിർജീവത്വമുണ്ട്. ആ നിർജീവത്വം ഒഴിവാക്കാൻ, സഹകരണപ്രസ്ഥാനത്തിന്റെ വളർച്ചയെ സമ്പുഷ്ടമാക്കിത്തീർക്കാൻ അതിന്റെ ഏതെങ്കിലും ഒരു ആക്ടീവിറ്റീസിൽ അംഗങ്ങൾ പങ്കാളികളാകണം. അഞ്ചു വർഷക്കാലത്തിനുള്ളിൽ ഒരംഗത്തിന്റെ അംഗത്വം നിഷേധിക്കുന്നില്ല. വോട്ടു ചെയ്യാനുള്ള അവകാശം ലഭിക്കുമ്പോൾ സഹകരണ പ്രസ്ഥാനത്തിന്റെ ജനറൽ ബോഡിയിലോ വായ്പാ കാര്യങ്ങളിലോ നിക്ഷേപത്തിലോ പങ്കാളിയാകണം. ഇതിന്റെ ഫലമായി നിക്ഷേപം വർദ്ധിപ്പിക്കാനും സംഘത്തിന്റെ പ്രവർത്തനം കുറെക്കൂടി സജീവമാക്കാനും കഴിയും. അങ്ങനെ കേരളത്തിലെ സഹകരണ പ്രസ്ഥാനം വളരെ വലുതായിത്തീരുക എന്ന ഉദ്ദേശമാണ് ഇതിന്റെ അടിസ്ഥാനപരമായ ലക്ഷ്യം. ജനറൽ ബോഡിയിലോ മറ്റേതെങ്കിലും ആക്ടിവിറ്റീസിലോ ഒരംഗം പങ്കു വഹിക്കണ്ടെ ? ഈ ബിൽ പാസ്സാക്കുന്നതോടുകൂടി മൂന്നു വർഷമെന്നുള്ളത് അഞ്ചു വർഷമാകും. ഈ അഞ്ചു വർഷത്തിനുള്ളിൽ ഒരിക്കൽ വന്നിട്ട് ഒരു സംഘം പിടിച്ചെടുക്കാനും നിലനിറുത്താനും വേണ്ടി വെറുമൊരു വോട്ടവകാശം എന്നുള്ള നിലയ്ക്ക് ദുർവിനിയോഗം ചെയ്യുന്നുണ്ടിപ്പോൾ. സഹകരണ പ്രസ്ഥാനം ഒരു ധനകാര്യസ്ഥാപനം കൂടിയാണ്. അതിന്റെ ജനറൽ ബോഡിയിലോ ഏതെങ്കിലുമൊരു ആക്ടിവിറ്റീസിലോ പങ്കെടുക്കണമെന്നുള്ളതിനെ അന്യമായികാണേണ്ട കാര്യമെന്താണ് ? ഈ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കു വേണ്ടിയല്ലേ നമ്മൾ ഇവിടെ ഈ ചർച്ച നടത്തുന്നത്? അപ്പോൾ ഇതിനെ പോസിറ്റീവായി എന്തുകൊണ്ട് കണ്ടുകൂടാ. തെളിവെടുപ്പ് വേളയിൽ ചർച്ചചെയ്യപ്പെട്ട ഒരു പോയിന്റ് മെമ്പർഷിപ്പിനെ സംബന്ധിച്ചാണ്. അതിന്റെ ഭാഗമായി മെമ്പർഷിപ്പ് നിരാകരിക്കുന്നില്ല. വോട്ടവകാശത്തെക്കുറിച്ചുള്ള കാഴ്ചപ്പാടാണ് അതിനകത്തു വന്നത്. രണ്ടാമത്തെകാര്യം അഡ്മിനിസ്ട്രേറ്ററുടേതാണ്. അഡ്മിനിസ്ട്രേറ്ററെ വയ്ക്കുന്നതിലുള്ള കോൺട്രഡിക്ഷന്റെ കാര്യം പറഞ്ഞു. അറുപതു ദിവസത്തിനുള്ളിൽ ഒരു അംഗത്തെ ചേർക്കാൻ പാടില്ല. അതിനു മുൻപ് ആക്ടീവാകാമെന്നു പറഞ്ഞു. അതിനുമുൻപ് ജനറൽ ബോഡിയിൽ പങ്കാളിയാണെങ്കിൽ അംഗമാകും. ആക്ടീവാകണമെന്ന് ഉദ്ദേശിക്കുന്നത്. ആരുടെയെങ്കിലും അംഗത്വം നിരാകരിക്കാൻ വേണ്ടിയല്ല. അംഗങ്ങൾ ആക്ടീവാകാൻ വേണ്ടിയാണ്. അഡ്മിനിസ്ട്രേറ്റർമാർ ചേർക്കേണ്ട അംഗത്വമെന്ന് ഉദ്ദേശിക്കുന്നത് എന്താണെന്നു വച്ചാൽ ഒരുസംഘം ഏതെങ്കിലും പ്രത്യേക കാരണത്താൽ പിരിച്ചുവിടപ്പെട്ടാൽ അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ഒരു വർഷമെന്നുള്ളതു രണ്ടുവർഷമാകും. ഇപ്പോൾ ആറുമാസം ഒരു വർഷമാക്കിക്കൊണ്ട് ഈ ബില്ലിൽ ഭേദഗതി വരികയാണ്. ആറു മാസത്തിനുള്ളിൽ ഒരു അഡ്മിനിസ്ട്രേറ്ററുടെ ഭരണകാലത്ത് ഒരു വായ്പയെടുക്കണമെന്ന് ആരെങ്കിലും അപേക്ഷ കൊടുത്ത് വായ്പയെടുത്തുകഴിഞ്ഞാൽ അയാൾക്ക് അംഗത്വം കൊടുക്കാൻ പാടില്ല എന്നു പറഞ്ഞാൽ, സംഘത്തിലെ ആരെങ്കിലും ഗുരുതരമായ ക്രമക്കേടു കാണിച്ചാൽ സംഘം ചട്ടപ്രകാരം പിരിച്ചുവിട്ടതിനുശേഷം അഡ്മിനിസ്ട്രേറ്ററുടെ ഭരണത്തിൻകീഴിൽ നാട്ടിലെ ജനങ്ങൾ അംഗത്വമെടുക്കാൻ ആഗ്രഹിച്ചാൽ തടസ്സപ്പെടുത്തേണ്ട കാര്യമുണ്ടോ ? ആ രീതിയിൽ സംഘം

LIBRARY ARCHIVES Kerala Legislative Assembly

പിടിച്ചെടുക്കുക എന്നുള്ളതു ഇപ്പോൾ നടക്കുകയില്ല. അംഗത്വത്തിന് അപേക്ഷ സമർപ്പിച്ചുകഴിഞ്ഞാൽ അതു കൊടുത്തിരിക്കണമെന്നാണ്.. അഡ്മിനിസ്ട്രേറ്ററെ ഉപയോഗിച്ച് സംഘം പിടിച്ചെടുക്കാതിരിക്കാനുള്ള പ്രശ്നം കൂടി ഇതിനകത്തുണ്ട്. സാധാരണ അംഗത്വത്തിന് ഒരാൾ അപേക്ഷ, സമർപ്പിച്ചാൽ സ്വാഭാവികമായും അംഗത്വത്തിനുള്ള നീതി നിഷേധിക്കപ്പെടാതിരിക്കണം. മുമ്പൊക്കെ അഡ്മിനിസ്ട്രേറ്ററെ വയ്ക്കുന്ന സന്ദർഭത്തിൽ മെമ്പർഷിപ്പ് കൊടുക്കുന്നതു പോലെ ഇനി മെമ്പർഷിപ്പ് കൊടുക്കണ്ട. അതുകൊണ്ട് അപേക്ഷ സമർപ്പിച്ചാൽ മെമ്പർഷിപ്പ് കൊടുത്തിരിക്കണമെന്നുള്ളതു ഉറപ്പായിക്കഴിഞ്ഞാൽ അഡ്മിനിസ്ട്രേറ്ററെ വച്ച് ആളെ ചേർക്കേണ്ട കാര്യമില്ല. ജനാധിപത്യസംരക്ഷണവും നീതിയും ഇതിന്റെ ഭാഗമായി ഉറപ്പാക്കേണ്ട കാര്യമില്ല. ഈ രീതിയിൽ ഈ ബില്ലിനെ കാണണമെന്നാണ് എനിക്കു പറയാനുള്ളത്. മറ്റൊരു പ്രശ്നം ഗവൺമെന്റു നോമിനിയെ സംബന്ധിച്ചാണ്. ശ്രീ. ജോണി നെല്ലൂർ പറഞ്ഞത് രാഷ്ട്രീയാവശ്യത്തിനുവേണ്ടി അപ്പെക്സ് ബോഡിയിൽ നോമിനിയെ ഉപയോഗിക്കുന്നു എന്താണ് യൂണിവേഴ്സിറ്റികളിലൊക്കെ ഗവൺമെന്റ് നോമിനികൾക്ക് വോട്ടവകാശമുണ്ട്. ഇവിടെ വന്ന ചർച്ചയുടെ സ്പിരിറ്റുണ്ട്. ഓഫീസേഴ്സ് ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിൽ ഗവൺമെന്റ് നോമിനികളെ വോട്ടു ചെയ്യുന്നതിൽ നിന്നും ഒഴിവാക്കണമെന്ന പുതിയ ഭേദഗതി അംഗീകരിച്ചു. കാരണം അതിനകത്ത് പൊളിറ്റിക്കൽ മോട്ടീവുണ്ട്. ആ പൊളിറ്റിക്കൽ മോട്ടീവിന്റെ ഭാഗമായി വരുമ്പോൾ അത് ദുർവിനിയോഗം ചെയ്യാനുള്ള അവസരമുണ്ടാകരുതെന്നുള്ളതുകൊണ്ട് ബഹുമാനപ്പെട്ട ജോണി നെല്ലൂരിന്റെ 595-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. അപ്പോൾ ഇത് സംബന്ധമായ പ്രശ്നങ്ങൾ ദൂരീകരിക്കപ്പെടും. ബഹുമാനപ്പെട്ട ചെയറിന്റെ നിർദ്ദേശമനുസരിച്ച്, എക്സ്പ്ലനേഷനിൽ പ്രൊവൈസോ എവിടെയാണ് ചേർക്കേണ്ടത് എന്നു ആലോചിക്കുന്നതിനുവേണ്ടി ഈ വകുപ്പിന്റെ പരിഗണന മാറ്റിവക്കാം.

മി. സ്പീക്കർ : ശരി.

(എക്സ്പ്ലനേഷനിൽ പ്രൊവൈസോ എവിടെയാണ് ചേർക്കേണ്ടതെന്ന കാര്യം നിയമ വകുപ്പുമായി ആലോചിച്ച് തീരുമാനിക്കുന്നതുവരെ ഈ വകുപ്പിന്റെ പരിഗണന പെന്റിംഗിൽ വച്ചു.)

10-ാം വകുപ്പ്

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(641) In sub-section (1) of section 22 of the Principal Act proposed to be substituted by clause 10, delete the words beginning from "any statutory" to "in this behalf".

ഇതിനകത്ത് ഓഹരികൾ കൈവശം വയ്ക്കാനുള്ള നിയന്ത്രണം Statutory board, non-statutory board, Corporation, Government Committee ഇതിന്റെയൊന്നു ആവശ്യമില്ല. അതുകൊണ്ട് any statutory or non-statutory Board, Committee or Corporation approved by the Government in this behalf എന്നുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഡിലീറ്റു ചെയ്യണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. ഒരു സംഘത്തിന് വേറൊരു സംഘത്തിൽ മെമ്പർഷിപ്പ് ഇല്ലാതാകുന്ന പ്രശ്നമില്ല. പക്ഷെ ഇതു ഒരു സഹകണ നിയമത്തിന്റെ അടിസ്ഥാന തത്വത്തിനു എതിരായതുകൊണ്ട് ഇതു ഒഴിവാക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(648) In section 22 (1) of the Principal Act proposed to be substituted by clause 10, for the words "any statutory or non statutory Board, Committee or Corporation approved by the Government in this behalf" substitute the words, "any Government owned undertaking".

ഇവിടെ പ്രിൻസിപ്പൽ ആക്ടിൽ പറഞ്ഞിരിക്കുന്നതിൽ "any statutory or non statutory Board, Committee or Corporation approved by the Government in this behalf" എന്നതിനുപകരം "any Government owned undertaking" എന്നാക്കണമെന്നാണ് എന്റെ ഭേദഗതി.

ശ്രീ. വി. ജെ. പൗലോസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(649) In section 22 (1) of the Principal Act proposed to be substituted by clause 10, substitute the words "one fifth" by "one tenth".

ശ്രീ. ജി. കാർത്തികേയൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(650) In section 22 (1) of the Principal Act proposed to be substituted by clause 10, the words "one fifth" shall be substituted by "ten per cent".

(657) After the proviso to section 22 (1) of the Principal Act proposed to be substituted by clause 10, add the following further proviso "provided further that the member of such statutory or non-statutory Board, Committee or Corporation or Society holding one fifth of the total share capital of the society shall not exceed two in number.

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(651) In section 22 (1) of the Principal Act proposed to be substituted by clause 10 the words "one fifth" shall be substituted by "fifteen per cent".

LIBRARY ARCHIVES Kerala Legislative Assembly

ഷെയർ ഹോൾഡ് ചെയ്യുന്നതിനകത്ത് ഇവിടെ പറയുന്നത് അഞ്ചിൽ ഒന്നാണ്. അത് 15 ശതമാനം എന്നാക്കണമെന്നാണ് എന്റെ ഭേദഗതി.

ശ്രീ. പി. ജെ. ഫ്രാൻസിസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(652) In section 22 (1) of the Principal Act proposed to be substituted by clause 10 shall be recast as follows :

"22. Restriction on holding shares:— In any society, no member other than the Government, any statutory Board or Corporation approved by the Government in this behalf shall hold more than such portion of the total share capital of the society, not exceeding one fifth thereof.

Provided that the Government, by notification in the Gazette specify in respect of any class of societies a higher maximum than one fifth of the share capital."

ക്ലാസ് 9-ലും ഞാൻ പറഞ്ഞു കോൺട്രഡിക്ഷനെന്ന്. ഇതിലും അതു പോലെതന്നെയാണ്. കോൺട്രഡിക്ഷനാണ്. Restriction on holding shares, sub-clause (1) ഇതിൽ സബ് ക്ലാസ് (2) ഇല്ല. പിന്നെ എങ്ങനെയാണ് സബ് ക്ലാസ് (1) ആകുന്നത്. ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം. Restriction on holding shares, sub-clause (1) എന്ന് എഴുതിയിരിക്കുന്നു. സബ് ക്ലാസ് (2) എവിടെയാണ് ? സബ് ക്ലാസ് (2) ഇല്ല. സബ് ക്ലാസ് (1) എന്ന് എഴുതിയിരിക്കുന്നു. ഇനി സബ്ക്ലാസ് (1)-ൽ തന്നെ പറഞ്ഞിരിക്കുന്നത്. In any society, no member other than the Government, any Statutory, or non-statutory Board, Committee or Corporation approved by the Government in this behalf or any other society, shall hold more than such portion of the total share capital of the society, not exceeding one fifth thereof, as may be prescribed : അപ്പോൾ ഏത് സൊസൈറ്റിക്കും അഞ്ചിലൊന്നിൽ കൂടുതൽ ഷെയർ എടുക്കാം. എന്നിട്ട് പ്രൊവിസോ പറയുകയാണ്. provided that the Government may, by notification in the Gazette, specify in respect of any class of societies. ഗവൺമെന്റ് നോട്ടിഫിക്കേഷനിൽക്കൂടിയാണ് ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന സൊസൈറ്റികൾക്കാണ് ഹയർ മാക്സിമം എടുക്കാൻ കഴിയുന്നതെന്ന് നിശ്ചയിക്കുന്നത്. ഇത് self-contradictory ആണ്. അതുകൊണ്ടാണ്. റിക്കാസ്റ്റ് ചെയ്യണമെന്ന് പറയുന്നത്. അത് അംഗീകരിക്കണം.

Shri. K. A. Chandran : Sir, I move the following amendments :

(655) In proviso to section 22 (1) of the Principal Act proposed to be substituted by clause 10,insert the words "for reasons to be recorded" after the word "Gazettee".

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(656) In the proviso of section 22 (1) of the Principal Act proposed to be substituted by clause 10, substitute the words "for any class of societies" by "for any society".

പുതുതായി ചേർക്കുന്നതാണ് 22(1) എന്ന് പറയുന്നത്. അതിനകത്ത് ഗവൺമെന്റ് സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷൻ, നോൺ സ്റ്റാറ്റ്യൂട്ടറി ബോർഡ്, കമ്മിറ്റി, കോർപ്പറേഷൻ ഇവ ഒഴിച്ച് മറ്റാർക്കും 1/5-ൽ കൂടുതൽ ഷെയർ പാടില്ലെന്നാണ് പറയുന്നത്. പക്ഷേ ഏതെങ്കിലുമൊരു ഗണത്തിൽപ്പെട്ട സൊസൈറ്റിക്ക് ,അവിടെ any class of societies എന്നാണ് പറഞ്ഞിരിക്കുന്നത്. അപ്പോൾ അതിൽ കൂടുതൽ ഷെയർ വയ്ക്കാമെന്ന് പറയുന്നു. ഇവിടെ ഒരു ഗംഭീര ആപത്തുണ്ട്. ഗവൺമെന്റിൽ ഗസറ്റ് നോട്ടിഫിക്കേഷൻ വഴി പറയാം. അതിന്റെ പ്രൊവിസോയിൽ പറയുന്നുണ്ട്. ഒരു ഗണത്തിൽപ്പെട്ട സൊസൈറ്റിയെ അങ്ങനെ അനുവദിച്ചാൽ അങ്ങനെ ചെയ്താൽ ആ ഗണത്തിൽപ്പെടുന്ന സംഘങ്ങളെ മുഴുവൻ ആർക്കെങ്കിലും വിഴുങ്ങാൻ കഴിയും. സ്റ്റാറ്റ്യൂട്ടറി, നോൺ സ്റ്റാറ്റ്യൂട്ടറി ബോർഡുകളും കോർപ്പറേഷനുകളും ചെറിയ സൈസൈറ്റികളെയൊക്കെ വിഴുങ്ങിക്കളയും. അതുകൊണ്ട് അത്യാവശ്യം വേണമെങ്കിൽ ഒരു സൊസൈറ്റിയുടെ കാര്യത്തിൽ അങ്ങനെ വിഴുങ്ങണമെങ്കിൽ ആയിക്കോട്ടെ. അല്ലാതെ ഒരു വിഭാഗത്തെ മൊത്തം വിഴുങ്ങിക്കളയാവുന്ന തരത്തിൽ ചെയ്യരുത്. അതുകൊണ്ടാണ് "for any class of societies"എന്നുള്ളതിനു പകരം "for any society".എന്ന ഒരു ഭേദഗതി ഞാൻ അവതരിപ്പിക്കുന്നത്.

മി. സ്പീക്കർ : മറ്റു ഭേദഗതികളൊന്നും ഓർഡറിലല്ല.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച ഭേദഗതിയെ...

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച ഭേദഗതിയെ...

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. വി. ജെ. പൗലോസ് അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. വി. ജെ. പൗലോസ് : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. വി. ജെ. പൗലോസ് അവതരിപ്പിച്ച ഭേദഗതിയെ...

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. ജി. കാർത്തികേയൻ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. ജി. കാർത്തികേയൻ അവതരിപ്പിച്ച ഭേദഗതിയെ...

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച ഭേദഗതിയെ...

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. പി. ജെ. ഫ്രാൻസിസ് അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. പി. ജെ. ഫ്രാൻസിസ് : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. പി. ജെ. ഫ്രാൻസിസ് അവതരിപ്പിച്ച ഭേദഗതിയെ...

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ചന്ദ്രൻ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. എ. ചന്ദ്രൻ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. കെ. എ. ചന്ദ്രൻ അവതരിപ്പിച്ച ഭേദഗതിയെ...

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

പ്രൊഫസർ സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച ഭേദഗതിയെ...

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ...

പ്രതികൂലിക്കുന്നവർ....

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം അംഗീകരിക്കപ്പെട്ടിരിക്കുന്നു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

11-ാം വകുപ്പ്

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(1349) In clause 11 of the Bill, in sub-clause (1) after the existing proviso, the following proviso shall be added, namely :-

"Provided also the above proviso is not applicable to a committee where the committee has passed a resolution before the commencement of the Kerala Co-oprative Societies (Amendment) Act 1999, for the conduct of election thereof".

(1350) In clause 11 of the Bill, in sub-clause (ii),- (i) in sub-section (1 A) of section 28 to be substituted, clause (i) shall be substituted with the following, namely :-

LIBRARY ARCHIVES Kerala Legislative Assembly

"(1 A) (i) Notwithstanding anything contained in sub-section (1), the committee of an apex society shall be constituted by the General Body for which the delegates of the primary societies in each district affiliated to such apex society shall elect from among themselves a total of one third of such delegates subject to a maximum of three who shall be entitled to contest the election to the committee of the apex society representing that District :

Provided that in case where there is only one affiliated society in a District the delegate of such society shall be entitled to contest the election to the Committee of the Apex Society".

(ii) in sub-section (1 B) of section 28 to be substituted, for the word "eleven" the word "fifteen" shall be substituted ;

(iii) after sub-section (1B) proposed to be substituted the following sub-section shall be inserted,

"(IC) Notwithstanding anything contained in the Bye-laws of any Federal co-operative Society, the number of individuals in the society and the Committee thereof shall not exceed twenty five per cent of the total number of members in the society or in the Committee as the case may be".

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(658) Section 28 (1) of the Principal Act proposed to be substituted by clause 11(i) shall be deleted.

(684) Sub-section (IA), (IAA) and (IB) of section 28 of the Principal Act proposed to be substituted by clause 11(ii) shall be deleted.

(713) Section 28 (1A) (i) of the Pricipal Act propsed to be substituted by clause 11(ii) shall be recast as follows :

"there shall be elected to the committee of an apex soceity, one member each from the affiliated societies, elected by the general body of the affiliated societies from among themselves".

(721) In section 28 (1A) (ii) of the Pricipal Act proposed to be substituted by clause 11(ii) for the words "it shall cease to exist on the commencement of the said Act", the words "such committee shall continue to exist till the present term is completed and election to the new committee is held" shall be substituted.

LIBRARY ARCHIVES Kerala Legislative Assembly

(726) In items (ii) of sub-section (1A) of section 28 of the Principal Act proposed to be substituted by clause 11 (ii).

(a) add the following words before two words "Notwithstanding anything"; "for the avoidance of doubt it is hereby declared".

(b) for the words "it shall cease". substitute "such society" shall cease".

(c) for the words "on the" coming after the word "exist" insert the words "on the expiry of the period for which that committee was elected or as the case may be after five years from" and

(d) add the following at the end namely, "whichever is later".

(748) In items (iii) of sub-section (1A) of section 28 of the Principal Act proposed to be substituted by clause 11 (ii), substitute the words "six months" by "three months".

(759) In section 28 (1A) (iii) of the Principal Act proposed to be substituted by clause 11 (ii), the last sentence shall be substituted by the following sentence :

"The Administrator so appointed shall look after the day-to-day affairs of the society".

കേരള സഹകരണ രംഗത്തെ ഒരു കറുത്ത അദ്ധ്യായമായി ഈ ദിവസം മാറാൻ പോകുകയാണ്. സഹകരണ രംഗത്തെ എല്ലാ ജനാധിപത്യ മര്യാദകളേയും കാറ്റിൽപ്പറത്തിക്കൊണ്ട് ഭരിക്കുന്ന ഗവൺമെന്റ് അവരുടെ ഭരണ സ്വാധീനം ഉപയോഗിച്ച് സഹകരണ രംഗത്ത് ശക്തി കൂട്ടാൻവേണ്ടി പ്രതിപക്ഷത്തിരിക്കുന്ന നാമമാത്രമായ സഹകരണ സ്ഥാപനങ്ങളെ, അപ്പക്സ് ബോഡികളെ ഗവൺമെന്റിന്റെ മുഷ്ക്കും കരുത്തും ഉപയോഗിച്ച് പിടിച്ചെടുക്കാനുള്ള ശ്രമമാണ് നടത്തിയിട്ടുള്ളത്. ഈ ഭേദഗതി നിയമം ഈ സഭയിൽ കൊണ്ടുവരാൻ ബഹുമാനപ്പെട്ട ശർമ്മയെ പ്രേരിപ്പിച്ച ഏറ്റവും വലിയ വികാരമെന്നു പറയുന്നത് ഈ വകുപ്പുതന്നെയാണ്. കേരളത്തിന്റെ സഹകരണ രംഗത്തിന് വലിയ ചരിത്രമുണ്ട്. ഇന്നലെ ഇവിടെ ഡിസന്റ് അവതരിപ്പിച്ചുകൊണ്ടും അതിനുശേഷം ശ്രീ. ആര്യാടൻ മുഹമ്മദും, ശ്രീ. ആനത്തലവട്ടത്തിനേയും പോലുള്ള സഹകാരികളുൾപ്പെടെയുള്ള ആളുകൾ വളരെ ദീർഘമായി സംസാരിച്ചു. നമുക്ക് ഒരു ട്രഡിഷൻ ഉണ്ട്. ഇൻഡ്യയാകെ മാതൃകയാണ് കേരളത്തിലെ സഹകരണരംഗം. ചെറുപ്പക്കാരനായ മന്ത്രി, അങ്ങ് അങ്ങയുടെ പ്രസംഗത്തിൽ പറഞ്ഞു, ഒൻപതിനായിരം കോടി രൂപ കൈകാര്യം ചെയ്യുന്ന കേരളത്തിന്റെ ഗ്രാമപ്രദേശങ്ങളുടെ ഐശ്വര്യത്തിനുവേണ്ടി, സാമൂഹ്യ

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക രംഗത്തെ ഉന്നമനത്തിനുവേണ്ടി എന്തൊരു പ്രസംഗമാണ് അങ്ങ് മെനിഞ്ഞാന്നും ഇന്നലെയും നടത്തിയത്. ബിൽ അവതരിപ്പിച്ചുകൊണ്ട് എന്ത് മനോഹരമായ പ്രസംഗമാണ് അങ്ങ് നടത്തിയത് ? ആ പ്രസംഗവും അങ്ങയുടെ ഭേദഗതിയും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ ? ഒരു ബന്ധവുമില്ല. അങ്ങേക്കറിയാമല്ലോ കേരള നിയമസഭ ഇൻഡ്യയ്ക്കാകെ മാതൃകയായ സഭയാണ്. ഒരുപാട് നിയമനിർമ്മാണം കണ്ട സഭയാണ്. ലോകപ്രശസ്തി നേടിയ ഒരുപാട് നിയമങ്ങൾ ഈ ജനാധിപത്യ ശ്രീകോവിൽ, നമ്മുടെ സഭ പാസ്സാക്കിയിട്ടുണ്ട്. അങ്ങ് പൈലറ്റുചെയ്യുന്ന ഈ ബിൽ ഭൂരിപക്ഷംകൊണ്ട് പാസ്സാകും. പക്ഷേ അങ്ങനെയല്ല ഈ സഭ കാണേണ്ടത്. ഇവിടെ പലതും നടന്നിട്ടുണ്ട്. ജനങ്ങളെ ബാധിക്കുന്ന അടിസ്ഥാനപരമായ ജീവിത പ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന ചില കാര്യങ്ങളെ സംബന്ധിച്ച് നിയമനിർമ്മാണം നടത്തുമ്പോൾ അപ്പുറത്തും ഇപ്പുറവും ഒരു കോൺസെൻസ്സിൽ എടുത്തുകൊണ്ട്, കാര്യങ്ങൾ ചർച്ച ചെയ്തുകൊണ്ടാണ് മുന്നോട്ടു പോകേണ്ടത്. അതാണ് ഇവിടുത്തെ കീഴ്‌വഴക്കം. അത് അങ്ങേക്കറിയാം. ഇത് എന്ത് അവതരിപ്പിച്ചാലും, അവതരിപ്പിക്കുന്നത് പ്രതിപക്ഷമാണെങ്കിൽ റിജക്റ്റഡ്. ആ സമീപനമെന്താണ് ? അത് ശരിയാണോ ? ഞാൻ ഇന്നത്തെ മലയാള മനോരമ പത്രം വായിച്ചു. നിങ്ങളുടെ ഗവൺമെന്റിന് ഇനി 15 മാസംകൂടി കാലാവധിയുണ്ട്. അല്ലേ ? ജില്ലാ സഹകരണ ബാങ്കും പിരിച്ചുവിടാൻ പോകുന്നു. അവർക്ക് ഇനി 9 മാസമേയുള്ളൂ. കേരളത്തിലെ പ്രൈമറി സഹകരണ സംഘങ്ങൾ തൊട്ട് അപ്പക്സ് സംഘങ്ങൾവരെ ആറുമാസം നിങ്ങൾ അഡ്മിനിസ്ട്രേറ്റർമാരെവച്ച് ഭരിച്ച് കേരളത്തിലെ എല്ലാസഹകരണ സ്ഥാപനങ്ങളും പിടിച്ചെടുക്കാൻ കാലേക്കൂട്ടി കണ്ടിരിക്കുന്ന ഒരു ഉപാധിയാണിത്. ഒന്നുകൂടി വ്യക്തമാക്കിയാൽ ഇത് കേരളമാണ്. ഭരണം മാറിമാറി വരും. ഇന്ന് ഇപ്പുറത്തുള്ളവർ നാളെ അപ്പുറത്ത് ട്രഷറി ബെഞ്ചിൽ ഇരിക്കും. ഇപ്പോൾ ട്രഷറി ബെഞ്ചിലിരിക്കുന്നവർ നാളെ ഇപ്പുറത്തുവരും. ഇത് കേരളമാണ്. ഒരുപാട് ഭരണമാറ്റം കണ്ട നാടാണ് കേരളം. ഒരു സംശയവും വേണ്ട. ഇത് കേരളമാണ്. നമ്മൾ 140 എം.എൽ.എ.മാർ മാത്രമല്ല. ഇവിടെ നടക്കുന്ന ആസ്പിറേഷൻസ്, ഡെലിബറേഷൻസ്, ചർച്ചകൾ എല്ലാം ജനങ്ങൾ ഉറ്റുനോക്കുകയാണ്. ട്രഷറി ബെഞ്ചും പ്രതിപക്ഷവും മാത്രമല്ല. ആ ട്രഡിഷനുള്ള, ആ ജനാധിപത്യ പാരമ്പര്യമുള്ള ഈ കേരളത്തിൽ, ഈ ജനാധിപത്യത്തിന്റെ ശ്രീകോവിലായ നിയമസഭയിൽ പ്രതിപക്ഷത്തെ മുഴുവൻ അടിച്ചമർത്തിക്കൊണ്ട് എല്ലാ സഹകരണസംഘങ്ങളും ഞങ്ങൾക്ക് എന്നുള്ള ഒരു സമീപനം സ്വീകരിച്ചുകൊണ്ടുള്ള നിയമ ഭേദഗതി ഇന്നുവരെ ഈ സഭയുടെ ചരിത്രത്തിൽ കണ്ടതായി എനിക്ക് ഓർമ്മയില്ല. അപ്പോൾ നിങ്ങൾ കണക്ക് കൂട്ടുന്നത് ഇനിയുള്ള ഒന്നരവർഷക്കാലത്തെ ഭരണത്തിനിടിയ്ക്ക് എല്ലാ സഹകരണസംഘങ്ങൾക്കും നല്ല ഔദാര്യം ശ്രീ. ശർമ്മ കാണിച്ചിരിക്കുകയാണ്. എന്താണെന്നറിയാമല്ലോ. ഇതിലെ ഭേദഗതിയെല്ലാം 5 വർഷമാണ്. എന്താണ് ? ഈ നിയമം പാസ്സായിക്കഴിഞ്ഞാൽ കേരളത്തിലെ എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും 5 വർഷം ഭരിക്കാം. ഒരു ദുരുദ്ദേശം അതിന്റെ പിന്നിലുണ്ട്. ഒറ്റയ്ക്ക് കേട്ടാൽ നന്നായിരിക്കും. എന്താണ്? കൊള്ളാം, നല്ല മന്ത്രിയാണ്. എല്ലാം 5 വർഷം കാലാവധിയാക്കിയിരിക്കുന്നു. എം. എൽ. എ.മാർക്ക് 5 വർഷം.

LIBRARY ARCHIVES Kerala Legislative Assembly

എം. പി.മാർക്ക് 5 വർഷം. സഹകാരികൾക്കും അവരുടെ ഭരണസമിതിക്കും 5 വർഷം. കേൾക്കാൻ കൊള്ളാം. നല്ല മുദ്രാവാക്യമാണ്. പക്ഷേ ഒരു ആപ്പ് അതിനകത്തുണ്ട്. എന്താണ് ? ഒന്നര വർഷം കഴിയുമ്പോൾ ഭരണമാറ്റമുണ്ടാകും. അപ്പോൾ ഇപ്പോഴുള്ള എല്ലാത്തിനേയും പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റർമാരെ വച്ച് തന്നിഷ്ടംപ്പോലെ തെരഞ്ഞെടുപ്പ് നടത്തിയാൽ നിങ്ങൾ പ്രതിപക്ഷത്താകുമ്പോൾ നാലരവർഷക്കാലവും എല്ലാ സ്ഥാപനങ്ങളും നിങ്ങുടെ കൈയിലിരിക്കുമെന്ന് ഒരു തെറ്റായ ധാരണയുടെ അടിസ്ഥാനത്തിലാണ് ഈ ഗവൺമെന്റ് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. സാങ്കേതികമായി, നിങ്ങൾക്ക് ഭൂരിപക്ഷമുണ്ടെന്നു വിചാരിച്ചുകൊണ്ട് ഏതു നിയമംകൊണ്ടുവന്നാലും പാസ്സാക്കാമെന്നുള്ള ധാരണയുണ്ട്. എന്നാലും ദയവായി അങ്ങ് ഈ വകുപ്പ് പിൻവലിക്കണം. അങ്ങ് ഇത് ചെയ്യരുത്. ഇത് ചെയ്താൽ ഒരു സംശയവും വേണ്ട, കേരളത്തിന്റെ ജനാധിപത്യ ചരിത്രത്തിൽ, സഹോദര സംഘങ്ങളുടെ ചരിത്രത്തിൽ ശ്രീ. ശർമ്മയുടെ വാക്കുകൾ കടമെടുത്താൽ 9000 കോടി രൂപ കൈകാര്യം ചെയ്യുന്ന കേരളത്തിന്റെ സമഗ്ര വികസനത്തിനുതകുന്ന, സഹകരണമേഖലയിൽ ഒരു കറുത്ത പൊട്ടായി ഈ നിയമം മാറും. അങ്ങ് നിയമനിർമ്മാണത്തിൽ ഞങ്ങൾക്കൊക്കെ മാതൃകയാണ്. അതുകൊണ്ട് ജനാധിപത്യ വിരുദ്ധമായി ഈ വകുപ്പിൽ പറഞ്ഞിട്ടുള്ള പല ഭേദഗതികളും അങ്ങയ്ക്കുള്ള ഭൂരിപക്ഷം കൊണ്ട് പാസ്സാക്കാമെന്നുള്ള ധാരണയിൽ പോകരുത്. ഞാൻ പറഞ്ഞുവന്നത് അങ്ങ് പ്രതിപക്ഷത്തിരുന്നപ്പോൾ ഇവിടെ ഒരുപാട് നിയമനിർമ്മാണങ്ങൾ നടന്നിട്ടുണ്ട് വളരെ സജീവമായി അങ്ങ് അതിൽ പങ്കെടുത്തിട്ടുണ്ട്. ഞങ്ങൾക്ക് പ്രചോദനം നൽകുന്ന ഒരുപാട് മാതൃക അങ്ങ് കാണിച്ചിട്ടുണ്ട്. അതുകൊണ്ടാണ് അങ്ങ് പറയുന്നതെന്ന് എനിക്കറിയാം. അങ്ങ് വിചാരിച്ചാൽ പോരല്ലോ ഗവൺമെന്റ് വിചാരിക്കണം. അങ്ങയുടെ നല്ല സമീപനത്തിൽ എനിക്ക് സന്തോഷമുണ്ട്. അതുകൊണ്ട് ഈ നിയമം ഭൂരിപക്ഷം വച്ച് പാസ്സാക്കുകയാണെങ്കിൽ നിങ്ങൾ എന്നും ആ ബഞ്ചിലായിരിക്കുകയില്ല. മറന്നു പോകരുത്. എന്നു വിചാരിച്ച് അവർ ചെയ്തത് ഞങ്ങൾ ചെയ്യുമെന്നല്ല. അതുകൊണ്ട് എന്റെ ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്റെ 721-ാം നമ്പർ ഭേദഗതികൾ പറഞ്ഞിരിക്കുന്നത്.

(721) In section 28 (1A) of the pricipal Act propsed to be substituted by clause 11(ii) for the words "it shall cease to exist on the commencement of the said Act", the words "such committee shall continue to exist till the present term is completed and election to the new committee is held" shall be substituted.

എന്നാണ് ജനറൽ ബോഡിയുടെ സ്പിരിട്ട് ഉൾകൊണ്ടുകൊണ്ട് സംസ്ഥാനത്ത് ഫംഗ്ഷൻ ചെയ്യുന്ന സ്ഥാപനമെന്ന നിലയ്ക്ക്, ആ പ്രത്യേക നേച്ചർ കണ്ടു കൊണ്ട് അവർക്ക് പ്രൊട്ടക്ഷൻ കൊടുക്കണമെന്നാണ് ഞങ്ങൾ പറഞ്ഞത്. അതംഗീകരിക്കുകയില്ലെന്നു മനസ്സിലാക്കിക്കൊണ്ടാണ് ഈ അമെന്റ്മെന്റ്. ഈ നിയമം ഭൂരിപക്ഷം ഉപയോഗിച്ച് നിങ്ങൾ പാസ്സാക്കിയിരുന്നാലും ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

അധികാരത്തിലുള്ള അപ്പക്സ് ബോഡികളുടെ നിലവിലുള്ള കാലാവധി കഴിയുന്നതുവരെ ആ അപ്പക്സ് ബോഡികളെ ഈ നിയമം ബാധിക്കുകയില്ലയെന്ന് ഒരു ക്ലാസ് അങ്ങ് എഴുതി ചേർക്കണമെന്നാണ് എന്റെ ഈ ഭേദഗതിയിൽ ഞാൻ പറയുന്നത്. അങ്ങേയ്ക്ക് എന്തെങ്കിലും ആത്മാർത്ഥത ഉണ്ടെങ്കിൽ നിങ്ങളുടെ വാക്കും പ്രവർത്തിയും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടെങ്കിൽ അങ്ങ് ഈ ഭേദഗതി അംഗീകരിക്കണം. അങ്ങയുടെ മേൽ ഒരുപാട് പ്രഷർ ഉണ്ട്. അങ്ങ് വിചാരിക്കുംപോലെ ഒന്നും ചെയ്യാൻ ഒക്കുകയില്ല. ഞാൻ അതിന്റെ ഉദ്ദേശത്തെ ചോദ്യം ചെയ്യുന്നില്ല. അങ്ങേയ്ക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ ഇപ്പോൾ പ്രവർത്തിക്കുന്ന അപ്പക്സ് സംഘങ്ങളെ അവരുടെ കാലാവധി തീരുന്നതുവരെയെങ്കിലും പ്രവർത്തിക്കാൻ അനുവദിക്കുകയെന്നതാണ് എന്റെ ഭേദഗതി. ഇത്രയും പറഞ്ഞുകൊണ്ട് എന്റെ എല്ലാ ഭേദഗതികളും ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. എം. ജേക്കബ് : I move the following amendment :

(659) In sub-section (1) of section 28 of the Pricipal Act propsed to be substituted by clause 11(i) for the words "five years" substitute "two years" and the proviso, substitute the following :

"Provided also that the committee of a society already constituted and in existence at the commencement of the Kerala Co-operative Societies (Amendment) Act, 1999 shall, (a) if the committee has completed two years or more, cease to be in existence at such commencement and (b) if that committee has not completed two years or term as provided in the bye-laws cease to be in existence on the expiry of two years or the term are provided in the bye-laws, whichever is earlier."

എനിക്ക് രണ്ട് കാര്യങ്ങളാണ് സൂചിപ്പിക്കാനുള്ളത്. ഈ വകുപ്പിനെ സംബന്ധിച്ച് മൊത്തത്തിലാണ്. പതിനൊന്നാമത്തെ വകുപ്പ്. ഇവിടെ പൊതു ചർച്ചയിൽ ഉയർന്നു വന്ന ചില അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ കൂടി മന്ത്രി ഇന്നലെ മറുപടി പറഞ്ഞതിനുശേഷമാണ് ഒഫിഷ്യൽ അമെന്റുമെന്റ് കൊണ്ടുവന്നത്. ഈ ഒഫിഷ്യൽ അമെന്റുമെന്റ് എന്നു പറയുന്നത് നിലവിൽ നമ്മൾ ചർച്ച ചെയ്യാൻവേണ്ടി അവതരിപ്പിച്ച ഈ ബില്ലിൽ വന്ന വകുപ്പുകളെ മൊത്തത്തിൽ മാറ്റിക്കൊണ്ടാണ്. വളരെ പ്രകടമായിട്ടുള്ള മാറ്റം ഇതിനകത്ത് വരുന്നു. അപ്പോൾ ഇന്നലെ ബഹുമാനപ്പെട്ട ശർമ്മ 16 അപ്പക്സ് സൊസൈറ്റികളുള്ളതിൽ 10 എണ്ണവും ഞങ്ങളുടെ കൈയിലാണിരിക്കുന്നത്. അപ്പക്സ് സൊസൈറ്റികൾ പിടിച്ചെടുക്കാനുള്ള ഉദ്ദേശമുണ്ടെങ്കിൽ അതെല്ലാം കൂടി എന്തിന് കളയണമെന്ന് അദ്ദേഹം ഇവിടെ ചോദിക്കുകയുണ്ടായി. അപ്പക്സ് സൊസൈറ്റികളെ സംബന്ധിച്ച് ഇവിടെ ചൂണ്ടിക്കാണിച്ച പ്രശ്നങ്ങൾ, ഇതിനകത്ത് തർക്കമുള്ള വകുപ്പുകളിൽ ഒന്നാണ് 11-ാം വകുപ്പ് പ്രതിപക്ഷത്തിന് തർക്കമുള്ള ഒരു വകുപ്പാണ്. അതനുസരിച്ച് 11-ാം വകുപ്പിൽ

LIBRARY ARCHIVES Kerala Legislative Assembly

ചൂണ്ടിക്കാണിച്ചിട്ടുള്ള പ്രശ്നങ്ങളെ സംബന്ധിച്ചുള്ള ചില നിർദ്ദേശങ്ങളുടെയും അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിലാണ്. ബഹുമാനപ്പെട്ട മന്ത്രി ഇന്ന് ഒഫിഷ്യൽ അമെന്റുമെന്റുകളായിട്ട് 1349-ഉം 1350-ഉം കൊണ്ടു വന്നിരിക്കുന്നത്. അതനുസരിച്ച് നിലവിലുള്ള അവസ്ഥ മുഴുവൻ മാറിയിരിക്കുകയാണ്. ഇവിടെ പൊതുവെ വന്ന അഭിപ്രായത്തിന് വ്യത്യസ്തമായിട്ടാണ് പ്രൈമറി സൊസൈറ്റികൾ അടക്കമുള്ള സഹകരണസ്ഥാപനങ്ങളുടെ കാലാവധി 5 വർഷമായി വർദ്ധിപ്പിച്ചിട്ടുള്ളത്. ഇവിടെ നേരത്തെ ഉണ്ടായിരുന്ന മൂന്നു വർഷമാണ് 5 വർഷമായിട്ട് വർദ്ധിപ്പിച്ചത്. ഈ കാലാവധി കുറയ്ക്കണമെന്നാണ് ഞാൻ ആവശ്യപ്പെട്ടത്. അതിനോട് വിയോജിപ്പാണ് മിക്കവാറും എല്ലാ അംഗങ്ങൾക്കും. ഞാൻ ഇത് പറയാനുണ്ടായ കാരണം, ഒരിക്കൽ ഒരു സൊസൈറ്റി ഭരണ സമിതിയിലേയ്ക്ക് ആളുകൾ വന്നു കഴിഞ്ഞാൽ പിന്നെ ആ സൊസൈറ്റിയുമായിട്ട് അവർ അങ്ങനെ ഇരിക്കുകയാണ്. ഇവിടെ കണ്ടു വരുന്ന പ്രവണത അതാണ്. പിന്നെ വരുന്ന ആളുകളെ അതിനകത്ത് അംഗങ്ങളായിട്ട് ചേർക്കുകയുമില്ല. കയറുന്നവർ അവിടെ തന്നെയിരിക്കും. വേറെ ഒരുത്തനെയും കയറ്റുകയില്ല. മെമ്പർഷിപ്പ് കൊടുക്കുന്നതടക്കം. ഇത് ഇലക്ടഡ് ബോഡിയാണ്. അപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നമ്മുടെ നിയമസഭ അതുപോലെ പാർലമെന്റ് എന്നിവയക്കുള്ള കാലാവധിയായ 5 വർഷം സഹകരണസ്ഥാപനങ്ങൾക്ക് കൊടുക്കേണ്ട ആവശ്യമില്ല. സഹകരണ സംഘങ്ങൾ എന്നു പറയുന്നത് ഗ്രാമപ്രദേശത്തെ ജനങ്ങളുമായിട്ട് ബന്ധപ്പെട്ടാണ് വരിക. പിന്നീടാണ് അതിനു മുകളിലുള്ള സെൻട്രൽ സൊസൈറ്റികളും അപ്പക്സ് സൊസൈറ്റികളുമൊക്കെ വരുന്നത്. ഈ സാഹചര്യമുള്ളതുകൊണ്ട് കാലാവധി 5 വർഷം ഇലക്ടഡ് ബോഡീസിനെല്ലാം വേണമെന്നുള്ള ഒരു ആഗ്രഹത്തോടുകൂടി പോകുകയും കുറെ ആളുകൾ അതിന്റെ തലപ്പത്ത് കയറിയിരുന്ന് ഒട്ടേറെ പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ്. ഞാൻ ഇത് പറഞ്ഞിരിക്കുന്നത്. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം ഇവിടെ വന്നിരിക്കുന്നത് എന്താണ് ? ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ ഇവിടെ ഒഫിഷ്യൽ ആയിട്ട് തന്നിരിക്കുന്നത്, ഈ ബില്ലിൽ പറഞ്ഞിരിക്കുന്നത് ഇവിടെ 1 എ (ബി) ഇത് രണ്ടും 1992-ൽ ഭേദഗതിമൂലം ഇൻകോർപ്പറേറ്റ് ചെയ്തതാണ്. 1 (എ) 1993-ൽ ഒരു ഓർഡിനൻസ് പ്രകാരം കൊണ്ടു വന്നതിനുശേഷം നിയമമാക്കി മാറ്റിയതാണ്. ആ വകുപ്പുകളെല്ലാം മാറ്റികൊണ്ടാണ് ഇപ്പോൾ പുതുതായിട്ട് ഇവിടെ 1 (എ) എന്ന് പറഞ്ഞ് ഒരു വകുപ്പ് ഇൻകോർപ്പറേറ്റ് ചെയ്യാൻ കൊണ്ടു വന്നിരിക്കുന്നത്. ഇപ്പോൾ നിലവിലുള്ള പ്രൊവിസോ "Provided also that the committee constituted prior to the commencement of the Kerala Co-operative Societies (Amendment) Act, 1999 shall be eligible to continue for a period of five years." എന്ന് പറഞ്ഞിട്ട് മന്ത്രി ഇപ്പോൾ കൊണ്ടു വന്നിരിക്കുന്ന ഭേദഗതിയെന്നു പറയുന്നത് "Provided also that the above proviso is not applicable to a committee where the committee has passed a resolution before the commencement of the Kerala Co-operative societies (Amendment) Act 1999, for the conduct of election thereof." അതായത് ഇപ്പോൾ നമ്മൾ പാസ്സാക്കുന്ന നിയമം

LIBRARY ARCHIVES Kerala Legislative Assembly

വന്നതിനുശേഷം വരുന്ന റിസലൂഷനെ സംബന്ധിച്ചാണ്. അതിന്റെ അർത്ഥം എന്താണ് ? 1350-ൽ കൊണ്ടുവന്നിരിക്കുന്ന ഭേദഗതി അനുസരിച്ച് ഇവിടെ വന്നിരിക്കുന്ന പ്രധാന തർക്കമെന്ന് പറയുന്നത്. അല്ലെങ്കിൽ പ്രധാനപ്പെട്ട പ്രശ്നമെന്ന് പറയുന്നത്, അപ്പക്സ് സൊസൈറ്റികൾ പിരിച്ചുവിടാനുള്ള താല്പര്യം കാണിക്കുന്നു. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് 5 വർഷം വരെ നിയമം വന്നാലും തുടരാനുള്ള സൗകര്യം ചെയ്തു കൊടുത്തിട്ട് എന്തിന് ഈ അപ്പക്സ് സൊസൈറ്റികളെ മാത്രമായിട്ട് പിരിച്ചുവിടാനുള്ള നിലപാട് സ്വീകരിക്കുന്നു ? പ്രൈമറി സംഘങ്ങളും അപ്പക്സ് സൊസൈറ്റികളും തമ്മിൽ വ്യത്യാസമുണ്ട്. നേരത്തെ കൊണ്ടുവന്ന നിയമമനുസരിച്ച് ഇവിടെ പറഞ്ഞിരിക്കുന്നത്. there shall be elected to the committee of an apex society, one member each from each revenue district, elected by the delegates of the affilliated societies of the respective districts, from among themselves :

Provided that in cases where there is only one affilliated society in the district, the delegate of such society shall be the member of the committee of such apex society. ഇത് ഞങ്ങൾക്ക് പ്രധാനമായിട്ട് തർക്കമുള്ള വകുപ്പാണ്. അതു മാത്രമേ റെയ്സ് ചെയ്യുന്നുള്ളൂ. ഞങ്ങളുടെ പൊതുവായ ഒരു സമീപനമാണത്. ഇവിടെ മന്ത്രി കൊണ്ടുവന്നിരിക്കുന്ന "(1 A) (i) Not withstanding anything contained in sub-section (1), the committee of an apex society shall be constituted by the General Body for which the delegates of the primary societies in each district affiliated to such apex society shall elect from among themselves a total of one third of such delegates subject to a maximum of three who shall be entitled to contest the election to the committee of the apex society representing that District :

Provided that in case where there is only one affiliated society... അത് നേരത്തെയുള്ളതിലും പറഞ്ഞിരിക്കുന്നു. അത് ഇങ്ങോട്ട് റിപ്പീറ്റ് ചെയ്തിരിക്കുന്നു. ഇവിടെ each district affiliated to such apex society shall elect from among themselves a total of one third of such delegates subject to a maximum of three മന്ത്രി അത് കൊണ്ടുവന്നത് എന്തിനാണ് ? ഒരു റവന്യൂ ഡിസ്ട്രിക്റ്റിൽ നിന്ന് ഒന്ന് എന്നുള്ള സ്ഥാനത്തുനിന്നും മാറി അതൊരു second court-ൽ വന്നിരിക്കുകയാണ്. നമുക്ക് തർക്കമില്ലാതെ പാസ്സാക്കുവാൻ സാധിക്കും. ഇപ്പോൾ നിലവിലിരിക്കുന്ന അപ്പക്സ് സൊസൈറ്റികൾക്ക്, കാലാവധി പൂർത്തിയാകാത്ത നമ്മൾ പൊതുവായി അംഗീകരിച്ചിരിക്കുന്ന സൊസൈറ്റികളെ 5 വർഷക്കാലം തുടരാൻ എന്തുകൊണ്ട് അനുവദിക്കാൻ പാടില്ല. അപ്പക്സ് സൊസൈറ്റികളെ മാത്രമായി എന്തിന് പിരിച്ചുവിടണം. അവർ പോകട്ടെ എന്നൊരു സമീപനം ഗവൺമെന്റ് സ്വീകരിക്കാതിരുന്നാൽ ഈ വകുപ്പ് നമുക്ക് ഐകകണ്ഠ്യേന പാസ്സാക്കാം. ഇവിടെ വന്ന തർക്കമെന്ന് പറയുന്നത്, സഹകരണസ്ഥാപനങ്ങളെ പിടിച്ചെടുക്കാൻ നോക്കുന്നു. അത് ഇല്ലായെന്ന് പറയുന്നുണ്ട്. അങ്ങ് പറഞ്ഞ ഒരു ന്യായം 10 എണ്ണം എൽ. ഡി. എഫിന്റെ കൈയിൽ ഇരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സമ്മതിച്ചു. എൽ. ഡി. എഫിന്റെ കൈവശമിരിക്കുന്നത് കാലാവധി പൂർത്തിയായില്ലെങ്കിൽ തുടരട്ടെ, 10 എണ്ണം എൽ. ഡി. എഫിന്റെ കൈയിലും ആറെണ്ണം ഇപ്പുറത്തും, ഇത് രണ്ടും തുടരട്ടെ, 5 വർഷം പോകട്ടെ, ബാക്കി പ്രൈമറി സൊസൈറ്റികൾക്ക് 5 വർഷം വരെ തുടരാനുള്ള അവസരമുണ്ടെങ്കിൽ എന്തുകൊണ്ട് ഈ അപ്പക്സ് സൊസൈറ്റികളെ തുടരാൻ അനുവദിക്കുവാൻ പാടില്ല. ഇന്നലെ മന്ത്രി പറഞ്ഞ ന്യായീകരണം, ഞങ്ങൾക്ക് സംഘങ്ങൾ കൂടുതൽ ഉണ്ട്. അതൊരു ന്യായമല്ല. ഇടതുപക്ഷമാണെങ്കിലും വലതുപക്ഷമാണെങ്കിലും അപ്പക്സ് സൊസൈറ്റികൾ എത്രയുണ്ടോ നമ്മൾ പൊതുവായി ഈ സഭയെ അംഗീകരിക്കുന്ന സാഹചര്യം വച്ചുകൊണ്ടുതന്നെ മുന്നോട്ടുപോകുമ്പോൾ 5 വർഷമെന്നുള്ളത് സമ്മതിക്കണം. ഇവിടെ (1 ബി)യിൽ പുതിയ അമന്റുമെന്റ് കൊണ്ടുവന്നിട്ടുണ്ട്. അതായത്. for the word "elevan" the word "fifteen" shall be substituted. 1 (ബി)-യിൽ നേരത്തെ പറഞ്ഞിരിക്കുന്നത്. (1B) Notwithstanding anything contained in the bye-laws of a society, the maximum number of members of the Committee shall not exceed eleven, in the case of primary co-operative societies,... ആ 11-നെയാണ് 15 ആക്കി മാറ്റിയത്. അത് and twenty-five in the case of all other types of co-operative societies. അത് നിലനില്ക്കുകയാണ്. ഈ 11 എന്തിനാണ് 15 ആക്കി മാറ്റുന്നത് ? പ്രൈമറി സൊസൈറ്റികളിൽ അംഗസംഖ്യ കുറയട്ടെ. ഇപ്പോൾ ഒരു ഗ്രാമപഞ്ചായത്തിൽ സാധാരണ ആവറേജ് ഇപ്പോഴത്തെ വാർഡ് ഡിലിമിറ്റേഷൻ കഴിയുമ്പോൾ 10 മെമ്പർമാരെ ഉള്ളൂ, പത്തേ വരുന്നുള്ളൂ. ഈ സഹകരണ സ്ഥാപനങ്ങളിൽ 11 എന്നുള്ളത് 15 ആക്കുന്നത് എന്തിനാണ് ? ബഹുമാനപ്പെട്ട മന്ത്രി എന്താണ് ഉദ്ദേശിക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. എന്തിന് നിങ്ങൾ കൂട്ടുന്നു. നിങ്ങൾ തന്നെ ആദ്യം കൊണ്ടുവന്ന പ്രൊപ്പോസലിൽ 11-എന്നു പറഞ്ഞു. ഇപ്പോൾ 15 ആക്കുന്നു. ഒരു പഞ്ചായത്തിൽ പത്ത് അംഗങ്ങളെക്കൊണ്ട് നിറുത്തുന്നുവെങ്കിൽ അതിനേക്കാൾ ചെറുതായിട്ടുള്ളതായിരിക്കും പല സൊസൈറ്റികളും. നമ്മൾ കൊണ്ടുവന്ന നിയമനുസരിച്ച് ഒരു പഞ്ചായത്തിൽ ഒരു സൊസൈറ്റിയെന്നുള്ള concept-ലേയ്ക്ക് വരുന്നുവെങ്കിൽ, കൂടുതൽ ഉണ്ടെങ്കിൽ തുടരട്ടെ എന്നുപറഞ്ഞത്, അവരെ disturb ചെയ്യണ്ട, നമ്മൾ പുതിയതായിട്ട് എടുത്തിരിക്കുന്ന സമീപനമാണ്, ഒരു പഞ്ചായത്തിൽ 11 വാർഡ്, സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തിൽപോലും വരുന്നത് പതിനൊന്ന്, പന്ത്രണ്ടാണ്. ആ സ്ഥാനത്ത് ഒരു പ്രാഥമിക സഹകരണസംഘത്തിൽ 15 അംഗങ്ങളെ കൊണ്ടുവന്ന് അവർക്ക് ടി.എ., ഡി.എ., അവരുടെ അലവൻസ് മറ്റ് കാര്യങ്ങൾ, ഇതൊക്കെ കൊടുക്കേണ്ട സാഹചര്യമുണ്ടാക്കി സൊസൈറ്റികളെ എന്തിന് ഈ മട്ടിലാക്കുന്നു. 11 പേർ ഭരിച്ചാൽ പോരേ ? എന്റെ അഭിപ്രായത്തിൽ 11-ന് താഴെ കൊണ്ടുവരണമെന്നാണ്. വാർഡ് നമ്മളല്ലേ കൂട്ടുന്നത്. ഡീ ലിമിറ്റേഷനിൽ ഒരു പഞ്ചായത്തിൽ 10 വാർഡ് വരെയാക്കാം. ഇവിടെ 15 എന്നാണ് നിങ്ങൾ പറഞ്ഞിരിക്കുന്നത്. (1 B) Notwithstanding anything contained in the bye-laws of a society, the maximum number of members of the committee shall not exceed eleven,... അത് 15 ആക്കി മാറ്റി, 11 തന്നെ കൂടുതലാണെന്ന് നിങ്ങൾ തെളിവെടുക്കാൻ പോയപ്പോൾ അഭിപ്രായപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതിപ്പോൾ ഇവിടെ കൊണ്ടുവന്ന് 15 ആക്കുകയാണ്. അതൊരു സദുദ്ദേശപരമായ സമീപനം അല്ല. അതുകൊണ്ട് ഇങ്ങനെയൊരു സമീപനം സ്വീകരിക്കരുത്. അതിനുശേഷമാണു (1-സി) കൂടി incorporate ചെയ്തിരിക്കുന്നത്. (1-സി)-യിൽ Notwithstanding anything contained in the Bye-laws of any Federal Co-operative Society, the number of individuals in the society and the Committee thereof shall not exceed twenty five per cent of the total number of members in the society or in the Committee as the case may be". എന്ന് പറഞ്ഞ് മന്ത്രി ഇപ്പോൾ പുതിയൊരു ക്ലാസ് കൂടി കൂട്ടിച്ചേർത്തിരിക്കുകയാണ്. അങ്ങനെ മൊത്തത്തിൽ നോക്കുമ്പോൾ നിയമസഭയിൽനിന്നും വന്നതിൽനിന്നും entirely different ആയിട്ട് ഈ ഒഫീഷ്യൽ അമന്റ്മെന്റ് കൊണ്ടുവന്നിരിക്കുകയാണ്. ഇതിനകത്ത് എന്തോ പ്രശ്നമുണ്ട്. എന്തോ എവിടെയോ ചീഞ്ഞുനാറുന്നു. ആ കാര്യത്തിൽ സംശയമൊന്നുമില്ല. അതുകൊണ്ട് മന്ത്രി അത് ദൂരീകരിച്ച് എല്ലാവരും 5 വർഷം തുടരട്ടെ, എന്തിനാണ് ഇടയ്ക്ക് വച്ച് ഓരോരുത്തരെ പിരിച്ചുവിടുന്നത്. അങ്ങനെ അനുകൂലമായ ഒരു സമീപനം ബഹുമാനപ്പെട്ട മന്ത്രി ശർമ്മയുടെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. അതുകൊണ്ട് ഞാൻ ഈ ഭേദഗതി ഇവിടെ അവതരിപ്പിക്കുന്നു.

Shri. Aryadan Mohammed : Sir, I move the following amendments :

(689) In item (i) of sub-section (1 A) of section 28 of the Principal Act proposed to be substituted by clause 11 (ii) delete the word "elected" coming after "district" and before "by the delegates."

(737) Section 28 (1 A) (iii) of the Principal Act proposed to be substituted by clause 11 (ii) shall be deleted.

(760) In item (iii) of sub-section (1 A) of section 28 of Principal Act proposed to be substituted by clause 11 (ii), after "powers and functions of the Committee" insert "other than admitting new members".

(774) Section 28 (1 A) (iii) of the Principal Act proposed to be substituted by clause 11 (ii) after "administrator" insert "who shall be the president or vice president or any of the members of the committee which ceased to exist under clause (ii) of sub-section (1A)".

(816) To sub-section (1 B) of section 28 of the Principal Act proposed to be substituted by clause 11 (ii) add the following proviso :

"Provided that the quorum for a duly constituted meeting of the Committee shall be fifty per cent of the total number of elected members in the Committee".

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട ടി. എം. ജേക്കബ് ആ കാര്യങ്ങളൊക്കെ ഇവിടെ പറഞ്ഞു. ഏതായാലും ഒരു പ്രധാനപ്പെട്ട കാര്യം ഇതിനകത്ത് "(1 A) (i) Notwithstanding anything contained in sub-section (1), there shall be elected to the committee of an apex society, one member each from each revenue district .... അതാണ് ഇവിടെ പ്രശ്നം, ഇതിനകത്ത് പ്രധാനപ്പെട്ട ഒരു കാര്യമുള്ളത് ഞാൻ കഴിഞ്ഞ പ്രാവശ്യം സംസാരിച്ചപ്പോൾ വ്യക്തമാക്കിയതാണ്. ഒരു ജില്ലയിൽനിന്ന് ആ ജില്ലയിലെ പ്രതിനിധികൾ തെരഞ്ഞെടുക്കപ്പെടണമെന്ന് പറയുന്നത് അപ്പക്സ് സംഘങ്ങളെ സംബന്ധിച്ചിടത്തോളം അപ്രായോഗികമാണ്. അപ്രായോഗികമാണെന്ന് ഞാൻ പറയാൻ കാരണം. ഞാൻ ഇന്നലെ ഇവിടെ ചൂണ്ടിക്കാണിച്ചു, സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയനിൽ ഒരു ഘട്ടത്തിൽ പല ജില്ലകളിൽ നിന്നും പ്രതിനിധികളില്ലാതെ അവിടെ തുടരേണ്ടിവന്നു. എന്തായിരുന്നു കാരണം ? ചില ജില്ലകളിൽ നിന്നും രണ്ടാളുകൾ, ചില ജില്ലകളിൽനിന്നും മൂന്നാളുകൾ, ചില ജില്ലകളിൽനിന്നും നാലാളുകൾ. നാലാളുകൾ പ്രതിനിധിയായുള്ള ജില്ലകളിൽ യു. ഡി. എഫിന് രണ്ട്, എൽ.ഡി.എഫിന് - 2, പ്രൊപ്പോസ് ചെയ്യാൻ ഒരാൾ, സെക്കന്റ് ചെയ്യാൻ ആൾ ഇല്ലാത്തതുകൊണ്ട് പല ജില്ലകൾക്കും പ്രാതിനിധ്യമുണ്ടായില്ലെന്ന വസ്തുത നമ്മുടെ കൺമുൻപിലുണ്ട്. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയനിൽ ഞാൻ മാനേജിംഗ് കമ്മിറ്റി മെമ്പർ ആയിരുന്ന കാലത്തെ അനുഭവമാണ് ഞാൻ പറയുന്നത്. അതേ രൂപത്തിലാണ് ഇവിടെ വരാൻ പോകുന്നത്. അഗ്രികൾച്ചറൽ ബാങ്കാണെങ്കിലും കൊള്ളാം, വേറെ ബാങ്കാണെങ്കിലും കൊള്ളാം താലൂക്കടിസ്ഥാനത്തിൽ ബാങ്ക് വേണമെന്ന് പറയുന്നു. നാല് താലൂക്കുണ്ട്. നാല് താലൂക്കുകളിൽ നിരവധി ജില്ലകൾ ഈ സംസ്ഥാനത്തുണ്ട്. ആ നാല് താലൂക്കിൽ രണ്ടും രണ്ടും വന്നാൽ എന്താണ് സ്ഥിതി ? നിയമത്തിൽ ഒരു വ്യവസ്ഥ കൊണ്ടുവന്നിരിക്കുന്നു. ഒരാൾ ആണെങ്കിൽ അദ്ദേഹത്തിനെ തെരഞ്ഞെടുത്തതായി കണക്കാക്കണം. രണ്ടാൾ ആണെങ്കിലോ എന്തു ചെയ്യും ? പ്രൊപ്പോസ് ചെയ്യാൻ ആൾ ഉണ്ട്, സെക്കന്റ് ചെയ്യാൻ ആരെക്കിട്ടും ? ഒരാൾ എങ്കിൽ ഡയറക്ടർ ബോർഡിൽ എത്തും, രണ്ടാൾ ആണെങ്കിൽ ഡയറക്ടർ ബോർഡിൽ വരാൻ സാധിക്കുകയില്ല. നാലാൾ ഉണ്ട്. നമ്മുടെ സംസ്ഥാനം നമ്മൾ എന്തു പറഞ്ഞാലും വളരെയധികം രാഷ്ട്രീയ പ്രസരം കൂടിയ ഒരു സംസ്ഥാനമാണല്ലോ. അതുകൊണ്ടാണല്ലോ ഈ ബില്ലൊക്കെ കൊണ്ടുവരേണ്ടി വരുന്നത്. ഏതായാലും ഞാൻ പറയട്ടെ, ആ സന്ദർഭത്തിൽ രണ്ടും രണ്ടും വന്നാൽ എന്തു ചെയ്യും. ഇവിടെ യു. ഡി. എഫ് ആണെങ്കിലും എൽ. ഡി. എഫ് ആണെങ്കിലും neck to neck അല്ലേ എല്ലാ തെരഞ്ഞെടുപ്പിലും. ഈ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഞങ്ങൾക്ക് ആറ് ലക്ഷം വോട്ട് കൂടി. അത് വേറെ കേസ്, സാധാരണ വരുന്നത് അങ്ങനെയല്ലേ. ഞാൻ പറയുന്നു, പ്രായോഗികമായി ഈ കാര്യങ്ങൾ ആലോചിക്കണം. അപകടം പിടിച്ച ക്ലാസ്സാണ്, ഈ ജില്ലാടിസ്ഥാനത്തിലുള്ള തെരഞ്ഞെടുപ്പ്. ആ കാര്യം ഇവിടെ തന്നെ എന്റെ സ്നേഹിതൻ ശ്രീ. ടി. എം. ജേക്കബ് ചൂണ്ടിക്കാണിച്ചു. നിലവിലുള്ള ബാക്കി സംഘങ്ങളൊക്കെ ഇതിന്റെ തണലിൽ അഞ്ച് കൊല്ലത്തേയ്ക്ക് പോകുകയാണ്. ഞാൻ എതിരല്ല, പോകട്ടെ, പക്ഷേ ഒരു കാര്യം, അതേയവസരത്തിൽ ഈ നിയമത്തിന്റെ പേരിൽ നിലവിലുള്ള സംഘങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലാതാകുന്നു. സീസ് ചെയ്യപ്പെടുന്നത് ശരിയാണോ ? ഒരു ഭാഗത്ത് ജനങ്ങൾ തെരഞ്ഞെടുത്ത് മൂന്ന് കൊല്ലത്തേയ്ക്കുള്ള ആളുകൾ 5 കൊല്ലത്തേയ്ക്ക് പോകുന്നു. അതിന് ഞാൻ എതിരല്ല. അതേ അവസരത്തിൽ 3 കൊല്ലക്കാലത്തേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ആളുകളെ ഒരു നിയമം ഉപയോഗിച്ചുകൊണ്ട്, ഒരു വകുപ്പുപയോഗിച്ചുകൊണ്ട് പിരിച്ചുവിടുന്നു. സാമാന്യ നീതി വേണ്ടേ? പ്രായോഗിമല്ല എന്നുള്ളതാണ് ഒന്ന്. മറ്റൊന്ന് ഒരു സാമാന്യനീതിപോലു മില്ലാത്ത, ഒട്ടും ന്യായമില്ലാത്ത ഇത് ഒരു കോടതിയിലേ എത്തൂ. അതിന് യാതൊരു സംശയവും വേണ്ട. ഞാൻ നേരത്തെ പറഞ്ഞല്ലോ, ഇതൊക്കെ കോടതിയിൽ പോയേ അവസാനിക്കൂ. ഒരു സംശയവും നിങ്ങൾക്കു വേണ്ട. അത് എന്നിട്ടേ അവസാനിക്കൂ. ആ നിലയിലേയ്ക്കു കൊണ്ടുപോയി ഇത് തകർക്കണോ ? അതാണ് നാം ആലോചിക്കേണ്ട കാര്യം. അതുപോലെ അഡ്മിനിസ്ട്രേറ്റർ, പല സംഘങ്ങൾക്ക്, പല അപക്സ് സൊസൈറ്റികൾക്ക് ഇങ്ങനെയൊരു നിയമം ഉണ്ടാകുമെന്ന് അറിയില്ലല്ലോ. അന്ന് നിലവിലുള്ള നിയമവും ബൈലയും അനുസരിച്ച് അവരൊക്കെ തെരഞ്ഞെടുക്കപ്പെട്ടുവന്നു. അവരൊക്കെ തെരഞ്ഞെടുക്കപ്പെട്ടു വന്നതിനു ശേഷം ഇപ്പോൾ എന്താണ് സ്ഥിതി ? ആ തെരഞ്ഞെടുക്കപ്പെട്ടുവന്ന ആളുകളെ മുഴുവൻ പുറത്താക്കുന്നു. പുതിയ ഒരു നിയമം കൊണ്ടുവന്ന് അവരെ പുറത്താക്കുന്നു. പുറത്താക്കിയിട്ട് എന്താണ് പറയുന്നത് ? രജിസ്ട്രാർക്ക് അധികാരമാണ്. അവരെ പുറത്താക്കി ക്കഴിഞ്ഞാൽ, ഈ നിയമം പാസ്സാകുന്നതോടുകൂടി അവർ സ്വയം ഇല്ലാതാകുന്നു. നിയമത്തിലെ രണ്ടാമത്തെ വ്യവസ്ഥ എന്താണ് ? (ii) Notwithstanding anything contained in this Act, where the committee of an apex society constituted not in accordance with the provisions contained in clause (i)... ക്ലോസ് 1 ഇപ്പോഴാണ് വരുന്നത്. അതനുസരിച്ച് ഒരു സംഘം ഇന്ന് നിലവിലില്ലെങ്കിൽ എന്തുവേണം ? is in existence at the commencement of the Kerala Co-operative Societies (Amendment) Act, 1999, it shall cease to exist on the commencement of the said Act. ബഹുമാനപ്പെട്ട നിയമമന്ത്രി, ഇതിൽ വല്ല ന്യായവും നീതിയും ഉണ്ടോ ? ഞാൻ ചോദിക്കട്ടെ. ബി. ജെ. പി. ഗവൺമെന്റ് അധികാരത്തിലുണ്ട്. അവർ ഒരു നിയമം കൊണ്ടുവന്നു. മന്ത്രിമാരെ പിരിച്ചുവിടാൻ വേണ്ടി. നിങ്ങൾ പിരിഞ്ഞു പോകേണ്ടതാണെങ്കിലും നമുക്ക് സമ്മതിക്കാൻ പറ്റുമോ ?

ശ്രീ. ടി. കെ. ഹംസ : 5 കൊല്ലത്തേയ്ക്ക് തെരഞ്ഞെടുത്തത് ബഹുമാനപ്പെട്ട എം. വി. രാഘവന്റെ കാലത്ത് 3 കൊല്ലത്തേയ്ക്കാക്കി ചുരുക്കിയല്ലോ ? ഈ ന്യായം എന്താണ് അന്ന് പറയാത്തത് ?

ശ്രീ. ആര്യാടൻ മുഹമ്മദ് : ഞാൻ പറയാം. ബഹുമാനപ്പെട്ട ചീഫ് വിപ്പോ ഞാൻ ഈ കാര്യമൊക്കെ പഠിച്ചിരിക്കുന്നു. ശ്രീ. ഇ. ചന്ദ്രശേഖരൻ നായരെപ്പോലെ എമിനന്റായിട്ടുള്ള ആളുകൾ, കോ-ഓപ്പറേറ്റേഴ്സ് ഉണ്ടാക്കിയ റിപ്പോർട്ടിൽ എത്ര കൊല്ലമാണ് പറഞ്ഞിട്ടുള്ളത് ? അറിയാമോ ? 1998-ൽ കൊടുത്ത റിപ്പോർട്ടിൽ 3 കൊല്ലമാണ്. മനസ്സിലായോ ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസ മേനോൻ) : സർ, നമ്മുടെ ബഹുമാന്യ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധി ഉദ്ഘാടനം ചെയ്ത ഇന്ത്യൻ കോ-ഓപ്പറേറ്റീവ് കോൺഗ്രസിലുള്ള മോഡൽ ബൈലായിൽ എത്ര കൊല്ലമാണ് ? 5 കൊല്ലമല്ലേ ?

ശ്രീ. ആര്യാടൻ മുഹമ്മദ് : മോഡൽ ബൈലയിൽ 5 കൊല്ലം. ആ മോഡൽ ബൈല നോക്കി വി. രാമചന്ദ്രൻ കമ്മിറ്റി, ബഹുമാന്യനായ ഇ. ചന്ദ്രശേഖരൻ നായർ ഉൾപ്പെടെയുള്ള കമ്മിറ്റി റെക്കമെന്റ് ചെയ്തത് 3 കൊല്ലമാണ്. ഈ കാര്യത്തിലൊക്കെ നിങ്ങളെക്കാൾ കൂടുതൽ അറിയാവുന്ന ഒരാളും ഒരു എമിനന്റ് കോ-ഓപ്പറേറ്ററും ശ്രീ. ഇ. ചന്ദ്രശേഖരൻ നായരാണ്. ഇങ്ങനെ അദ്ദേഹത്തെ ചോദ്യം ചെയ്യാൻ ഞാൻ സമ്മതിക്കില്ല. ഏതായാലും ഞാൻ അത് വിടുന്നു.

ശ്രീ. ടി. ശിവദാസമേനോൻ : കോ-ഓപ്പറേറ്റീവ് കോൺഗ്രസിലുള്ള ശുപാർശ എത്ര കൊല്ലമാണ് ?

ശ്രീ. ആര്യാടൻ മുഹമ്മദ് : പ്ലാനിംഗ് കമ്മീഷനിൽ മോഹൻദാരി അടക്കമുള്ള ആളുകൾ, അവരെല്ലാം eminent co-operators of this country, അവരെല്ലാം കൂടിയിട്ടുള്ള ഒരു കമ്മിറ്റി വച്ച് ആ കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശം 3 കൊല്ലമാണ്. ആ കമ്മിറ്റിയുടെ അടിസ്ഥാനത്തിൽ ഇവിടെയുണ്ടാക്കിയ കമ്മിറ്റിയും പറഞ്ഞത് 3 കൊല്ലമാണ്. അതിനെക്കാളും വലുതാണ് മറ്റേത് എന്ന് ഞാൻ വിശ്വസിക്കുന്നില്ല. എനിക്ക് വേറൊരുകാര്യം പറയാനുള്ളത് എന്താണെന്നറിയാമോ ? ശ്രീ. എം. വി. രാഘവൻ മൂന്നാക്കിയത് കൊണ്ട് ഇവർ അഞ്ച് ആക്കുന്നു. നല്ല കാര്യം. 5-ന്റെ ആവശ്യം ഉണ്ടോ, ഇല്ലയോ എന്നല്ല. എം.വി. രാഘവൻ കൊണ്ടു വന്നതിനെതിരെ, ഇങ്ങനെ പോയാലോ ? ഏതായാലും ഞാൻ 5-ന് എതിരല്ല. പക്ഷെ.....

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : നേരത്തെ 3 കൊല്ലമായിരുന്നു. അതുകഴിഞ്ഞ് നമ്മളെല്ലാം കൂടിയുള്ള കോ-ഓപ്പറേറ്റീവ് കോൺഗ്രസാണ് 5 കൊല്ലമാക്കി ഏകകണ്ഠമായി പാസ്സാക്കിയത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : അവർക്കൊന്നും സംസാരിക്കാൻ അമെന്റുമെന്റില്ലാത്തതുകൊണ്ട് അവസരമില്ല. അഭിപ്രായ സ്വാതന്ത്ര്യമൊക്കെ അനുവദിക്കുന്ന ഒരു പാർട്ടിയല്ലേ എന്റെ പാർട്ടി. അതുകൊണ്ട് ഞങ്ങൾ അനുവദിക്കുകയാണ്. അവരെപ്പോലെയല്ലല്ലോ നമ്മൾ. അതുകൊണ്ട് എനിക്കു പറയാനുള്ളത്, ഒരു ന്യായവും ഇല്ലാത്ത കാര്യമാണിത്. 3 കൊല്ലം 5 കൊല്ലമാക്കിക്കൊടുക്കുന്നത് നല്ലകാര്യമാണ്. ഞാൻ സമ്മതിക്കുന്നു. എന്നിട്ട് 3 കൊല്ലക്കാരനെ ഒരു കൊല്ലം തികയുമ്പോൾ പിരിച്ചുവിടുന്നു. എന്തു ന്യായമാണ് ? അതല്ലേ നിങ്ങളുടെ അമെന്റുമെന്റ്, ശ്രീ. ചന്ദ്രശേഖരൻ നായർ ? അങ്ങ് 5 കൊല്ലത്തെ ന്യായീകരിക്കുന്നു. ശ്രീ. ടി. ശിവദാസമേനോൻ 5 കൊല്ലത്തെ ന്യായീകരിക്കുന്നു. ഞാൻ എതിർക്കുന്നില്ല 3 കൊല്ലത്തേയ്ക്ക് ജനങ്ങൾ തെരഞ്ഞെടുത്ത ആളുകൾക്ക് 5 കൊല്ലം കൊടുക്കുന്നു. ഞാൻ എതിർക്കുന്നില്ല. അതേയവസരത്തിൽ ജനങ്ങൾ 3 കൊല്ലത്തേയ്ക്ക് തെരഞ്ഞെടുത്തയാളുകളെ 6 മാസം നിൽക്കാൻ സമ്മതിക്കാതെ പിരിച്ചുവിടുന്നു. ശ്രീ. രാഘവൻ ചെയ്തതുപോലെ നിഷ്ഠൂരമായ പ്രവർത്തിയല്ലേ ശിവദാസമേനോൻ ഈ ചെയ്യുന്നത് ? എന്താണ് അങ്ങേയ്ക്ക് ഇതിൽ പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ശിവദാസമേനോൻ : രാഘവനെപ്പോലെ നിഷ്ഠൂരം എന്നു പറഞ്ഞാൽ രാഘവൻ നിഷ്ഠൂരനാണെന്ന് സമ്മതിച്ചല്ലോ ?

ശ്രീ. ആര്യാടൻ മുഹമ്മദ് : ഞാൻ പറഞ്ഞതിന്റെ അർത്ഥം എന്താണെന്നു വച്ചാൽ നിങ്ങൾ നിഷ്ഠൂരം എന്നുപറയുന്നു എന്നാണ്. പക്ഷെ ഞാൻ ഒരു കാര്യം പറയട്ടെ. ഒരു കാര്യം ഞാൻ സമ്മതിക്കുന്നു. അദ്ദേഹം നിങ്ങളിൽ പലരേയും പലതും പഠിപ്പിച്ച ആളാണല്ലോ. അതുകൊണ്ട് അതിന്റെ ചെറിയ അംശങ്ങൾ ഒക്കെ അദ്ദേഹത്തിൽ ഇപ്പോഴും കാണും. അതിൽ എനിക്ക് എതിർപ്പൊന്നുമില്ല. ഞാൻ തർക്കിക്കുന്നില്ല. നിങ്ങളെ പലരേയും ഈ സ്ഥാനത്തേയ്ക്ക് കൊണ്ടുവന്നത് രാഘവനാണല്ലോ. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. 3 കൊല്ലക്കാലത്തേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ആളുകളെയൊക്കെ പിരിച്ചുവിടുകയാണ്. പിരിച്ചുവിട്ടിട്ട് രജിസ്ട്രാർ എന്നുപറയുന്ന ഉദ്യോഗസ്ഥർ, രജിസ്ട്രാർ നല്ലവനായിരിക്കാം. രജിസ്ട്രാറെപ്പറ്റി വ്യക്തിപരമായി ഒന്നും ഞാൻ പറയില്ല. അവരൊക്കെ പാവപ്പെട്ട ഉദ്യോഗസ്ഥൻമാരാണ്. ഇനി രജിസ്ട്രാർക്കുള്ള അധികാരം ഉണ്ടല്ലോ. അതിൽ പലതും ഡെലിഗേറ്റ് ചെയ്ത് ഇൻസ്പെക്ടറുടെ കൈയിലേയ്ക്കു വരെ പോകുന്നു. അത് രജിസ്ട്രാറുടെ കൈയിലാണ്. അത് ആക്ടിൽ പറയുന്നതല്ല. അഡീഷണൽ രജിസ്ട്രാർക്കു പോകുന്നു, ജോയിന്റ് രജിസ്ട്രാർക്ക് പോകുന്നു, ഡെപ്യൂട്ടി രജിസ്ട്രാർക്കു പോകുന്നു അസിസ്റ്റന്റ് രജിസ്ട്രാർക്ക് പോകുന്നു, ഇൻസ്പെക്ടർ വരെ പോകുന്നു. അതൊക്കെ ഇവിടെ രജിസ്ട്രാർ എന്നാണ്. അവരൊക്കെ പ്രയോഗിക്കുന്നത്. പക്ഷെ ഈ അപ്പക്സിന്റെ കാര്യത്തിൽ രജിസ്ട്രാർ ആണ് പ്രയോഗിക്കുന്നത്. അവർ ഇതോടുകൂടി പോകുന്നു. പോയിക്കഴിഞ്ഞാൽ ഉടനെ രജിസ്ട്രാർ ഒരു കമ്മിറ്റി ഉണ്ടാക്കുന്നു. രജിസ്ട്രാർ അഡ്മിനിസ്ട്രേറ്ററെ വയ്ക്കുന്നു. എന്തൊരു ജനാധിപത്യ സമ്പ്രദായമാണിത്. 3 കൊല്ലക്കാലത്തേയ്ക്ക് തെരഞ്ഞെടുത്തവരെ മുഴുവൻ പുറത്തുവിട്ടിട്ട് രജിസ്ട്രാർ എന്നുപറയുന്ന ഒരു ഉദ്യോഗസ്ഥൻ ഒരു കമ്മിറ്റി വയ്ക്കുന്നു. അല്ലെങ്കിൽ ഒരു അഡ്മിനിസ്ട്രേറ്ററെ വയ്ക്കുന്നു. ആ അഡ്മിനിസ്ട്രേറ്റർക്ക് എല്ലാ അധികാരവും, മെമ്പറെ ചേർക്കാനുള്ള അധികാരം വരെ കൊടുക്കുന്നു. ഇവിടെ തന്നെ കേസ് സുപ്രീംകോടതിയിൽ കിടക്കുകയാണ്. ഇത് കൊടുക്കാൻ പാടില്ലെന്നും പാടുണ്ടെന്നും ഒക്കെ പറഞ്ഞ് കോടതിയിൽ കേസ് കിടക്കുകയാണ്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. Anyway, that case is pending before the supreme court. ആ സന്ദർഭത്തിലല്ലേ രജിസ്ട്രാർക്ക് ഈ അധികാരം കൊടുക്കുന്നത് ? എന്നിട്ട് രജിസ്ട്രാർ എന്നു പറയുന്ന ഒരു ബ്യൂറോക്രാറ്റിന്റെ കൈയിലേയ്ക്ക്, ജനങ്ങൾ തെരഞ്ഞെടുത്ത ജനാധിപത്യ പ്രസ്ഥാനത്തിനെ തെരുവിലേയ്ക്ക് തള്ളി വിട്ടിട്ട്, ഒരു ബ്യൂറോക്രാറ്റിന്റെ കൈയ്യിലേയ്ക്ക് ഇത് ഏൽപ്പിക്കുന്ന ഈ വ്യവസ്ഥ ഉൾക്കൊള്ളുന്ന ഈ നിയമത്തിനെ എന്തു ജനാധിപത്യം എന്നാണ് നിങ്ങൾ പറയുന്നത് ?

ജനാധിപത്യ സംരക്ഷണം ഇങ്ങനെയാണോ ? ഞാൻ നിങ്ങളോട് ചോദിക്കുന്നു. അതുകൊണ്ട് ബഹുമാനപ്പെട്ട ശർമ്മയോട് ഞാൻ
5 P.M.] പറയട്ടെ, ഇത് അംഗീകരിച്ചുപോകുന്നത് ജനാധിപത്യത്തിന് ഏറ്റവും വലിയ അപകടമാണെന്ന് മാത്രമല്ല ഇതിനെ നിങ്ങൾ തകർക്കരുത്. നിങ്ങളുടെ ജനാധിപത്യസങ്കൽപ്പം എന്നു പറയുന്നത് ഇതാണെന്ന് ലോകത്തിനു

LIBRARY ARCHIVES Kerala Legislative Assembly

പോലും വ്യക്തമാകും. അതുകൊണ്ട് ഈ വ്യവസ്ഥ അവസാനിപ്പിക്കണം. നമ്മുടെ നിയമസഭയ്ക്ക് ഒരു പരമ്പര്യമുണ്ട്. ഇൻഡ്യയിൽ പുരോഗമനപരമായ ഏറെ നിയമങ്ങളുണ്ടാക്കിയ സഭയാണ് കേരള നിയമസഭ, നിങ്ങളും ഉണ്ടാക്കി യിട്ടുണ്ട്, ഞങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. നമ്മൾ രണ്ടുകൂട്ടരും ഉണ്ടാക്കിയിട്ടുണ്ട്. ഞാൻ അതൊന്നും മറച്ചുപിടിക്കുന്നില്ല. നിങ്ങളുടെ വെസ്റ്റ് ബംഗാളിൽ ഇന്നുവരെ കർഷക തൊഴിലാളി നിയമം ഉണ്ടാക്കാൻ സാധിച്ചിട്ടില്ല. അത് ഈ സംസ്ഥാനത്ത് കൊണ്ടുവന്നത് കോൺഗ്രസ് മന്ത്രിയായിരുന്ന ശ്രീ. വക്കം പുരുഷോത്തമനാണ്. അതു നിങ്ങൾക്കറിയാമോ ? എത്ര നിയമനിർമ്മാണങ്ങൾ പറയണം. വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ് ആക്ട് ഞങ്ങളാണ് കൊണ്ടുവന്നത്. കർഷത്തൊഴിലാളി നിയമം കേരളത്തിൽ കൊണ്ടുവന്നത് ആരാണ് ? എൽ. ഡി. എഫ്. ആണെന്നു തെളിയിച്ചാൽ ഞാൻ എന്റെ എം.എൽ.എ. സ്ഥാനം രാജി വയ്ക്കാം. തയ്യാ റുണ്ടോ ? ആരാണ് കൊണ്ടുവന്നത് ? എന്തും പറയാമെന്നാണോ ? ഈ വെല്ലു വിളി ആനത്തലവട്ടം ആനന്ദൻ ഏറ്റെടുക്കാൻ തയ്യാറുണ്ടോ ? സർ, ഞാൻ എന്റെ.....

മി. സ്പീക്കർ : ക്ലാസ് ബൈ ക്ലാസ് ചർച്ചാവേളയിൽ ഇതൊന്നുമില്ല. ഭേദഗതിയിൽ കൊടുത്ത് അതിന് അനുകൂലമായ കാര്യം പറയാം.

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : നമ്മുടെ നിയമസഭയുടെ റിക്കാർഡിൽ ഉള്ളതാണ്. എല്ലാവർക്കും അറിയാവുന്നതാണ്. സി. അച്യുതമേനോന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിലെ തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. വക്കം പുരുഷോത്തമനാണ് കർഷ തൊഴിലാളി നിയമം അവതരിപ്പിച്ചതും പാസ്സാക്കിയതും എന്നുള്ളത് എല്ലാവർക്കുമറിയാം. എന്നിട്ട് ഇവർ ഇതിനെക്കുറിച്ച് തർക്കിക്കുന്നത് എന്തിനാണ് ?

മി. സ്പീക്കർ : അതല്ല വിഷയം. അങ്ങിത് ക്ലോസ് ചെയ്യണം.

ശ്രീ. ആര്യാടൻ മുഹമ്മദ് : നിങ്ങൾ 'വഞ്ചകമുഖ്യാ' എന്ന് അച്യുതമേനോനെ വിളിച്ചു നടക്കുന്ന കാലത്താണ് ശ്രീ. വക്കം പുരുഷോത്തമൻ അവതരിപ്പിച്ച് പാസ്സാക്കിയതെന്നറിയാമോ ?

മി. സ്പീക്കർ : ഇതൊന്നും അനുവദനീയമല്ല. ചർച്ചയൊന്നുമില്ല. അങ്ങയുടെ ഭേദഗതി കഴിഞ്ഞു.

ശ്രീ. ആര്യാടൻ മുഹമ്മദ് : ദയവുചെയ്ത് ഈ സഭയുടെ പാരമ്പര്യം കണക്കിലെടുത്ത് ഇതുപോലെ ഒരു കറുത്ത നിയമമുണ്ടാക്കുന്നത് ഈ സംസ്ഥാനത്തിന് അപമാനകരമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ എന്റെ പ്രസംഗം നിർത്തുകയാണ്.

മി. സ്പീക്കർ : സമാനസ്വഭാവമുള്ളതും, ഇവിടെ അവതരിപ്പിക്കുന്നതും ഒരേ രൂപത്തിലുള്ളതാണെങ്കിൽ റെപ്പറ്റീഷൻ വേണ്ട. കാര്യം പറഞ്ഞാൽ മതി. അങ്ങനെ പറയാൻ പറ്റില്ല.... എങ്ങനെ പറയും ?..... ഞാനവിടെ ഇരിക്കാം. എനിക്കു കുഴപ്പമില്ല. പറഞ്ഞകാര്യം റിപ്പീറ്റു ചെയ്യണോ ? ഒരു വകുപ്പുവച്ചു കൊണ്ട് ഓരോരുത്തർക്കും അര മണിക്കൂർ പ്രസംഗിക്കാമല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ഫ്രാൻസിസ് : ഞങ്ങളാരും ആവശ്യമില്ലാതെ റിപ്പീറ്റു ചെയ്യുന്നില്ല.

മി. സ്പീക്കർ : അതിനാണല്ലോ ഭേദഗതി കൊടുത്തത് ശ്രീ. വിജയകുമാറേ. അത് എല്ലാവർക്കും വായിച്ചാൽ മനസ്സിലാകുമല്ലോ. നേതാക്കൾ സംസാരിച്ചില്ലേ. എല്ലാവരും സംസാരിച്ചുതുടങ്ങിയാൽ ക്ലാസ് ബൈ ക്ലാസ് ഭേദഗതി അവതരിപ്പിക്കുന്ന ജോലി മാത്രമേയുള്ളൂ. പ്രസംഗം വേണ്ട. ക്ലാസ് ബൈ ക്ലാസിൽ പ്രസംഗമില്ല. ശ്രീ. കെ. സി. ജോസഫ് എതിർക്കാൻ നിൽക്കണ്ട. ക്ലാസ് ബൈ ക്ലാസിൽ പ്രസംഗമില്ല. അത് ശരിയായ രീതിയല്ല. ശ്രീ. ആര്യാടൻ സംസാരിച്ചതുകൊണ്ട് നിങ്ങൾക്കും സംസാരിക്കണോ ? അത് ശരിയായ രീതിയല്ല.

ശ്രീ. കെ. സി. ജോസഫ് : അങ്ങ് എം. എൽ. എ ആയിരുന്നപ്പോൾ എന്താണ് ചെയ്തത് ?

മി. സ്പീക്കർ : ഞാൻ ചെയ്തതൊക്കെ മര്യാദയ്ക്കാണ് ചെയ്തത്. അത്രേയുള്ളൂ. ഒരു ഭേദഗതി കൊടുത്തിട്ട് ആരും അര മണിക്കൂർ സംസാരിക്കുകയില്ല. ശ്രീ. കെ. സി. ജോസഫിനോട് ചോദിക്കട്ടെ, ഒരു ഭേദഗതി കൊടുത്തിട്ട് ഒരു മണിക്കൂർ ആരെങ്കിലും സംസാരിച്ചിട്ടുണ്ടോ ? അങ്ങനെ ഒരു കീഴ്‌വഴക്കമുണ്ടോ ? എന്നാൽ അതിന്റെ പ്രധാന്യം വച്ചുകൊണ്ട് ഞാൻ അനുവദിച്ചതാണ്. അതുകൊണ്ട് ബാക്കി അംഗങ്ങൾ ഒന്നു ക്രമീകരിച്ചാൽ നന്നായിരിക്കും.

ശ്രീ. പി. ജെ. ഫ്രാൻസിസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(703) In section 28 (1A) (i) of the Principal Act proposed to be substituted by clause 11 (ii) after "an apex society" and before "on member" the following :— "and District Co-operative banks".

(729) In section 28 (1A) (ii) of the Principal Act proposed to be substituted by clause 11 (ii) after the words "an apex society" and before the word "constituted", the following may be added; "and District Co-operative Banks".

(778) In section 28 (1A) (iii) of the Principal Act proposed to be substituted by clause 11 (ii) after the words "an apex society" and before the word "has ceased", add the following :-

"or of a District Co-operative Banks".

ഇവിടെ റവന്യൂ ഡിസ്ട്രിക്ട് ബേസിസിൽ വോട്ടു ചെയ്യണമെന്നു പറഞ്ഞു. അപ്പെക്സ് സൊസൈറ്റികളെ പിടിക്കാനല്ലായെന്നും പറഞ്ഞു. സെൻട്രൽ സൊസൈറ്റികളായ ഡിസിട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകളെ ഇതിൽ ഉൾപ്പെടുത്തണമെന്നാണ് എന്റെ ഭേദഗതി. കാരണം ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകളിൽ തെരഞ്ഞെടുപ്പു നടത്തുന്നത് താലൂക്കടിസ്ഥാനത്തിലാണ്. പാനൽ വോട്ടിംഗാണ്. അങ്ങനെ ആ ഉദ്ദേശശുദ്ധിയുണ്ടെങ്കിൽ എന്റെ ഈ ഭേദഗതി മന്ത്രി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു. വായിച്ചാൽ മനസ്സിലാകും. അതുകൊണ്ട് സംസാരിക്കുന്നില്ല.

(706) In the proviso to section 28 (1A) (i) of the Principal Act proposed to be substituted by clause 11 (ii) the following shall be added at the end: "to continue for a period of five years from the date of its election".

(715) Section 28 (1A) (i) of the Principal Act proposed to be substituted by clause 11 (ii) shall be recast as follows :

"Notwithstanding anything contained in sub-section (1) there shall be elected to the committeee of an Apex society, one member each from each revenue district elected by the general body of the affiliated societies from among themselves".

(731) Section 28 (1A) (ii) of the Principal Act proposed to be substituted by clause 11 (ii) shall be recast as follows :

"Notwithstanding anything contained in this Act, where the committee of an Apex society constituted not in accordance with the provisions contained in clause (i) is in existence at the commencement of the Kerala Co-operative socieities (Amendment) Act, 1999 it shall continue in office for a total period of five years"

(797) In section 28 (1B) of the principal Act proposed to be substituted by clause 11 (ii) the words "twenty five" shall be sustituted by the word "twenty one".

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(712) Section 28 (1A) (i) of the Principal Act proposed to be substituted by clause 11 (ii) shall be recast as follows :

"Notwithstanding anything contained in sub-section (1) there shall be elected to the committee of an Apex society one member from each revenue District, elected by the General body of the Apex society".

(730) In section 28 (1A) (ii) of the Principal Act proposed to be substituted by clause 11 (ii), after the words "Act 1999", add the words "they shall complete five year term".

LIBRARY ARCHIVES Kerala Legislative Assembly

എനിക്കൊരു ദുഃഖമുള്ളത് എന്റെ 791-ാം നമ്പർ ഭേദഗതി 11 എന്നുള്ളത് 15 ആയി മാറ്റണമെന്നുള്ളതായിരുന്നു. അത് ഞാൻ നേരത്തെ കൊടുത്തതാണ്. അതുപോലും അങ്ങ് ഒഫിഷ്യലായിട്ട് കൊണ്ടുവന്നതിൽ എനിക്കു ദുഃഖമുണ്ട്. മറ്റു സൊസൈറ്റികളിൽ കൊടുക്കുന്നതുപോലെതന്നെ അപ്പെക്സ് ബോഡികൾക്കും 5 വർഷം കൊടുക്കണമെന്നാണ് എന്റെ അഭ്യർത്ഥന. അതാണ് 730-ാം നമ്പർ ഭേദഗതികൊണ്ടുദ്ദേശിക്കുന്നത്. സംഘം ഭരണ സമിതി പിരിച്ചു വിടണമെന്ന് നിർബന്ധമുണ്ടെങ്കിൽ ആ ഇലക്ട് ചെയ്യപ്പെട്ടവരെത്തന്നെ അഡ്മിസ്ട്രേറ്റീവ് കമ്മിറ്റിയിൽ വയ്ക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

ശ്രീ. ജോണി നെല്ലൂർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(714) Section 28 (1A) (i) of the Principal Act proposed to be substituted by clause 11 (ii) shall be recast as follows :

"Notwithstanding anything contained in sub-section (1), there shall be elected to the committee of an apex society, fourteen members, elected by the delegates of the affiliate societies, from among themselves".

Proviso shall be delected.

(798) In Section (IB) of the Principal Act proposed to be substiututed by clause II (ii) the words "eleven" and the words "twenty five" shall be substituted by "Seventeen" and "thirty" respectively.

(804) In sub-section (IB) of section 28 of the principal Act proposed to be substiututed by clause II (ii) the following be added namely :-

"The members of the Committee, in the case of primary Co-operative socieities shall be elected from each ward of the village Panchayat or Municipality as the case may be where the society is operating.

ഏറ്റവും പ്രധാനപ്പെട്ട ഒരു വകുപ്പെന്ന നിലയിൽ രണ്ടു മൂന്നു കാര്യങ്ങൾ പറയുകയാണ്. സെലക്ട് കമ്മിറ്റിയുടെ ചർച്ച നടന്നപ്പോഴും ഈ നിയമസഭയിൽ പൊതു ചർച്ച നടന്നപ്പോഴും ഒക്കെ ഏറ്റവും കൂടുതൽ പരമാർശിക്കപ്പെട്ട വിമർശനമുണ്ടായ വകുപ്പാണിത്. ഇവിടെ പറഞ്ഞതൊക്കെ ആവർത്തിക്കാതെ പറയട്ടെ. അപ്പെക്സ് സൊസൈറ്റികൾക്ക് ഈ നിയമം പാസ്സായാൽ പിരിഞ്ഞു പോകേണ്ടി വരുമെന്നാണ് പറയുന്നത്. ഇവിടെ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദും,

LIBRARY ARCHIVES Kerala Legislative Assembly

ടി. എം. ജേക്കബും പറഞ്ഞതുപോലെ അപ്പെക്സ് ബോഡികൾക്ക് ഇങ്ങനെ മാറാൻ ആഗ്രഹമുണ്ടോ ? എന്തിന് ഈ പാപഭാരമേൽക്കുന്നു. എത്ര കാലത്തേയ്ക്കാണ് അവരെ തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. ആ കാലം വരെ തുടരാൻ അവരെ അനുവദിക്കണം. എൽ. ഡി. എഫ്.-നാണ് കൂടുതലെന്ന് അങ്ങുതന്നെ പറയുന്നു. അവരെ ആ കാലാവധി പൂർത്തിയാക്കാൻ അനുവദിക്കുന്നത് സാമാന്യമര്യാദ മാത്രമാണ്. സർ, 804-ാം നമ്പർ ഭേദഗതിയിൽ ഇതുവരെ ആരും പറയാത്ത ഒരു പോയിന്റാണ്. ഞാൻ പറഞ്ഞിരിക്കുന്നത്. പ്രൈമറി സംഘങ്ങളിലേയ്ക്ക് ഇന്ന് തെരഞ്ഞെടുപ്പു നടക്കുന്നത് വാർഡ് അടിസ്ഥാനത്തിലല്ല. വാർഡ് അടിസ്ഥാനത്തിൽ പ്രൈമറി സംഘങ്ങളിലേയ്ക്ക് തെരഞ്ഞെടുപ്പു നടത്തണം. ഈ ഭേദഗതി കൊണ്ടുവരാനുള്ള കാരണം, ഇന്ന് നമ്മുടെ സംസ്ഥാനത്തെ മുഴുവൻ സഹകരണസ്ഥാപനങ്ങളിലും പാനൽ സിസ്റ്റത്തിലാണ് തെരഞ്ഞെടുപ്പു നടക്കുന്നത്. ഒന്നുകിൽ എൽ. ഡി. എഫിന്റെ പാനൽ അല്ലെങ്കിൽ യു. ഡി. എഫ്. ന്റെ പാനൽ അല്ലെങ്കിൽ സഹകരണമുന്നണി. സഹകരണ പ്രസ്ഥാനവുമായി വലിയ ബന്ധമില്ലാത്തവരും അല്ലെങ്കിൽ അതിനകത്ത് ഏതെങ്കിലും ഒന്നോ രണ്ടോ പാർട്ടിയിൽ ലീഡ് ചെയ്യുന്ന ആളുകൾ അല്ലെങ്കിൽ സ്വാധീനമുള്ള ആളുകളുണ്ടെങ്കിൽ അവരുടെ നേതൃത്വത്തിൽ ഒരു പാനൽ വരുന്നു. ആ പാനൽ ജയിച്ചുവന്നാൽ സഹകരണ സ്ഥാപനങ്ങളിലൊക്കെ അഴിമതി കൊടികുത്തി വാഴാൻ അവസരമുണ്ടാക്കും ഇവിടെ പ്രതിപക്ഷം വേണ്ടേ ? വാർഡ് അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പുണ്ടാക്കിയാൽ തീർച്ചയായും ഏതെങ്കിലും വാർഡുകളിൽ രണ്ടു-മൂന്നാളുകൾ മറുചേരിയിൽ നിന്ന് ജിയിച്ചുവരും. അങ്ങനെ ജയിച്ചു വന്നാൽ അവിടെ ഒരു പ്രതിപക്ഷമുണ്ടാകും. നിയമസഭയിൽ ഭരണപക്ഷവും പ്രതിപക്ഷവുമുള്ളതുകൊണ്ടാണല്ലോ പല കാര്യങ്ങളും തിരുത്താനും തിരുത്തിക്കാനും കഴിയുന്നത്. അങ്ങനെയുള്ള കാര്യങ്ങൾക്ക് ഒരു പ്രതിപക്ഷം ആവശ്യമാണ്. ജനാധിപത്യ സംവിധാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണ സംവിധാനം നിലവിൽ വന്നാൽ അതിൽ ഒരു പ്രതിപക്ഷം ഉണ്ടാകേണ്ടത് ആവശ്യമാണെന്നുള്ളതുകൊണ്ട് പ്രാഥമിക സഹകരണസംഘങ്ങളിൽ വാർഡ് അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പു നടത്തണം. അതിനുള്ള ഒരു ക്ലാസ് എഴുതിചേർക്കണമെന്നാണ് ഈ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത്.

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(716) Section 28 (1A) (ii) of the principal Act proposed to be substituted by clause 11 (ii) shall be deleted.

(744) In item (iii) of sub-section (1A) of section 28 of the principal Act proposed to be substituted by clause 11 (ii) substituted the words "six months" by "one month".

LIBRARY ARCHIVES Kerala Legislative Assembly

അറിയിപ്പ്

സഭ നിറുത്തിവയ്ക്കുന്നതു സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : സർ, സഭ അസാധരണമായി നീണ്ടുപോകുകയാണ്. സഭയിലുള്ള മുസ്ലീം സഹോദരങ്ങൾക്ക് (എം. എൽ.എമാർക്ക്) നോമ്പ് മുറിക്കേണ്ട പ്രശ്നമുണ്ട്. അതുകൊണ്ട് ഇടയ്ക്ക് ഒന്ന് നിർത്തിവയ്ക്കണം. അതിനെക്കുറിച്ച് ഒരു ധാരണ വേണം.

മി. സ്പീക്കർ : നമുക്ക് ആറു മണി മുതൽ ഏഴു മണി വരെ ബ്രേക്ക് ആകാം.

ശ്രീ. എ. കെ. ആന്റണി : അവരുടെ അഭിപ്രായം ചോദിക്കണം.

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, 6.13-നാണ് നോമ്പ് മുറിക്കേണ്ടത്.

മി. സ്പീക്കർ : അതിന് ഇവിടെ അറേഞ്ച് ചെയ്യാം.

ശ്രീ. ചെർക്കളം അബ്ദുള്ള : നിസ്ക്കരിക്കാനുണ്ട്.

മി. സ്പീക്കർ : നിസ്ക്കാരിക്കാനും ഇവിടെ അറേഞ്ച് ചെയ്യാം.

ശ്രീ. ചെർക്കളം അബ്ദുള്ള : 5.45-ന് സഭ നിർത്തി വയ്ക്കുന്നതാണ് നല്ലത്.

മി. സ്പീക്കർ : എന്നാൽ 5.45-ന് സഭ നിർത്തിയശേഷം രാത്രി 7.00 മണിക്ക് വീണ്ടും തുടരാം. ഇവിടെ എല്ലാവർക്കും നിസ്ക്കരിക്കാനുള്ള ഏർപ്പാട് ചെയ്തിട്ടുണ്ട്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, പുറത്തുപോയി നോമ്പ്. മുറിക്കാനുള്ള സൗകര്യവും ഇവിടെ നോമ്പ് മുറിക്കാനുള്ളവർക്ക് അതിനുള്ള സൗകര്യവും വേണം.

മി. സ്പീക്കർ : ഇവിടെ അതിനുള്ള സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്.

ശ്രീമതി ശോഭനാ ജോർജ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(722) In item (ii) of sub-section (1 A) of section 28 of the principal Act proposed to be substituted by clause 11 (ii) for the words "cease to exist on the" insert the words "after three years from the date of election of its committee or from the date of" and add the following at the end namely "whichever is later".

സർ, ഇവിടെ എല്ലാവരും പറഞ്ഞതുപോലെ തന്നെ ഈ നിയമംമൂലം ജില്ലാടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പു നടത്തുന്നു എന്നുള്ളതുകൊണ്ട് അപ്പക്സ് സംഘങ്ങൾക്ക് തുടരാൻ കഴിയുന്നില്ല എന്നു പറയുന്നു. അങ്ങനെയൊരു തീരുമാനം ബഹുമാനപ്പെട്ട മന്ത്രി എടുക്കരുത്. അതുകൊണ്ട് അപ്പക്സ് സംഘങ്ങൾക്ക് തുടരാൻ കഴിയുന്ന നിലയിൽ ഈ നിയമഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ചന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(742) In section 28 (1A) (iii) of the principal Act proposed to be substituted by clause 11 (ii) substitute the words "six months" by "four months".

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(743) In section 28 (1A) (iii) of the principal Act proposed to be substituted by clause 11 (ii) substitute the words "six months" by "forty day".

സർ, സഹകരണ വകുപ്പ് പിടിച്ചെടുക്കൽ വകുപ്പ് എന്ന ദുഷ്പ്പേരു ഇതിനകം കേൾപ്പിച്ചുകഴിഞ്ഞു. ആ ദുഷ്പ്പേരിന്റെ നീരാളിപ്പിടിത്തത്തിൽ നിന്ന് ഈ വകുപ്പിനെ രക്ഷപ്പെടുത്തിയെടുക്കാൻ പറ്റുമോ എന്നറിയാൻ വേണ്ടിയാണ് ഈ ഭേദഗതി അവതരിപ്പിക്കുന്നത്. എല്ലാ ജില്ലകളിൽ നിന്നും പ്രതിനിധികളില്ലെന്നു പറഞ്ഞ് വേണമെങ്കിൽ ഭരണസമിതി പിരിച്ചുവിടാം. അങ്ങനെ പിരിച്ചുവിട്ടു എന്നു പറഞ്ഞാണ് പിടിച്ചെടുക്കുന്നത്. ഒരു അഡ്മിനിസ്ട്രേറ്ററെ വച്ച് അദ്ദേഹത്തിന് ആറുമാസം വരെ കാലാവധി കൊടുക്കുന്നു. എന്തിനാണ് ആറു മാസം ? ഇലക്ഷൻ നോട്ടിഫിക്കേഷൻ കൊടുത്ത് 35 ദിവസം കൊണ്ട് വേറെ ഇലക്ഷൻ വേണമെങ്കിൽ നടത്താം. ആറു മാസക്കാലം ഒരു ഉദ്യോഗസ്ഥന്റെ ഭരണത്തിൻ കീഴിലാക്കി ഭരിക്കുന്ന സർക്കാരിന് അവിഹിതമായിട്ടുള്ള സ്വാധീനം ചെലുത്തുക എന്നു പറഞ്ഞാൽ സഹകരണസംഘം മുടിപ്പിച്ച് പിടിച്ചെടുക്കുക എന്നതുതന്നെയാണ് ഉദ്ദേശം. അതു വരുത്താതിരിക്കാൻ വേണ്ടിയാണ് ആറു മാസത്തെ കാലാവധി അഡ്മിനിസ്ട്രേറ്റർക്ക് കൊടുക്കരുത്. അതു 40 ദിവസമാക്കി ചുരുക്കണമെന്ന ഈ ഭേദഗതി അവതരിപ്പിക്കുന്നത്. സർക്കാരുദ്യോഗസ്ഥനെ ഭരണം ഏൽപ്പിക്കരുത്. ജനങ്ങൾ തന്നെ ഭരിക്കട്ടെ എന്ന സദുദ്ദേശത്തോടെയാണ് ഈ അമെൻഡ്മെന്റ് അവതരിപ്പിക്കുന്നത്. ദയവു ചെയ്ത് അങ്ങ് ആറു മാസമെന്നുള്ളത് 40 ദിവസമാക്കി ചുരുക്കി പിടിച്ചെടുക്കൽ വകുപ്പെന്ന പേരുദോഷത്തിൽ നിന്നു സഹകരണ വകുപ്പിനെ രക്ഷപ്പെടുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീമതി റോസമ്മ ചാക്കോ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(745) In item (iii) of sub-section (1 A) of section 28 of the principal Act proposed to be substituted by clause 11 (ii), the words "six months"shall be substituted by "five months".

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അടൂർ പ്രകാശ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(746) In item (iii) of sub-section (1 A) of section 28 of the principal Act proposed to be substituted by clause 11 (ii), substitute the words "six months" by "two months".

മി. സ്പീക്കർ : ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച ഭേദഗതിക്കു തുല്യമാണ് ശ്രീ. ഇ. എം. അഗസ്തിയുടെ 732-ാം നമ്പർ ഭേദഗതി. അതുകൊണ്ട് അത് അവതരിപ്പിക്കണ്ട. രണ്ടുവാക്ക് സംസാരിക്കാം.

ശ്രീ. ഇ. എം. അഗസ്തി : സർ, ഇതിനെ സംബന്ധിച്ച് where the committee of an apex society has ceased to be എന്നു പറഞ്ഞശേഷം രജിസ്ട്രാർക്ക് അധികാരങ്ങൾ വെസ്റ്റ് ചെയ്യുന്നതിനെ സംബന്ധിച്ചാണ് പറയുന്നത്. ഞാൻ ഇന്നലെ ശ്രീ. ജോണിനെല്ലൂർ സംസാരിച്ച സമയത്ത് ഒരു പഴമൊഴി പറഞ്ഞു. അതിനെപ്പറ്റി മന്ത്രി ആവർത്തിച്ചു പറയുകയുണ്ടായി. സഹകരണ സംഘത്തിലെ രജിസ്ട്രാറെ ഒരു രാക്ഷസനായി വളർത്തികൊണ്ടിരിക്കുകയാണിപ്പോൾ എന്നു പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മന്ത്രി മറുപടി പ്രസംഗത്തിൽ ഹാസ്യാത്മകമായി പറയുകയുണ്ടായി. ഈ ക്ലാസു മുതൽ ഈ ബിൽ മുഴുവൻ നോക്കിയാൽ സഹകരണസംഘത്തെ നിഗ്രഹിക്കുന്ന ഒരു രാക്ഷസനായി രജിസ്ട്രാർ വളർന്നുകൊണ്ടിരിക്കുകയാണെന്ന് മനസ്സിലാകും. ഇവിടെ..... the Registrar shall appoint an Administrator to manage the affairs of the society for a period not exceeding six months or till a new committee enters upon office, which ever is earlier. ഇതൊക്കെ ബില്ലിലുണ്ടായിരുന്ന പഴയ കാര്യങ്ങളാണെന്ന് വേണമെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിക്കു പറയാം. ഈ ബില്ലിനെപ്പറ്റി ആദ്യം ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചപ്പോൾ പറഞ്ഞത്, ഇവിടെ ഉദ്യോഗസ്ഥമേധാവിത്വം അവസാനിപ്പിക്കും ജനകീയഭരണത്തിന്റെ പ്രാമുഖ്യം വർദ്ധിപ്പിക്കും. എന്നൊക്കെയാണ്. ഇന്നത്തെ ദിവസം മുഴുവൻ സഭയിൽ നിറഞ്ഞുനിൽക്കുന്ന അത്ഭുതപ്രതിഭാസം രജിസ്ട്രാർ ആയിരിക്കും. ആ വ്യക്തിയല്ല. ഒരുദാഹരണം പറയട്ടെ, National States-ന്റെ ഉദയത്തെപ്പറ്റി റൂസ്സോ ഒരുദാഹരണം പറയുന്നുണ്ട്. അദ്ദേഹം പറയുന്നത് ആദ്യം ഈ state ഘടന വരുന്നതിനു മുൻപ് ഒരു തർക്കവും ഇല്ലായിരുന്നു. രാഷ്ട്രമീമാംസകനായിരുന്ന റൂസ്സോ പറഞ്ഞിരിക്കുന്ന ഒരു വാചകം heavenly peace സ്വർഗ്ഗീയമായ സമാധാനം അതാണ് നില നിന്നിരുന്നത്. ആ സ്വർഗ്ഗീയമായ സമാധാനത്തിന് ഭംഗം വന്നേക്കുമെന്ന സംശയത്തിന്റെ പേരിൽ ഒരു നേതാവിനെ തെരഞ്ഞെടുക്കുകയും ആ നേതാവിനെ അധികാരങ്ങൾ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്തതിന്റെ ഫലമായി, ഘട്ടംഘട്ടമായി ഈ നേതാവ് ഒരു രാക്ഷസനായി വളരുകയാണ്. റൂസ്സോയുടെ 'റിപ്പബ്ലിക്' എന്നു പറയുന്ന പ്രസിദ്ധമായ പുസ്തകം, രാഷ്ട്രമീമാംസകൻമാരുടെ ചിന്തയിലെ പ്രധാനപ്പെട്ട പുസ്തകമാണ്. ആ പുസ്തകത്തിൽ പറയുന്നത് രാക്ഷസൻ വളർന്ന് ഹെവൻലി പീസായിരുന്ന സമൂഹത്തെ, അദ്ദേഹത്തിന്റെ വാക്കുകൾ തന്നെ ഉദ്ധരിക്കട്ടെ, naustic, brutic, solitary and poor ഒരു സമൂഹത്തെ എത്ര ദയനീയമായി കൊണ്ടെത്തിക്കാമോ അത്ര മോശമായി സമൂഹത്തെ

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവന്ന് ഏകാധിപതിയെപ്പോലെ വളർത്തുന്നു. അങ്ങനെയാണ് National State കളുടെ ഉദയം വേണ്ടിവന്നത്. അതുപോലെ സഹകരണരജിസ്ട്രാറിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങൾ കൊണ്ട് സഹകരണപ്രസ്ഥാനത്തെ നശിപ്പിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഈ ബില്ലിൽ സെക്ഷൻ 66 (എ, ബി) മുതൽ എല്ലാം കാര്യങ്ങൾക്കും അധികാരങ്ങൾ കൂടുതൽ വെസ്റ്റ് ചെയ്തതു മൂലമുണ്ടാകുന്ന അപകടങ്ങൾ വളരെ വലുതാണ്.

സർ, എന്റെ 821-ാം നമ്പർ ഭേദഗതി ഞാൻ മൂവ് ചെയ്യുന്നില്ല. അതിൽ കമ്മിറ്റിയെപ്പറ്റി പറയുന്ന സ്ഥലത്ത് ക്വാറം ഡിഫൈൻ ചെയ്തില്ലായെങ്കിൽ ഉണ്ടാകുന്ന അവ്യക്തത ദൂരീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. 823-ാം നമ്പർ ഭേദഗതിയിൽ ഇവിടെ പറഞ്ഞിരിക്കുന്ന 1 (എ)-ൽ അപ്പക്സ് സംഘങ്ങൾക്കെല്ലാം ഒരേ പ്രിൻസിപ്പിളാണ് അപ്ലൈ ചെയ്തിരിക്കുന്നതെങ്കിൽ അത് നമ്മുടെ ജില്ലബാങ്കുകൾക്കും വേണ്ടേ ? ഇപ്പോൾ അപ്പക്സ് സംഘങ്ങൾക്ക് 1 (എ)-ൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് ജില്ലയിൽനിന്നുമുള്ള പ്രതിനിധികൾ അവരുടെ ജനറൽ ബോഡിയിൽനിന്നും അംഗത്തെ തെരഞ്ഞെടുക്കുകയാണ്. അങ്ങനെയാണെങ്കിൽ നമുക്ക് അത് ജില്ലാബാങ്കിലും തുടരാം. അതിനുള്ള ഒരു പ്രൊസിഡിംഗ്സ് തന്നെയാണ് ഞാനിവിടെ ഒരു അമന്റുമെന്റായി അവതരിപ്പി ച്ചിട്ടുള്ളത്. അതുംകൂടി പരഗണിക്കണം. മന്ത്രിയുടെ ഉദ്ദേശശുദ്ധി തെളിയിക്കേണ്ട അവസരമാണിത്. ഈ അമെന്റുമെന്റിൽ പറഞ്ഞിരിക്കുന്നതുപോലെ അപ്പക്സ് സംഘങ്ങളിലുള്ളത്. അതേപടി ജില്ലാ ബാങ്കിലും നിങ്ങൾ സ്വീകരിക്കുമെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതൊക്കെ ശരിയാണ്. അതുചെയ്യുന്നില്ലാ യെങ്കിൽ അങ്ങയുടെ ഉദ്ദേശശുദ്ധിയെ ഞാൻ സംശയിച്ചാൽ കുറ്റം പറയരുത്. രജിസ്ട്രാറിൽ നിക്ഷിപ്തമായ അധികാരങ്ങൾ സംബന്ധിച്ച് ഇനിയും അങ്ങ് ആലോചിക്കണം എന്ന് ഞാൻ വളരെ വിനയപൂർവ്വം ചൂണ്ടിക്കാണിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് : സർ, ഇവിടെ പറഞ്ഞകാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. എനിക്ക് ഒരുകാര്യം ചൂണ്ടിക്കാണിക്കാനുള്ളത്, ഈ ബില്ലിന്റെ സദുദ്ദേശത്തിന്റെ ഒരു ഉരകല്ലാണ് ഈ വകുപ്പ്. ബഹുമാന്യനായ മന്ത്രി സഹകരണ മേഖലയിലെ ജനാധിപത്യമൂല്യങ്ങളെ സംരക്ഷിക്കുമെന്നു പറഞ്ഞു. ഇവിടെ നേരത്തെ ശ്രീ. ആര്യാടൻ മുഹമ്മദ് ചൂണ്ടിക്കാണിച്ചതുപോലെ നില വിലുണ്ടായിരുന്ന സംഘങ്ങളുടെ കാലാവധി മൂന്നുകൊല്ലത്തിൽ നിന്ന് 5 കൊല്ലം ആക്കാൻ പോവുകയാണ്.ആ ഒരു നിലപാടു സ്വീകരിച്ച ഗവൺമെന്റ് ഈ നിയമത്തിലൂടെ പിൻവാതിൽ വഴി നിലവിലുള്ള അപ്പക്സ് സൊസൈറ്റികളെ പിരിച്ചുവിടാൻ പോകുന്നതെന്തിനാണ് ? ഹൗസിംഗ് സൊസൈറ്റി, റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി, കാർഷിക വികസന ബാങ്ക് എന്നീ സംഘങ്ങൾ യു.ഡി.എഫ് നിന്ത്രണത്തിലുള്ള സംഘങ്ങളാണ്. ആ സംഘങ്ങളെ തെരഞ്ഞെടുക്കുമ്പോൾ ഓരോ ജില്ലകളിലെയും പ്രതിനിധികളെ തെരഞ്ഞെടുക്കുന്നത് ജനറൽ ബോഡി വഴിയായിരുന്നു. അന്നത്തെ നിയമമനുസിര്ച്ച് ജനറൽ ബോഡിയാണ് ഇലക്ടറൽ കോളേജ്. ഇപ്പോൾ നിയമത്തിൽ മാറ്റം വരുത്തി അതുപ്രകാരം ജില്ലാ പ്രതിനിധികളെ ജില്ലകളിലെ മെമ്പറൻമാർ തന്നെ തെരഞ്ഞെടുക്കണം. സാധാരണ ഗതിയിലാണെങ്കിൽ ആ മാറ്റത്തിനും പിൻകാല പ്രാബല്യം നൽകാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ ഇവിടെ ചില അപ്പക്സ് സംഘങ്ങളെ പിടിച്ചുവിടാൻ വേണ്ടിമാത്രം നിയമമുണ്ടാക്കുകയാണ്. കാർഷികവികസന ബാങ്കിനെ പിരിച്ചെടുക്കാൻ വേണ്ടി നടത്തിയ പല ശ്രമങ്ങളും അബോർട്ടീവായിപ്പോയി. ഇന്നിപ്പോൾ സഹകരണ ബില്ലിന്റെ മറവിൽ സംഘം പിടിച്ചെടുക്കാൻ ശ്രമിക്കുന്നത് ഒരിക്കലും ശരിയല്ല. അങ്ങുപറഞ്ഞ ജനാധിപത്യ മൂല്യങ്ങളും ഉന്നതമായ മര്യാദകളുമുണ്ടെങ്കിൽ ദയവായി അപ്പക്സ് സൊസൈറ്റികൾക്ക് ഈ നിയമം ഇപ്പോൾ ബാധകമാക്കാൻ പാടില്ല. അവർ തുടരട്ടെ, അവരുടെ കാലാവധി പൂർത്തിയാക്കട്ടെ. ഇപ്പോൾ ഇടയക്കുവച്ച് ഒരു നിയമം കൊണ്ടുവന്ന് അപ്പക്സ് സൊസൈറ്റികളെ പിരിച്ചുവിടാൻ പോകുന്നത് സദുദ്ദേശമല്ല. അതുപോലെ ഈ സഭ ഈ ബിൽ സെലക്റ്റുകമ്മിറ്റിക്ക് അയച്ചു. ആ സെലക്ടുകമ്മിറ്റി തെളിവെടുപ്പുനടത്തി. അപ്പോഴൊന്നും വരാത്ത ഭേദഗതി ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത് എന്തിനാണ് ? ജില്ലകളിലെ പ്രതിനിധികളുടെ മൂന്നിലൊന്ന് അല്ലെങ്കിൽ മൂന്ന് പേരെ ഓരോ ജില്ലയിലെയും പ്രതിനിധികൾ ഇലക്ടു ചെയ്യുന്നു. ആ പ്രതിനിധികൾക്ക് മത്സരിക്കാനുള്ള അവകാശം മാത്രമേയുള്ളൂ. വീണ്ടും ഭരണാധികാരികൾ ഇലക്ഷൻ നടത്തണം. ഇത്രയും ബേസിക്കായി മാറ്റങ്ങൾ വരുത്തിയത്, എന്തുകൊണ്ട് സെലക്റ്റുകമ്മിറ്റിയിൽ ചർച്ച ചെയ്യാൻ അവസരം നൽകിയില്ല ? അപ്പോൾ സെലക്ടുകമ്മിറ്റിയെപ്പോലും നോക്കുകുത്തിയാക്കി, ഈ സഭയിലുള്ള മാർക്സിസ്റ്റ് ഇതര എം. എൽ. എ. മാരേയും നോക്കുകുത്തിയാക്കിയിരിക്കുന്നു. മാർക്സിസ്റ്റുപാർട്ടിയുടെ താല്പര്യമാണ് ഈ ബില്ലിൽ സംരക്ഷിക്കാൻ പോകുന്നത്. മന്ത്രി ശ്രീ. എസ്. ശർമ്മ നല്ലവനാണ്. പക്ഷേ അദ്ദേഹത്തിന്റെ നിയന്ത്രണം മറ്റാരുടേയോ കൈയിലാണ്. അതുകൊണ്ട് ദയവായി അങ്ങുപറയുന്ന ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ അങ്ങ് ഉദ്ദേശിക്കുന്നുവെങ്കിൽ അപ്പക്സ് സൊസൈറ്റികളെ പിടിച്ചെടുക്കാൻ ശ്രമിക്കാതെ നിലവിലുള്ള കാലാവധി മുഴുവൻ ആ സംഘങ്ങൾക്ക് തുടരാനുള്ള സാഹചര്യമുണ്ടാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. ബി. വിജയകുമാർ : സർ, ശ്രീ. കെ. സി. ജോസഫ് സംസാരിച്ച അതേവിഷയം തന്നെയാണ് എനിക്കും പറയാനുള്ളത്. സെലക്ടുകമ്മിറ്റി അംഗ മെന്നുള്ള നിലയിൽ പറയുകയാണ്, ഈ വിഷയം സെലക്ട് കമ്മിറ്റിയിൽ ചർച്ചയ്ക്കുവന്നിട്ടില്ല. സെലക്ടു കമ്മിറ്റി വളരെ ശക്തമായി ഈ വകുപ്പിനെ എതിർത്തിരുന്നു. അന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഇവിടെ വച്ച് ഇനിയൊരു തർക്കത്തിനൊന്നും പോകണ്ട, ഇതു നമുക്ക് ഫ്ളോറിൽ ആലോചിക്കാമെന്നാണ്. ഞാൻ ബഹുമാനപ്പെട്ട മന്ത്രി സെലക്ടുകമ്മിറ്റി യോഗത്തിൽ പറഞ്ഞ ആ ഉദ്ദേശ ശുദ്ധിയെ അംഗീകരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി സെലക്ടുകമ്മിറ്റി അംഗങ്ങളായ ഞങ്ങൾക്കു നൽകിയ ഉറപ്പുപാലിച്ചു കൊണ്ട് ഇവിടെ പറഞ്ഞ ജനാധിപത്യ ധ്വംസനത്തിൽനിന്നും ഒഴിവാകണമെന്ന് സെലക്ടുകമ്മിറ്റി അംഗമെന്ന നിലയിൽ ബഹുമാനപ്പെട്ട മന്ത്രിയോട് വിനയ പുരസ്സരം അഭ്യർത്ഥിക്കാൻ മാത്രം ഞാൻ ഈ അവസരം വിനിയോഗിക്കുന്നു.

മി. സ്പീക്കർ : മറ്റു ഭേദഗതികളൊന്നും ഓർഡറിലല്ല.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സർ, ഈ ബില്ലിനെ സംബന്ധിച്ച് കഴിഞ്ഞ രണ്ടു ദിവസമായി നടന്ന പൊതു ചർച്ചയിലും ഇവിടെയിപ്പോൾ നടന്നുവരുന്ന ക്ലാസ് ബൈ ക്ലാസ് ഡിസ്ക്കഷനിലും സഹകരണപ്രസ്ഥാനത്തിന്റെ ജനാധിപത്യ മൂല്യങ്ങൾക്കു ഹാനികരമായിട്ടുള്ളതാണ് ചില ഭേദഗതികളെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് വിമർശനാത്മകമായി ബഹുമാനപ്പെട്ട ചില അംഗങ്ങൾ സംസാരിച്ചു. എന്തുകൊണ്ട് ഇങ്ങനെയൊരു ഭേദഗതി നിയമം കൊണ്ടുവന്നു എന്നതിനെക്കുറിച്ചുള്ള വിശദീകരണം കഴിഞ്ഞ രണ്ടു ദിവസം ഞാൻ നടത്തിയിട്ടുള്ള സംസാരത്തിൽ വ്യക്തമാക്കുകയും ചെയ്തിരുന്നു. 1969-ൽ സഹകരണ നിയമം നിലവിൽ വന്നതിനുശേഷം കഴിഞ്ഞ മൂന്നുദശാബ്ദക്കാലത്തിനിടയിൽ കേരളത്തിലെ സഹകരണ പ്രസ്ഥാനം വമ്പിച്ച പുരോഗതി കൈവരിച്ചിട്ടുള്ളതാണ്. ആ വളർച്ച കൈവരിക്കുമ്പോൾത്തന്നെ വളരെയധികം അനാരോഗ്യകരമായ പ്രവണതകൾ ശക്തിപ്പെടുകയും ചെയ്തിരുന്നു. ഓരോ കാലഘട്ടത്തിലേയ്ക്കും ആ പ്രവണതയുടെ ആഴം പരിശോധിച്ചുകൊണ്ട് ഞാൻ പ്രവേശിക്കുന്നില്ല. പക്ഷേ ആ പ്രവണതകളുടെ കാതലായിട്ടുള്ള കേന്ദ്രബിന്ദു തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികളെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റർമാരെ നിയമിച്ചു സംഘങ്ങളെ പിടിച്ചെടുക്കുകയെന്നതാണ്. സംസ്ഥാനാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളിൽ ജില്ലകളിൽനിന്നുമുള്ള പ്രാതിനിധ്യം ഉറപ്പാക്കുക എന്നതാണ് ഗവൺമെന്റിന്റെ ഉദ്ദേശശുദ്ധിയെങ്കിലും അത് കേരളത്തിലെ 16 അപ്പക്സ് സംഘങ്ങളെയും സീസ് ചെയ്യുന്നതിനും അഡ്മിനിസ്ട്രേറ്റർ ഭരണത്തിലേയ്ക്ക് പോകുന്നതിനും, വിശേഷിച്ചും ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ, യു. ഡി. എഫ്. നേതൃത്വം കൊടുക്കുന്ന ചില അപ്പക്സ് സംഘങ്ങൾ വെട്ടിപ്പിടിക്കുന്നതിനും ലക്ഷ്യം വച്ചുകൊണ്ടാണ് എന്നുള്ള നിലയിൽ ഇവിടെ വളരെ ഗൗരവകരമായ ക്രിട്ടിസിസം തുടരുകയാണ്. ഞാനതിന്റെ മറ്റൊരു പശ്ചാത്തല വിശദീകരണത്തിലേയ്ക്ക് പോകുന്നില്ല. ഒരു ദിവസം കൊണ്ട് ആറായിരത്തോളം സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റർമാരെ വച്ച കാലം ഈ കേരളത്തിലുണ്ടായിട്ടുണ്ട്. സഹകരണ മേഖലയിൽ ഒരു നിയമം വരുമ്പോൾ സഹകാരികളുടെ കൂട്ടായ വിശ്വാസവും കൂട്ടായ പരിശ്രമവും ഉറപ്പാക്കുമ്പോൾ ഈ മേഖലയിൽ തുടർന്നുവരുന്ന അനാരോഗ്യകരമായ പ്രവണത അവസാനിപ്പിച്ച് ഈ ജനാധിപത്യ പ്രക്രിയയുടെ പൂർത്തീകരണത്തിന് ലക്ഷ്യം വച്ചുകൊണ്ട് ഒരു ബിൽ അടിസ്ഥാനമാക്കി സമീപിക്കുമ്പോൾ ഏതെങ്കിലുമൊരു അപ്പക്സ് സംഘത്തിനെ പ്രത്യേകമായി വെട്ടിപ്പിടിക്കുക എന്ന ലക്ഷ്യം അടിസ്ഥാനമാക്കി ബോധപൂർവ്വമായി ഇടപെടുന്നു എന്ന ധാരണ ഇവിടെ പരന്നിരിക്കുകയാണ്. ഈ മേഖലയുടെ പൊതുവായ പുരോഗതി ലക്ഷ്യം വച്ചുകൊണ്ട് ജില്ലകളിൽ നിന്നുള്ള പ്രാതിനിധ്യം ഉറപ്പാക്കുന്നതിനാണ് ഒഫിഷ്യൽ അമെന്റുമെന്റ് കൊണ്ടുവന്നത്. സദുദ്ദേശത്തോടുകൂടി കൊണ്ടുവന്നതാണെങ്കിലും ഇതൊരു നിയമമാകുന്നതുവഴി അഡ്മിനിസ്ട്രേറ്ററെ വച്ച് സംഘം വെട്ടിപ്പിടിക്കുവാൻ ശ്രമിക്കുന്നു എന്ന തെറ്റിദ്ധാരണയ്ക്കിട നൽകുന്നുവെങ്കിൽ, ഇവിടെ നടന്ന ചർച്ചയുടെ വികാരം കണക്കിലെടുത്തുകൊണ്ടും, സഹകരണ പ്രസ്ഥാനത്തിന് ഒരു പോറൽപോലും ഏൽക്കരുതെന്ന് ആഗ്രഹിക്കുന്നതുകൊണ്ടും 11-ാം വകുപ്പിന് കൊണ്ടുവന്നിട്ടുള്ള 1350-ാം നമ്പർ ഔദ്യോഗിക

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതിയിലെ "(IA) (i) (ii) (iii) എന്നിവ പിൻവലിക്കാൻ ആഗ്രഹിക്കുന്നു. പിന്നെ ശ്രീ. ഡൊമിനിക് പ്രസന്റേഷൻ പറഞ്ഞ ഭേദഗതി അതായത് അംഗ സംഖ്യ 11 എന്നുള്ളത് 15 ആക്കുകയെന്നുള്ള ഭേദഗതി, ഒഫിഷ്യലായിട്ട് വന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : പ്രതിപക്ഷത്തുനിന്ന് തുടർച്ചയായി ഉണ്ടായ വികാര പ്രകടനങ്ങളുടെ അടിസ്ഥാനത്തിൽ മന്ത്രി ഇത് പിൻവലിക്കാൻ തയ്യാറായതിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്.

ശ്രീ. എസ്. ശർമ്മ : ഒഫിഷ്യൽ അമെന്റ്മെന്റിലെ 1 (സി) നിലനിൽക്കും. അതായത് ഫെഡറൽ സൊസൈറ്റിയുടെ ഷെയറിന്റെ കാര്യത്തിൽ ഇരുപത്തിയഞ്ച് ശതമാനം വരെ ഇൻഡിവിഡ്യുവൽസിന് പാടുള്ളൂ എന്നത്. അതായത് ഇവിടെ നടന്ന ഡിസ്കഷനിൽ കോ-ഓപ്പറേറ്റീവ് സെക്ടറിന്റെ മുൻതൂക്കം ഉറപ്പാക്കുക എന്നുള്ളതുകൂടി കണക്കിലെടുത്തിട്ടാണ് ഈ ഓറൽ അമെന്റ്മെന്റ് കൊണ്ടു വന്നത്. അത് നിലനിൽക്കും.

ശ്രീ. ടി. എം. ജേക്കബ് : ഇവിടെ ഒരു ക്ലാരിഫിക്കേഷനുള്ളത്, അങ്ങ് ഇവിടെ പറഞ്ഞത് 1350-നെ സംബന്ധിച്ചാണ്. 1 (സി) നിലനിൽക്കും ബാക്കി ഡിലീറ്റ് ചെയ്യുമെന്ന്. അത് സ്വാഗതാർഹം തന്നെയാണ്. 1349-ാം നമ്പർ ഭേദഗതിയെ സംബന്ധിച്ചിടത്തോളം നിലവിലുള്ള പ്രൊവൈസോ, ബില്ലിലുള്ള പ്രൊവൈസോക്ക് പുറമെയാണ് രണ്ടാമത്തേതായിട്ട് പുതിയ പ്രൊവൈസൊ വന്നിരിക്കുന്നത്. ആ പ്രൊവൈസൊ നിലനിൽക്കുന്നുണ്ടോ, അതോ മാറ്റുന്നുണ്ടോ ?

ശ്രീ. എസ്. ശർമ്മ : ഇലക്ഷൻ നടത്താൻ നടപടിക്രമമായി ഇലക്ഷൻ ഡിക്ലയർ ചെയ്തു. അങ്ങനെ വന്നിട്ടുള്ളത് ഇലക്ഷൻ നടക്കട്ടെ എന്നുള്ളതാണ്.

ശ്രീ. ടി. എം. ജേക്കബ് : സെക്കന്റ് പ്രൊവൈസോ കൂടി നിലനിർത്തുകയാണ്. അല്ലേ !

ശ്രീ. എസ്. ശർമ്മ : 1350-ാം നമ്പർ ഭേദഗതിയാണ് വിത്ത്ഡ്രാ ചെയ്തത്. 1349-ാം നമ്പർ ഭേദഗതി ഉണ്ട്. ഇവിടെ അവതരിപ്പിച്ച മറ്റ് ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 1349-ാം നമ്പർ ഭേദഗതിയും ഭേദഗതി ചെയ്ത രൂപത്തിലുള്ള 1350-ാം നമ്പർ ഭേദഗതിയും സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

സർവ്വശ്രീ തമ്പാനൂർ രവി, ടി. എം. ജേക്കബ്, ആര്യാടൻ മുഹമ്മദ്, പി. ജെ. ഫ്രാൻസിസ്, കെ. സി. ജോസഫ്, ഡൊമിനിക് പ്രസന്റേഷൻ, ജോണി നെല്ലൂർ, തേറമ്പിൽ രാമകൃഷ്ണൻ, കെ. എ. ചന്ദ്രൻ, അടൂർ പ്രകാശ്, ശ്രീമതി ശോഭനാ ജോർജ്ജ്, പ്രൊഫ. സാവിത്രി ലക്ഷ്മണൻ, ശ്രീമതി റോസമ്മ ചാക്കോ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

മി. സ്പീക്കർ : ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.......

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു. ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മാറ്റിവച്ച 9-ാം വകുപ്പിന്റെ പരിഗണന

മി. സ്പീക്കർ : ബഹുമാനപ്പെട്ട വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രി, 9-ാം വകുപ്പിന്റെ കറക്ഷൻ പറയൂ.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : ഇവിടെ പ്രൊവൈസോ എക്സ്പ്ലനേഷന് തൊട്ട് മുൻപ് വരണം എന്നുള്ള ഒരു അഭിപ്രായമുണ്ട്.

ശ്രീ. ഇ. എം. അഗസ്തി പറഞ്ഞ ലീഗലായിട്ടുള്ള കാര്യമുൾപ്പെടെ കറക്റ്റ് ചെയ്യുന്നതാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണം എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 595-ാം നമ്പർ ഭേദഗതി അംഗീകരിക്കണം എന്ന പ്രശ്നത്തെ....

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

ഭേദഗതി അംഗീകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 573-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

സർവ്വശ്രീ ടി. എം. ജേക്കബ്, കെ. സി. ജോസഫ്, പി. ജെ. ജോയി, മാമ്മൻ മത്തായി, വി. ബാലറാം, കെ. സി. വേണുഗോപാൽ, ഡൊമിനിക് പ്രസന്റേഷൻ, തമ്പാനൂർ രവി, പി. ജെ. ഫ്രാൻസിസ്, ശ്രീമതി ശോഭനാ ജോർജ് എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

മി. സ്പീക്കർ : ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.......

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

12-ാം വകുപ്പ്

Shri Thampanoor Ravi : Sir, I move the following amendments.

(834) In section 28 A (1) of the principal Act proposed to be amended by clause 12 (i) for the words " one seat for a women", substitute the words "two seats for women".

(838) In section 28 A sub-section (3) of the principal Act proposed to be substituted by clause 12 (ii) for the words and punctuations "the Government or the registrar, respectively," and the words "a women member or" the words, "the Board of Directors of the Society" and the words "women members and" shall respectively be substituted.

ഈ സഭയുടെ നല്ലൊരു അന്തരീക്ഷം കണക്കാക്കി ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. വനിതകൾക്ക് മൂന്നിലൊന്ന് സംവരണം സംബന്ധിച്ച് ഇൻഡ്യൻ പാർലമെന്റിൽ ഇന്നു ചർച്ച നടക്കുകയാണ്. അതുകൊണ്ട് എന്റെ അഭിപ്രായത്തിൽ വനിതകൾക്ക് നൽകുന്ന പ്രാതിനിധ്യം ഒന്ന് എന്നുള്ളത് രണ്ടാക്കണം എന്നുള്ളതാണ് എന്റെ ഒരു ഭേദഗതി.

രജിസ്ട്രാറെ ഗവൺമെന്റ് നോമിനേറ്റ് ചെയ്യാൻ പാടില്ല. അതിന്റെ ജനാധിപത്യ സ്വഭാവം നഷ്ടപ്പെടും. തെരഞ്ഞെടുക്കപ്പെടുന്ന ഡയറക്ടർ ബോർഡിന് ആ നോമിനേഷനുള്ള അധികാരം കൊടുക്കണം എന്നുള്ളതാണ് എന്റെ 838-ാം നമ്പർ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത്.

Shri Johny Nelloor : Sir, I move the following amendment.

(835) In section 28 A (3) of the principal Act proposed to be substituted by clause 12, sub-clause (ii) shall be deleted.

Smt. Rosamma Chacko : Sir, I move the following amendment.

(839) In section 28 A (3) of the principal Act proposed to be substituted by clause 12 (ii) for the words "Government or the Registrar respectively may nominate" substitute the words" the committee of the respective society may co-opt".

Shri. Dominic Presentation : Sir, I move the following amendment.

(845) In section 28 A (3) of the principal Act proposed to be substituted by clause 12 (ii) for the words "Government or the Registrar respectively" shall be substituted by the words "the committee of the respective society may nominate".

LIBRARY ARCHIVES Kerala Legislative Assembly

Shri. V. Balaram : Sir, I move the following amendment.

(861) In section 28 A (3) of the principal Act proposed to be substituted by clause 12 (ii) add the following proviso :

"Provided that where the number of members in the committee of a primary co-operative society or other types of society is eleven or as the case may be, twenty-five the number of members in such society shall be deemed to have been increased by one for the purpose of the provisions contained in this sub-section".

മി. സ്പീക്കർ : മറ്റു ഭേദഗതികളൊന്നും ഓർഡറിലല്ല. ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ : സർവ്വശ്രീ തമ്പാനൂർ രവി, ജോണി നെല്ലൂർ, ഡൊമിനിക് പ്രസന്റേഷൻ, ശ്രീ. വി ബാലറാം, ശ്രീമതി റോസമ്മ ചാക്കോ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

മി. സ്പീക്കർ : 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ......

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം അംഗീകരിക്കപ്പെട്ടിരിക്കുന്നു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒരു ഇടവേളയ്ക്കുശേഷം, സഭ വൈകുന്നേരം 7 മണിക്ക് വീണ്ടും ചേരുന്നതാണ്.

(ഇടവേളയ്ക്കായി സഭ വൈകുന്നേരം 5.45-ന് നിറുത്തി വച്ചു. വൈകുന്നേരം 7 മണിയ്ക്ക് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും യോഗം ചേർന്നു)

13-ാം വകുപ്പ്

ശ്രീ. കെ. സി. വേണുഗോപാൽ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ
7 P.M.] അവതരിപ്പിക്കുന്നു.

(862) In sub section (1) of section 28 B of the prinicpal Act proposed to be inserted by clause 13 (1) after the words "state co-operative Election Commission" insert the words "consisting of not more than three persons".

LIBRARY ARCHIVES Kerala Legislative Assembly

(2) For the words "state co-operative Election Commissioner" substitute the words "State Co-operative Election Commission".

ഈ നിയമത്തിൽ ഏറ്റവും സുപ്രധാനമായ ഭാഗങ്ങൾ ഉൾക്കൊള്ളുന്ന വകുപ്പാണ് 13-ാം വകുപ്പ് സഹകരണ മേഖലയിലെ തെരഞ്ഞെടുപ്പുകളെക്കുറിച്ചാണ് ഏറ്റവും കൂടുതൽ ആക്ഷേപം നമ്മുടെ നാട്ടിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. തെരഞ്ഞെടുപ്പുകളിൽ ഉണ്ടാകുന്ന ക്രമക്കേടുകൾ, സഹകരണ സംഘങ്ങൾ പിടിച്ചെടുക്കൽ ഒക്കെത്തന്നെ ഏറ്റവും കൂടുതൽ ആക്ഷേപങ്ങൾക്ക് ഇടയായവയാണ്. ശ്രീ. കെ. സി. ജോസഫ് ഇവിടെ സൂചിപ്പിച്ചു, സഹകരണ സംഘം തെരഞ്ഞെടുപ്പുകളിലാണ് ഏറ്റവും കൂടുതൽ, വ്യാപകമായ ക്രമക്കേടുകൾ നടക്കുകയും ആക്ഷേപങ്ങൾ ഉണ്ടാകുകയും ചെയ്തു കൊണ്ടിരിക്കുന്നതെന്ന്. നമ്മുടെ ബില്ലിനകത്ത് തെരഞ്ഞെടുപ്പിന് ഒരു കമ്മീഷൻ രൂപീകരിക്കാൻ തീരുമാനിച്ചിരിക്കുന്നു എന്നു പറഞ്ഞിരിക്കുന്നു. നല്ല കാര്യമാണ്. പക്ഷെ ഗവൺമെന്റ് നിയമിക്കുന്ന ഒരു ഉദ്യോഗസ്ഥൻ എന്ന നിലയിലേയ്ക്ക് ആ കമ്മീഷൻ താഴുന്നതോടുകൂടി ഇത് എന്തിനുവേണ്ടിയാണെന്നാണോ മന്ത്രിയുടെ പ്രസംഗത്തിൽ ഉദ്ദേശിക്കുന്നത് അതിന്റെ യഥാർത്ഥ സ്പിരിറ്റ് മുഴുവൻ പോയിരിക്കുകയാണ്. നമുക്കറിയാം, നമ്മുടെ രാജ്യത്ത് പാർലമെന്റിലും, അസംബ്ലിയിലും തെരഞ്ഞെടുപ്പുകൾ നടത്തുന്നത് തെരഞ്ഞെടുപ്പ് കമ്മീഷണറാണ്. ആ തെരഞ്ഞെടുപ്പിൽ പോലും ഈ രാജ്യത്ത് നിഷ്പക്ഷമായി തെരഞ്ഞെടുപ്പ് നടക്കുന്നില്ല. മരിച്ചുപോയവരും, ദുബായിലും, ബോംബേയിലും ഉള്ളവരുമെല്ലാം വന്ന് വോട്ട് ചെയ്ത് പോകുകയാണ്. കണ്ണൂരിൽ ബോംബെയിലുള്ള ഒരാൾവന്ന് വോട്ട് ചെയ്ത് പോയത് സ്വന്തം അമ്മ അറിഞ്ഞില്ല എന്നുപറഞ്ഞ് വീട്ടിൽ പ്രശ്നമുണ്ടായി. ഞാൻ ഇതിനകത്ത് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത് ക്രെഡിറ്റ് സംഘങ്ങൾ മുതൽ ഫെഡറൽ സംഘങ്ങൾ വരെയുള്ള, default ചെയ്ത മുഴുവൻ സംഘങ്ങളുടെയും ഇലക്ഷൻ നടത്തേണ്ടതാണ്. ആയിരക്കണക്കിന് സംഘങ്ങളിൽ ഇലക്ഷൻ നടത്തുന്നുണ്ട്. ഒരു തെരഞ്ഞെടുപ്പു കമ്മീഷനെ വച്ച് എല്ലാ അധികാരങ്ങളും അയാളിൽ കേന്ദ്രീകരിക്കുക. നോൺ ജുഡീഷ്യലായിട്ടുള്ള ഒരു ഉദ്യോഗസ്ഥനെ വയ്ക്കുക എന്നുപറഞ്ഞാൽ അതിന്റെ അർത്ഥം ഗവൺമെന്റിന്റെ will and wish അനുസരിച്ച് ഇലക്ഷൻ നടക്കും എന്നുള്ളതാണ്. അതുകൊണ്ട് എന്റെ ഭേദഗതി അതിനകത്ത് മൂന്നുപേര് വരെ അംഗങ്ങളാകാവുന്ന ഇലക്ഷൻ കമ്മീഷണർമാർ ഉൾക്കൊള്ളുന്നതായിരിക്കണ മെന്നാണ്.

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(83) In sub section (2) of section 28 B of the prinicpal Act proposed to be inserted by clause 13 the first sentence shall be substituted with the following :

LIBRARY ARCHIVES Kerala Legislative Assembly

"The State Election Commission shall be A District Judge from the Judicial Department appointed by the Government for a period of five years".

ഇത് സഹകരണ ഭേദഗതി നിയമത്തിലെ അതിപ്രധാനമായ ഒരു വകുപ്പാണ്. ഇലക്ഷൻ നടത്തുന്നതിന്റെ സത്യസന്ധത, കാര്യക്ഷമത, നിഷ്പക്ഷത ഇതെല്ലാം വളരെ പ്രധാനമാണ്. ഗവൺമെന്റിന്റെ ഉദ്ദേശശുദ്ധിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷേ ഇതിൽ പറയുന്നത്.

The State Co-operative Election Commission shall be an officer not below the rank of Secretary to Government for a period of five years. എന്നാണ്. ഇവിടെ എന്റെ ഭേദഗതി കൂടി ചേർക്കണം. In sub-section (2) of section 28 B prinicpal Act to be inserted by clause 13 the first sentence shall be substituted with the following :

"The State Election Commission shall be A District Judge from the Judicial Department appointed by the Government for a period of five years". ആ ഗവൺമെന്റ് സെക്രട്ടറിയെ മാറ്റി സുതാര്യത ഉണ്ടാക്കണം, നിഷ്പക്ഷത ഉണ്ടാകണം, സത്യസന്ധമായിരിക്കണം, എല്ലാവരും അംഗീകരിക്കണം. അതാകണമെങ്കിൽ ജുഡീഷ്യൽ സർവ്വീസിന്, ഒരു ഡിസ്ട്രിക്ട് ജഡ്ജിനെ 5 വർഷത്തേക്ക് ഇലക്ഷൻ കമ്മീഷനായി നിയമിക്കണം എന്നതാണ് എന്റെ ഭേദഗതി. ഞാൻ ഇത് അവതരിപ്പിക്കുന്നു.

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(866) In sub section (2) of section 28 B of the prinicpal Act proposed to be inserted by clause 13, for the words "be an officer not below the rank of Secretary to Government" shall be replaced by the words "be a District judge".

ഞാൻ ഈ ബില്ലിന്റെ ഡിസെന്റ് രേഖപ്പെടുത്തിക്കൊണ്ട് സംസാരിച്ചപ്പോൾ പറഞ്ഞ ഒരു കാര്യം, ഇലക്ഷൻ കമ്മീഷന്റെ കാര്യത്തിൽ ക്ലാരിറ്റി വേണമെന്നുള്ളതാണ്. ഇത് ആദ്യം മുതൽ പറയുന്ന ഒരാളാണ് ഞാൻ. ഇപ്പോൾ ഈ ബില്ലിൽ ഒരു ഗവൺമെന്റ് സെക്രട്ടറി എന്നാണ് പറഞ്ഞിരിക്കുന്നത്. ഞാൻ എന്റെ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത് യാതൊരു രീതിയിലുള്ള ആക്ഷേപവും ഒരു ഭാഗത്തുനിന്നും ഉണ്ടാകാതിരിക്കാൻ വേണ്ടി ഡിസ്ട്രിക്ട് ജഡ്ജിൽ കുറയാത്ത ഒരു ജഡ്ജായിരിക്കണം ഇലക്ഷൻ കമ്മീഷണറായി വരേണ്ടത് എന്നാണ് എന്റെ ഭേദഗതി.

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(869) Recast sub-section (2) of section 28 B of the prinicpal Act proposed to be inserted by clause, 13, as follows :

LIBRARY ARCHIVES Kerala Legislative Assembly

(2) "The State Co-operative Election Commission consists of a chief Election Commissioner not below the rank of Secretary to Government and a commissioner in the rank of an Additional Secretary to Government, appointed by Government for a period of five years and the terms and conditions of appointment of the State co-operative Election Commission shall be such as may be prescribed".

ഞാൻ ദീർഘമായിട്ടൊന്നും പറയുന്നില്ല. പൊതുവായ ഒരു സമീപനം മന്ത്രി സ്വീകരിച്ചിരിക്കുന്നതിനോട് ഞങ്ങൾക്ക് യോജിപ്പുണ്ട്. ഇവിടെ ആദ്യമായിട്ടാണ് ഒരു സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഇലക്ഷൻ കമ്മീഷനെ വയ്ക്കുന്നത്. ആദ്യം പബ്ലിഷ് ചെയ്ത ബില്ലിനകത്ത് ഇല്ലാത്തതിൽ നിന്നും വ്യത്യസ്തമായിട്ട് ഇലക്ഷൻ കമ്മീഷനെ നിയമിക്കുന്നതിനും ചില ഭേദഗതികൾ വന്നിട്ടുണ്ട്. ഒരു ഇലക്ഷൻ കമ്മീഷനെ നിയമിക്കാനും, ആ കമ്മീഷൻ എന്നു പറയുന്നത് സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഒരാളായിരിക്കണം എന്നും പറയുന്നുണ്ട്. ഞാൻ ഇവിടെ നിർദ്ദേശിച്ചിരിക്കുന്നത് കഴിഞ്ഞ ദിവസം സഭയിൽ ഉണ്ടായ ചർച്ചകളുടെ അടിസ്ഥാനത്തിലാണ് ഇവിടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച് ചർച്ചവന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരു ഇലക്ഷൻ കമ്മീഷൻ ഉണ്ട്. ഇലക്ഷൻ കമ്മീഷണർ പോരാ, ഒന്നിൽകൂടുതൽ അംഗങ്ങൾ വേണം എന്നൊരു അഭിപ്രായം ഉണ്ട്. നമ്മുടെ ചീഫ് ഇലക്ഷൻ കമ്മീഷനും, അദ്ദേഹത്തെ സഹായിക്കാനുള്ള മറ്റ് രണ്ട് അംഗങ്ങളും എന്നുള്ള ഭേദഗതി ഇവിടെ ആർ. പി. ആക്ടിൽ തന്നെ വന്നു, അങ്ങനെ ഒരു നടപടിക്രമത്തിലേക്ക് നമ്മൾ പോയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെപ്പോലെതന്നെ വലിയ ഒരു ശൃംഖലയിൽപെടുന്നതാണ് സഹകരണ സംഘങ്ങൾ. അതുകൊണ്ട് ഈ പ്രൊപ്പോസൽ അംഗീകരിക്കണം എന്ന് ഞാൻ പറയുകയാണ്. എന്നിരുന്നാലും തുടക്കം എന്നുള്ള നിലയിൽ ഇപ്പോൾ ഒരാളെങ്കിലും വന്നത് നന്നായി. രണ്ടാമത് ഒരു നിർദ്ദേശം കൂടി പറയാനുള്ളത്, ഇവിടെ സബ് ക്ലാസ് മൂന്നിൽ The State Co-operative Election Commission shall, in consultation with the Government, designate or nominate officers and employees of the Government... ഇതനുസരിച്ച് കൺസൾട്ട് ചെയ്തുകഴിഞ്ഞിട്ടേ അദ്ദേഹത്തിന് കാര്യങ്ങൾ ചെയ്യാവൂ എന്നു പറയുന്നത് ശരിയല്ല. അദ്ദേഹത്തിന് പ്രൊപ്പോസൽ അയച്ചു കൊടുക്കാനുള്ള അവകാശം കൊടുക്കേണ്ടതാണ്. തൽക്കാലം ഇങ്ങനെയേ പോകാൻ നിവർത്തിയുള്ളൂ എങ്കിൽ അങ്ങനെ പോകട്ടെ. പക്ഷെ ഭാവിയിൽ ഇക്കാര്യത്തെക്കുറിച്ച് ആലോചിക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ഇലക്ഷൻ കമ്മീഷനെ ഒരു പേരിൽ, ഇന്ന രൂപത്തിൽ എന്നു പറയാൻ തയ്യാറായതിൽ സന്തോഷമുണ്ട്. അത് കുറച്ചുകൂടി ഭംഗിയായ നിലയിൽ കൊണ്ടുവരണം എന്നുള്ളതാണ് ഞങ്ങളുടെ നിർദ്ദേശം.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(870) For sub-section 28 B of the prinicpal Act proposed to be inserted by clause, 13 substitute the following, namely :

"(2) (i) The Government shall appoint the State Co-operative Election Commission from among the District Judges born on the State Judicial Service in consultation with the Leader of Opposition in the Legislative Assembly.

(ii) The term of the State Co-operative Election Commission shall be 3 years from the date of assuming office or till he attains sixty years of age whichever is earlier.

(iii) The state Co-operative Election Commission may resign his post addressed to the chief Minister.

(iv) The State Co-operative Election Commission may be removed from service for reasons to be recorded. Provided that the state Co-operative Election Commission may be given a reasonable opportunity for being heard before he is removed from service.

(v) on removing the State Election Commission from his office he may rejoin duty in the state judicial service if he has not already superannuated.

(vi) the terms and conditions of his service shall be such as may be prescribed.

(884) In the new section 28 B of the principal Act proposed to be inserted by clause 13 add the following as sub-section (5) namely :

"(5) The State Co-operative Election Commission shall within three months from the expiry of a financial year submit a report to the Government regarding its activities pertaining to the previous year and the Government shall cause it to be laid on the table of the House during its session immediately following".

ഇതിനകത്ത് ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ, എന്റെ ഭേദഗതിയിൽ പറഞ്ഞിട്ടുള്ളത് ഒരു ഡിസ്ട്രിക് ജഡ്ജ് ജുഡീഷ്യൽ ഓഫീസർ ആയിരിക്കണം എന്നുള്ളതാണ്. അതിന്റെ കാലാവധി, the term of the State Co-operative Election Commission shall be 3 years from the date of assuming office or till he attains sixty years of age whichever is earlier.

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ് 3 വർഷം അതല്ലെങ്കിൽ 60 വയസ്സുവരെ. The State Co-operative Election Commission may resign his post addressed to the Chief Minister റിസൈൻ ചെയ്യുകയാണെങ്കിൽ അത് ചീഫ് മിനിസ്റ്റർക്ക് കൊടുക്കണം എന്നൊക്കെയാണ് പറഞ്ഞിട്ടുള്ളത്. ഇതിനകത്ത് പ്രധാനമായ ഭേദഗതി ഇതൊരു ജുഡീഷ്യൽ ഓഫീസർ ആകണം എന്നുള്ളതാണ്. നമ്മുടെ സംസ്ഥാനത്ത് ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ വലിയ രാഷ്ട്രീയ പ്രശ്നങ്ങൾ ഈ തെരഞ്ഞെടുപ്പുമൂലം ഉണ്ടാകുന്നു. അതെല്ലാം ഒഴിവാക്കാൻ ഒരു ജുഡീഷ്യൽ ഓഫീസറെ വയ്ക്കുകയാണെങ്കിൽ വളരെ ഉത്തമമായിരിക്കും. ഏതായാലും മന്ത്രി ഇവിടെ കൊണ്ടുവന്നപ്പോൾ സെക്രട്ടറി എന്നു പറഞ്ഞു. അത്രത്തോളം നന്നായി. എന്നാൽ ഞാൻ പറഞ്ഞത് അംഗീകരിച്ചാൽ അതിനേക്കാൾ നന്നാകും. അത്രയേയുള്ളൂ വ്യത്യാസം. അതുകൊണ്ട് കൂടുതൽ നന്നാകണോ, വേണ്ടയോ എന്നുള്ള പ്രശ്നം മാത്രമേ അതിനകത്തുള്ളൂ. പിന്നെ എന്റെ 884-ാം നമ്പർ ഭേദഗതിയിൽ ഞാൻ പറയുന്നത്, ഇലക്ഷൻ കമ്മീഷൻ അതിന്റെ റിപ്പോർട്ട് ഗവൺമെന്റ് മുൻആണ്ടിലെ പ്രവർത്തനത്തെക്കുറിച്ചുള്ള റിപ്പോർട്ട് ഗവൺമെന്റിന് നൽകണം. ആ റിപ്പോർട്ട് അസംബ്ലിയിൽ ലേ ചെയ്യണം എന്നുള്ളതാണ്. അത് ഒഴിച്ചുകൂടാൻ കഴിയാത്ത ഒരു കാര്യമാണ്. സാധാരണ ഗതിയിൽ ഇതുപോലുള്ള പോസ്റ്റുകളൊക്കെ ക്രിയേറ്റുചെയ്യുമ്പോൾ നമ്മൾ ഉണ്ടാക്കുന്ന ഒരു സമ്പ്രദായമാണ്. അതുകൊണ്ട് അംഗീകരിക്കാൻ കഴിയുമെങ്കിൽ അംഗീകരിക്കുക.

Shri. K. C. Joseph : Sir, I move the following amendments :

(871) For sub-section (2) of section 28 B of the principal Act proposed to be inserted by clause 13, substitute the following :" (2) (a) The State Co-operative Election Commission shall be appointed by the Government from among a panel of three names of District Judges in the State Judicial Service proposed by the Leader of Opposition in the State Legislative Assembly. (b) The term of office of the State Co-operative Election Commission shall be three years from the date of assumption of office or the completion of sixty years of age whichever is earlier. (c) The State Co-operative Election Commission may resign his office at any time by hand and seal. (d) The State Co-operative Election Commission may be removed from office by a resolution passed by the Legislative Assembly on grounds of proved misconduct or inefficiency or incapacity. (e) The terms and conditions of appointment of the commission shall be such as may be prescribed.

(872) For sub-section (2) of section 28 B of the principal Act proposed to be inserted by clause 13, substitute the following

LIBRARY ARCHIVES Kerala Legislative Assembly

namely:- "(2) (a) When State Co-operative Election Commission shall be appointed by the Government in consultation with the leader of opposition in the Legislative Assembly from among the District Judges in the State Judicial Service, (b) The terms of office of the State Co-operative Election Commission shall be a period of five years from the date of taking charge of the office or until he attains the age of sixty years whichever is earlier.

(3) The State Co-operative Election Commission may resign his office under his hand and seal at any time.

(4) He may be removed from office on the basis of a resolution passed by the Legislative Assembly for proved misconduct or inefficiency or incapacity.

(5) Before entering upon his office he may subscribe oath or affirmation as may be prescribed".

(883) In the new Section 28 B of the Principal Act proposed to be inserted by clause 13 add the following new sub-section (5) after sub-clause (4), namely :—

"(5) The election of the society shall be conducted at the headquarters of the society or on the nearest possible Government or aided school to the headquarters building".

സാർ എനിക്ക് പ്രത്യേകമായിട്ട് ഇവിടെ പറയാനുള്ളത് സർ ഇലക്ഷൻ കമ്മീഷൻ വരാനുള്ള പ്രത്യേകമായ ഒരു സാഹചര്യമുണ്ട്. ഇപ്പുറത്തും അപ്പുറത്തും ഉള്ള ആളുകൾക്ക് കഴിഞ്ഞ കാലങ്ങളിലെ ഇലക്ഷനുകളിൽ വളരെ മോശമായ അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ആ സംഭവങ്ങൾ ഇനി ആവർത്തിക്കാൻ പാടില്ല. സഹകരണസംഘം തെരഞ്ഞെടുപ്പ് ഇന്ന് വളരെ ബാദ്ധ്യതയുള്ള ഒന്നാണ്. സംഘങ്ങളുടെ വരുമാനത്തിന്റെ വലിയ ഒരു പങ്ക് ഇലക്ഷനുവേണ്ടി ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്. കാരണമെന്താണ് ? പോലീസിനെ വിളിക്കാനും പോലീസ് സംരക്ഷണം നൽകാനും മറ്റും ഫീസ് കെട്ടണം. എന്നാലോ ഒരു തെരഞ്ഞെടുപ്പും നടക്കുന്നുമില്ല. കോടതിയിൽ പോകണം ഇത് അവസാനിപ്പിക്കണമെങ്കിൽ ഇലക്ഷൻ കമ്മീഷൻ അനിവാര്യമായ ഒരു ആവശ്യമാണ്. രണ്ടാമതായി ഗവൺമെന്റ് സെക്രട്ടറിയെയാണ് കമ്മീഷനായി വച്ചിരിക്കുന്നത്. ഗവൺമെന്റ് സെക്രട്ടറിമാർക്ക് യഥേഷ്ടം ആക്ട് ചെയ്യാനുള്ള സ്വാതന്ത്ര്യമുണ്ടോ ? ഉണ്ടെങ്കിൽ കുഴപ്പമില്ല. പയ്യാവൂർ കേസിൽ, ഗവൺമെന്റ് ചീഫ് സെക്രട്ടറിക്ക് ഹൈക്കോടതിയിൽ എത്ര ദിവസം പോകേണ്ടിവന്നു. അദ്ദേഹത്തിന് എത്ര ദിവസം അവിടെ കൈയ്യും കെട്ടി നില്ക്കേണ്ടിവന്നു. അപ്പോൾ ചീഫ് സെക്രട്ടറിക്കുപോലും മനസാക്ഷിയനുസരിച്ച് ആക്ട് ചെയ്യാനുള്ള സ്വാതന്ത്ര്യമില്ലെങ്കിൽ ഗവൺമെന്റ് സെക്രട്ടറിയെ വച്ചാലും,

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് സെക്രട്ടറിമാർ നല്ലവരാണ്, പ്രഗത്ഭന്മാരാണ്, സ്വാതന്ത്ര്യം ഉണ്ടാകുകയില്ല. അവരുടെ മനസാക്ഷിയ്ക്കനുസരിച്ച് പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടാകുകയില്ല. അതുകൊണ്ട് ഗവൺമെന്റ് സെക്രട്ടറിമാർക്ക് embarrassment ഉണ്ടാകാതെ ഇലക്ഷന്റെ ഫെയർനസ് ഉണ്ടാകണമെങ്കിൽ നേരത്തെ പറഞ്ഞതുപോലെ ഒരു ജില്ലാ ജഡ്ജിയെയെങ്കിലും കമ്മിഷനായിട്ടു വയ്ക്കണം. സർ നമ്മുടെ കേന്ദ്ര ഇലക്ഷൻ കമ്മീഷൻ ഒരു മൾട്ടി മെമ്പർ ബോഡി ആക്കിയില്ലേ, ആദ്യം ശേഷൻ മാത്രമായിരുന്നു, ഒരാൾ ആയാൽ ശരിയാകുകയില്ല എന്നു കരുതിയിട്ട് കേന്ദ്ര ഗവൺമെന്റ് അത് മൾട്ടി മെമ്പർ ബോഡിയാക്കി. അങ്ങനെ തെരഞ്ഞെടുപ്പു കമ്മീഷനെപ്പറ്റി വിശ്വാസ്യത ഉണ്ടാകണമെങ്കിൽ എല്ലാവർക്കും വിശ്വാസമുള്ള ഒരു കമ്മീഷൻ ഉണ്ടാകണം. അത് സാധിക്കണമെങ്കിൽ തീർച്ചയായിട്ടും ജില്ലാ ജഡ്ജിയുടെ റാങ്കിലുള്ള ഒരു ജുഡീഷ്യൽ ഉദ്യോഗസ്ഥനെ വയ്ക്കുന്നതായിരിക്കും നല്ലത്. ഇവിടെ ഇന്ന് ചർച്ചയിൽ വളരെയേറെ സൗമനസ്യം കാണിച്ച് ഞങ്ങളുടെ വികാരം മാനിച്ച്, പല മാറ്റങ്ങളും വരുത്തി, ആ സൗമനസ്യം കാണിച്ച മന്ത്രി ഈ ബില്ലിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുക്കൊണ്ടുതന്നെ ദയവായി ഇലക്ഷൻ കമ്മീഷന്റെ കാര്യത്തിലും അങ്ങയുടെ ഉദ്യോഗസ്ഥന്മാർക്ക് ഒരു embarrassment ഉണ്ടാകാതെ എല്ലാവർക്കും വിശ്വാസമുള്ള സമീപനം ഉണ്ടാകാൻ ശ്രദ്ധിക്കണം, വേറൊന്ന് എനിക്ക് പറയാനുള്ളത് എന്റെ 883-ാം നമ്പർ ഭേദഗതിയെക്കുറിച്ചാണ്. The election of the society shall be conducted at the headquarters of the society or on the nearest possible government or aided school to the head quarters building. സർ, ഞാൻ ഇത് പറയാൻ കാരണമുണ്ട്, ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ച എന്റെ നിയോജക മണ്ഡലത്തിലെ ഒരു സംഘത്തിലെ ഇലക്ഷൻ കഴിഞ്ഞ ഒൻപത് തവണ നടന്ന സ്ഥലത്തുനിന്ന് മാറ്റി ദൂരെ യാത്രാ സൗകര്യമില്ലാത്ത സ്ഥലത്തുകൊണ്ടുപോയി. ചെമ്പൻതോട്ടിൽ നിന്നു മാറ്റി ചേന പറമ്പിലേയ്ക്ക് കോണ്ടുപോയി. ശ്രീ. ഗോവിന്ദൻ മാസ്റ്റർക്ക് അറിയാം, പയ്യന്നൂർ ബാങ്കിന്റെ ഇലക്ഷൻ പയ്യന്നൂർ ടൗണിൽനിന്നു മാറ്റി കണ്ണൻകാവിലേയ്ക്ക് കൊണ്ടുപോയി. സംഘം പിടിക്കാൻ പുതിയ മാർഗ്ഗം കണ്ടെത്തുകയാണ്. ഗോവിന്ദൻ മാസ്റ്റർ, ഇന്നലെയുണ്ടായി എങ്കിൽ നാളെ ഉണ്ടാകാൻ പാടില്ല. നാളെ ഉണ്ടാകാതിരിക്കട്ടെ. സർ, സംഘം പിടിക്കാൻ പുതിയ മാർഗ്ഗം കണ്ടെത്തുന്നു. ഹെഡ്ക്വാർട്ടേഴ്സ് ഇരിക്കുന്ന സ്ഥലത്ത് ഇലക്ഷൻ നടത്താൻ നിവൃത്തിയില്ല. അവിടെ നിന്ന് മാറ്റി പയ്യന്നൂർ ബാങ്കിലെ ഇലക്ഷൻ കണ്ണൻകാവിലേയ്ക്ക് കൊണ്ടു പോകുക, ചെമ്പൻതോട്ടിലെ ഇലക്ഷൻ ചേനപറമ്പിലേയ്ക്ക് കൊണ്ടു പോകുക. ആ പ്രവണത അവസാനിപ്പിക്കണം. തെരഞ്ഞെടുപ്പ് ഭംഗിയായി നടക്കട്ടെ, ഈ സഹകരണ സംഘങ്ങളെ നശിപ്പിക്കാതെ അതിന്റെ ക്രെഡിബിലിറ്റി വീണ്ടെടുക്കാൻ ഇലക്ഷൻ ഫെയർ ആക്കണം. സംഘം ഇലക്ഷൻ ഹെഡ്ക്വാർട്ടേഴ്സ് ബിൽഡിംഗിൽ അല്ലെങ്കിൽ അടുത്ത ഗവൺമെന്റ് സ്കൂളിലോ എയിഡഡ് സ്കൂളിലോ ആക്കണം. സർ, ഇവിടെ നേരെത്തെ ചൂണ്ടിക്കാണിച്ചതുപോലെ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഇലക്ഷൻ കമ്മിഷണർ സാമ്പത്തികവർഷം അവസാനിച്ച് മൂന്നു മാസത്തിനുള്ളിൽ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് ഗവൺമെന്റിന് കൊടുക്കുകയും അത് സഭയിൽ

LIBRARY ARCHIVES Kerala Legislative Assembly

വയ്ക്കുകയും വേണം. അങ്ങനെയാണെങ്കിൽ സഭയ്ക്ക് ചർച്ച ചെയ്യാനുള്ള അവസരം ഉണ്ടാകും. അതുകൊണ്ട് നേരത്തെ ശ്രീ. വേണുഗോപാൽ ചൂണ്ടിക്കാണിച്ചതുപോലെ ഈ ബില്ലിന്റെ പ്രധാന വകുപ്പാണ് ഇലക്ഷൻ കമ്മീഷൻ, ആ ഇലക്ഷൻകമ്മീഷന്റെ ഇൻഡിപെൻഡൻസും, അതിന്റെ ക്രെഡിബിലിറ്റിയും വീണ്ടെടുക്കാവുന്ന തരത്തിലുള്ള ഭേദഗതികൾ കൊണ്ടുവരാൻ ഗവൺമെന്റ് തയ്യാറാകണം.

Shri P. J. Joy : Sir, I move the following amendments.

(876) In sub-section (4) of section 28 B of the principal Act proposed to be inserted by clause 13 substitute the following :-

"(4) The provisions contained in the Conduct of Election Rules 1961 issued under the Representation of People Act 1951 shall apply mutatis mutandis to the Elections to the committee of Co-operative Societies held by the States Co-operative Election Commission.

(5) The State Co-opertative Election Commission shall have power to issue directions to the societies in the matter of holding election to the committees of the societies coming under his jurisdiction.

(6) All the officers and staff appointed to assist the State Co-opertative Election Commission under sub-section (3) shall be under his supervision and control and he shall have powers to take disciplinary action on them".

(877) For sub-section (4) of section 28 B of the principal Act proposed to be inserted by clause 13 substitute the following :-

"(4) In matters relating to the conduct of election to the committees of societies the conduct of Election Rules, 1961 issued under the Representation of People Act, 1951 shall apply".

സർ, ഇവിടെ ഞാൻ ദീർഘമായി പറയാൻ ആഗ്രഹിക്കുന്നില്ല. ഈ ഇലക്ഷൻ കമ്മീഷൻ എങ്ങനെയായിരിക്കണമെന്ന് ഇതിനകത്ത് നിർവചിക്കപ്പെട്ടിട്ടില്ല. അതുകൊണ്ട് എന്റെ ഒരു ഭേദഗതിയെന്ന് പറയുന്നത് Representation of people's Act അനുസരിച്ച് ആ മാതൃകയിൽ ഉള്ള ഒരു കമ്മീഷനായി വരണമെന്നുള്ളതാണ്. നേരത്തെ ശ്രീ കെ. സി. ജോസഫ് സൂചിപ്പിച്ചതുപോലെ അതിന്റെ ക്രെഡിബിലിറ്റി നിലനില്ക്കത്തക്ക തരത്തിൽ സ്വതന്ത്രമായി പെരുമാറാൻ കഴിയുന്ന വിധത്തിൽ ആർ. പി. ആക്ടിന്റെ മാതൃകയിൽ ഇതുകൂടി കൂട്ടിച്ചേർത്ത് ഇത് കുറ്റമറ്റതാക്കണം എന്നതാണ് എന്റെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : മറ്റു ഭേദഗതികൾ ഒന്നും ഓർഡറിലല്ല.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, ഇവിടെ കൊണ്ടുവന്ന ഭേദഗതികളൊന്നും സ്വീകാര്യമല്ല. ഈ നിയമസഭ പാസ്സാക്കിയിട്ടുള്ള പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് ഇലക്ഷൻ കമ്മീഷനെ നിയമിച്ചപ്പോൾ ഗവൺമെന്റ് സെക്രട്ടറിയെയാണ് ഇലക്ഷൻ കമ്മിഷനായി നിശ്ചയിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ, സംശയങ്ങൾക്കെല്ലാം ദൂരീകരണം വരുത്തികൊണ്ടാണ് ഇപ്രകാരം ഒരു നിർദ്ദേശം ഈ ബില്ലിലും കൊണ്ടുവന്നത്. ഇലക്ഷനിൽ എന്തെങ്കിലും തർക്കമോ പരാതിയോ വന്നാൽ അത് കേൾക്കുന്ന ഒരു ബോഡിയാണല്ലോ ജുഡീഷ്യൽ ബോഡി. അത് നേരെ ഇവിടെ വന്നാൽപ്പിന്നെ ഇവിടെ പ്രശ്നമെന്തെങ്കിലും ഉണ്ടായാൽ കേൾക്കാൻ ആളുണ്ടോ ? അതുകൊണ്ട് ഇൻഡ്യൻ ഇലക്ഷൻ കമ്മിഷനിലോ, സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷനുകളിലോ ഒന്നും തന്നെ ഒരു ജഡ്ജി ഇലക്ഷൻ കമ്മിഷനായിട്ടു വന്നിട്ടില്ല. അതൊരു ശരിയായ രീതിയല്ല. അതുകൊണ്ട് ഭേദഗതികൾ അംഗീകരിക്കാൻ കഴിയുകയില്ല.

സർവ്വശ്രീ. കെ. സി. വേണുഗോപാൽ, തമ്പാനൂർ രവി, ജോണി നെല്ലൂർ, ടി. എം. ജേക്കബ്, ആര്യാടൻ മുഹമ്മദ്, കെ. സി. ജോസഫ്, പി. ജെ. ജോയി എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

മി. സ്പീക്കർ : 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ...

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

14-ാം വകുപ്പ്

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(889) In section 32 (1) of the principal Act proposed to be substituted by clause 14 (i) the words "or through his subordinates or on a report of the financing bank, or the Vigilance and Anti-corruption Bureau of the Government or the Vigilance Officer or otherwise" shall be deleted.

സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു വകുപ്പാണ്, സഹകരണ സംഘങ്ങളിൽ ഫ്രാഡ് കാണിച്ചാൽ, ബൈലായ്ക്ക് വിരുദ്ധമായി പ്രവർത്തിച്ചാൽ, ഡിഫാൾട്ട് ഉണ്ടാക്കിയാൽ, ഗവൺമെന്റ് ഡയറക്ഷൻസ് അനുസരിക്കാതിരുന്നാൽ നടപടിയെടുക്കുന്ന ഒരു സ്ഥിതിയാണ്. രജിസ്ട്രാർക്ക് ഇതിനുള്ള എല്ലാ അധികാരവും ഉണ്ട്. പ്രിൻസിപ്പിൾ ആക്ടിൽ അത് വളരെ ക്ലിയറാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

If the Registrar, after an inquiry by himself... പക്ഷെ ഇവിടെ ആവശ്യമില്ലാതെ (1) "If the Registrar, after an inquiry by himself or through his subordinates or on a report of the financing Bank, or the Vigilance and Anticorruption Bureau of the Government or the Vigilance Officer or otherwise is satisfied that the committee of any society" :-

അതിന്റെയൊന്നും ആവശ്യമില്ലെന്നാണ് എന്റെ ഭേദതി.

If the Registrar, after an inquiry by himself is satisfied that the committee of any society. സർ, രജിസ്ട്രാർക്ക് വേണമെങ്കിൽ ഇപ്പോൾ തന്നെ അധികാരമുണ്ട് ആന്റികറപ്ഷൻ എഴുതാം, വിജിലൻസിന് എഴുതാം. ആ അധികാരം ആൾറെഡി രജിസ്ട്രാർക്ക് ഉള്ള സമയത്ത് ആവശ്യമില്ലാത്ത ഒരു വകുപ്പ് ഇതിൽ എഴുതിച്ചേർക്കാൻ പാടില്ല. അതുകൊണ്ട് എന്റെ ഭേദഗതി അംഗീകരിക്കുകയാണ് നല്ലത്. അത് അംഗീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. ജെ. ഫ്രാൻസിസ് : Sir, I move the following amendment.

(896) In section 32 (1) of the principal Act proposed to be substituted by clause 14 (i), shall be substituted as follows :-

"(1) If the Registrar, after an inquiry by himself or through his subordinates or on a report of the financing Bank, or the Vigilance is satisfied that the committee of any society,-"

സർ, ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി പ്രസംഗിച്ചപ്പോഴും ശ്രീ. അനിരുദ്ധൻ പ്രസംഗിച്ചപ്പോഴുമൊക്കെ പറഞ്ഞു ഇവിടെ പോലീസ് രാജ് കൊണ്ടുവരില്ല, ഒരു വിജിലൻസ് ഓഫീസറെ നിയമിക്കുന്നു എന്നൊക്കെ. അതിലൊന്നും തെറ്റില്ല. പക്ഷേ, സെക്ഷൻ 32 (1)-ൽ പറയുന്നത്. If the Registrar, after an inquiry by himself or through his subordinates or on a report of the financing Bank, or the Vigilance and Anticorruption Bureau of the Government or the Vigilance officer... എന്നാണ് ഈ Vigilance and Anticorruption Bureau എങ്ങനെ വന്നു ? അയാളെ ആര് നിയമിക്കുന്നു ? അപ്പോൾ പുറംവാതിലിൽക്കൂടി ഒരു പോലീസ് ഉദ്യോഗസ്ഥനെ കയറ്റി ഇവിടെ അന്വേഷിക്കാനുള്ള അവകാശം നിങ്ങൾ കൊടുക്കുകയാണ്. സെക്ഷൻ 65 അനുസരിച്ച് ആർക്കൊക്കെ എൻക്വയറി നടത്താമെന്നാണ് പറയുന്നത് ? The Registrar may —

(a) on his own motion ; or

(b) on an inquiry report of the Vigilance Officer appointed under section 68 A or

(c) on a report of the Director of Co-operative Audit appointed under section 63 ; or

(d) on an application by the majoirty of the members of the committee of the society.

LIBRARY ARCHIVES Kerala Legislative Assembly

(e) on an application by the apex society.

(f) on an application of a society to which the society concerned is affiliated,—

അത് സമ്മതിക്കുന്നു. അതുപോലെ ഫിനാൻസിംഗ് ബാങ്കിംഗ് 66 സബ് സെക്ഷൻ 7 അനുസരിച്ച് ഇൻസ്പെക്ഷൻസ് നടത്താറുണ്ട്. Vigilance and Anticorruption Bureau of the Government എങ്ങനെ വന്നു ? അത് നീക്കം ചെയ്യണം. മാത്രമല്ല വകുപ്പിൽ മറ്റൊരു അധികാരംകൂടി കൊടുത്തിരിക്കുന്നു. The Registrar,.... or otherwise is satisfied. so, it is opposing section 65 അനുസരിച്ച് എൻക്വയറി ചെയ്തിട്ട് റിപ്പോർട്ട് അനുസരിച്ചേ അദ്ദേഹത്തിന് എൻക്വയറി ചെയ്യാൻ പാടുള്ളൂ. അപ്പോൾ അമിതാധികാരം കൊടുക്കുകയും Vigilance and Anticorruption Bureau of the Government-നെ ഇതിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നത് പുറംവാതിലിൽകൂടി പോലീസ് രാജ് നടപ്പിലാക്കാനാണ്. അങ്ങ് ഇന്നലെ ഇവിടെ പ്രസംഗിച്ചത് ഉദ്ദേശശുദ്ധിയോടു കൂടിയാണെങ്കിൽ Vigilance and Anticorruption Bureau of the Government or otherwise എന്നുള്ളത് മാറ്റി ഞാൻ അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കണം.

<u>ശ്രീ. ടി. എം. ജേക്കബ്</u> : Sir, I move the following amendments.

(890) In Section 32 sub section (1) of the principal Act proposed to be substituted by clause 14 (i), the words "or the Vigilance and Anticorruption Bureau of the Government" shall be deleted.

(900) In Section 32 sub-section (1) of the principal Act proposed to be substituted by clause 14 (i), for the words "not more than three administrators", the words "not more than two administrators" shall be substituted.

സർ, സെക്ഷൻ 32 supersession of committees നെക്കുറിച്ചാണ് പറയുന്നത്. അതിന് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പുതിയ ഒരു ഭേദഗതിയാണ് ഇവിടെ നിർദ്ദേശിച്ചിരിക്കുന്നത്. നേരത്തേയുണ്ടായിരുന്ന പ്രൊവിഷൻ തന്നെ വളരെ നല്ലതായിരുന്നു. അതിന്റെ ആവശ്യമേയുള്ളൂ. ഞാൻ സെലക്ട് കമ്മിറ്റി മെമ്പർമാരോട് ചോദിച്ചു. അവർ തെളിവെടുക്കാൻ പോയ അവസരത്തിലും വളരെ ശക്തമായ എതിർപ്പ് ഈ പ്രൊവിഷനെ സംബന്ധിച്ച് വന്നു. നേരത്തേയുള്ളതിൽ പറഞ്ഞിരിക്കുന്നത് If the Registrar is statisfied that the committee of any society persistently makes default or is negligent in the performance of the duties imposed on it by this act or the rules or bye-laws or commits any act which is prejudicial to the interests of the society or willfully disobeys or willfully fails to comply with any lawful order or direction issued under this Act or the rules, The Registrar may, after giving the committee an opportunity to state its objections, if any, by order in writing remove the committee and എന്ന് പറഞ്ഞിട്ട് ബാക്കിയുള്ളത്

LIBRARY ARCHIVES Kerala Legislative Assembly

എ, ബി, സി, ഡി എന്ന് പറഞ്ഞിരിക്കുകയാണ്. അതിന് പകരം ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പ്രൊപ്പോസ് ചെയ്തിരിക്കുന്നതിൽ If the Registrar, after an inquiry by himself.... അത് അവിടെ നില്ക്കട്ടെ. ....or through his subordinates... അതിന് കുഴപ്പമില്ല..... or on a reports of the financing Bank.. അതും വേണമെങ്കിൽ ഒരു പരിധിവരെ അംഗീകരിക്കാം. അതുകഴിഞ്ഞിട്ട് or the Vigilance and Anticorruption Bureau of the Government or the Vigilance Officer or otherwise is satisfied that the committee of any society എന്നിട്ട് താഴെ കുറെ കാര്യങ്ങൾ പറഞ്ഞിരിക്കുകയാണ്. എ, ബി, സി, ഡി എന്ന് പറഞ്ഞിരിക്കുന്നതിനകത്തുള്ള ഉള്ളടക്കത്തോട് ഞാൻ യോജിക്കുന്നില്ല. അന്വേഷിക്കാൻവേണ്ടി ചുമതലപ്പെടുത്തേണ്ട അധികാരികളെ സംബന്ധിച്ചിടത്തോളം ശരിയായ ഒരു സമീപനമല്ല സ്വീകരിക്കുന്നത്. ഇവിടെ കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റിന് ഗവൺമെന്റ് തലത്തിൽ രജിസ്ട്രാറും രജിസ്ട്രാറുടെ കീഴിലുള്ള ഉദ്യോഗസ്ഥരും താഴ്ന്ന തലംവരെയുള്ള മറ്റ് ഉദ്യോഗസ്ഥ ശ്യംഖലയും ഉണ്ട്. അത് വളരെ വിപുലവുമാണ്. നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്ന സഹകരണ സ്ഥാപനങ്ങളുടെ നടപടികളെ സംബന്ധിച്ച് വസ്തുനിഷ്ഠമായ ഒരു കാഴ്ചപ്പാട് നമുക്ക് ഉണ്ട്. അത് നിലനില്ക്കുമ്പോൾ ഇതിനകത്ത് അനാവശ്യമായി മറ്റ് ഏജൻസികളെ കൊണ്ടുവരുന്നത് ശരിയല്ല. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ or the Vigilance and Anticorruption Bureau of the Government എന്നു പറഞ്ഞിരിക്കുന്നത് രജിസ്ട്രാർ റിപ്പോർട്ട് ചെയ്ത് ഇവർ എൻക്വയറി നടത്തുന്ന പ്രശ്നങ്ങളെ സംബന്ധിച്ചാണെന്നാണ്. ഇവിടെ അവർ നടത്തുന്ന മിസ് അപ്രോപ്രിയേഷൻസും മറ്റ് കാര്യങ്ങളുമെന്താണ് ? അതിനെസംബന്ധിച്ചിടത്തോളം അത് സർക്കാരിന്റെ Vigilance and Anticorruption Bureau അന്വേഷിക്കേണ്ട കാര്യമല്ല എന്നാണ്. അതിനെക്കുറിച്ച് അന്വേഷിക്കാൻ ഇവിടെ നിങ്ങൾക്ക് പ്രത്യേകമായ സംവിധാനമുണ്ട്. പിന്നെ നിങ്ങൾ ഇപ്പോൾ ഇതിനകത്ത് on a report of the financing Bank എന്ന് പറയുന്നുണ്ട്. അവിടംകൊണ്ട് അവസാനിപ്പിക്കാം. വെറുതേ എന്തിനാ സഹകരണസ്ഥാപനങ്ങളിലേക്ക് വരുന്ന ആളുകളെ മുഴുവൻ ഇതിന്റെ പരിധിയിൽ കൊണ്ടുവരുന്നത് ? ആവശ്യമില്ലാത്ത ഹരാസ്സ്മെന്റ് പല സൊസൈറ്റികളുടേയും പേരിൽ വരുത്താൻ വഴിതെളിക്കും. ഇപ്പോൾത്തന്നെ അവർക്ക് ഇഷ്ടംപോലെ ജോലി ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. പലതിനേയും അതിന്റെ പരിധിയിൽക്കൊണ്ടുവന്നു കഴിഞ്ഞു. ഇതെല്ലാം ഉള്ളപ്പോൾ സഹകരണസ്ഥാപനങ്ങളെക്കൂടി ഈ രീതിയിൽ or the Vigilance and Anticorruption Bureau of the Government or the Vigilance Officer എന്ന് പറഞ്ഞ് ഇതിനകത്ത് കൊണ്ടുവരേണ്ട യാതൊരാവശ്യവുമില്ല. അങ്ങനെ കൊണ്ടുവരുന്നത് ശരിയായ ഒരു സമീപനമായിരിക്കുകയില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യം പരിഗണിച്ച് ആ പർട്ടിക്കുലർ പോർഷൻ ഒഴിവാക്കണമെന്നുള്ള റിക്വസ്റ്റാണ് എനിക്കുള്ളത്.

സർ, മറ്റൊന്ന് എന്റെ 900-ാം നമ്പർ ഭേദഗതിയാണ് അതിനകത്ത് he may, after giving committee an apportunity to state its objections, if any, by order in writting, remove the committee and, appoint a new committee consisting of not more than three members of the society in its place അതുകഴിഞ്ഞിട്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

or, appoint not more than three administrators, ഇവിടെ ബഹുമാനപ്പെട്ട ജോണി നെല്ലൂരിന്റെ ഒരു അമെന്റുമെന്റ് വേറെ വരുന്നുണ്ട്. മൂന്ന് മെമ്പർമാർ എന്നാണ്. അത് ഓപഷന് ഇട്ടിരിക്കുകയാണ്. Not more than three members of the society in its place or not more than three Administrators. എന്ന് കൊടുക്കുന്നത് തന്നെ തെറ്റാണ് അഡ്മിനിസ്ട്രേറ്ററായിട്ട് വരുന്ന ആളുകൾ not more than three അതിന്റെ ആവശ്യമില്ല. രണ്ട് പേരിൽ കൂടുതൽ ഒരിക്കലും ആവശ്യമില്ല. എന്തായാലും ഇപ്പോൾ ചുരുക്കിയല്ലോ. ബഹുമാനപ്പെട്ട മന്ത്രി തന്നെ നേരത്തെ പറഞ്ഞു നേരത്തേ രണ്ട് വർഷമായിരുന്നു നമ്മൾ അത് ഒരുവർഷമായിട്ട് ചുരുക്കി ; ഇപ്പോൾ മാക്സിമം ആറുമാസമാണെന്ന്. അത് നല്ല കാര്യമാണ്. അങ്ങനെ പരിമിതപ്പെടുത്തുമ്പോൾ പിന്നെ എന്തിനാ ആളുകളെ കൂടുതൽ അപ്പോയിന്റ് ചെയ്യുന്നത് ? അതുകൊണ്ട് ഇക്കാര്യംകൂടി പരിഗണിക്കണം.

ശ്രീ. കെ. സി. ജോസഫ് : Sir, I move the following amendments.

(898) In sub-section (1) of section 32 of the principal Act proposed to be substituted by clause 14 (i), the words "appoint a new committee consisting of not more than three members of the society in its place or appoint not more than three administrators, who need not be members of the society" shall be substituted by the words "one ore three administrators not below the rank of the Assistant Registrar of Co-operative Department".

(915) In Sub section (4) of Section 32 of the principal Act proposed to be substituted by clause 14 (ii), after the words "any of the functions" and words "except the power to admit new members".

സർ, ഇത് ഡമോക്ലസിന്റെ വാൾ പോലെ നില്ക്കുന്ന ഒരു ഭീഷണിയാണ്. ഇവിടെ പറയുന്നത്. പ്രത്യേക സാഹചര്യങ്ങളിൽ രജിസ്ട്രാർക്കുള്ള അധികാരമാണ്. If the Registrar, after an enquiry by himself or through his subordinates. സബോർഡിനേറ്റ് എന്ന് ഉദ്ദേശിക്കുന്നത് ആരെയാണ് ? ജെ. ആറും ഒക്കെയാണ് സബോർഡിനേറ്റ്സ്. ഞങ്ങളുടെ അനുഭവത്തിൽ ഉദ്യോഗസ്ഥരിൽ താഴെത്തട്ടിലുള്ളവരിൽ പലരും ചില പാർട്ടികളുടെ ആജ്ഞാനുവർത്തികളാകാൻ നിർബന്ധിതരാകുന്നു. അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇവിടെ പല സൊസൈറ്റികളും പിരിച്ചുവിട്ടു. ഹൈക്കോടതിയിൽ പോയി റീഇൻസ്റ്റേറ്റ് ചെയ്യേണ്ടിവന്നു. അങ്ങനെ നില്ക്കുമ്പോൾ ഗുരുതരമായ വീഴ്ചകൾ ചൂണ്ടിക്കാണിച്ച് പിരിച്ചുവിടാനുള്ള പ്രൊവിഷൻ വയ്ക്കുന്നത് തീർച്ചയായും ആ വ്യവസ്ഥകൾ ദുർവിനിയോഗം ചെയ്യാനുള്ള സാഹചര്യം ഉണ്ടാകും. പിരിച്ചുവിട്ടാലോ "appoint a new committee consisting of not more than three members of the society in its place or appoint not more than three administrators, who need not be members of the society". പിരിച്ചുവിട്ടുകഴിഞ്ഞാൽ ഒന്നുകിൽ ആ സൊസൈറ്റിയിലെ

LIBRARY ARCHIVES Kerala Legislative Assembly

അംഗങ്ങളായ മൂന്നുപേർ ഉൾക്കൊള്ളുന്ന ഒരു കമ്മിറ്റി അല്ലെങ്കിൽ ആ സൊസൈറ്റിയിലോ സഹകരണമേഖലയുമായോ യാതൊരു ബന്ധവുമില്ലാത്ത മൂന്നുപേർ അഡ്മിനിസ്ട്രേറ്റർമാരായിട്ട് വന്നുകൂടെ ? അഡ്മിനിസ്ട്രേറ്റർ എന്ന് പറയുന്നത് ഉദ്യോഗസ്ഥനാണെങ്കിൽ കുഴപ്പമില്ല. Three administrators they need not be the officers of the Co-operative Department. അങ്ങനെ വരുന്നത്, പിരിച്ചുവിടുന്നതിനുള്ള സമ്മർദ്ദം വളരെയധികം ഉണ്ടാകും. അപ്പെക്സ് സൊസൈറ്റിയാണെങ്കിലും പ്രൈമറി സൊസൈറ്റിയാണെങ്കിലും ഭരിക്കുന്ന കക്ഷിയുടെ താല്പര്യത്തിന് അനുസരിച്ച് പല കാരണങ്ങൾ ചൂണ്ടിക്കാണിച്ച് പിരിച്ചു വിടാനും, പിരിച്ചുവിട്ടുകഴിഞ്ഞാൽ പാർട്ടിക്കാരായ മെമ്പർമാരേയോ അല്ലാത്തവരേയോ കമ്മറ്റിയിലാക്കാനുള്ള സമ്മർദ്ദം വളരെയധികം ഉണ്ടാകും. അത് സഹകരണ സ്ഥാപനങ്ങൾക്ക് ഗുണകരമായ ഒരു കാര്യമല്ല.

സർ, രണ്ടാമത് ഒരുകാര്യമുള്ളത്, കമ്മിറ്റിക്ക് they have power to exercise all or any of the powers and functions.എന്റെ അമെന്റുമെന്റ് except the power to admit new members മെമ്പേഴ്സിനെ ചേർക്കാനുള്ള അധികാരം ഒഴിച്ച് എന്നാണ്.

ശ്രീ. ജോണി നെല്ലൂർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(899) In Section 32 (1) of the principal Act proposed to be substituted by clause 14 (i), the following words shall be deleted :- "not more than three members of the society in its place".

(905) In section 32 (1) of the principal Act proposed to be substituted by clause 14 (i), the words "not exceeding six months", shall be subtituted by the words "not exceeding three months".

(908) In section 32 (1) of the principal Act proposed to be substituted by clause 14 (1), the words "one year" shall be substituted as "six months".

(916) In section 32 (4) of the principal Act proposed to be substituted by clause 14 (ii), the words "have power to exercise all or any of the powers and functions" shall be substituted by the words "have power to exercise all or any of the powers and functions except the powers to enroll new memebrs".

സർ, 899-ാം നമ്പർ ഭേദഗതിയെക്കുറിച്ച് ഒരു വാക്ക് പറയട്ടെ. ഇവിടെ ശ്രീ. ടി. എം. ജേക്കബും ശ്രീ. കെ. സി. ജോസഫും പറഞ്ഞതുപോലെ ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ വയ്ക്കേണ്ട സാഹചര്യമുണ്ടാകുമ്പോൾ ഇപ്പോൾ നമ്മുടെ ആക്ടിൽ പറയുന്നത്. appoint a new committee consisting of not more than three members of the society in its place or, appoint not more than three administrators, എന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇത് രണ്ടുംകൂടി ആവശ്യമില്ല. ശ്രീ.കെ. സി. ജോസഫ് പറഞ്ഞതുപോലെ, "One or three administrators not below the rank of the Assistant Registrar of Co-operative Department" എന്നാക്കുന്നതോടൊപ്പം ഞാൻ പറയുന്ന ഭേദഗതി "not more than three members of the society in its place or appoint" എന്നുള്ള അത്രയും ഭാഗം ഡിലീറ്റ് ചെയ്യണമെന്നാണ്. അതല്ലാതെ കിടന്നാൽ വീണ്ടും വലിയ ആക്ഷേപത്തിന് ഇടയാകും. ആ സൊസൈറ്റിയിലെ മൂന്ന് ആളുകളെവരെ വയ്ക്കാമെന്നുള്ള ഒരു അധികാരം ഈ ബില്ലിൽവച്ച് കൊടുത്താൽ ഇവിടെ ഒരു ഭരണസമിതിയെ പിരിച്ചുവിട്ട് ഏത് ഗവൺമെന്റ് അധികാരത്തിലിരുന്നാലും ആ ഗവൺമെന്റിന് ഇഷ്ടമുള്ള മൂന്നാളുകളെ ആ സംഘത്തിലെ മെമ്പർമാരിൽനിന്ന് പിക്ക് ആന്റ് ചൂസ് ചെയ്യാൻ ഒരവസരം ഉണ്ടാക്കിക്കൊടുക്കുന്നതാണ്. എന്തിനാണ് ആ ആക്ഷേപത്തിന് പോകുന്നത് ? അതിന്റെ ആവശ്യമില്ല. മൂന്ന് അഡ്മിനിസ്ട്രേറ്റർമാരെ വച്ചാൽ, അല്ലെങ്കിൽ രണ്ടോ മൂന്നോ ഉദ്യോഗസ്ഥന്മാരെ വച്ചാൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയാകും. ഈ മൂന്നു പേരെ സൊസൈറ്റി അംഗങ്ങളിൽ നിന്ന് എടുക്കാമെന്നുള്ള ക്ലാസ്സ് കിടന്നാൽ വീണ്ടും വലിയ ആക്ഷേപത്തിന് ഇടവരും. ബഹുമാന്യരായ മന്ത്രി ആ കാര്യം പ്രത്യേകം ശ്രദ്ധിക്കണം. എന്റെ ഈ ഭേദഗതിയിൽ ഞാൻ എഴുതിക്കൊടുത്തതിനകത്ത് ഒരു വാക്ക് വിട്ടുപോയി, 'or appoint' എന്നുകൂടെ ചേർത്താലേ ഡിലീറ്റ് ചെയ്യുന്ന ആ ഭാഗം പൂർത്തയാകൂ. അത് ബഹുമാന്യനായ മന്ത്രി സ്വീകരിക്കണം.

916-ാം നമ്പർ ഭേദഗതിയെക്കുറിച്ച് ഒരു വാക്ക് പറയാനാഗ്രഹിക്കുകയാണ്. പുതിയ മെമ്പർമാരെ എടുക്കാനുള്ള, അംഗങ്ങളായി ചേർക്കാനുള്ള അവകാശം അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്ക് കൊടുക്കരുത്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസാരിക്കുന്നില്ല.

(918) After sub-section (4) of section 32 of the principal Act proposed to be substituted by clause 14 (ii), add the following proviso namely :-

"Provided that the committee or the administrator appointed under this sub-section shall not and shall not ever have powers to admit new members or to take policy decisions".

ശ്രീ. ഇ. എം. അഗസ്തി : സർ, 891, 906 എന്നീ നമ്പർ ഭേദഗതികൾ ഓർഡറിലല്ലെങ്കിലും ഒരു കാര്യം പറയുകയാണ്. മൂലനിയമം supersection of committee ആണ്. ഇവിടെ ബഹുമാനപ്പെട്ട ടി. എം. ജേക്കബും മറ്റു അംഗങ്ങളും പറഞ്ഞതുകൊണ്ട് ആവർത്തിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്, അങ്ങ് മറുപടി പറയുന്നതിനുമുൻപ് 1969-ൽ നിലവിൽ വന്ന മൂലനിയമത്തിലെ വകുപ്പുകളും ഇപ്പോഴത്തെ വകുപ്പുകളും വായിച്ചു നോക്കിയിട്ട് whichever is progressive whichever is liberal and whichever is democratic എന്നുള്ളത് ആലോചിച്ച് മറുപടി പറയണമെന്നാണ്. എന്റെ അമെന്റുമെന്റ് കേട്ടാൽ വളരെ സിംപിളാണെന്ന് തോന്നും. അമെന്റുമെന്റ് delete 'or otherwise' എന്നാണ്. 'or otherwise' എന്നു പറയുന്നത്, അതിനുമുമ്പിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

വാക്കുകളുടെ പ്രാധാന്യമാണ് കാണിക്കുന്നത്. "If the Registrar, after an inquiry by himself or through his subordinates or on a report of the financing Bank, or the Vigilance and Anticorruption Bureau of the Government or the Vigilance Officer. വിജിലൻസ് ഓഫീസറൊക്കെ പുതിയതായി വരുന്നതാണ്. അടുത്ത ഭാഗം "or otherwise is satisfied that the committee of any society". എന്നാണ് "otherwise satisfied എങ്ങനെയാണ് ? നിയമപരമായി സാറ്റിസ്ഫൈ ചെയ്യണം. അതിന് നിയമത്തിൽ പറയുന്നത്. substantive satisfaction എന്നാണ്. എനിക്ക് ബോദ്ധ്യപ്പെട്ടുവെന്ന് പറഞ്ഞ് ഒരു ഉത്തരവ് പാസ്സാക്കാൻ ഈ രാജ്യത്ത് ആർക്കും അധികാരമില്ല. ഇൻഡ്യൻ പ്രസിഡന്റിനുപോലും അങ്ങനെ അധികാരമില്ല. "otherwise satisfied" എന്നുപറഞ്ഞത് ഒരു ഉത്തരവ് പാസ്സാക്കാൻ രജിസ്ട്രാറെ വളർത്തുന്നു. ഞാൻ ആദ്യം പറഞ്ഞു, രജിസ്ട്രാർക്ക് അമിതാധികാരം വരികയാണ് എന്ന്. രജിസ്ട്രാർ വളർന്ന് പരമാധികാര നിലയിലേയ്ക്ക് എത്താൻപോവുകയാണ്. അങ്ങനെ വന്നിട്ട് "remove the committee and, appoint a new committee" എന്നു പറയുന്നുണ്ട്. അതിന്റെ ഘടനയെപ്പറ്റി ഞാൻ പറയുന്നില്ല. ആരെയും നീക്കാം ആരെയും വയ്ക്കാം. സെക്ഷൻ 32, 1969-ൽ വന്ന നിയമമല്ലേ ? ആ നിയമമല്ലേ മാറ്റുന്നത് ? 1969-ലെ നിയമം ഇതിനെക്കാൾ എത്രയോ ലിബറലാണ്. ആരെങ്കിലുമായി ട്ടൊക്കെ കൺസൾട്ട് ചെയ്യേണ്ട വ്യവസ്ഥ അതിനകത്ത് പറയുന്നുണ്ട്. അവിടെ ആരോടും കൺസൾട്ട് ചെയ്യണ്ട, ആരെയും മാറ്റാം അതുകൊണ്ട് ഞാൻ സ്നേഹപൂർവ്വം പറയുന്നു. മന്ത്രി മറുപടി പറയുമ്പോൾ ഈ രണ്ട് നിയമങ്ങളും വായിച്ചുനോക്കിയിട്ട് മറുപടി പറയണം. മന്ത്രിയുടെ പ്രതിച്ഛായയ്ക്കുകൂടി കളങ്കമുണ്ടാകാതിരിക്കാൻ പറയുകയാണ്.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, കോടിക്കണക്കിന് രൂപ കട്ടുമുടിക്കുന്ന ആളുകളുണ്ടല്ലോ. ചിലപ്പോൾ നടപടിയെടുത്ത് സൂപ്പർസീഡ് ചെയ്തുകഴിഞ്ഞിട്ടുണ്ടെങ്കിൽ, അതിന് രജിസ്ട്രാറെ ഏൽപ്പിക്കുന്നുവെന്നുള്ളതുകൊണ്ട് വലിയ അപകടമൊന്നുമില്ല. രജിസ്ട്രാർക്ക് ഏറ്റവും വിപുലമായ അധികാരമുണ്ടായിരുന്നതാണ് ഇലക്ഷൻ. അതുമാറ്റി. കേരളത്തിൽ കോ-ഓപ്പറേറ്റീവ് സെക്ടറിൽ ആകെ വിനിമയം 9,000 കോടി രൂപ വരും. അതിന്റെ ആഡിറ്റിംഗ് രജിസ്ട്രാറുടെ കീഴിലായിരുന്നു. അതു മാറ്റി. അതിൽത്തന്നെ വരുന്ന ആർബിട്രേഷൻ കോടതി, നോൺ-മോണിറ്ററിംഗ് രജിസ്ട്രാറുടെ കീഴിലായിരുന്നു. എല്ലാം മാറ്റി. കോടിക്കണക്കിന് രൂപ മോഷ്ടിച്ചും തിരിമറിയുമൊക്കെ നടത്തിവരുന്ന സ്ഥലത്ത് ചില ഇടപെടലും ചില ഏർപ്പാടും വേണം. അത് സാമ്പത്തികമായ അച്ചടക്കത്തിന്റെ ഭാഗമായിട്ടുള്ള ഒരു നടപടിയായി കണ്ടാൽ മതി. അതിന്റെ സ്പിരിറ്റ് മനസ്സിലാക്കണം. മൂലനിയമവും ഈ നിയമവും നോക്കിയിട്ട് മറുപടിപറയണമെന്ന് ശ്രീ. ഇ. എം. അഗസ്തി പറഞ്ഞു. നിലവിലുള്ള നിയമത്തിൽ ഒന്നു മുതൽ മൂന്നുവരെ അംഗങ്ങൾ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയിലാകാമെന്നുണ്ട്. ഇപ്പോൾ മൂന്ന് എന്നുള്ളത് വ്യക്തമാക്കുന്നുവെന്നേയുള്ളു. അതുകൊണ്ട് വേറെ ഭേദഗതി അംഗീകരിക്കേണ്ട കാര്യമില്ല. നിലവിലുള്ളതിൽ ഉണ്ടല്ലോ. അതുകൊണ്ട് ഇവിടെ അവതരിപ്പിച്ച ഭേദഗതികളൊന്നും സ്വീകാര്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ശ്രീ. പി. ജെ. ഫ്രാൻസിസ്, അങ്ങ് അവതരിപ്പിച്ച 896-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. പി. ജെ. ഫ്രാൻസിസ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു, പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ - 24

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ശ്രീ. സി. ടി. അഹമ്മദ് അലി
3. ശ്രീ. എ. കെ. ആന്റണി
4. ശ്രീ. ഇ. എം. അഗസ്തി
5. ശ്രീ. വി. ബാലറാം
6. ശ്രീ. കെ. എ. ചന്ദ്രൻ
7. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
8. ശ്രീ. പി. ജെ. ഫ്രാൻസിസ്
9. ശ്രീ. ടി. എം. ജേക്കബ്
10. ശ്രീ. ജോണി നെല്ലൂർ
11. ശ്രീ. കെ. സി. ജോസഫ്
12. ശ്രീ. പി. ജെ. ജോയി
13. ശ്രീ. ജി. കാർത്തികേയൻ
14. ശ്രീ. എ. കെ. മണി
15. ശ്രീ. ആര്യാടൻ മുഹമ്മദ്
16. ശ്രീ. എഴുകോൺ നാരായണൻ
17. ശ്രീ. അടൂർ പ്രകാശ്
18. ശ്രീമതി രാധാരാഘവൻ
19. ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
20. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
21. ശ്രീ. തമ്പാനൂർ രവി
22. ശ്രീമതി റോസമ്മ ചാക്കോ
23. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
24. ശ്രീ. ബി. വിജയകുമാർ

പ്രതികൂലിക്കുന്നവർ - 60

1. ശ്രീ. ആനത്തലവട്ടം ആനന്ദൻ
2. ശ്രീ. എൻ. അനിരുദ്ധൻ
3. ശ്രീ. എൻ. ആർ. ബാലൻ
4. ശ്രീ. ടി.കെ. ബാലൻ
5. ശ്രീ. സി. പി. ബാലൻ വൈദ്യർ

LIBRARY ARCHIVES Kerala Legislative Assembly

6. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
7. ശ്രീ. വി. കെ. ചന്ദ്രൻ
8. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
9. ശ്രീ. എം. ദാസൻ
10. ശ്രീ. പി. സി. ജോർജ്ജ്
11. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
12. ശ്രീ. ടി. കെ. ഹംസ
13. ശ്രീ. കെ. ഇ. ഇസ്മയിൽ
14. ശ്രീ. സി. എൻ. ജയദേവൻ
15. ശ്രീ. എം. വി. ജയരാജൻ
16. ശ്രീ. ടി. എസ്. ജോൺ
17. ശ്രീ. ജോൺ ഫെർണാണ്ടസ്
18. ശ്രീ. ജോസ് ബേബി
19. ശ്രീ. വി. സി. കബീർ
20. ശ്രീ. എ. കണാരൻ
21. ശ്രീ. എൻ. കണ്ണൻ
22. ശ്രീ. എളമരം കരീം
23. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ
24. ശ്രീ. ഇ. കെ. നായനാർ
25. ശ്രീ. കെ. ടി. കുഞ്ഞഹമ്മദ്
26. ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ്
27. ശ്രീ. സി. എ. കുര്യൻ
28. ശ്രീമതി ആർ. ലതാദേവി
29. ശ്രീ. ലോനപ്പൻ നമ്പാടൻ
30. ശ്രീ. പാലൊളി മുഹമ്മദ് കുട്ടി
31. ശ്രീ. പിരപ്പൻകോട് മുരളി
32. ശ്രീ. ടി. നാണു മാസ്റ്റർ
33. ശ്രീ. സി. കെ. നാണു
34. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
35. ശ്രീ. പി. നാരായണൻ
36. ഡോ. എ. നീലലോഹിതദാസൻ നാടാർ
37. ശ്രീ. ടി. കെ. നൗഷാദ്
38. ശ്രീ. കെ. പ്രകാശ് ബാബു
39. ശ്രീമതി എൻ. കെ. രാധ
40. ശ്രീ. കെ. രാധാകൃഷ്ണൻ
41. ശ്രീ. പി. രാഘവൻ

LIBRARY ARCHIVES Kerala Legislative Assembly

42. ശ്രീ. സി. കെ. രാജേന്ദ്രൻ
43. ശ്രീ. കെ. പി. രാജേന്ദ്രൻ
44. ശ്രീ. പി. രാജു
45. ശ്രീ. രാജു എബ്രഹാം
46. ശ്രീ. വി. പി. രാമകൃഷ്ണപിള്ള
47. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
48. ശ്രീ. എസ്. ശർമ്മ
49. ശ്രീ. കെ. പി. സതീശ് ചന്ദ്രൻ
50. ശ്രീ. സെബാസ്റ്റ്യൻ പോൾ
51. ശ്രീ. എ. സി. ഷൺമുഖദാസ്
52. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
53. ശ്രീ. ടി. ശിവദാസമേനോൻ
54. ശ്രീ. ജി. സുധാകരൻ
55. ശ്രീ. പി. എസ്. സുപാൽ
56. ശ്രീമതി സുശീലാഗോപാലൻ
57. ശ്രീ. എം. എ. തോമസ്
58. ശ്രീ. എം. പി. വർഗ്ഗീസ്
59. ശ്രീ. വർഗ്ഗീസ് വൈദ്യർ
60. ശ്രീ. പി. വിശ്വൻ

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ	-	24
പ്രതികൂലിക്കുന്നവർ	-	60
നിഷ്പക്ഷത പാലിക്കുന്നവർ	-	ആരുമില്ല

ഭേദഗതികൾ നിരാകരിക്കപ്പെട്ടിരിക്കുന്നു.

സർവ്വശ്രീ തമ്പാനൂർ രവി, ടി. എം. ജേക്കബ്, കെ.സി. ജോസഫ്, ജോണി നെല്ലൂർ, ഡൊമിനിക് പ്രസന്റേഷൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികളെ......

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ......

ഭേദഗതികൾ നിരാകരിക്കപ്പെട്ടിരിക്കുന്നു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നത്തെ............

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ......

LIBRARY ARCHIVES Kerala Legislative Assembly

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം അംഗീകരിക്കപ്പെട്ടിരിക്കുന്നു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

15-ാം വകുപ്പ്

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു. സംസാരിക്കുന്നില്ല.

(926) In Section 33 (2) of the principal Act proposed to be substituted by clause 15 (ii), for the words "have power to exercise all or any of the powers and functions" add the words "except the power to enroll new members".

(927) In Section 33 (2) of the principal Act proposed to be substituted by clause 15 (ii) the words "have power to exercise all or any of the powers and functions" shall be recast as follows :-

"have powers to exercise all or any of the powers and function for day-to-day administration of this society".

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, മറുപടിയൊന്നും പറയാനില്ല. ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച ഭേദഗതികളെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ......

ഭേദഗതികൾ നിരാകരിക്കപ്പെട്ടിരിക്കുന്നു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമോയെന്ന പ്രശ്നത്തെ............

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ......

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം അംഗീകരിക്കപ്പെട്ടിരിക്കുന്നു. 15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

16-ാം വകുപ്പ്

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(945) In the new section 57 A of the principal Act proposed to be inserted by clause 16, sub-section (1), for the words "Co-operative Welfare and Development Scheme", substitute the words "Co-operative Development and welfare scheme".

LIBRARY ARCHIVES Kerala Legislative Assembly

(959) In the new section 57 A, proposed to be inserted by clause 16 in sub-section (3), after item (b), insert the following :

"(c) annual grants from Government".

(974) The newly proposed section 57 B and 57 C of the principal Act proposed to be inserted by clause 16 shall be omitted.

(1026) After sub-section (2) of the new section 57 C proposed to be inserted by clause 16, add the following sub-section.

"(3) An amount equal to the amount contributed by each society shall be contributed by the Government to the scheme".

(1027) Section 57 C, proposed to be inserted by clause 16, shall be recast as follows :

"57 C (1) The Government may by notification in the Gazette, frame a scheme to be called 'the consortium lending scheme' for the purpose of constituting a fund for providing loans for infrastructure development activities by development authorities or institutions, on Government guarantee.

(2) The fund constiuted under the scheme shall consist of the contribution from the State Co-operative Bank, District Co-operative Banks and the Primary Agricultural Credit Societies which are made at the rates specified in the scheme and the contribution from the Government which shall be made at the rate as may be determined by Government from time to time.

സർ, 945-ാം നമ്പർ ഭേദഗതി, ഞാൻ ഒരു കറക്ഷൻപോലെ പറഞ്ഞിരിക്കുന്ന ഭേദഗതിയാണ്. അതിൽ കൂടുതൽ വിശദീകരണം ആവശ്യമില്ല.

959-ാം നമ്പർ ഭേദഗതിയിൽ ഞാൻ പറഞ്ഞിരിക്കുന്നത്, കൺസോർഷ്യത്തെ സംബന്ധിച്ചിടത്തോളം അതിനകത്ത് വരുന്ന ഫണ്ടും മറ്റു കാര്യങ്ങളും പറയുന്ന അവസരത്തിൽ "annual grants from Government" എന്ന ഭാഗം കൂടെ കൂട്ടിച്ചേർക്കണം എന്നാണ്. ഗവൺമെന്റിന് എന്തെങ്കിലും ഈ കാര്യത്തിൽ കൊടുക്കാനുള്ളത് കൊടുക്കണം. ഗവൺമെന്റ് അതിനകത്ത് ഭാഗഭാക്കാകാതെ വരുന്നത് ശരിയല്ലെന്നുള്ളതുകൊണ്ടാണ് ഞാൻ ഈ അമെന്റുമെന്റ് പ്രൊപ്പോസ് ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി നമ്പർ 974, ഇതിനകത്ത് ഞാൻ പറഞ്ഞിരിക്കുന്നത്, 57 (ബി), 57 (സി) ഒമിറ്റ് ചെയ്യണമെന്നാണ്. ഈ നിയമത്തെ സംബന്ധിച്ച് പറയുമ്പോൾ ഇതിനകത്ത് ഒന്ന്, ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീമാണ്. ഇതിൽ പറയുന്നത്. The Government may, by notification in the Gazette, frame a scheme to be called "the deposit Guarantee scheme" specifying the purpose of the scheme and shall be administered in such manner, as may be specified therein. സ്പെസിഫിക്കായിട്ട് ഒന്നും പറയാതെ പോകുന്നു. അതുപോലെതന്നെ 57(ബി)-ൽ നേരത്തെ ഇവിടെ ലോക്കൽബോഡീസിനെ സംബന്ധിച്ച് ചർച്ച ചെയ്തതാണ്. ഇവിടെ അത് ലോക്കൽ അതോറിറ്റിയെന്ന് പറഞ്ഞുകൊണ്ട് കോണ്ടുവന്നിട്ടുണ്ട്. പഞ്ചായത്തിലേയ്ക്ക് ഫണ്ട് മാറ്റാനുള്ള ഒരു നീക്കമായിട്ടു മാത്രമേ ഇതിനെ കാണാൻ കഴിയു. അതുകൊണ്ടാണ് ഡിലീറ്റ് ചെയ്യണമെന്നുള്ള ഭേദഗതി ഞാൻ നിർദ്ദേശിക്കുന്നത്.

സർ, 1026-ാം നമ്പർ ഭേദഗതി അതിനകത്ത് "an amount equal to the amount contributed by each society shall be contributed by the Government to the scheme". ഞാൻ ഒരു പ്രൊപ്പോസലായിട്ട് പറഞ്ഞു. അപ്പോൾ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് ഈ കാര്യത്തിൽ എന്തെങ്കിലും ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുകൂടി ആവശ്യമാണ്. മറ്റൊരു ഭേദഗതി ഞാൻ നിർദ്ദേശിക്കുന്നത്. 57 (സി)-The Government may, by notification in the Gazette, frame a scheme to be called the "consortium lending scheme" അതുപറഞ്ഞതിനുശേഷം, The fund constituted under the scheme shall consist of the contribution from the State Co-operative Bank, District Co-operative Banks and the primary Agricultural Credit Societies which are made at the rates specified in the scheme and the contribution അതിലൊരു കറക്ഷൻ ഉണ്ട്. from the Government which shall be made at the rate as may be determined by Government from time to time ഇവിടെ പറഞ്ഞു വച്ചിരിക്കുന്നത് എന്താണെന്നുവച്ചാൽ കൺസോർഷ്യം ലെന്റിംഗ് സ്കീം എന്നു മാത്രമാണ്. ആ സ്കീമിനെ സംബന്ധിച്ചിടത്തോളം വ്യക്തമായി പറയണം. ഞാൻ നേരത്തെ പറഞ്ഞു, delegated legislation-നകത്ത് പറഞ്ഞിരിക്കുന്ന ചില കാര്യങ്ങളുണ്ട്. അതിനപ്പുറം കടന്നുപോകാൻ ഗവൺമെന്റിന് സാദ്ധ്യമല്ല. കൺസോർഷ്യം എന്നു പറഞ്ഞ് ഗവൺമെന്റ് പുതിയൊരു ക്ലാസ്സായിട്ട് 57 (സി) കൊണ്ടുവരുമ്പോൾ കൺസോർഷ്യം ലെന്റിംഗ് സ്കീം എന്താണെന്നുള്ളത് സ്പെസിഫിക്കായിട്ട് പറയണം. അത് പറയാതെയാണ് ഇത് കൊണ്ടു വന്നിരിക്കുന്നത്. അതിൽ കുറച്ചുകൂടെ ക്ലാരിഫിക്കേഷനുവേണ്ടിയാണ് ഞാൻ ഇത് പ്രൊപ്പോസ് ചെയ്തിരിക്കുന്നത്.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(946) In sub-section (2) of section 57 A proposed to be inserted in the prinicpal Act by clause 16 for the words "at such rates as may be specified in the scheme" substitute the words "an amount equal to one per cent of the gross profit made by the society".

LIBRARY ARCHIVES Kerala Legislative Assembly

(967) In section 57 A proposed to be inserted in the prinicpal Act by clause 16 in sub-section (5) add the following as item No. (vi) and renumber the remaining item "(vi) to disburse pension at such rate as may be specified in the scheme to those who retired from the co-operative societies and who are not getting pension".

(990) For section 57 B proposed to be inserted in the Principal Act by clause 16 substitute the following namely :-

"57 B Deposit Gaurantee sheme :-

(1) The Government may by notification in the Gazette, frame a scheme to be called the Deposit Guarantee scheme for the purpose of establishing a fund to give guarantee to the deposites made by public and others in the Co-operative Societies.

(2) The Government shall, as soon as may be, after the publication of the scheme establish a fund called the Deposit Guarantee fund.

(3) The Government may by notification in the Gazette appoint a board consisting of the following members to administer the fund, namely :—

(a) Seven members representing the District Co-operative Banks nominated by the Government from among the presidents of such banks;

(b) three members representing the Primary Co-operative Societies nominated by the Government from among the presidents of such societies ;

(c) seven members representing the apex societies, central societies and federal societies nominated by the Government from among the presidents of such societies ;

(d) five persons representing the co-operators who have deposited money in the co-operative societies ;

(e) ten persons representing the Government ;

(4) One of the members representing the Co-operators may be appointed Chairman of the Board by the Government.

(5) The Deposit Guarantee Fund shall vest in the Board.

LIBRARY ARCHIVES Kerala Legislative Assembly

(6) Subject to the provision of this Act and the scheme the Deposit Guarantee Fund may be utilised for,-

(a) giving guarantee commission to the Board,

(b) to give compensation to the depositors of co-operative societies who have no chances of getting their deposits back on accounts of the loss incurred by the society;

(c) such other matters connected with the deposit in co-operative societies as may be specified in the scheme ;

(7) The Board may with the approval of the Government appoint a cheif executive officer and such number of persons to assist him in the administration of the Fund by deputation from Government Departments.

(8) Subject to the provisions of this Act the scheme may provide for all or any of the following matters :-

(i) for the purpose of utilising the amount for giving guarantee commission ;

(ii) for the purpose of giving grants and loans to the socieites to return the deposits made by the public and others in those societies ;

(iii) matters relating to the administration of the Fund ;

(iv) matters relating to the meetings of the Board, and the procedure thereto.

(9) Such other matters as may be specified in the scheme.

സർ, ഒരു കാര്യം ക്ലീയറാക്കണം. ഇതിൽ പറയുന്നത് "as may be specified" എന്നാണ്. അപ്പോൾ one present of the gross profit made by the societies എന്നത് ഏതെങ്കിലും കട്ടുമുടിക്കുന്ന സൊസൈറ്റിയെ റിവൈവ് ചെയ്യാൻവേണ്ടി ഈ ഫണ്ട് ഉപയോഗിക്കുമോയെന്നുള്ള ആശങ്ക ഞങ്ങൾക്കുണ്ട്. അതുകൊണ്ട് നന്നായി നടത്തുന്ന സൊസൈറ്റിയുടെ പ്രോഫിറ്റിൽ നിന്ന് അത് എടുത്തുകൊടുക്കുമ്പോൾ അതിനൊരു സ്പെസിഫിക്കേഷൻ വേണം. അതുകൊണ്ട് ആക്ടിൽത്തന്നെ അത് ഒരു ശതമാനമായിട്ട് ഫിക്സ് ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. അതാണ് 946-ാം നമ്പർ ഭേദഗതികൊണ്ടുദ്ദേശിക്കുന്നത്.

മറ്റു ഭേദഗതികളെക്കുറിച്ചൊന്നും ഞാൻ സംസാരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു. സംസാരിക്കുന്നില്ല.

(952) Section 57 A (2) of the prinicpal Act to be inserted as clause 16 shall be recast as follows :—

"(2) A society may contribute to the fund at such rates decided by the committee of the society".

(1012) Section 57 C (1) to be inserted by clause 16 the following sentence shall be added at the end, namely :—

"Loans shall be provided only to the specific projects notified by the Government".

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(953) In section 57 A proposed to be inserted in the prinicpal Act by clause 16 add the following as sub-clauses (2) to (4) and re-number the existing clauses, (2). The Government shall by notification in the Gazettee constitute a Board called the Kerala Co-operative welfare and Development Fund Board to administer the fund. Provided that the Board shall consist of equal number of members representing to government, the co-operative societies and employees of co-operative department and the co-operative societies. (3) The fund shall vest in the Board, (4) (a) Every year a society which had made profit shall contribute an amount equal to one per cent of the gross profit of that society to the fund. (b) The Government shall contribute a matching grant to the fund every years (2). Delete sub-section (2) of proposed section 57 A (2).

(976) For sub-section (2) of section 57 B proposed to be inserted in the Principal Act by clause 16 substitute the following, namely :—

" (2) (a) Each society which has made profit in a year shall contribute one per cent of the profit to the fund in the manner specified in the scheme.

(b) The Government shall within a period of three months from the expiry of a financial year contribute to the fund an amount equal to the contributions made by the co-operative societies during the preceding year.

LIBRARY ARCHIVES Kerala Legislative Assembly

(c) The Government shall pay the amount the depositor for which the guarantee was given in case the co-operative society in which, the amount is deposited is not in a position to return the amount to the depositor on account of loss or otherwise".

(999) Section 57 C proposed to be inserted in the Principal Act by clause 16 shall be deleted.

ഈ വകുപ്പനുസരിച്ച് ഒരു വലിയ കോ-ഓപ്പറേറ്റീവ് വെൽഫയർ ഫണ്ട് രൂപീകരിക്കുന്നു. അതിന്റെകൂടെത്തന്നെ ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീമും കൺസോർഷ്യം ലെന്റിംഗ് സ്കീമും നടപ്പിലാക്കുകയാണ്. ഇതിന്റെ ഓപ്പറേറ്റിംഗ് ഏജൻസി ഏതാണെന്ന് പറഞ്ഞിട്ടില്ല. ഇതിന്റെ ഓപ്പറേറ്റിംഗ് ഏജൻസിയെപ്പറ്റി അവ്യക്തതയുണ്ട്. അതുകൊണ്ട് ഈ ഫണ്ടിന്റെ നടത്തിപ്പിനുവേണ്ടി, Government shall constitute a Board called the Kerala Co-operative Welfare and Development Fund Board അത് രൂപീകരിക്കണമെന്നുള്ളതാണ് എന്റെ നിർദ്ദേശം.

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(960) Section 57 A of the Principal Act proposed to be inserted by clause 16 the following shall be added as item (4) and re-number other clause :-

"(4) the fund may be administered by the District Co-operative Bank".

(975) In the new section 57 B (1) proposed to be inserted in the principal Act by clause 16, the words "by the Apex Bank" shall be inserted in between the words "administered" and "in".

(1015) In section 57 C (1) proposed to be inserted by clause 16 the following sentence may be added at the end, namely :-

"The administration of the consortium may be entrusted with the Apex Bank".

ഇത് ഇവിടെ പലരും പറഞ്ഞതുപോലെ insertion of new section...57 (എ), 57 (ബി), 57 (സി), ആണ്. 57 (എ) എന്നു പറയുന്നത് കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് ആന്റ് വെൽഫയർ ഫണ്ട്. 57 (ബി) എന്നു പറയുന്നത് ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം. 57 (സി) എന്നു പറയുന്നത് കൺസോർഷ്യം ലെന്റിംഗ് സ്കീം. പുതിയ 3 വകുപ്പുകൾ വകുപ്പ് 57 നോട് ചേർക്കുന്ന ഒരു പുതിയ പ്രക്രിയയാണ്. അപ്പോൾ അത് കഴിയുന്നത്ര കുറ്റമറ്റതായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ പലരും സൂചിപ്പിച്ചതുപോലെ സൊസൈറ്റിയുടെ ഡെപ്പോസിറ്റിനെക്കുറിച്ച്, ഇതിന്റെ ഗ്യാരന്റി സ്കീമിനെക്കുറിച്ച്, ഇതിന്റെ നടത്തിപ്പിനെക്കുറിച്ച്, അത് ഏത് കമ്മിറ്റിയാണ് നടത്തുന്നത് എന്നീ കാര്യങ്ങളെക്കുറിച്ച് വ്യക്തതവേണം. കമ്മിറ്റി എങ്ങനെയായിരിക്കണം, ഘടന എന്തായിരിക്കണം, മെമ്പർമാർ എന്തായിരിക്കണമെന്നുള്ളതു സംബന്ധിച്ചാണ് ഞാൻ അമെന്റുമെന്റുകൾ മൂവ് ചെയ്തിരിക്കുന്നത്. അതിനെക്കുറിച്ച് ഒരു വ്യക്തതവേണം. അതിൽ കഴിയുന്നത്ര ഭേദഗതികൾ അംഗീകരിക്കണമെന്നു അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ബി. വിജയകുമാർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(968) In Section 57 A proposed to be inserted in the principal Act by clause 16 in sub-section (5) add the following as item No. (vi) and re-number the remaining item. "(vi) to disburse pension at such rate as may be specified in the scheme to those who retired from the co-operative societies and who are not getting pension".

(977) In Section 57 B proposed to be inserted in the principal Act by clause 16 for sub-section (2) substitute the following namely :-

"(2) The societies which make profit shall contribute one per cent of their gross profit to the fund in such manner as may be specified in the scheme. (3) The Government shall pay compensation to the full extent in respect of the amount deposited by a person or any organisation in a co-operative society which could not be returned to him or it on account of the loss incurred by the society or otherwise".

(981) In section 57 B proposed to be inserted in the principal Act by clause 16 after sub-section (2) add the following, namely :-

"(3) The Board shall within three months after the expiry of a financial year submit to the Government the statement of income received by the Board and the expenditure there from and the audited accounts of the Board together with a report showing the activities of the Board during previous year and the Government shall cause it to be laid on the Table of the Legislative Assembly during the session of the Assembly following the submission of the annual accounts and administration report".

LIBRARY ARCHIVES Kerala Legislative Assembly

കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് ആന്റ് വെൽഫയർ ഫണ്ട്, ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം, കൺസോർഷ്യം ലെന്റിംഗ് സ്കീം എന്നിവയിൽ ആദ്യത്തെ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് ആന്റ് വെൽഫയർ ഫണ്ടിൽ പറയുന്നത്. "a society may contribute to the fund at such rate as may be provided in the such scheme" എന്നാണ് അപ്പോൾ സ്കീമിൽ സ്പെസിഫിക്കേഷൻ വരുന്നതനുസരിച്ച്, പിൽക്കാലത്ത് ഗവൺമെന്റ് ചെയ്യുന്നതനുസരിച്ച് സൊസൈറ്റി കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് ആന്റ് വെൽഫയർ ഫണ്ടിൽ കോൺട്രിബ്യൂട്ട് ചെയ്യണം. രണ്ട്, ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം, അതിലും പറയുന്നത് എന്താണ് ? "a society may contribute to the Deposit Guarantee scheme at such rates as may be specified in the scheme". എന്നാണ് മൂന്ന്, കൺസോർഷ്യം ലെന്റിംഗ് സ്കീം. കൺസോർഷ്യം ലെന്റിംഗ് സ്കീമിൽ കേരളത്തിലെ സഹകരണ സംഘങ്ങളിൽ മിച്ചം തുകയുണ്ടെങ്കിൽ കൺസോർഷ്യം രൂപീകരിച്ച് വികസന പ്രവർത്തനത്തിനോ മറ്റു കാര്യങ്ങൾക്കോ ഉപയോഗിക്കുന്നത് മനസ്സിലാക്കാം. പക്ഷെ ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീമിലും കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് ആന്റ് വെൽഫയർ ഫണ്ട് സ്കീമിലും സംഘം സംഭാവന ചെയ്യണം. അപ്പോൾ ഇങ്ങനെ സ്കീമുണ്ടാക്കുമ്പോൾ ആ സ്കീമെല്ലാം സൊസൈറ്റികൾ ഇങ്ങനെ പണം കൊടുത്തുകൊണ്ടിരുന്നാൽ... ഇത് എന്താണ്. കറവപ്പശുവാണോ ? ഈ സൊസൈറ്റികൾ വളരെയധികം ത്യാഗമനോഭാവത്തോടുകൂടി അദ്ധ്വാനിച്ചതിന്റെ ഫലമായി കിട്ടിയിട്ടുള്ളതാണ്. താഴെ തലത്തിൽ പ്രവർത്തിക്കുന്ന സഹകാരികളുടെ അദ്ധ്വാനത്തിന്റെ ഫലമായി ഉണ്ടാക്കിയതാണ്. കാലാകാലങ്ങളിൽ ഗവൺമെന്റ് ഇങ്ങനെ പറഞ്ഞു കൊണ്ടിരിക്കുന്ന ഓരോ ഫണ്ടിലേയ്ക്കും സംഘം പണം കൊടുത്തു കൊണ്ടിരിക്കണമെന്ന് പറഞ്ഞാൽ ഈ സംഘങ്ങൾ എങ്ങോട്ടുപോകും ? ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കണം. ഇതിൽ രാഷ്ട്രീയമില്ല. കൺസോർഷ്യം മനസ്സിലാക്കാം. ഡെവലപ്മെന്റ് ഫണ്ട് സ്കീം, ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം. ഇനി നാളെ വേറൊരു ഗവൺമെന്റ് വന്ന് വേറെ രണ്ട് സ്കീമുകൾ ഉണ്ടാക്കിയാൽ, ആ സ്കീമിനെല്ലാം സഹകരണ സംഘങ്ങളിലുള്ള നിക്ഷേപകരുടെ പണമെടുത്തു കൊടുക്കുകയെന്ന് പറഞ്ഞാൽ ഈ സംഘം എന്തുചെയ്യും ? സംസ്ഥാനത്തിന്റെ അടിസ്ഥാനപരമായ വികസനത്തിനാവശ്യമായ കൺസോർഷ്യമാണെങ്കിൽ ശരി, ഗവൺമെന്റ് അത് തീരുമാനിക്കുന്നത് നല്ലത്. പക്ഷെ സംഘങ്ങൾ സംഭാവന ചെയ്യണം. ഒരിടത്തും ഗവൺമെന്റിന്റെ സംഭാവനയില്ല. ഗവൺമെന്റ് ഇത്ര തുക നൽകുമെന്ന് ഈ നിയമത്തിൽ പറഞ്ഞിട്ടില്ല. നാളെ വേറൊരു ഗവൺമെന്റ് വന്ന് ആ ഗവൺമെന്റ് രണ്ട് ഫണ്ടുണ്ടാക്കുന്നു. ആ ഫണ്ടിലേയ്ക്ക് സംഘം തുകയെടുത്ത് കൊടുക്കുകയെന്ന് പറഞ്ഞാൽ ഈ സംഘങ്ങൾ മുഴുവൻ പൂട്ടും. അതുകൊണ്ട് അത് ചെയ്യരുത്. അതോടൊപ്പം എന്റെ അമെന്റുമെന്റിലുള്ള ഒരു കാര്യം പറയുകയാണ്. സംസ്ഥാന സഹകരണബാങ്കിലൊക്കെ പെൻഷനായ ജീവനക്കാരുണ്ട്. അവർക്ക് പെൻഷൻ കൊടുക്കാൻ ഈ സ്കീമിലുൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിൽ നിന്ന് റിട്ടയർ ചെയ്ത ജീവനക്കാർക്ക് പെൻഷൻ കൊടുക്കാൻ ഈ ഫണ്ടിൽനിന്ന് ഒരു ഭാഗം ചെലവഴിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ 981-ാം നമ്പർ ഭേദഗതി ഇതാണ് പ്രധാനമായിട്ടുള്ളത് ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കണം. എല്ലാ സ്കീമിലും സഹകരണസംഘങ്ങൾ കാശ് കൊടുക്കണമെന്നുപറഞ്ഞ് സ്കീമുണ്ടാക്കുന്ന പ്രവണത നല്ലതല്ല. അതുകൊണ്ട് അതു അടിയന്തിരമായി ആവശ്യമുള്ള കൺസോർഷ്യമാണെങ്കിൽ അതു മാത്രം നില നിറുത്തണമെന്നും മറ്റുള്ളവ ഒഴിവാക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. ജെ. ഫ്രാൻസിസ് : Sir, I move the following Amendment.

(978) In Section 57 B proposed to be inserted in the principal Act by clause 16 for sub-section (2) substitute the following namely :-

"(2) The societies which make profit to the fund in such manner as may be specified in the scheme.

(3) The Government shall pay compensation to the bills extent in respect of the amount deposited by a person or any organisation in a co-operative society which could not be returned to him or it on account of the loss incurred by the society or otherwise".

എല്ലാ സൊസൈറ്റികളുമല്ല. ആദായകരമായ സൊസൈറ്റികൾ കോൺട്രിബ്യൂട്ടു ചെയ്യാനുള്ള ഭേദഗതി വരുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്.

Shri. Aryadan Mohammed : Sir, I move the following Amendment.

(985) For section 57 B proposed to be inserted in the principal Act by clause 16 substitute the following namely :-

"57 B. Deposit Guarantee Scheme :-

(1) The Government may by notification in the Gazette frame a scheme to be called the "Deposit Guarantee scheme" for the purpose of attracting deposits by the co-operative societies and to inspire potential depositors by giving gurantee by the Government for the due return of the deposit together with interest thereon.

(2) The establishment of a Board to administer the Fund the contribution to be made to the Fund, the purpose for which the Fund shall be utilised the laying of the annual accounts and reports relating to the administration of the Fund before the Legislative Assembly and such other matters incidental or ancidiary thereto shall be such as may be specified in the scheme.

LIBRARY ARCHIVES Kerala Legislative Assembly

ഇതു സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു കഴിഞ്ഞു. ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീമിന്റെ പണം എങ്ങനെയാണ്, അതിന്റെ അഡ്മിനിസ്ട്രേഷൻ തുടങ്ങിയ കാര്യങ്ങൾ, അതിലേക്കുള്ള വരുമാനം ഇതെല്ലാം ഈ ആക്ടിൽ പറയേണ്ടതാണ്. "as may be prescribed" എന്നുപറയുന്നതു ശരിയല്ല. എല്ലാ നിയമത്തിലും പറയാറുണ്ട്. അല്ലെങ്കിൽ ഷെഡ്യൂളിലുണ്ടാകും. ഇവിടെ ഷെഡ്യൂളിലുമില്ല, അതിന്റെ പ്രൊവിഷനകത്തും പറയുന്നില്ല. അതു ശരിയല്ല. അതുകൊണ്ട് ചില കാര്യങ്ങൾ പറഞ്ഞുവെന്നു മാത്രമേയുള്ളു.

ശ്രീ. ഇ. എം. അഗസ്തി : സർ, ഇവിടെ ശ്രീ. വിജയകുമാർ ചൂണ്ടിക്കാണിച്ചതുപോലെ വെൽഫെയർ ഫണ്ട് ഗ്യാരന്റി കൺസോർഷ്യം നിരവധി പദ്ധതിയിൽ വരികയാണ്. ഇത്തരം ബാദ്ധ്യത ഏറ്റെടുക്കാൻ എല്ലാ സംഘങ്ങൾക്കും പറ്റുമോ എന്നൊരു പ്രശ്നമുണ്ട്. ഞാൻ ജില്ലാ ബാങ്ക് പ്രസിഡന്റായിരുന്ന സമയത്ത് ഡെപ്പോസിറ്റ് സ്കീമനുസരിച്ച് ഗ്യാരന്റി സ്കീമുണ്ടാക്കി. സംഘം തെരഞ്ഞെടുത്തത് ജോയിന്റ് രജിസ്ട്രാർ ആണ്. രണ്ടു സഹകരണ സംഘങ്ങൾ ഡെപ്പോസിറ്റു ചെയ്ത കാശു കൊടുക്കാൻ കഴിയാതെ ജില്ലാ ബാങ്കാണ് ആ കാശ് കൊടുത്തത്. എന്റെ അനുഭവത്തിൽ നിന്നാണ് പറയുന്നത്. അങ്ങ് കോടികൾ കട്ടവരെപ്പറ്റി പറഞ്ഞത് ഞങ്ങളെപ്പറ്റിയല്ല എന്ന് എനിക്കറിയാം. ഇളംകുളം സർവീസ് സഹകരണ ബാങ്കിൽനിന്നും 12 കോടി രൂപയാണ് കട്ടുകൊണ്ടുപോയത്. അങ്ങു രേഖാമൂലം തന്നെ മറുപടിയിലുണ്ട്. സംസ്ഥാന സഹകരണ ബാങ്കിന്റേയും കോട്ടയം ജില്ലാ ബാങ്കിന്റേയും കാശാണു പോയത്. പൊൻമുട്ടയിടുന്ന താറാവല്ല സഹകരണമേഖല. വെൽഫയർ ഫണ്ട്, ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം, കൺസോർഷ്യം ഡെവലപ്പുമെന്റ് എന്നൊക്കെ പറഞ്ഞ് നിരവധി പദ്ധതികളുണ്ട്. ഞാൻ അതിനെ എതിർക്കുന്നില്ല. ചില ഗുണവശങ്ങളുണ്ട്. ഈ ഗുണവശമുള്ളപ്പോഴും സഹകരണ മേഖലയിൽ സാമ്പത്തിക അച്ചടക്കം നിലനിറുത്തുന്നതിന് സംഘം ഉള്ളിടത്തോളം കാലം അതിന് ഉത്തരവാദിത്വമുണ്ട്. അതുകൊണ്ട് ഈ കൺസോർഷ്യത്തിൽ ചേരാനുള്ള ഓപ്ഷൻ മറ്റാർക്കുമല്ല ; അതാതു സംഘങ്ങൾക്കുതന്നെ നൽകണം. അതുപോലെ അപ്പെക്സ് ബോഡിയിലെ പ്രസിഡന്റുമാർക്കും ഈ സംഘത്തിൽ പ്രാതിനിധ്യമുണ്ടായിരിക്കണം.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സാർ, ഞാൻ ഇവിടെ വിശദീകരിച്ച സന്ദർഭത്തിൽ കോടികൾ എന്ന് ഉദ്ദേശിച്ചത് ഇളംകുളം ബാങ്കോ മാർക്കറ്റിംഗ് ഫെഡറേഷനോ അങ്ങനെയുള്ള സ്ഥാപനങ്ങളെ മനസ്സിൽ വച്ചിട്ടല്ല. സഹകരണ മേഖലയിൽ സാമ്പത്തിക രംഗത്തെ അച്ചടക്കമില്ലായ്മയൊക്കെ വച്ചിട്ടാണ് ഞാൻ പറഞ്ഞത്. കൺസോർഷ്യത്തെക്കുറിച്ച് ബഡ്ജറ്റു ചർച്ചയിലും ഡിമാന്റിനു മറുപടി പറഞ്ഞ സന്ദർഭത്തിലും വ്യക്തമാക്കിയിട്ടുള്ളതാണ് ; കോ-ഓപ്പറേറ്റീവ് സെക്ടറിന്റെ ഫണ്ട് ഒരു ബോർഡിൻ കീഴിൽ കൊണ്ടുവന്ന് കൺസോർഷ്യം രൂപീകരിച്ച് ഡെവലപ്പുമെന്റ് ആക്ടിവിറ്റീസിന് വിനിയോഗിക്കപ്പെടുമെന്ന് സഹായം ചെയ്തു കൊടുത്താൽ രക്ഷപ്പെടാവുന്ന, നഷ്ടത്തിൽ പോകുന്ന പ്രൈമറി സംഘങ്ങൾ കണ്ടേക്കാം. പുതിയ സഹസ്രാബ്ദത്തിന്റെ ഭാഗമായി സെൻട്രൽ ബാങ്ക്

LIBRARY ARCHIVES Kerala Legislative Assembly

കോൺഫറൻസ് കൂടി ജില്ലകളിൽ നഷ്ടത്തിൽ പോകുന്ന പ്രൈമറി സംഘങ്ങളെ ഒരു ജില്ലയിൽ പത്ത് എന്ന തോതിൽ തെരഞ്ഞെടുത്ത് അതു റിവൈവ് ചെയ്യുന്നതിന് സാമ്പത്തികസഹായം കൊടുക്കും. അങ്ങനെ പ്രൈമറി സംഘങ്ങളുടെ പുനരുദ്ധാരണത്തെ ഉദ്ദേശിച്ചുകൊണ്ടും ഈ മേഖലയുടെ സഹകരണമെന്നുള്ളതിന്റെ അടിസ്ഥാനത്തിലും ചില മേഖലയിൽ വരുന്ന കൂട്ടായ്മ ഉറപ്പു വരുത്തുന്നതിന് ആ മേഖലയിലെ ഫണ്ട് അച്ചടക്കത്തോടുകൂടി വിനിയോഗിക്കപ്പെടുന്നതിനും പുതിയ സംവിധാനം കൊണ്ട് ഉദ്ദേശിക്കുന്നുണ്ട്. അതുകൊണ്ട് ഭേദഗതികളൊന്നും സ്വീകാര്യമല്ല.

സർവ്വശ്രീ. ടി. എം. ജേക്കബ്, ഡൊമിനിക് പ്രസന്റേഷൻ, ജോണി നെല്ലൂർ, കെ. സി. ജോസഫ്, തമ്പാനൂർ രവി, ബി. വിജയകുമാർ, പി. ജെ. ഫ്രാൻസിസ്, ആര്യാടൻ മുഹമ്മദ് എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ...

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം അംഗീകരിക്കപ്പെട്ടിരിക്കുന്നു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

17-ാം വകുപ്പ്

Minister for Electricity & Co-operation (**Shri. S. Sarma**) : Sir, I move the following Amendment.

(1351) In clause 17 of the Bill,

(i) In Section 65 tot be susbtituted, for sub-section (6) thereof, the following shall be substituted, namely :-

"(6) If the Registrar on completion of the inquiry finds that there is a major defect in the constitution or working or financial condition of the society, he may initiate action in accordance with the provisions of section 32".

(ii) In section 66 A to be substituted, for the marginal heading, the following shall be substituted namely :-

"powers of Registrar to give direction -"

(iii) to Section 66 B proposed to be substituted, the following proviso shall be added, namely :-

LIBRARY ARCHIVES Kerala Legislative Assembly

"Provided that the powers of the Registrar of Co-operative Societies under this Section shall not be conferred on any other person".

(iv) to Section 68 A proposed to be substituted, the following proviso shall be added, namely :-

"Provided that the powers of the Registrar of Co-operative Societies under this Section shall not be conferred on any other person".

(1352) In Section 66 B proposed to be inserted.

for the words "within a period of one week from the receipt of the direction failing which the Registrar may issue an order suspending the officer or officers, responsible for offence pending equiry for a period not exceeding three months, without prejudice to any other proceedings against him, which period may be extended at the discretion of the Registrar from time to time, so, however, that the aggregate period shall not exceed six months. The Registrar may, if he is satisfied that an administrative lacuna has arisen due to the suspension make alternative arrangements, for the smooth functioning of the society, in the manner as may be prescribed", the word "forthwith" shall be substituted.

Shri. B. Vijayakumar : Sir, I move the following Amendments.

(1030) In Section 63 of the principal Act proposed to be substituted by clause 17, in sub-section (1) for the words "a person" substitute the words "an officer in the rank of Accountant General drafted from the Indian Audit and account service".

(1083) In Section 64 (5) of the Principal Act proposed to be substituted by clause 17 for the words "nine months" substitute the words "two months".

എന്റെ അമെന്റുമെന്റിൽ ആഡിറ്റിനെക്കുറിച്ചാണ് പറയുന്നത്. ആഡിറ്റിന് ഡയറക്ടർ ഓഫ് കോ-ഓപ്പറേഷൻ എന്ന നിർദ്ദേശത്തെ സ്വാഗതം ചെയ്യുകയാണ്. ഇന്നത്തെ കൺകറന്റ് ആഡിറ്ററുടെ സ്ഥിതിയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറയുന്നത് സംഘത്തിന്റെ ചെലവിൽ ഡിപ്പാർട്ടുമെന്റിൽ നിന്നും കൺകറന്റ് ആഡിറ്ററെ എല്ലാ സംഘങ്ങളിലും വച്ചിട്ടുണ്ട്. കൂടാതെ ഒരു ഇൻസ്പെക്ടറും അസിസ്റ്റന്റ് രജിസ്ട്രാറും ഡെപ്യൂട്ടി രജിസ്ട്രാറുമുണ്ട്. അവരുടെ സ്ഥിതിയെപ്പറ്റിയുള്ള ഒരു ആശങ്ക സഹകാരികളിലുണ്ട്. ബോർഡിന്റെ ചെലവും കൺകറന്റ് ആഡിറ്ററുടെ ചെലവും എല്ലാം കൂടി സംഘം വഹിക്കേണ്ടിവരും എന്ന ആശങ്ക നിലനിൽക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

The Government shall, by notification in the official gazette, appoint a person to be the Director of Co-operative Audit with Jurisdiction over the whole of the state എന്നാണ് പറഞ്ഞിരിക്കുന്നത്. 'a person' എന്നു മാത്രമേ ഈ ഭേദഗതിയിലുള്ളൂ. അതുകൊണ്ട് എന്റെ ഭേദഗതി 'a person' എന്നുള്ളിടത്ത് "an officer in the rank of Accountant General drafted from the Indian Audit and Account Service". അക്കൗണ്ടന്റ് ജനറൽ ഓഫീസിൽനിന്നും - ഇവിടെ പണം കൊള്ളയടിച്ച കാര്യം - ഒൻപതിനായിരം കോടി രൂപ കട്ടുകൊണ്ടുപോയ കാര്യം പറഞ്ഞു. ശരിയാണ്. ഒൻപതിനായിരം കോടി രൂപ സുരക്ഷിതമായി ചെലവഴിക്കുന്നു എന്നു ഉറപ്പു വരുത്തണമെങ്കിൽ എത്രയും കപ്പാസിറ്റിയുള്ള, നിഷ്പക്ഷമായി കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ഒരു ആഡിറ്റർ ഇതിന്റെ തലപ്പത്തു വരണം. അതുകൊണ്ട് എന്റെ ഭേദഗതി 'a person' എന്നുള്ളതു നീക്കം ചെയ്തിട്ട് "an officer in the rank of Accountant General drafted from the Indian Audit and account service' എന്നാക്കണം. ഇപ്പോൾ ഇലക്ട്രിസിറ്റി ബോർഡിൽ ഫൈനാൻസ് മെമ്പറായിരിക്കുന്നത് അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ നിന്നും ഡെപ്യൂട്ടേഷനിൽ പോയ ആളാണ്. അതുപോലെ ഇതിന്റെ ആഡിറ്റിന്റെ തലപ്പത്ത് എ. ജീസ്
8 P.M.] ഓഫീസിൽ നിന്നുള്ള ഒരു ഉയർന്ന ഉദ്യോഗസ്ഥൻ വന്നാൽ മാത്രമേ ഒൻപതിനായിരം കോടി രൂപയുടെ ആഡിറ്റ് നിഷ്പക്ഷമായി നടക്കുമെന്ന് സഹകാരികൾക്ക് പ്രതീക്ഷിക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് എന്റെ 1030-ാം നമ്പർ ഭേദഗതി അംഗീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിക്കുകയാണ്. അതുപോലെതന്നെ 64 (5). ഞാൻ പറയുന്നത് ബഹുമാനപ്പെട്ട മന്ത്രിക്ക് മനസ്സിലാകും. The audit shall be commenced within one month from the date of receipt of report under sub-section (4) by the Director of Co-operative Audit or the person authorised by him, as the case may be, and shall be completed within a period of nine months. എന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. അത് കാലാവധി കുറച്ച് രണ്ടുമാസത്തിനകം എന്നാക്കണം. രണ്ട് മാസത്തിനകത്ത് എന്ന് ഇല്ലെങ്കിലും കാലാവധി കുറയ്ക്കണം. ഒൻപത് മാസം കൊടുക്കേണ്ട കാര്യമില്ല. ഈ ആഡിറ്റിന്റെ കാലാവധി മൂന്ന് മാസമെങ്കിലുമായി കുറയ്ക്കണം. അതാണ് 1083-ാം നമ്പർ ഭേദഗതികൊണ്ടുദ്ദേശിക്കുന്നത്.

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(1035) In Section 63 (1) of the principal Act proposed to be substituted by clause 17, the following words shall be inserted between the words "person" and "to".

"not below the rank of Accountant General or Deputy Accountant General from the Indian Audit and Accounts service".

LIBRARY ARCHIVES Kerala Legislative Assembly

(1104) In Sub-section (1) (d) of Section 65 of the principal Act proposed to be substituted by clause 17, for the word "members" substitute the words "elected members".

(1121) In Section 65 (1) (f) of the principal Act proposed to be substituted by clause 17 the words "if he is satisfied that it is necessary so to do" shall be deleted.

(1192) In Section 68 (2) of the principal Act proposed to be substituted by clause 17 the following shall be added at the end, namely :-

"If the person concerned fails to repay the money or properties, the Registrar may take legal action to restore it".

(1203) In Section 68 A (1) of the principal Act proposed to be substituted by clause 17, for the words "Deputy Inspector General of Police", the words Additional Registrar of Co-operative Societies" shall be substituted.

ഞാൻ കുറച്ച് പോയിന്റുകൾ മാത്രമേ പറയുന്നുള്ളൂ. ഇവിടെ എന്റെ സുഹൃത്ത് വിജയകുമാർ പറഞ്ഞതുപോലെ ഈ ഭേദഗതി നിയമത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വകുപ്പാണിത്. നമ്മുടെ നാട്ടിലെ സ്ഥിതിയെന്താണ് ? അക്കൗണ്ടബിലിറ്റിയില്ല. ഞാൻ പറഞ്ഞത് ഡെമോക്രസിയിൽ ചെക്ക് ആന്റ് കൗണ്ടർ ചെക്ക് ഇല്ല എന്നാണ്. ആർക്കും ഉത്തരവാദിത്വമില്ല. കോടിക്കണക്കിന് രൂപ കൈകാര്യം ചെയ്യുന്ന് ഒരു മേഖലയാണ് സഹകരണരംഗമെന്നു പറയുന്നത്. അവിടെ ചെലവഴിക്കുന്ന ഓരോ പൈസയ്ക്കും അക്കൗണ്ടബിലിറ്റിയുണ്ടാകണം, റെസ്പോൺസിബിലിറ്റി ഫിക്സ് ചെയ്യണം. ഈ നിയമത്തിൽ പറയുന്നതുപോലെ സ്റ്റേറ്റ് ഗവൺമെന്റിന്റെ ഒരു ഓഫീസറെ ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റ് എന്ന് പറഞ്ഞാൽ അത് ഒന്നുമാവുകയില്ല. അങ്ങേക്കറിയാമല്ലോ, ഞാൻ കുറ്റപ്പെടുത്തുകയല്ല. ജനപ്രതിനിധികൾ കൈകാര്യം ചെയ്യുന്ന നമ്മുടെ ത്രിതല സംവിധാനത്തിൽ ജനകീയാസൂത്രണത്തിന്റെ പേരിൽ ചെലവഴിച്ച ഫണ്ടിനെക്കുറിച്ചുപോലും ഹൈക്കോടതിക്ക് സംശയം വന്നിരിക്കുകയാണ്. പബ്ലിക് ലൈഫിൽ ഏറ്റവും പ്രധാനപ്പെട്ടത് ഫിനാൻഷ്യൽ ഡിസിപ്ലിനാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട വിജയകുമാർ പറയുന്നതുപോലെ, ഇൻഡ്യൻ ആഡിറ്റ് ആന്റ് അക്കൗണ്ട്സ് സർവീസിലുള്ള അക്കൗണ്ടന്റ് ജനറലിനേയോ അത് കിട്ടാൻ പ്രയാസമാണെങ്കിൽ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ റാങ്കിലുള്ള ഒരാളെയോ ഈ ഓഫീസറായി വയ്ക്കണം. അതാണ് എന്റെ 1035-ാം നമ്പർ ഭേദഗതി. എന്റെ 1104-ാം നമ്പർ ഭേദഗതിയെന്നുപറയുന്നത് "...principal Act proposed to be substituted by clause 17 for the word "members" substitute the words "elected members" എന്നാണ്. അവിടെ മെംബേഴ്സ് എന്നുള്ളതിനു പകരം ഇലക്റ്റഡ് മെംബേഴ്സ് എന്നാക്കി മാറ്റമെന്നുള്ള ഒരു ഭേദഗതിയാണ്. കുറെക്കൂടി സുതാര്യതവരാൻ വേണ്ടിയാണത്. 1121-ാം നമ്പർ ഭേദഗതി

LIBRARY ARCHIVES Kerala Legislative Assembly

എന്നുപറയുന്നത്, "....principal Act proposed to be substituted by clause 17 the words "if he is satisfied that it necessary so to do".... If he is satisfied— ഇത് ഒരു വ്യക്തിയിൽ കേന്ദ്രീകരിച്ചത് ശരിയല്ല. അതുകൊണ്ട് If he is satisfied that it is necessary so to do" എന്നുള്ളത് ഡിലീറ്റു ചെയ്യണമെന്നുള്ളതാണ് എന്റെ 1121-ാം നമ്പർ ഭേദഗതി. In Section 68 (2) of the principal Act proposed to be substituted by clause 17 the following shall be added at the end, namely :-

ശ്രീ. ജി. കാർത്തികേയൻ : സർ, സമയം വളരെ വൈകിയതുകൊണ്ട് ഞാൻ എന്റെ പ്രസംഗം നീട്ടുന്നില്ല. നമ്മുടെ സഭയിലെ ഭരണ പ്രതിപക്ഷ അംഗങ്ങൾ ദീർഘനേരം പങ്കെടുത്ത ചർച്ചകൾക്കു ശേഷം സഹകരണ ഭേദഗതി നിയമത്തിന്റെ അവസാന ഘട്ടത്തിലേയ്ക്ക് നമ്മൾ നീങ്ങുകയാണ്. ഇതിനേക്കാൾ സമയമെടുത്ത ചില നിയമനിർമ്മാണങ്ങൾ നമ്മുടെ സഭയിൽ നടന്നിട്ടുണ്ട്. ജനാധിപത്യ കേരളം എന്നുപറയുന്നപോലെ, സഹകരണ കേരളം ആകാംക്ഷയോടുകൂടി നോക്കി നിൽക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു ചർച്ചയാണ് ഇവിടെ നടക്കുന്നത്. 11-ാം വകുപ്പിന്റെ ചർച്ചയെത്തുടർന്ന് ജനാധിപത്യപരവും മാതൃകാപരവുമായ ഒരു സമീപനം സ്വീകരിച്ച ബഹുമാനപ്പെട്ട മന്ത്രിയെ ആത്മാർത്ഥമായി ഞങ്ങൾ അഭിനന്ദിക്കുന്നു. അതിനകത്തൊരു പൊളിറ്റിക്കൽ ഡിസിഷന്റെ ഭാഗമുണ്ടാകാം. എങ്കിലും അതിന് നേതൃത്വം കൊടുത്ത്, ഇൻസ്പിറേഷൻ കൊടുത്ത വകുപ്പുമന്ത്രിയുടെ നടപടി തികച്ചും പ്രശംസനീയമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അപ്പോൾതന്നെ മന്ത്രിയെ അഭിനന്ദിച്ചു. ഞാൻ ഒരിക്കൽക്കൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ വിശാലമനഃസ്ഥിതിയെയും ജനാധിപത്യബോധത്തെയും ആത്മാർത്ഥമായിട്ട് അഭിനന്ദിക്കുന്നു. ഞാൻ ഒന്നു, രണ്ടു കാര്യങ്ങൾ കൂടി പറയുന്നു. ഇന്ന് ഒരു പ്രത്യേകതയുള്ള ദിവസമാണ്. രണ്ടു നൂറ്റാണ്ടുകൾക്കിടയിൽ, 176 വർഷങ്ങൾക്കിടയിൽ സമ്പൂർണ്ണമായും പൗർണ്ണമി വരുന്ന ദിവസമാണിന്ന്. നിലാവ് 6 ശതമാനം അധികം പ്രകാശമാനമായി ഈ ഭൂതലത്ത് ഉണ്ടാകുന്ന ദിവസമാണ് ഇന്ന് രാത്രി. അങ്ങനെയുള്ള, പ്രകാശം പരത്തുന്ന ഈ രാത്രിയിൽ ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിച്ചുവെങ്കിലും സഹകരണ മേഖലയിലുള്ള ആളുകളുടെയൊക്കെ മനസ്സിൽ ഒരു കരിനിഴൽ ആണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. രണ്ട് ഗവൺമെന്റുകളും മാറി മാറി വരുമ്പോൾ സഹകരണ മേഖലയിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങളെക്കുറിച്ച് ആവർത്തിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഇന്ന് ഇവിടെ പാസാക്കുന്ന ഈ ഭേദഗതി നിയമത്തോടുകൂടി സഹകരണ മേഖലയിൽ

LIBRARY ARCHIVES Kerala Legislative Assembly

നിലനിൽക്കുന്ന ദുഷ്പ്രവണതകൾ അവസാനിപ്പിക്കാൻ കഴിയുമോ ? അതിന് പര്യാപ്തമാണോ ഈ ബിൽ ? അതിനെക്കുറിച്ച് നാം വിലയിരുത്തേണ്ടതുണ്ട്. കണക്കുകളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. ഇവിടെ ചിലർ ഞങ്ങളുടെ ഗവൺമെന്റിന്റെ കാലത്തെ കണക്കുപറഞ്ഞു. അതുകൊണ്ടു തീരുമോ ? അങ്ങനെയാണെങ്കിൽ അന്ന് വന്ന തെറ്റുകൾക്ക് ഇപ്പോൾ ഒരു മാറ്റം ഉണ്ടായിട്ടുണ്ടോ ; ഒരു മോചനമുണ്ടായിട്ടുണ്ടോ ? ഇല്ല. സഹകരണ മേഖലയിലെ ജനാധിപത്യത്തിന്റെ ആണിക്കല്ല് ഇളക്കുന്നതിൽ നിങ്ങൾ എന്തുപറഞ്ഞാലും പ്രധാനപ്പെട്ട പങ്ക് വഹിച്ചു. ശ്രീ. ടി. കെ. രാമകൃഷ്ണന്റെ കാലത്ത് തുടങ്ങിവച്ചതാണ്. വിടെ നിന്നും തുടങ്ങി ആ തേരോട്ടം. ഞങ്ങളുടെ കാലത്ത് അത് നിന്നുഎന്നു ഞാൻ പറയുന്നില്ല. ഞങ്ങളുടെ കാലത്തും ഉണ്ടായി. ഇലിടെ 11-ാം വകുപ്പിൽ കൊണ്ടു വന്ന മാറ്റം കാരണം ഈ മേഖലയിലുള്ള ആളുകൾക്ക് ഉണ്ടായിരുന്ന ഒരാശങ്ക മാറിയിട്ടുണ്ട്. കോടിക്കണക്കിന് രൂപ കൈകാര്യം ചെയ്യുന്ന ഒരു മേഖലയാണ് സഹകരണമേഖല. ഇത് കേരളീയരെ സംബന്ധിച്ചിടത്തോളം ഗ്രാമീണ ജനതയെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട ഒരു സാമ്പത്തിക മേഖലയായി നിലനിൽക്കുന്നു. എന്നുമാത്രമല്ല, സഹകരണ മേഖല എന്നുപറയുന്നത് അവർക്ക് എപ്പോഴും കടന്നുചെല്ലാവുന്ന നിലയിലേക്കു വന്നിരിക്കുന്നു. സഹകരണ മേഖലയുടെ പ്രവർത്തനങ്ങൾക്ക് അതിരുകൾ ഇല്ലാത്ത ഒരു കാലഘട്ടമായിരിക്കുന്നു. സഹകരണ മേഖല എന്നും നിലനിൽക്കണം. സഹകരണ മേഖല നിലനിൽക്കുന്നതിനാവശ്യമായ തീരുമാനങ്ങൾ ഈ ഭേദഗതി നിയമത്തിനകത്ത് വന്നിട്ടുണ്ടോ ? വന്നിട്ടില്ല. അഫിലിയേഷൻ കൊടുക്കുന്നതിന്റെ ഡീറ്റെയിൽസിലേക്ക് ഞാൻ പോകുന്നില്ല. ചിലപ്പോൾ അപ്പെക്സ് ബോഡികൾ സഹകരണ മേഖലയിൽ താഴോട്ട് അഫിലിയേഷൻ കൊടുക്കാത്തതിന് പല കാരണങ്ങളുമുണ്ട്. ഇപ്പോൾ എന്തെല്ലാം കാരണങ്ങളും ബുദ്ധിമുട്ടുകളുമുണ്ടെങ്കിലും അഫിലിയേഷൻ നിർബന്ധമായും കൊടുത്തേ മതിയാകൂ എന്നുള്ള ഒരു ഭേദഗതി നമ്മൾ ഇതിനകത്ത് കൊണ്ടു വന്നിട്ടുണ്ട്. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ജില്ലയായ എറണാകുളം ജില്ലയിൽ കാർഷിക വികസന ബാങ്ക് തുടങ്ങണം. മുമ്പ് കുട്ടനാട് മാത്രമുണ്ടായിരുന്ന കാർഷിക വികസന ബാങ്കും ആലപ്പുഴയിലേക്ക് വരണം. അവിടെ ഇത് വയബിളാകുമോ എന്നുള്ളത് കണ്ടറിയേണ്ട ഒരു കാര്യമാണ്. ഇപ്പോൾ സർക്കാർ ജീവനക്കാരെയെല്ലാം കൈകാര്യം ചെയ്യുന്നത് അവരുടെ മുകളിലുള്ള ആഫീസർമാർ അല്ല, വൈകിവന്നാൽ അവരെ കൈകാര്യം ചെയ്യാൻ നോക്കുന്നത് പോലീസ് ആഫീസർമാരാണ് ആ പോലീസിന്റെ കടന്നുകയറ്റം ഈ ഭേദഗതി നിയമത്തിലൂടെ സഹകരണ മേഖലയിലേക്കും വന്നിട്ടുണ്ട്. നാളെ പ്രധാനമന്ത്രി പാർലമെന്റിൽ ഒരു ചർച്ച നടത്തിയിട്ട് വനിതാ സംവരണ ബിൽ അവതരിപ്പിക്കാൻ പോകുന്നു. ഇവിടെ ആരൊക്കെയോ ഉറഞ്ഞുതുള്ളി, സഹകരണ മേഖലയിൽ 33 ശതമാനം സംവരണം സ്ത്രീകൾക്ക് കൊടുക്കുന്ന ബിൽ അവതരിപ്പിക്കുന്നതിന് ആരൊക്കെയോ എതിരാണെന്ന്.

സർ, ഞാൻ ഒരു സാമ്പത്തിക വിദഗ്ദ്ധനൊന്നുമല്ല. ഞാൻ ഇവിടെയുള്ള സാമ്പത്തിക വിദഗ്ദ്ധന്മാരോട് വിനയപുരസ്സരം ചോദിക്കുകയാണ് ഈ കൺസോർഷ്യം ലെൻഡിംഗ് സ്കീം സഹകരണ മേഖലയെ കുത്തുപാള എടുപ്പിക്കില്ലേ ? പ്രധാനമായിട്ടും പറഞ്ഞാൽ ഗവൺമെന്റ് ഗ്യാരന്റി വേണം.

LIBRARY ARCHIVES Kerala Legislative Assembly

ഇൻഫ്രാസ്ട്രക്ച്ചർ ഡെവെലപ്മെന്റിനു വേണ്ടി ഈ പണം കൊടുത്താൽ സഹകരണ മേഖലയുടെ സ്ഥിതിയെന്താകും ? മെഡിക്കൽ കോളേജ് തുടങ്ങണ മെങ്കിലും റോഡ് വികസിപ്പിക്കണമെങ്കിലും ജനകീയാസൂത്രണത്തിന് വേണമെങ്കിലും പണം എടുക്കുന്ന ഒരു പ്രസ്ഥാനമായി, ആരോ പറഞ്ഞതുപോലെ പൊൻമുട്ടയിടുന്ന താറാവായി സഹകരണമേഖലയെ മാറ്റിയാൽ ദൂരവ്യാപകമായ ഒരു ദുരന്തമുണ്ടല്ലോ അതുണ്ടാകും. ഇപ്പോൾ നമുക്ക് ഇതൊക്കെ തോന്നും. സർ, ഈ പണം എവിടുന്നാണ് ? ബഹുമാനപ്പെട്ട മന്ത്രി നേരത്തെ ഒരു ബസ്സപകടം ഉണ്ടായാൽ പിന്നെ ബസ് ഓടിക്കണ്ടേ എന്ന് ചോദിച്ചു. വേണം പക്ഷെ ബസ്സപകടം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കാമല്ലോ. അപ്പോൾ തകർന്നതുപോയ ചില മേഖലയെ രക്ഷിക്കുന്നതിനു വേണ്ടി, ഭംഗിയായിട്ട് നടക്കുന്ന ഒരു സഹകരണ സ്ഥാപനത്തിന്റെ പണം എടുത്ത് ഒരു കൺസോർഷ്യമുണ്ടാക്കി. എവിടെയാണ് തിരിച്ചു വരുന്നത് ? ഇതിനകത്ത് നാം എല്ലാത്തിനും പറയുന്നത് ഗവൺമെന്റ് ഗ്യാരന്റിയാണ്. ഇവിടെ ധനകാര്യമന്ത്രി ഇരുപ്പുണ്ട്. Government guarantee is only a paper adjustment എന്ന് ഞാൻ പറയുന്നില്ല. അത് ചിലപ്പോൾ വിവരക്കേടായാലോ. പക്ഷെ എല്ലാത്തിനും ഗവൺമെന്റ് ഗ്യാരന്റി അങ്ങനെയാണെങ്കിൽ ഇതുവരെ, ഈ നിമിഷം വരെ കേരളാ ഗവൺമെന്റ് നിന്നിട്ടുള്ള ഗ്യാരന്റിയുടെ കണക്കെടുത്താൽ.... അങ്ങ് ചിരിക്കുന്നു. ഗവൺമെന്റ് നിന്നിട്ടുള്ള ഗ്യാരന്റിയുടെ കണക്കെടുത്താൽ ... ഓരോ പ്രോജക്ട് വരുമ്പോഴും ഗവൺമെന്റ് ഗ്യാരന്റി കൊടുക്കും. ഇല്ലേ, വല്ല കാര്യവുമുണ്ടോ, അപ്പോൾ ഇതിനകത്ത് പ്രധാനമായിട്ട് പറഞ്ഞിരിക്കുന്നത് ഗവൺമെന്റ് ഗ്യാരന്റി ഉണ്ട് എന്നുള്ളതാണ്. ഈ കൺസോർഷ്യം ലെൻഡിംഗ് സ്കീം എന്നു പറയുന്നത് യഥാർത്ഥത്തിൽ ഈ സഹകരണമേഖലയെക്കെതിരെ വരുന്ന വലിയ ഒരു മാരകായുധമായിട്ട് മാറും. നമുക്ക് അത് മാറ്റാൻ കഴിഞ്ഞില്ല. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ശർമ്മ നാട്ടിലെ കാര്യങ്ങളൊക്കെ അറിയാൻ ശ്രീ. കെ. സി. വേണു ഗോപാലിനോട് പറഞ്ഞു, ശരിയാ ചെറുപ്പക്കാർ അറിയണം. അങ്ങയുടെ സ്പിരിറ്റിനെ ഞാൻ ബഹുമാനിക്കുന്നു. വേണുവിന്റെ സ്പിരിറ്റിനെയും ഞാൻ ബഹുമാനിക്കുന്നു. ഇപ്പോഴുള്ള നമ്മുടെ ദു:ഖം തന്നെ, നമുക്ക് ഇത് മനസ്സിലാകുന്നില്ല എന്നുള്ളതാണ്. പക്ഷെ ഇവിടെ വന്നിരിക്കുന്ന പ്രശ്നം വളരെ പ്ലെയിനായിട്ട് ഞാൻ പറയുന്നു. സഹകരണ സംഘങ്ങളിലെ നിയമനങ്ങൾ എന്തുകൊണ്ട് പി.എസ്.സി.ക്ക് വിടുന്നില്ല. എന്താണ് ഇതിന് തടസ്സം ? മൂന്നാം വായനയിൽ നമ്മൾ ഇത് പാസ്സാക്കുമ്പോൾ ഞാൻ ഇതിന്റെ എല്ലാ ഗുണങ്ങളെയും സമ്മതിക്കുന്നു. പക്ഷെ നമ്മളെല്ലാം ആഗ്രഹിക്കുന്ന അക്ഷരകേരളം, സുന്ദരകേരളം, ജനകീയ കേരളം, വികസനകേരളം, അതിനോടൊപ്പം വന്നുനിൽക്കുന്ന സഹകരണ കേരളം നമ്മൾ ആഗ്രഹിക്കുന്ന നിലയിൽ സഹകരണമേഖലയെ സമ്പൂർണ്ണതയിലേക്ക് കൊണ്ടുപോകാൻ ഇന്ന് പാസ്സാക്കിയ നിയമം പര്യാപ്തമാണോ ? സഹകരണ സംഘങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്ന കാര്യത്തിൽ എന്താണ് തടസ്സം. അതവിടെ നിൽക്കട്ടെ, പിന്നെ വേറൊന്നുള്ളത്, ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമല്ലോ, ഇന്ന് ഏറ്റവുമധികം ചെലവുള്ള തെരെഞ്ഞെടുപ്പു മേഖലയായി സഹകരണ മേഖലയിലെ തെരെഞ്ഞെടുപ്പുകൾ മാറിയിരിക്കുന്നു. ആരാണ്

LIBRARY ARCHIVES Kerala Legislative Assembly

കാരണക്കാർ എന്നു നോക്കിയിട്ട് കാര്യമില്ല. നമ്മൾ അഴിമതിക്ക് എതിരെ വളരെയധികം സംസാരിക്കുന്നു. ലളിതജീവിതം നയിക്കുന്ന ആളുകളുമാണ്. പക്ഷെ ഒരു സഹകരണ ബാങ്കിന്റെ തെരെഞ്ഞെടുപ്പിന് വരുന്ന ചെലവെത്രയാണ് ? ആ നിലയിലേക്ക് വന്നു. ഇല്ല എന്ന് അങ്ങ് പറയരുത്. വെറുതെ ഞാൻ തർക്കത്തിനുവേണ്ടി പറയുന്നതല്ല. എന്തുകൊണ്ട് അങ്ങനെ വന്നു ? കിടമൽസരമാണ് ആ നിലയിലേക്ക് വരാൻ കാരണം. ശ്രീ. ഗോവിന്ദൻ മാസ്റ്റർ ചിരിക്കുന്നു. സംഘം പിടിച്ചെടുക്കുന്ന സംസ്കാരം നിറുത്തി വയ്ക്കാൻ കഴിയുമോ ? നമുക്ക് സഹകരണ സംഘങ്ങൾ പിടിച്ചെടുക്കുന്ന സംസ്കാരം നിറുത്തിവയ്ക്കാൻ കഴിഞ്ഞില്ലായെങ്കിൽ നമ്മൾ എന്തു പറഞ്ഞാലും ഇവിടെ എത്ര നിയമങ്ങൾ പാസ്സാക്കിയാലും കാര്യമില്ല. ഇനി ഒരു കാര്യം പറയട്ടെ, ഈ ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റിയുടെ ചർച്ച കേരളത്തിന് പുറത്തു നടന്നുകൊണ്ടിരിക്കുമ്പോഴും എന്റെ സ്നേഹിതനായ ഗോവിന്ദൻ മാസ്റ്ററുടെ നാട്ടിൽ സംഘങ്ങൾ പിടിച്ചെടുത്തു. അതാണ് ശ്രീ. കെ. സി. ജോസഫ് ഇവിടെ പറഞ്ഞത്. അതുപോകട്ടെ, ഈ സഭയിൽത്തന്നെ ഈ ബിൽ ചർച്ച ചെയ്തു കൊണ്ടിരിക്കുമ്പോൾ പാലക്കാട് ജില്ലയിലെ മണ്ണൂരിൽ നിങ്ങൾ ബാങ്ക് പിടിച്ചെടുത്തു. പിന്നെ എങ്ങനെ സഹകരണ മേഖലയിൽ ജനാധിപത്യം നിലനിൽക്കും ? .....(ബഹളം).... അവിടുത്തെ കാര്യമൊന്നും ശ്രീ. ബാലൻ വൈദ്യർക്ക് അറിയില്ല. ഞാൻ ദീർഘിപ്പിക്കുന്നില്ല. എന്റെ പ്രസംഗം നിറുത്തുകയാണ്. ഞാൻ പറയുന്നത്, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വളരെ പോസിറ്റീവായിട്ടുള്ള സ്റ്റാൻഡ് എടുത്തതിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുന്നു. ചിലപ്പോഴൊക്കെ മന്ത്രി എടുത്തിട്ടുണ്ട്. ഇപ്പോൾ എടുത്തു. പക്ഷെ അതൊക്കെയുണ്ടല്ലോ അതെല്ലാം രണ്ടുമൂന്നു തരത്തിലുള്ളതാണ്. ഒന്ന് ഒരു ഭാഗത്ത് അത്തരത്തിലുള്ള നടപടി സ്വീകരിക്കുമ്പോഴും ബാക്കി ഭാഗത്തെല്ലാം ഞാൻ പറഞ്ഞതുപോലെ ഒരു അവ്യക്തത നിലനിൽക്കുന്നു. ഞങ്ങൾക്ക് പറയാനുള്ളത് ഇത്രയേയുള്ളൂ, ഈ നിയമം ചർച്ച ചെയ്യുമ്പോൾ ഉണ്ടാകേണ്ടിയിരുന്ന സ്പിരിറ്റ് നിങ്ങൾ ഉൾക്കൊണ്ടില്ല. ആ സ്പിരിറ്റ് ഉൾക്കൊള്ളാത്തതുകൊണ്ടാണ് ഇത് ഇന്ത്യ മുഴുവൻ ചർച്ച ചെയ്തു കൊണ്ടിരിക്കുമ്പോൾ കണ്ണൂരിൽ നടന്നതും, നിയമസഭയിൽ ഈ ബിൽ ചർച്ച ചെയ്യുമ്പോൾ പാലക്കാട് നടന്നതും പ്രധാനമായിട്ട് ഈ സ്പിരിറ്റുകൂടി നിങ്ങൾ ഉൾക്കൊള്ളണം. ഞങ്ങൾക്ക് ഭൂരിപക്ഷമില്ലാത്തതുകൊണ്ട് ഞങ്ങൾ പ്രതിപക്ഷത്തിരിക്കുന്നില്ലേ, ഞങ്ങൾ സഹിക്കുന്നില്ലേ. ഞങ്ങൾ സഹിഷ്ണുതയുള്ളവരാണ്. പക്ഷെ നിങ്ങൾ ചിലയിടത്ത് ഇത് ഭംഗിയായി പറയുന്നു. മസിൽപ്പവർ ഉപയോഗിച്ച് സംഘങ്ങൾ പിടിച്ചെടുക്കുന്ന സംസ്കാരം നിലനിന്നാൽ ഈ നിയമം പാസ്സാക്കുന്നതുകൊണ്ട് ഒരു കാര്യവുമില്ല. ഇത് ഓർമ്മിപ്പിക്കാൻ വേണ്ടി പറഞ്ഞുവെന്നേയുള്ളൂ. ഏതായാലും നമ്മുടെ ജനാധിപത്യ കേരളത്തിൽ, സഹകരണമേഖലയിൽ ഇതൊരു യാഥാർത്ഥ്യമാകാൻ പോകുന്നു. തെളിഞ്ഞിരിക്കുന്ന നന്മകളും ഒളിഞ്ഞിരിക്കുന്ന ധാരാളം തിൻമകളും വലിയ മാരകമായ വിപത്തുകളും ഇതിനകത്തുണ്ട്. രണ്ടുംകൂടി കണ്ടുകൊണ്ട് പറയട്ടെ, വരുന്ന സഹസ്രാബ്ദത്തിൽ സഹകരണ മേഖലയിൽ ജനാധിപത്യം നിലനിൽക്കാൻ ഈ നിയമനിർമ്മാണം സഹായകരമാകട്ടെ എന്ന് ആഗ്രഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, കഴിഞ്ഞ കുറേ കാലമായി കേരളത്തിലെ സഹകാരികൾ വളരെയധികം ഉറ്റുനോക്കികൊണ്ടിരുന്ന ഒരു നിയമനിർമ്മാണം ഇന്ന് പൂർത്തിയാകുകയാണ്. വളരെയേറെ വിവാദപരവും ചർച്ചാവിഷയവുമായിരുന്ന സഹകരണ ഭേദഗതി നിയമം അവസാനം പാസ്സാക്കിയെടുക്കുന്ന ഈ സന്ദർഭത്തിൽ ഞാൻ വിവാദത്തിലേക്ക് കടക്കുന്നില്ല. സർ സംസ്ഥാനത്തിന്റെ നാനാ മേഖലകളുടെ വികസനത്തിനും വിവിധ മേഖലകളിലെ സാമൂഹ്യക്ഷേമത്തിനും ഉതകുന്ന നിലയിൽ, ഭാരതത്തിനാകമാനം മാതൃകയാകത്തക്കവിധത്തിൽ നമ്മുടെ സഹകരണമേഖല പടർന്നുപന്തലിച്ച് കൊണ്ടിരിക്കുന്ന ഒരു സാഹചര്യത്തിലാണ് ഈ ഭേദഗതി നിയമം ഇവിടെ പാസ്സാക്കുന്നത്. ഇവിടെ ശ്രീ. കാർത്തികേയൻ പറഞ്ഞ വിവാദങ്ങളിലേക്ക് കടക്കുന്നില്ലായെന്ന് ഞാൻ ആദ്യമേ തന്നെ സൂചിപ്പിച്ചു. സഹകരണ ജനാധിപത്യം വളരെയേറെ കാത്തുസൂക്ഷിക്കേണ്ടത് വളരെയേറെ അത്യാവശ്യമായ ഒരു സന്ദർഭമാണിത്. സർ, ആത്മസംയമനത്തിന്റെ മാസമായ പരിശുദ്ധ റമദാനിൽ പാതിരാത്രിവരെ ഈ നിയമനിർമ്മാണത്തിനുവേണ്ടി സഹകരിക്കാൻ ഞങ്ങൾ മുന്നോട്ടുവന്നതുതന്നെ അതുകൊണ്ടാണെന്ന് ഞാൻ വിനയപുരസ്സരം അറിയിക്കാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു. ഈ ഭേദഗതി നിയമം ഈ സന്ദർഭത്തിൽ എല്ലാ സഹകാരികൾക്കും നന്മനിറഞ്ഞതാകട്ടെയെന്ന് ഞാൻ ആശംസിക്കുന്നു. പ്രതിപക്ഷത്തു നിന്നുള്ള ക്രിയാത്മകമായ ഭേദഗതികളും നിർദ്ദേശങ്ങളും അംഗീകരിക്കാൻ തയ്യാറായ ബഹുമാനപ്പെട്ട മന്ത്രിയേയും ഗവൺമെന്റിനേയും ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു.

സർ, സഹകരണ ജനാധിപത്യം കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കാനും അത് വിവിധ സഹകരണമേഖലകളിലേയ്ക്ക് ആരോപണമില്ലാതെ കടന്നു പോകുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കാനും ഈ ബിൽ ഉതകുമാറാകട്ടെ എന്ന് ആഗ്രഹിക്കുന്നു. ഞാൻ ഒരു കാര്യം മാത്രം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തുകയാണ്. നിയമനത്തിൽ സാമുദായിക സംവരണം പൂർണ്ണമായി പാലിക്കുന്നതിനാവശ്യമായ നടപടികളുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ടി. എം. ജേക്കബ് : സർ, നമ്മുടെ നിയമസഭയിൽ ഇപ്പോൾ പാസ്സാക്കാൻ പോകുന്ന സഹകരണ ഭേദഗതി നിയമമാണ്. 1969-ൽ നിലവിൽ വന്ന നിയമം വളരെ ബൃഹത്താണ്. ഏകദേശം 110 സെക്ഷനുകളുള്ള ആ ആക്ട് ഇപ്പോൾ നിലവിലുണ്ട്. ഇവിടെ 26 സെക്ഷനുകൾ പുതിയതായിട്ട് വന്നിട്ടുണ്ട്. അത് രണ്ടും കൂടി വന്നാൽത്തന്നെ നമ്മുടെ സഹകരണനിയമം സമ്പൂർണ്ണമായി എന്ന് പറയാൻ കഴിയില്ല. ഞാൻ ഇവിടെ പറഞ്ഞ കാര്യങ്ങൾ ഒന്നും ആവർത്തിക്കുന്നില്ല. ഈ നിയമത്തെ സംബന്ധിച്ച് പറയുമ്പോൾ ഇവിടെ ചർച്ചയ്ക്ക് വന്നതും സെലക്ട് കമ്മിറ്റിയിൽ ചർച്ചയ്ക്ക് വന്നതുമായ പല പ്രശ്നങ്ങളുണ്ട്. അതിൽ ബഹുമാനപ്പെട്ട മന്ത്രി കാതലായ ഒരു ഭേദഗതി അംഗീകരിച്ചത് 11-ാം വകുപ്പിനെ സംബന്ധിച്ചുള്ള ഒരു പ്രശ്നമാണ്. അത് ഒട്ടേറെ തർക്കങ്ങൾക്ക് ഇടയായി. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ ഭേദഗതി തന്നെ പിൻവലിച്ച് ഞങ്ങളുടെകൂടി അഭിപ്രായം അറിഞ്ഞ് തീരുമാനമെടുത്തതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. അതിന് അദ്ദേഹത്തെ പ്രതിപക്ഷനേതാവ്

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷത്തിനുവേണ്ടി അഭിനന്ദിച്ചു. തീർച്ചയായും അങ്ങയുടെ നല്ല മനസ്സിന് നന്ദി പറയുന്നു. ക്ലാസ്-7 അനുസരിച്ച് ഈ ബിൽ നിലവിൽ വരുമ്പോൾ ഉണ്ടാകുന്ന വൈഷമ്യങ്ങളാണ് മൂന്നാം വായനയിൽ ഞാൻ ചൂണ്ടിക്കാണിക്കുന്നത്. ക്ലാസ് 7-ൽ സൊസൈറ്റിയിൽ ലോക്കൽ ബോഡീസിനെക്കൂടി നിങ്ങൾ ഉൾപ്പെടുത്തിയിരിക്കുകയാണ്. ഇവിടെ ഭേദഗതി ചർച്ചയ്ക്ക് വന്നപ്പോൾ ഞങ്ങൾ അതിനെക്കുറിച്ച് പറഞ്ഞു. അപകടകരമായ പുതിയ ഒരു പ്രവണതയിലേക്ക് നമ്മുടെ സഹകരണപ്രസ്ഥാനം കടന്നുചെല്ലുകയാണ്. അതിന്റെ ഭവിഷ്യത്തുകൾ മനസ്സിലാകണമെങ്കിൽ അത് പ്രാവർത്തികമായി വരുമ്പോൾ മാത്രമേ കഴിയൂ. അത് എന്താണെങ്കിലും നമുക്ക് ഫലത്തിൽ കാണാം. ഒരു നിയമവും പരിപൂർണ്ണമല്ലല്ലോ. ഏത് നിയമത്തിനും പിന്നേയും ഭേദഗതി വേണ്ടിവരും. ഞാൻ ഇപ്പോഴും പ്രതീക്ഷിക്കുന്നു, ക്ലാസ് 7-ന് അല്ലെങ്കിൽ ഇപ്പോൾ നമ്മൾ പാസ്സാക്കിയിരിക്കുന്ന നിയമത്തിന് ലോക്കൽ ബോഡീസിനെ സംബന്ധിച്ച്, അവർക്ക് മെമ്പർഷിപ്പ് കൊടുക്കാനുള്ള തീരുമാനം പുനഃപരിശോധിക്കേണ്ടതായിട്ട് വരും.

സർ, മറ്റൊന്ന് ക്ലാസ് 9-ൽ നമ്മൾ active member എന്നുള്ളത് എന്താണെന്ന് പറഞ്ഞു. active member എന്നൊന്ന് സഹകരണപ്രസ്ഥാനത്തിൽ ആവശ്യമില്ല. ഏതെങ്കിലും ഒരു ജനറൽ ബോഡി യോഗത്തിൽ ഒരാൾ പങ്കെടുത്താൽ, ആ പങ്കെടുക്കുന്ന ആളാണ് active member എന്നുള്ളതാണ് നമ്മൾ നിയമത്തിൽ വിവക്ഷിച്ചിരിക്കുന്ന ഒരു കാരണം. അല്ലെങ്കിൽ ഏതെങ്കിലും ലോൺ എടുക്കുകയോ ഷുവർട്ടിയായിട്ട് നിൽക്കുകയോ ചെയ്താൽ, ഏതെങ്കിലും ഒന്ന് വന്നാൽ അയാൾ ഒരു active member ആണ്. ആ പ്രൊവിഷൻ ഇതിനകത്ത് ആവശ്യമില്ല. ഇപ്പോൾ നിലനിൽക്കുന്നതുപോലെ തന്നെ members എന്നുള്ളിടത്ത് നിറുത്താം. active member ആവശ്യമില്ല. അതും ഇനി എത്ര മാത്രം ബുദ്ധിമുട്ടുകൾ വരുമെന്നുള്ളത് നിയമം പ്രാവർത്തികമാകുമ്പോഴേ അറിയാൻ കഴിയൂ. അതിനും മാറ്റം വേണ്ടി വരും എന്നാണ് എന്റെ പ്രതീക്ഷ. അതുപോലെതന്നെ ഇവിടെ വന്ന സ്റ്റേറ്റ് ഇലക്ഷൻ കമ്മിഷൻ. അതും പുതിയ ഒരു സംരംഭമാണ്. നമ്മുടെ ഇത്രയും കാലത്തെ അനുഭവത്തിൽ നിന്നാണ് നമ്മൾ അതിലേയ്ക്ക് വന്നത്. അതായത് തെരഞ്ഞെടുപ്പുകളെ സംബന്ധിച്ചുണ്ടാകുന്ന പ്രശ്നങ്ങൾ. അതിനുവേണ്ടി ഒരു സ്റ്റേറ്റ് ഇലക്ഷൻ കമ്മിഷൻ വേണമെന്നുള്ളത് നല്ല ഒരാശയമാണ്. ആ ആശയത്തെ സ്വാഗതം ചെയ്യുന്നു. പൊതുവേ സെലക്ട് കമ്മിറ്റി ചർച്ചാ വേളയിലുമൊക്കെ ആ അഭിപ്രായം വന്നു. ആ ഇലക്ഷൻ കമ്മിഷൻ ആരായിരിക്കണമെന്നുള്ളതിനെ സംബന്ധിച്ച് വ്യക്തതയുണ്ടായത് ഇപ്പോൾ ഇവിടെ വന്നപ്പോഴാണ്. ഇനിയും അതിന് വ്യക്തത വേണ്ടിയിരിക്കുന്നു. ഇപ്പോൾത്തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ ഇലക്ഷൻ കമ്മിഷൻ ഉണ്ട്. ആ ഇലക്ഷൻ കമ്മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഇവിടെ ഭേദഗതി വരാൻ പോകുന്നു. ആ ഇലക്ഷൻ കമ്മിഷന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് നമ്മുടെ അനുഭവത്തിൽ നിന്ന് ചില കാര്യങ്ങൾ ബോദ്ധ്യമായി. ഇതൊരു പുതിയ സംരംഭമാണ്. അതിന്റെ അനുഭവത്തിൽ പറയുമ്പോൾ, ഇതും പരിപൂർണ്ണതയിൽ എത്തിനിൽക്കുമെന്ന് പ്രതീക്ഷിക്കാൻ സാദ്ധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

സർ, മറ്റൊന്ന് ക്ലാസ് 14 ആണ്. ക്ലാസ് -14 ഇവിടെ നമ്മൾ പാസ്സാക്കി കഴിഞ്ഞിരിക്കുന്നു. ഇതിനകത്തെ വിജിലൻസ് ഡിപ്പാർട്ടുമെന്റിന്റെ രംഗപ്രവേശനം, അതുപോലെതന്നെ ഇതിന്റെ അന്വേഷണവും മറ്റ് കാര്യങ്ങളും ഇവിടെ ചർച്ച ചെയ്യപ്പെട്ടു. അത് നമ്മൾ ഒരു പുതിയ തുടക്കം കുറിക്കുകയാണ്. അതും ഈ മേഖലയിലുള്ള ആളുകൾ, സെലക്ട് കമ്മിറ്റി തെളിവെടുപ്പ് നടത്തിയപ്പോൾ കമ്മിറ്റി മുമ്പാകെ പറഞ്ഞ ആശങ്കകളിൽ ഒന്നാണ്. അത് ദൂരീകരിക്കാനുള്ള നടപടികൾ നമ്മൾ ഇപ്പോൾ സ്വീകരിച്ചിട്ടില്ല. അതുപോലെതന്നെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ സംബന്ധിച്ച് തെളിവെടുപ്പ് വേളയിൽ പ്രശ്നങ്ങൾ വന്നു. അഡ്മിനിസ്ട്രേറ്റർമാർ എത്ര പേരായിരിക്കണം ? രണ്ട് പേരോ, മൂന്നു പേരോ ? മൂന്നുപേരെന്ന് നമ്മൾ ഇപ്പോൾ പറഞ്ഞിരിക്കുന്നു. Not more than three members എന്നാണ് പറഞ്ഞിരിക്കുന്നത് അത് കുഴപ്പമില്ല. പക്ഷേ, അതിന് മുമ്പ് വേണമെങ്കിൽ ഈ സംഘത്തിലെ മൂന്ന് ആളുകളെ നിയമിക്കാം. ആ ഒരു വ്യവസ്ഥ കൂട്ടിച്ചേർക്കുന്നത് ഒരിക്കലും ശരിയായ കാര്യമല്ല.

സർ, ഇവിടെ പറഞ്ഞ മറ്റൊരു കാര്യമാണ് Consortium Lending Scheme. അതൊരു പുതിയ പരിപാടിയായിട്ട് വരും. അത് കുറേക്കൂടി വ്യക്തമാക്കേണ്ടതാണ്. നിയമത്തിൽ അത് വ്യക്തമായി പറയാതിരിക്കുന്നത് ശരിയായ ഒരു സംഗതിയല്ല.

സർ, മറ്റൊന്ന് ക്ലാസ് 17-ലുള്ളതാണ്. ഡി.ഐ.ജി.റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ ഇവിടെ വിജിലൻസ് ആഫീസറായിട്ട് കൊണ്ടുവരാനുള്ള നീക്കമുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്ക് തന്നെ അറിയാം, തെളിവെടുക്കാൻ പോയ എല്ലാസ്ഥലങ്ങളിലും എനിക്ക് തോന്നുന്നു ഇടതുപക്ഷ-വലതുപക്ഷ വ്യത്യാസം കൂടാതെ പോലീസ് വകുപ്പിന്റെ ഒരു കൈകടത്തൽ ഇതിനകത്ത് വേണ്ടെന്ന് അന്ന് പറഞ്ഞിരുന്നു.

സർ, ക്ലാസ് 18-ൽ Arbitration Court പുതിയതായിട്ട് വരികയാണ്. ആർബിട്രേഷൻ കോർട്ടിൽ വരുന്ന ആഫീസേഴ്സ് ആരായിരിക്കണം ? അവരുടെ റാങ്കിനെ സംബന്ധിച്ച് ഒരു തീരുമാനമെടുക്കാൻ നമുക്ക് കഴിഞ്ഞില്ലെങ്കിൽ ഇനിയും മുന്നോട്ടുള്ള നീക്കത്തിൽ നമ്മൾ ഇത് രൂപീകരിച്ച്, ഇത് നിലവിൽ വരുമ്പോൾ ബുദ്ധിമുട്ടുണ്ടാകാനുള്ള സാദ്ധ്യതകളുണ്ട്.

സർ, എക്സാമിനേഷൻ ബോർഡിനെ സംബന്ധിച്ച് ക്ലാസ് 21-ൽ പറയുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ പറയുന്നു ; എക്സാമിനേഷൻ ബോർഡ് എന്താണെന്ന് നിങ്ങൾ പറഞ്ഞില്ലെങ്കിൽ - ഇത് ഇരുതല മൂർച്ചയുള്ള വാളാണ്. ആരും ശാശ്വതമായിട്ട് ഭരിക്കുന്നില്ല. ഭരണം അങ്ങോട്ടുമിങ്ങോട്ടു മൊക്കെ മാറും. ആരായിരിക്കണം എക്സാമിനേഷൻ ബോർഡിൽ വരേണ്ടത് ? ശ്രീ. ജി. കാർത്തികേയൻ പി.എസ്.സി.യെ സംബന്ധിച്ച് പറഞ്ഞു. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഒരു വിശദീകരണം പറഞ്ഞു. ഞാൻ അതിലേക്ക് കടക്കാൻ ഉദ്ദേശിക്കുന്നില്ല. ആ എക്സാമിനേഷൻ ബോർഡ് നമ്മൾ അംഗീകരിച്ചതാണല്ലോ. എക്സാമിനേഷൻ ബോർഡിൽ മൂന്ന് അംഗങ്ങൾ എന്നുമാത്രം പറഞ്ഞ് നിറുത്താതെ ആരാണ് എക്സാമിനേഷൻ ബോർഡിലെ മൂന്ന് അംഗങ്ങൾ അവരുടെ റാങ്ക് എന്താണ് എന്ന് പറയുന്നതിൽ യാതൊരു തെറ്റുമുണ്ടായിരുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇപ്പോൾ അതിനുള്ള സാവകാശം കിട്ടിയിട്ടില്ല. ഒരു

LIBRARY ARCHIVES Kerala Legislative Assembly

പരീക്ഷ നടത്തിക്കഴിയുമ്പോൾ നമുക്ക് അതിന്റെ അനുഭവം അറിയാം. ഇപ്പോൾ നിലവിൽ എന്താണ് വരുന്നത്. Penal System വാർഡ് അടിസ്ഥാനത്തിൽ വേണം മെമ്പർമാരെ നിശ്ചയിക്കേണ്ടതെന്ന് ഒരുപാട് ആളുകൾ പറഞ്ഞു. അപ്പുറത്തും ഇപ്പുറത്തും ഉള്ളവർ പറഞ്ഞു. പക്ഷേ, നമുക്ക് അത് ഇൻകോർപ്പറേറ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. അത് നമ്മൾ ചെയ്യേണ്ട അനിവാര്യമായ ഒരു സംഗതിയാണ്. ഏതെങ്കിലും സമർത്ഥരായിട്ടുള്ള ഒന്നോ രണ്ടോ പേർ ഇരുന്ന് മാനിപ്പുലേറ്റ് ചെയ്ത ഒരു പാനൽ കൊണ്ടുവന്ന് ആ പാനലിന്റെ കീഴിൽ ഭരണം കൊണ്ടുവന്ന്, ഒന്നോ രണ്ടോ വ്യക്തികളെ കേന്ദ്രീകരിച്ച് സൊസൈറ്റികൾ ഭരിക്കുന്നത് നമ്മുടെ അനുഭവത്തിൽ കണ്ടതാണ്. ഇവിടെയിരിക്കുന്ന സകല എം.എൽ.എ. മാരും സ്വന്തം അനുഭവത്തിൽ കണ്ട കാര്യമാണ്. ആ അനുഭവം നമ്മുടെ മുന്നിലുള്ളപ്പോൾ അതിനൊരു മാറ്റം വരുത്താൻ അധികാരമുള്ള ഈ സഭ അത് ചെയ്യുന്നില്ലെന്നുള്ളത് ദു:ഖകരമായ ഒരു സംഗതിയാണ്. എന്തായാലും നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ച് പറയുമ്പോൾ സഹകരണമേഖലയ്ക്ക് വളരെ പ്രധാന്യമുണ്ട്. സഹകരണപ്രസ്ഥാനം വളരെ ഭംഗിയായിട്ട് മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കണം. ഇവിടെ ചില ക്രമീകരണങ്ങളെ സംബന്ധിച്ചും അന്വേഷണങ്ങളെ സംബന്ധിച്ചും പറഞ്ഞല്ലോ. ഒരു കാര്യം എല്ലാവരും സമ്മതിക്കുന്നുണ്ട്. ഇവിടെ നിയമനങ്ങളെ സംബന്ധിച്ച് പറഞ്ഞു. എക്സാമിനേഷൻ ബോർഡ് വരാൻ പോവുകയല്ലേ. സഹകരണസ്ഥാപനങ്ങളിലെ നിയമനം ഡയറക്ടർ ബോർഡ് മെമ്പർമാർ വീതംവച്ച് എടുക്കുകയല്ലേ ? ഇത് പരസ്യമായ ഒരു രഹസ്യമല്ലേ ? ലേലം വിളിക്കുന്ന സ്ഥലങ്ങൾ വരെയുണ്ട്. ഒരു ക്ലാർക്കിനെ എടുത്താൽ ഇത്ര രൂപ, ഒരു പ്യൂണിനെ എടുത്താൽ ഇത്ര രൂപ എന്ന് പരസ്യമായി പറഞ്ഞ് പ്രാഥമിക സഹകരണ സംഘങ്ങൾ മുതൽ മുകളിലോട്ട് ഇപ്പോഴും ഇത് നടന്നു കൊണ്ടിരിക്കുകയാണ്. ഇത് വീണ്ടും തുടർന്ന് നടക്കാൻ പോകുന്നു. അത് സത്യമായ ഒരു കാര്യമാണ്. ആർക്കും നിഷേധിക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട മന്ത്രിക്കും നമുക്കും എല്ലാം അറിയാം. ആ സാഹചര്യം അവസാനിപ്പിക്കാൻ നമുക്ക് ചെറിയ ഒരു ശ്രമം നടത്താം. കുറച്ചൊക്കെ സാധിക്കും. എന്തായാലും ഇങ്ങനെയുള്ള സാഹചര്യം ഒഴിവാക്കിയെടുക്കാനുള്ള നടപടികൾ അനിവാര്യമാണ്. ചില നിർദ്ദേശങ്ങളോട് ബഹുമാനപ്പെട്ട മന്ത്രി യോജിച്ചതിൽ ഞങ്ങൾക്ക് അങ്ങേയറ്റം സന്തോഷമുണ്ട്. ഞാൻ അതിന് ബഹുമാനപ്പെട്ട മന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുന്നു. എനിക്ക് തോന്നുന്നത് ശ്രീ. ശർമ്മയെ സ്വതന്ത്രമായിട്ട് വിട്ടിരുന്നുവെങ്കിൽ എല്ലാവരുടേയും സഹകരണത്തോടുകൂടി ഈ നിയമം കുറേക്കൂടി നല്ല നിലയിൽ പാസ്സാക്കാമായിരുന്നുവെന്നാണ്. ആയിടത്തോളം നല്ലത്. നമുക്ക് കുറേ കാര്യങ്ങൾ കൂടി ചെയ്യാൻ കഴിയുമായിരുന്നു. അത് നടന്നില്ല. എന്തായാലും എന്റെ നിർദ്ദേശങ്ങൾകൂടി പരിഗണനയ്ക്ക് വരണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ടി.എസ്. ജോൺ : സർ, സമഗ്രമായ ഒരു സഹകരണ നിയമഭേദഗതി ഇവിടെ കൊണ്ടുവരികയും കഴിയുന്നിടത്തോളം അത് കുറ്റമറ്റതാക്കിത്തീർക്കുവാൻ ശ്രമിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ ആദ്യമായി അഭിനന്ദിക്കുന്നു. സഹകരണ നിയമത്തെ കുറ്റമറ്റതാക്കാൻ അദ്ദേഹത്തെക്കൊണ്ട് ചെയ്യാവുന്നതിന്റെ പരമാവധി അദ്ദേഹം ചെയ്തിട്ടുണ്ട്. മുമ്പ് രാഷ്ട്രീയക്കാരുടെ

LIBRARY ARCHIVES Kerala Legislative Assembly

ഒരു കിടമൽസരവേദിയായിരുന്നു യഥാർത്ഥത്തിൽ സഹകരണമേഖല. അതിനൊരു മാറ്റമുണ്ടാക്കി ഈ രാജ്യത്തെ സഹകാരികളുടെ കൈയിൽ സഹകരണസംഘങ്ങളെ ഏൽപിക്കുകയാണ്. യഥാർത്ഥ സഹകാരികളുടെ കൈയിൽ ഏൽപിക്കുവാൻ ഈ നിയമത്തിലൂടെ കഴിയുന്നു എന്നുള്ളതാണ് ഇതിലെ ഏറ്റവും വലിയൊരു കാര്യം. നമുക്കറിയാം സ്വാതന്ത്ര്യലബ്ധിക്കുശേഷം, ഈ സ്ഥാപനങ്ങൾ ഉണ്ടാക്കിയ കാലഘട്ടത്തിൽ നിസ്വാർത്ഥമായി സേവന മനുഷ്ഠിക്കുന്നവരായിരുന്നു സഹകരണസ്ഥാപനങ്ങളുടെ മേൽത്തട്ടിലും കീഴ്ത്തട്ടിലും ഉണ്ടായിരുന്നത്. എന്നാൽ ഈ അടുത്തകാലത്താണ് ഇത് അഴിമതിയുടെ കൂത്തരങ്ങായി മാറിയത്. കഴിഞ്ഞ പത്തുപതിനഞ്ചുവർഷക്കാലത്തിനിടയിലാണ് ഇവിടത്തെ സഹകരണ സംഘങ്ങൾ രാഷ്ട്രീയ പ്രസ്ഥാനക്കാരുടെ കൈകളിലമരുകയും കള്ളവോട്ട് ഉപയോഗിച്ച് സൊസൈറ്റികളുടെ ഭരണം പിടിച്ചെടുക്കുന്നതിന് ശ്രമിക്കുകയും ചെയ്യുന്നത്. അതിന് ഒരറുതി വരുത്താൻ ഈ നിയമത്തിലൂടെ കഴിയുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. രണ്ടാമത്തെകാര്യം, ഇവിടെ മെമ്പർഷിപ്പ് കൊടുക്കാൻ ബോർഡ് തീരുമാനിച്ചുവെങ്കിലോ മെമ്പർഷിപ്പ് കൊടുക്കൂ എന്നതാണ്. കോൺഗ്രസിന്റെ നേതൃത്വത്തിലുണ്ടായിരുന്ന കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങളിൽ എനിക്ക് മെമ്പർഷിപ്പ് തരാതിരുന്ന കാലത്തെ ക്കുറിച്ച് ഞാനോർക്കുകയാണ്. അതിനൊരു മാറ്റമുണ്ടാക്കാനും ആര് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിൽ മെമ്പർഷിപ്പിനുവേണ്ടി ആവശ്യപ്പെട്ടാലും അർഹതയുള്ളവർക്ക് അത് കൊടുക്കുന്നതിനുള്ള സംവിധാനം ഈ നിയമത്തിൽക്കൂടി ഉണ്ടായിരിക്കുന്നു. അതുപോലെതന്നെ ഇലക്ഷൻ കമ്മീഷൻ. ഇന്ന് സഹകരണസ്ഥാപനങ്ങളിലെ ഇലക്ഷൻ എങ്ങനെയാണ് നടന്നു കൊണ്ടിരിക്കുന്നത് ? കള്ളവോട്ടുകൾ ചെയ്യിക്കാനുള്ള ഒരു സാഹചര്യം ഈ നിയമത്തിലുണ്ടായിരുന്നു ; അത് ഭേദഗതി നിയമത്തിലൂടെ മാറ്റിയിരിക്കുകയാണ്. ഒരു കമ്മീഷനെ ഏൽപിച്ച് സൊസൈറ്റികളിലേക്കുള്ള ഇലക്ഷൻ നിഷ്പക്ഷമായും നീതിപൂർവ്വമായും നടത്തുന്നതിനുള്ള സംവിധാനമുണ്ടാക്കിയിരിക്കുന്നു. അത് വലിയൊരു കാര്യമാണ്. അതുപോലതന്നെ നിയമനങ്ങളുടെ കാര്യം നിയമനങ്ങൾ പി.എസ്.സി.ക്ക് വിടണമെന്നുള്ള അഭിപ്രായത്തോട് രാഷ്ട്രീയ നേതാക്കൻമാർ യോജിക്കുന്നുവെന്നാണ് എന്റെ അഭിപ്രായം. പക്ഷെ കേരളത്തിലെ സഹകാരികൾ മുഴുവൻ, എല്ലാജില്ലകളിലും സെലക്ട് കമ്മിറ്റി തെളിവെടുപ്പിന് പോയപ്പോൾ പറഞ്ഞത്, സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളൊന്നും തന്നെ പി.എസ്.സി.ക്ക് വിടാൻ പാടില്ലായെന്നാണ്. നമ്മുടെ നിയമസഭയുടെ സെലക്ട് കമ്മിറ്റി ഗുജറാത്തിൽ പോയപ്പോൾ ബഹുമാന്യനായ കുര്യൻ പറഞ്ഞത് സഹകരണസംഘങ്ങളിലെ നിയമനങ്ങൾ എങ്ങനെ നടത്തണമെന്നുള്ള തീരുമാനം സഹകാരികൾ എടുക്കട്ടെ എന്നാണ്. ഒരു പത്തു പതിനഞ്ച് വർഷം മുൻപുവരെ കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങളിലെ നിയമനങ്ങൾ അപ്രകാരമായിരുന്നു നടന്നിരുന്നത്. അന്ന് യാതൊരുവിധ അഴിമതിയും ആ സ്ഥാപനങ്ങളിലേക്കു നിയമനങ്ങളിൽ നടന്നിരുന്നില്ല. അതാത് സ്ഥലത്തെ സഹകരണ സ്ഥാപനങ്ങളിൽ അതാത് സ്ഥാപനങ്ങളുടെ ആവശ്യത്തിനനുസരിച്ച് മാത്രമാണ് നിയമനങ്ങൾ നടന്നിരുന്നത്. ആവശ്യത്തിനുമാത്രം ജീവനക്കാരെ നിയമിച്ചിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. പിന്നീട് നിയമനങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

നാട്ടുകാരുടെ പരാതിയുണ്ടാകുന്നു. കേരളത്തിലെ മുഴുവൻ സഹകാരികളുടെയും അഭിപ്രായത്തെ മാനിച്ചുകൊണ്ടാണ് ഒരു എക്സാമിനേഷൻ ബോർഡ് ഉണ്ടാക്കുകയും അപ്രകാരം പരീക്ഷയെഴുതുന്നവരെ ബോർഡ് ഇന്റർവ്യൂ നടത്തത്തക്കവിധം അവരെക്കൂടി നിയമനത്തിൽ പങ്കാളികളാക്കാൻ ഈ നിയമത്തിലൂടെ തീരുമാനിക്കുകയും ചെയ്തിരിക്കുന്നത്. അല്ലാതെ ഇപ്പുറത്തിരിക്കുന്ന ആർക്കും സഹകരണസ്ഥാപങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്നതിനോട് എതിരില്ല, മറിച്ച് കേരളസംസ്ഥാനത്തിലെ മുഴുവൻ സഹകാരികളും മുഴുവൻ കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങളും അവരെക്കൂടി സഹകരിച്ചുകൊണ്ട് വേണം നിയമനങ്ങൾ നടത്തേണ്ടത് എന്നുപറഞ്ഞു കൊണ്ടാണ് അപ്രകാരം ഒരു വ്യവസ്ഥയുണ്ടാക്കിയത്. ഒരു കാര്യം കൂടി പറഞ്ഞു കൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ധാരാളം കാര്യങ്ങൾ ഈ ബില്ലിനെക്കുറിച്ച് പറയാനുണ്ട്. പക്ഷേ സമയകുറവുകൊണ്ട് ഞാൻ അതിലേക്ക് കൂടുതലായിട്ട് കടക്കുന്നില്ല. മുൻഗവൺമെന്റിന്റെ കാലത്ത്, ബഹുമാന്യനായ എ. കെ. ആന്റണിയും ബഹുമാന്യനായ കെ. കരുണാകരനും ഈ രാജ്യത്ത് അധികാരത്തിലിരുന്നപ്പോൾ ഒരൊറ്റ അമെന്റുമെന്റിലൂടെയാണ് ആറായിരത്തിൽപ്പരം കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങളെ ഇവിടെ അഡ്മിനിസ്ട്രേറ്റർമാരുടെ ഭരണത്തിൻ കീഴിലാക്കിയത്. എന്നാൽ ഈ സമഗ്രമായ നിയമ മാറ്റത്തിലൂടെ ഇവിടത്തെ ഒരൊറ്റ കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങളും അഡ്മിനിസ്ട്രേറ്റർമാരുടെ ഭരണത്തിൻ കീഴിലാകാൻ പോകുന്നില്ല എന്നുള്ള സ്ഥിതിയിലാക്കിയിട്ടുണ്ടെന്നുള്ളത് ഏറ്റവും പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. ഈ നിയമം കഴിയുന്നിടത്തോളം കുറ്റമറ്റതാക്കിതീർക്കുവാൻ വേണ്ടി ശ്രമിച്ചു. വിജിലൻസ് ഓഫീസറുടെ കാര്യത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട ജേക്കബ് ഇവിടെ എതിർത്തത്. വിജിലൻസ് എന്തിനുവേണ്ടി? കൊള്ള നടത്തുന്ന കള്ളന്മാരില്ലേ ഈ രാജ്യത്ത് ? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഉണ്ടായിരുന്നു, ഈ ഗവൺമെന്റിന്റെ കാലത്തും ഉണ്ടാവും. എല്ലാ ഗവൺമെന്റുകളുടെ കാലത്തും ഉണ്ടാവും. നമ്മുടെ രാജ്യത്ത് മോഷണം നടത്തുന്ന ആളുകളെ കൽത്തുറുങ്കിൽ ആക്കേണ്ടത് യഥാർത്ഥത്തിൽ ആവശ്യമാണ്. അതുകൊണ്ട് വിജിലൻസ് ഇവിടെ ആവശ്യമുണ്ട്. അതിനുള്ള ഒരു പഴുതുകൂടി ഈ നിയമത്തിനകത്ത് ഉണ്ടായിരിക്കുന്നു. അതിനുള്ള കാര്യമല്ലാതെ വേറൊന്നും വിജിലൻസ് ഓഫീസറുടെ നിയമനക്കാര്യത്തിലില്ല. യഥാർത്ഥത്തിൽ നല്ലരീതിയിൽ വർക്ക് ചെയ്യുന്നവർക്ക് പേടിക്കേണ്ട കാര്യമില്ല. നിസ്വാർത്ഥമായിട്ട് ജോലിചെയ്യുന്നവർക്ക് ആരെയും ഭയക്കേണ്ടതുമില്ല. അങ്ങനെ കഴിയുന്നിടത്തോളം ഈ നിയമം കുറ്റമറ്റതാക്കുവാൻവേണ്ടി ശ്രമിച്ച ബഹുമാനപ്പെട്ട മന്ത്രിയെ ഒരിക്കൽക്കൂടി അഭിനന്ദിച്ചുകൊണ്ട് ഈ നിയമത്തിന് അംഗീകാരം ഐകകണ്ഠ്യേന കൊടുക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. ടി. നാണുമാസ്റ്റർ</u> : സർ, നമ്മുടെ നിയമസഭയിൽ ഇപ്രകാരം ഒരു നിയമനിർമ്മാണം നടത്തിയിട്ടുള്ള ഗവൺമെന്റിനേയും വകുപ്പുമന്ത്രിയെന്നുള്ള നിലയിൽ ശ്രീ. ശർമ്മയേയും ഞാൻ അഭിനന്ദിക്കുന്നു. 1904-ൽ ആണെന്ന് തോന്നുന്നു, ഇംഗ്ലണ്ടിൽ സഹകരണപ്രസ്ഥാനം ആരംഭിച്ചത്. അത് ഇൻഡ്യയിലേക്കും വന്നു. ഇൻഡ്യയിൽ സഹകരണപ്രസ്ഥാനം ഇന്ന് തഴച്ച് വളർന്നിരിക്കുന്നു. അതിൽത്തന്നെ, സംസ്ഥാനത്തെ എല്ലാവിഭാഗം ജനങ്ങളുടെയും ജീവിതനിലവാരത്തിലും

LIBRARY ARCHIVES Kerala Legislative Assembly

പുരോഗതിയിലും കേരളത്തിലെ സഹകരണപ്രസ്ഥാനം വഹിച്ചിട്ടുള്ള പങ്കിനെക്കുറിച്ച് നമുക്കെല്ലാവർക്കുമറിയാം. അത് ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയുമാണ്. ആ നിലയിൽ ചില കാലഘട്ടങ്ങളിൽ പല കുഴപ്പങ്ങളും പ്രശ്നങ്ങളുമൊക്കെ ഈ മേഖലയിലുണ്ടായി എങ്കിലും നിലവിലുള്ള അപാകതകൾ, അപകടങ്ങൾ, അഴിമതികൾ, ജീവനക്കാരുടെ സേവന-വേതനവ്യവസ്ഥകൾ ഇവയിലൊക്കെ സമഗ്രമായി പരിശോധിച്ചാൽ, ഏറെക്കുറെ കുറ്റമറ്റ വിധത്തിൽ ഈ രംഗം പരിപോഷിപ്പിക്കുവാൻ കഴിഞ്ഞിട്ടുള്ള വിധത്തിലാണ് ഈ നിയമനിർമ്മാണം നടത്തിയിരിക്കുന്നത്. അതിന്റെ സെലക്ട് കമ്മിറ്റി വളരെ ജാഗ്രതയോടുകൂടി പരിശോധിച്ച് ഈ നിയമസഭയിൽ ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് അതിന് കഴിഞ്ഞുവെന്നുള്ളതും ഒരു നേട്ടംതന്നെയാണ്. ഈ നൂറ്റാണ്ട് അവസാനിക്കുമ്പോൾ സഹകരണമേഖലയിലെ പുതിയൊരു വാഗ്ദാനമാണ് ഈ നിയമനിർമ്മാണം. ഈ ഗവൺമെന്റ് അതുപോലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായ നിയമനിർമ്മാണമാണ് ഈ ഗവൺമെന്റ് നടത്തിയിട്ടുള്ളത്. അതിനുമുൻകൈയെടുത്തിട്ടുള്ള ബഹുമാനപ്പെട്ട മന്ത്രിയേയും ഗവൺമെന്റിനേയും ഞാൻ ഒരിക്കൽകൂടി അഭിനന്ദിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. കെ. പ്രകാശ് ബാബു : സർ, കേരളത്തിലെ സഹകരണസംഘങ്ങളെ തികച്ചും ജനകീയ സ്വയംഭരണസ്ഥാപനങ്ങളാക്കി മാറ്റാൻ സഹായിക്കുന്ന ഈ നിയമം ഇവിടെ അവതരിപ്പിച്ച് പാസാക്കാൻ കഴിഞ്ഞ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഇവിടെ നേരത്തെ ശ്രീ. ടി. എം. ജേക്കബും അതുപോലെ ബഹുമാന്യരായ മറ്റുചില മെമ്പർമാരും സംസാരിച്ചപ്പോൾ സംഘങ്ങൾ പിടിച്ചെടുക്കൽ സംസ്കാരം തുടരുകയാണോ എന്നുള്ള ഒരു സംശയം തന്നെ പ്രകടിപ്പിക്കുകയുണ്ടായി. ഈ നിയമനിർമ്മാണത്തിൽക്കൂടി അത് അവസാനിപ്പിച്ചിരിക്കുന്നുവെന്ന് തന്നെ വ്യക്തമാക്കാൻ നമുക്ക് കഴിയും. ശ്രീ. ടി. എം. ജേക്കബ് ഉൾപ്പെടെ ആർക്കെങ്കിലും അതിൽ സംശയമുണ്ടായിരുന്നുവെങ്കിൽ ഏതാനും ചില അപ്പെക്സ് സംഘങ്ങളെയെങ്കിലും അങ്ങനെ പിടിച്ചെടുക്കാൻ കഴിയുമായിരുന്നു എന്നത് സൗകര്യപൂർവം അവർ വിസ്മരിക്കുകയില്ല എന്നാണെന്റെ വിശ്വാസം. വളരെ ഉന്നതമായ ഒരു സമീപനം, ഒരു ജനാധിപത്യബോധമാണ് ബഹുമാനപ്പെട്ടമന്ത്രി ഇക്കാര്യത്തിൽ കാണിച്ചത്. അഡ്മിനിസ്ട്രേറ്ററാകട്ടെ, ഭരണസമിതി അംഗങ്ങളാകട്ടെ ആരും അവരവരുടെ അംഗത്വത്തിന്റെ ബലത്തിൽ പുതിയ മെമ്പർമാരെ ചേർത്തുകൊണ്ട് വോട്ടുചെയ്യുന്ന സമയത്ത് അവരെക്കൊണ്ട് വോട്ടവകാശം മാത്രം വിനിയോഗിച്ചുകൊണ്ട് സംഘം പിടിച്ചെടുക്കുന്ന ഒരു നടപടി നമ്മുടെ സംസ്ഥാനത്തുണ്ടായിരുന്നു. ഇവിടെ പലരും സംശയം പ്രകടിപ്പിച്ചത് ആക്ടീവ് മെമ്പർ എന്നുള്ള ഒരു അംഗത്വം വേണമോ എന്നുള്ളതാണ്. എത്രയോ സ്ഥാപനങ്ങളിൽ കേവലം വോട്ടിനുവേണ്ടി മാത്രം മെമ്പർമാരെ ചേർക്കുന്ന ഒരു സമീപനം നമ്മുടെ സംസ്ഥാനത്ത് നടക്കുന്നുണ്ട്. ആ മെമ്പർമാർക്ക് വേറൊരു ജോലിയുമില്ല. അവരുടെ ജോലി കാലാകാലങ്ങളിൽ വരുന്നു, വോട്ടുചെയ്യുന്നു, പോകുന്നു, അവർക്ക് ബാങ്കിൽ ഡെപ്പോസിറ്റില്ല, ബാങ്കിൽ നിന്ന് ലോൺ ഇല്ല, ബാങ്കിൽ ഇടപാടില്ല, ജനറൽ ബോഡി മീറ്റിംഗിൽ പങ്കെടുക്കുന്നില്ല, ഒരു ആക്റ്റിവിറ്റിയിലും പങ്കെടുക്കുന്നില്ല. അപ്പോൾ അങ്ങനെയുള്ള മെമ്പർമാരെയും ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഇതേക്കുറിച്ച് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന വ്യവസ്ഥ ഇവിടെ ഈ സഭയിൽ അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും നമ്മുടെ സെലക്ട് കമ്മിറ്റിയിൽ ഒരുപോലെ അഭിപ്രായം പറഞ്ഞ് കണ്ടെത്തിയതാണ്. അങ്ങനെയുള്ള മെമ്പർമാർ ഭരണസമിതിയിലേക്കുള്ള തെരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ പാടില്ല. അവിടെ ആക്ടീവായിട്ട് ഒരു സഹകരണ ബാങ്കിന്റെ പ്രവർത്തനത്തിൽ ബന്ധപ്പെട്ടുപോകുന്ന ഡെപ്പോസിറ്റ് ചെയ്യുന്നതിനോ, ഇടപാട് ചെയ്യുന്നതിനോ അഞ്ചുവർഷത്തിലൊരിക്കലെങ്കിലും ജനറൽ ബോഡിയിൽ പങ്കെടുക്കുന്നതിനായി ലോക്കൽ ബാങ്കുമായി ഇടപാടുള്ള ആളുകൾ മാത്രമേ അതിൽ വോട്ടർമാരായിട്ട് വരാൻ പാടുള്ളൂ. അവർക്കുമാത്രമേ വോട്ടവകാശം ഉള്ളൂ. അങ്ങനെ ആ ബാങ്കിനെ യഥാർത്ഥ ഇടപാടുകാരുടെ ഒരു സ്ഥാപനമാക്കി മാറ്റുന്നതിനുള്ള ഒരു നിയമനിർമ്മാണമാണ് ആക്ടീവ് മെമ്പർമാർ എന്നതിൽക്കൂടി കൊണ്ടു വന്നിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രി അതേക്കുറിച്ച് പറയുകയും ചെയ്തു. അങ്ങനെ സജീവമായ അംഗങ്ങൾ വരുമ്പോൾ അവിടെ ഒരു സംശയം പറഞ്ഞു, കൃഷിക്കാരുടെ മാത്രമായി ഇത് നിലനിർത്തണമെന്ന്. അതിന് കഴിയുമോ ? എത്രയോ ചെറുകിട കച്ചവടക്കാർ, കൊച്ചുകൊച്ചു കച്ചവടക്കാർ ഈ ബാങ്കിൽ നിന്ന് വായ്പയെടുത്ത് കഴിയുന്ന എത്രയോ പേരുണ്ട്. സമീപപ്രദേശത്തുള്ള ആ ബാങ്കിന്റെ പ്രവർത്തനപരിധിയിൽ ജോലിയുള്ള ആളുകൾ എത്രയോ പേർ അംഗങ്ങളായി ചേരുന്നു. അവരെ മെമ്പർമാർ ആക്കണ്ടേ? അങ്ങനെ മെമ്പർമാരാക്കാൻ കഴിയുന്ന കച്ചവടക്കാരുൾപ്പെടെയുള്ള ആളുകളെ മെമ്പർമാരാ ക്കിക്കൊണ്ട് സജീവാംഗങ്ങൾക്ക് വോട്ടുചെയ്യാൻ കഴിയുന്ന രീതിയിൽ നിയമനിർമ്മാണം നടത്താൻ കഴിഞ്ഞുവെന്നത് ഒരു വലിയ നേട്ടമായിട്ടാണ് ഞാൻ കാണുന്നത്. അതുപോലെ നമ്മുടെ നിലവിലുള്ള ബാങ്കുകളെ ഒന്നിനേയും ഈ പുതിയ നിയമംമൂലം ബുദ്ധിമുട്ടിലാക്കാൻ പാടില്ല. അതിനുവേണ്ടി ഒരു പുതിയ ആശയം, ഒരു പഞ്ചായത്തിൽ ഒരു സംഘം എന്ന ആശയം വന്നു. അതിലും ഗവൺമെന്റ് ഒരു പിടിവാശിയും കാണിച്ചില്ല എന്ന അഭിപ്രായമാണ് ഞങ്ങൾക്കുള്ളത്. അങ്ങനെയായിരുന്നുവെങ്കിൽ ധാരാളം സംഘങ്ങൾ അമാൽഗമേറ്റ് ചെയ്യപ്പെട്ടേനെ ഏതാണ്ട് അഞ്ഞൂറോളം സംഘങ്ങൾ. ഗവൺമെന്റും അതിന് നേതൃത്വം നൽകിയ ബഹുമാനപ്പെട്ട മന്ത്രിയും വളരെ ഉദാത്തമായ ഒരു സമീപനം തന്നെ ഇക്കാര്യത്തിൽ കാണിച്ചതുകൊണ്ട് ആ ബാങ്കുകളെയും അതുപോലെ തന്നെ വിടാൻ തയ്യാറായി. അത് ചെറിയൊരു കാര്യമല്ല. അതേസമയം കേരളത്തിലെ കഴിഞ്ഞകാല അനുഭവം എന്താണ് ? പാർലമെന്റിന്റെ കാലാവധി അഞ്ചു വർഷം. നിയമസഭയുടെ കാലാവധി അഞ്ചുവർഷം. പഞ്ചായത്തുകളുടെ ഭരണസമിതികളുടെ കാലാവധി അഞ്ചുവർഷം സഹകരണ സ്ഥാപനങ്ങളുടെ ഭരണസമിതികളുടെ കാലാവധി എല്ലാംതന്നെ അഞ്ചുവർഷം. അപ്പോഴാണ് ഇവിടെ ശ്രീ. ടി. എസ്. ജോൺ ചൂണ്ടിക്കാണിച്ചതുപോലെയുള്ള നിയമനിർമ്മാണത്തിൽക്കൂടി ഒറ്റനിയമനിർമ്മാണത്തിൽക്കൂടി ഒരൊറ്റ ഭേദഗതിയിൽ കൂടി യു. ഡി. എഫ്. ഗവൺമെന്റ് ശ്രീ. കെ. കരുണാകരന്റെയും ശ്രീമാൻ എ. കെ. ആന്റണിയുടെയും നേതൃത്വത്തിലുള്ള ഗവൺമെന്റ് ഒരു നിയമനിർമ്മാണത്തിൽക്കൂടി ആറായിരത്തോളം സംഘങ്ങളെ പ്രിമെച്വർ ഡെത്ത് നടത്തിയത്. സഹകരണസംഘങ്ങളെ അങ്ങനെയല്ലേ പിടിച്ചെടുത്തത് ഇന്ന് ഒരക്ഷരംപോലും അതേക്കുറിച്ച് ഉരിയാടാൻ അവർക്കാർക്കും കഴിയുന്നില്ല. അങ്ങനെ

പുറത്താക്കപ്പെട്ട നിരവധി സഹകാരികളുണ്ട്. നിരവധി ആളുകളുണ്ട്. അങ്ങനെ സംഘം പിടിച്ചെടുക്കൽ സംസ്കാരത്തിന് അറുതിവരുത്തുന്നതിനായിട്ടാണ് ഈ നിയമനിർമ്മാണം കൊണ്ട് നമുക്ക് കഴിഞ്ഞിരിക്കുന്നത്. അതാണ് ഗവൺമെന്റ് ഇപ്പോൾ കൊണ്ടുവന്ന ഈ നിയമത്തിന്റെ ഏറ്റവും വലിയ നേട്ടം. അതുപോലെ തന്നെ നിലവിലുള്ള നിയമത്തിൽ ഉണ്ടായിരുന്ന അഡ്മിനിസ്ട്രേറ്റർമാരുടെ കാലാവധി ഈ ഗവൺമെന്റ് കുറച്ചില്ലേ സർ ? രണ്ടുവർഷമെന്നുള്ളത് ഒരു വർഷമാക്കി കുറച്ചു. ഒരു വർഷമെന്നത് ആറുമാസമാക്കി കുറച്ചു, കൺസോർഷ്യം എന്ന ആശയം പുതിയതല്ലല്ലോ. കൺസോർഷ്യം എന്നുള്ള ആശയം നേരത്തെ തന്നെയുള്ളതാണ്. ബാങ്കുകളുടെ പ്രവർത്തനങ്ങളെ സഹായിക്കാൻ കഴിയുന്ന ഒരു സമീപനമെന്ന നിലയിൽ തന്നെയാണ് അതിനെ കണ്ടിട്ടുള്ളത്. കൺസോർഷ്യവും വികസനഫണ്ടും സഹകരണരംഗത്ത് ഒരു പുതിയ ചൈതന്യം ഉണ്ടാക്കാൻ നിശ്ചയമായും കഴിയും. അതിനുള്ള ഒരു പ്രൊവിഷനാണ് അതിൽ ഉൾപ്പെടുത്തികൊണ്ട് വന്നിട്ടുള്ളത്. പി. എസ്. സി. ക്ക് സഹകരണമേഖലയിലെ നിയമനങ്ങൾ വിടുന്നതുമായി ബന്ധപ്പെട്ട ഒരു ചെറിയ കാര്യം മാത്രം കൂടി പറഞ്ഞുകൊള്ളട്ടെ. കാസർകോട് മുതൽ തിരുവനന്തപുരംവരെ 14 ജില്ലകളിൽ തെളിവെടുപ്പിനായി സെലക്ട് കമ്മിറ്റി പോയിരുന്നു. അവിടെയുള്ള മുഴുവൻ സഹകാരികളുടേയും സഹകരണരംഗവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മുഴുവൻ ആളുകളുടെയും ആഗ്രഹം നിയമനങ്ങൾക്ക് വേണ്ടിയുള്ള അപ്പോയിൻമെന്റ് അതോറിറ്റി എന്നുപറയുന്നത് അതാത് ബാങ്കുകൾ തന്നെ ആയിരിക്കണമെന്നാണ്. അതാണ് എല്ലാ സഹകാരികളുടെയും ആഗ്രഹം. അതനുസരിച്ച് തന്നെ അത് നടക്കണം, പക്ഷേ അത് സംശുദ്ധമായിട്ട് നടക്കണം. അതിൽ തർക്കമൊന്നുമില്ല. ഞാനൊരു കാര്യം പറയട്ടെ, ആരുടെ കൂട്ടത്തിലാണ് കള്ളൻമാരില്ലാത്തത്? ഞാൻ ചോദിക്കട്ടെ, നിങ്ങൾ, സഹകരണരംഗത്തുള്ളവരെ മാത്രമാണോ കള്ളൻമാരായിട്ട് കാണുന്നത്? ഞാൻ അതിന്റെ വിവാദത്തിലേക്കൊന്നും പോകുന്നതിനുവേണ്ടിയല്ല. എല്ലാത്തിലുമുണ്ട് കള്ളൻമാരെന്നാണ് ഞാൻ പറയുന്നത്. അതുകൊണ്ട് പി. എസ്. സി.ക്ക് സഹകരണമേഖലയിലെ നിയമനങ്ങൾ വിടുന്നതിനെ സംബന്ധിച്ച് ബാങ്കിന്റെ സഹകാരികളുടെ ഒരവകാശം .....(ബഹളം).... ഞാൻ അതല്ല സർ പറഞ്ഞത് പി. എസ്. സി. യുടെ നിയമനങ്ങളെ സംബന്ധിച്ച് പരാതിയൊന്നുമില്ലല്ലോ. അത്രയും നല്ലത്. സഹകരണരംഗത്ത് പ്രവർത്തിക്കുന്ന സഹകാരികളുടെ അവകാശം കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് അപ്പോയിന്റുമെന്റ് അതോറിറ്റി ആയി ആ സഹകരണബാങ്ക് ഭരണസമിതികളെ അംഗീകരിച്ച് അവരുടെ ജനാധിപത്യപരമായിട്ടുള്ള ആ അവകാശംകൂടി ഉൾക്കൊള്ളിച്ചു കൊണ്ടാണ് ഇങ്ങനെയൊരു റിപ്പോർട്ട് തയ്യാറാക്കാനുള്ള തീരുമാനത്തിൽ സെലക്ട് കമ്മിറ്റി എത്തിച്ചേർന്നത്. അതുകൊണ്ടാണ് റിക്രൂട്ട്മെന്റ് ബോർഡ് എന്നുള്ളത് മാറ്റി ഒരു എക്സാമിനേഷൻ ബോർഡ് എന്നുള്ളനിലയിൽ അതുകൊണ്ടുവന്നത്. ജനാധിപത്യപരമായിട്ടുള്ള എല്ലാ അവകാശങ്ങളും, സഹകാരികളുടെ അവകാശങ്ങൾ അതെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ട് തന്നെ, വളരെ ഉദാരമായ ഒരു സമീപനത്തോടുകൂടി സഹകരണരംഗത്ത് നിലനിൽക്കുന്ന ജനാധിപത്യസ്വഭാവത്തെ പൂർണമായിട്ടും നിലനിർത്തികൊണ്ടും അതിൽ ഇന്നലെവരെയുണ്ടായിരുന്ന സമീപനത്തിൽ മാറ്റംവരുത്തികൊണ്ടും വളരെ ഉയർന്ന സമീപനത്തോടുകൂടി ഈ നിയമനിർമ്മാണം നടത്തിയ ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിയെ ഒരിക്കൽക്കൂടി അഭിനന്ദിച്ചുകൊണ്ടും ഇതിന് കലവറയില്ലാതെ കേരളത്തിലെ മുഴുവൻ സഹകാരികളും പിന്തുണ നൽകുമെന്ന് പ്രത്യാശിച്ചു കൊണ്ടും ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : സർ, കേരളത്തിന്റെ സഹകരണമേഖലയ്ക്ക് പുതിയ പ്രതീക്ഷകൾ നൽകുന്ന ഒരു നിയമമാണ് പാതി രാത്രിയോടടുക്കുന്ന ഈ വേളയിൽ നാം ഇവിടെ പാസാക്കുന്നത്. കഴിഞ്ഞ രണ്ടുമൂന്നുമാസക്കാലമായി കേരളത്തിലെ സഹകരണവകുപ്പുമന്ത്രി ശ്രീ. എസ്. ശർമ്മയുടെ നേതൃത്വത്തിൽ നടന്ന വലിയൊരു പരിശ്രമത്തിന്റെ ഫലമായിട്ടാണ് ഈ നിയമം ഇന്നിവിടെപാസാക്കാൻ നമുക്ക് കഴിയുന്നത്. സഹകരണരംഗത്ത് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നവരായിട്ടുള്ള ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള ബഹുമാനപ്പെട്ട അംഗങ്ങളുടെ വിലപ്പെട്ട സംഭാവനകൾ ഈ നിയമം രൂപപ്പെടുത്തുന്നതിൽ പ്രയോജനപ്പെട്ടിട്ടുണ്ട്. സ്വന്തമായി വ്യക്തമായ അഭിപ്രായങ്ങളുള്ളപ്പോൾപോലും സെലക്ട് കമ്മിറ്റിയുടെ തെളിവെടുപ്പ് വേളയിലും ഈ നിയമസഭയിൽ നടന്ന ചർച്ചകളിലും ഉയർന്നുവന്ന അഭിപ്രായങ്ങളോട് കോംപ്രമൈസ് ചെയ്യുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട സഹകരണവകുപ്പുമന്ത്രി മാന്യത പുലർത്തിയിട്ടുണ്ട്. ഇക്കാര്യം ഈ ബില്ലിന്റെ അവസാനഘട്ടത്തിലേക്ക് കടക്കുന്ന ഈ വേളയിൽ പ്രത്യേകമായിട്ട് എടുത്തുപറയേണ്ടതാണ്. പുതിയ പല പ്രതീക്ഷകളും ഈ ബില്ലുമായി ബന്ധപ്പെട്ട് നടന്ന ചർച്ചകളിൽ ഉയർന്നുവന്നിട്ടുണ്ട്. ജനകീയാസൂത്രണവുമായി മുന്നോട്ടുപോകുന്ന നമ്മുടെ സംസ്ഥാനം, ഒരു പഞ്ചായത്തിൽ ഒരു സഹകരണ സംഘം എന്ന നൂതനമായ ആശയം അത് സ്വീകരിക്കുവാനുള്ള ശ്രമങ്ങൾ നടന്നുവെങ്കിൽപ്പോലും താൽക്കാലികമായിട്ടെങ്കിലും ഉണ്ടായി പ്രായോഗികമായ ചില വൈഷമ്യങ്ങളുടെ പേരിൽ ഉണ്ടായ എതിർപ്പുകളുടെ അടിസ്ഥാനത്തിൽ അതിലേക്ക് നമുക്ക് ചെന്നെത്താൻ കഴിഞ്ഞിട്ടില്ല. ഈ ബില്ലിൽ കുറവുകളുണ്ട്, പോരായ്മകളുണ്ട്, എങ്കിൽത്തന്നെയും തീർച്ചയായും നാളെകളിൽ നാം മുമ്പോട്ടുവയ്ക്കാൻ പോകുന്ന പുതിയ ചുവടുവയ്പ്പിന്റെ മുന്നോടിയെന്ന നിലയിൽ ഈ നിയമനിർമ്മാണത്തെ നമ്മൾ കാണണം. അതിന് നേതൃത്വം നൽകിയ മന്ത്രിയെ ഞാൻ ഒരിക്കൽക്കൂടി അഭിനന്ദിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, 1999 ഫെബ്രുവരി 26-ാം തീയതി ഈ ബിൽ ഈ സഭയിൽ അവതരിപ്പിച്ചപ്പോൾ ഭരണപക്ഷത്തു നിന്നും പ്രതിപക്ഷത്തുനിന്നും ആവശ്യപ്പെട്ടതായിരുന്നു. കേരളത്തിലെ സഹകരണമേഖല വിപുലവും വിശാലവുമാണ്. അതുകൊണ്ട് ഈ ബിൽ ഒരു സെലക്ട് കമ്മിറ്റിക്ക് വിടണമെന്ന്. ഈ സഭ അക്കാര്യം തീരുമാനിക്കുകയും സെലക്ട് കമ്മിറ്റി അതിനായി രൂപീകരിക്കുകയുമുണ്ടായി. ആ സെലക്ട് കമ്മിറ്റി കേരളത്തിലെ മിക്കവാറും ജില്ലകളിൽപോയി കഴിഞ്ഞ എട്ടുമാസക്കാലത്തിനിടയിൽ 16 സിറ്റിംഗുകൾ കേരളത്തിനകത്തുള്ള വിവിധ ജില്ലകളിൽ നടത്തുകയും കേരളത്തിനുപുറത്ത് ഗുജറാത്ത്, ഡൽഹി എന്നീ സംസ്ഥാനങ്ങളുൾപ്പെടെയുള്ള പ്രദേശങ്ങളിൽപോയി ഇതേക്കുറിച്ച് കൂടുതൽ മനസിലാക്കുന്നതിനുവേണ്ടി ശ്രമിക്കുകയുമുണ്ടായി. കേരളത്തിലെ സഹകാരികളുടെയിടയിൽ ഈ ബിൽ ചെല്ലാത്ത ഒരു പ്രദേശവുമില്ല. കാരണം സഹകാരികളുടെ ഏറ്റവും പരമാധികാര

LIBRARY ARCHIVES Kerala Legislative Assembly

സമ്മേളനമെന്ന് കണക്കാക്കപ്പെടുന്നത് സഹകരണ കോൺഗ്രസാണ്. ആ സഹകരണ കോൺഗ്രസിൽ ഈ ബിൽ ചർച്ചചെയ്ത്, നിർദ്ദേശങ്ങൾ സ്വീകരിച്ചിരുന്നു. രാഷ്ട്രീയഭേദമന്യേ സഹകരണപ്രസ്ഥാനത്തിന്റെ സമഗ്രമായ വളർച്ചയ്ക്ക് ആഗ്രഹിക്കുകയും ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന സഹകാരികളിൽ നിന്നും ആത്മാർത്ഥമായ സഹകരണമാണ് ഈ ബില്ലിന്റെ പൂർത്തീകരണത്തിനായി ലഭിച്ചിട്ടുള്ളത്. അവരുടെയെല്ലാം സഹകരണത്തിന് ഈ അവസരത്തിൽ വിനീതമായി ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. ബില്ലിന്റെ മൂന്നാംവായന നടക്കുന്ന ഈ അവസരത്തിൽ ബഹുമാനപ്പെട്ട കക്ഷി നേതാക്കന്മാർ പൊതുവിൽ ഇവിടെ അഭിപ്രായ പ്രകടനങ്ങൾ നടത്തിയിട്ടുണ്ട്. അനുഭവമാണ് നമ്മുടെ ഗുരുനാഥൻ 1969-ലെ സഹകരണനിയമം വന്നതിനുശേഷം 30 വർഷക്കാലം പിന്നിട്ടു, ഈ 30 വർഷക്കാലം പിന്നിട്ടിട്ടുള്ളതിനിടയിൽ സഹകരണ പ്രസ്ഥാനം വളരെയേറെ വളർന്നു ; ധാരാളം അനാരോഗ്യപ്രവണതകൾ രൂപപ്പെടുകയും ചെയ്തു. ഈ വളർച്ച സംരക്ഷിക്കുകയും അനാരോഗ്യകരമായ പ്രവണതകൾ ദൂരീകരിക്കുകയും ചെയ്യുകയെന്നുള്ള കേരളത്തിലെ സഹകാരികളുടെ ആത്മാർത്ഥത, പോരാട്ടം മൂലമാണ് സഹകരണനിയമത്തിൽ കാലോചിതവും ശാസ്ത്രീയമായിട്ടുള്ള പരിഷ്ക്കാരം വരുത്തണമെന്ന ചിന്ത ശക്തിപ്പെട്ടത്. ആ ചിന്ത ശക്തിപ്പെട്ട് ഉയർന്നുവന്ന പ്രത്യേകഘട്ടത്തിലാണ് എനിക്കുമുമ്പ് ഈ വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന ശ്രീ. പിണറായി വിജയൻ ഈ മേഖലയിലുള്ള ജില്ലാ ബാങ്കുകളെക്കുറിച്ചും പ്രൈമറി സംഘങ്ങളെക്കുറിച്ചും വിവിധതലങ്ങളിൽ പഠനം നടത്തി സമർപ്പിച്ച ഒരു റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തിലെ സഹകാരികളുടെ ഒരു പ്രത്യേകയോഗം വിളിച്ചുകൂട്ടി, എല്ലാ വിഭാഗങ്ങളിലും പെട്ടവരെ വിളിച്ച് ചർച്ചകൾ നടത്തി ഇത്തരമൊരു ഭേദഗതി നിയമത്തിന് രൂപം കൊടുക്കുന്നതിന് മുൻകൈയെടുത്തത്. ആ നിലയിൽ അതിന് തുടക്കം കുറിയ്ക്കുന്നതിന് മുൻകൈയെടുത്തിട്ടുള്ള എന്റെ മുൻഗാമിയായിട്ടുള്ള ശ്രീ. പിണറായി വിജയനെ ഈയവസരത്തിൽ പ്രത്യേകമായി ഞാൻ അഭിനന്ദിക്കുകയാണ്. അതിനോട് യോജിച്ച് രാഷ്ട്രീയപിൻതുണ നൽകി സഹകരിച്ചിട്ടുള്ള എല്ലാവരെയും ഈ സന്ദർഭത്തിൽ ഞാൻ സ്മരിക്കുന്നു. അവർക്കും ഈ സന്ദർഭത്തിൽ ഞാൻ നന്ദിരേഖപ്പെടുത്തുന്നു. സമയബന്ധിതമായി ഈ ജനാധിപത്യപ്രക്രീയ പൂർത്തീകരിക്കുന്നതിനുവേണ്ടി ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ സെലക്ട് കമ്മിറ്റി തെളിവെടുപ്പുവേളയിലും മറ്റും എല്ലാ അംഗങ്ങളും സഹകരിക്കുകയും സഹായിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ സെലക്ട് കമ്മിറ്റി അംഗങ്ങളെയും ഈ സന്ദർഭത്തിൽ ഞാൻ പ്രത്യേകിച്ച് അഭിനന്ദിക്കുകയാണ്. ഈ ബില്ലിന്റെ സെലക്ട് കമ്മിറ്റി പരിശോധനാഘട്ടത്തിലും അതിനുമുമ്പും അതിനുശേഷവും ഇവിടെ നടന്ന പൊതുചർച്ചയുടെ സന്ദർഭത്തിലും ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഉയർന്നുവരികയുണ്ടായി. ക്ലാസ് ബൈ ക്ലാസ് ഡിസ്ക്കഷന്റെ ഘട്ടത്തിൽ ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഉയർന്നുവരികയുണ്ടായി. വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ ഇനിയും ഉണ്ടാവാം. അത് തുടരാം, പക്ഷേ ഒരഭിപ്രായ രൂപീകരണത്തിൽ ഊന്നൽ നൽകി സഹകരണപ്രസ്ഥാനത്തിന്റെ ഉത്തമമായ വളർച്ചയ്ക്ക് ഒരു കൂട്ടായ്മയായുള്ള സഹകരണത്തിലൂടെ ഉറപ്പ് വരുത്തുകയും ചെയ്തു. നയപരമായ പല നിർദ്ദേശങ്ങളും ഉയർന്നുവന്നു അവ

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇവിടെ ചർച്ചയിൽ പങ്കെടുത്ത് ബഹുമാനപ്പെട്ട അംഗങ്ങളെയും നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുള്ള പ്രിയപ്പെട്ട സഹപ്രവർത്തകരെയും ഈയവസരത്തിൽ ഞാൻ അഭിനന്ദിക്കുന്നു. ഈ ഘട്ടത്തിൽ ഈ നിയമം ഏറ്റവും ഭംഗിയായി, വിജയകരമായി മുമ്പോട്ട് നീക്കുന്നതിന് സഹായിച്ച സഹകരണവകുപ്പിലെ ഉദ്യോഗസ്ഥന്മാർ, സഹപ്രവർത്തകർ, നിയമസഭയിലെ ജീവനക്കാർ, ഉദ്യോഗസ്ഥന്മാർ എന്നിവരേയും സർവോപരി ഇതിന് നേതൃത്വപരമായ ചുമതല നിർവഹിക്കുന്നതിന് മുൻകൈയെടുത്ത മുഖ്യമന്ത്രിയേയും അതുപോലെ ഈ സഭയുടെ നാഥൻകൂടിയായ ബഹുമാനപ്പെട്ട സ്പീക്കറെയും ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്. ഇവിടെ ഉയർന്നുവന്ന അഭിപ്രായങ്ങൾ.. ഞാൻ പറഞ്ഞു, അനുഭവമാണ് ഗുരുനാഥൻ. ഭൂതകാലത്തെ അനുഭവമാണ് വർത്തമാനകാലത്ത് നാം തിരിച്ചറിയുന്നത്. ഈ വർത്തമാനകാലം, ഭാവിയിലേക്കുള്ള പ്രയാണത്തിൽ ഭൂതകാലത്തിന്റെ അനുഭവങ്ങളിലെ തിന്മകൾ നിരാകരിച്ച് നന്മകൾ സ്വാംശീകരിച്ച് ഭാവിയിൽ കേരളത്തിലെ സഹകരണപ്രസ്ഥാനം കൂട്ടായ്മയോടുകൂടി വളർത്തിയെടുക്കുന്നതിന് എല്ലാവരുടെയും സഹായവും സഹകരണവും ഉറപ്പുവരുത്തികൊണ്ട് നീങ്ങുന്നതിനുള്ള സന്ദർഭമായി മാറട്ടെയെന്ന് ആഗ്രഹിച്ചുകൊണ്ട് എല്ലാവരുടെയും സഹകരണത്തിന് ഒരിക്കൽകൂടി നന്ദിരേഖപ്പെടുത്തുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :സ്പീക്കർ സർ, വളരെ സുപ്രധാനമായ ഒരു ബില്ലാണ് നമ്മളിവിടെ ചർച്ചചെയ്ത് പാസാക്കാൻ പോകുന്നത്. ഈ ബിൽ പരിപൂർണ്ണമാണെന്ന് അഭിപ്രായമില്ല, ഇനിയും ഭേദഗതികൾ വേണ്ടിവരും. കാരണം ഭേദഗതികളിൽകൂടിയാണ് നാം മുമ്പോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. പുതിയ സഹസ്രാബ്ദത്തിന്റെ പടിവാതിൽക്കൽ നിന്നുകൊണ്ടാണ് നാം ഈ സഹകരണ ഭേദഗതി നിയമം പാസാക്കിയെടുക്കുന്നത്. സംസ്ഥാനത്തെ സഹകരണമേഖലയുടെ സാദ്ധ്യതകളും ആവശ്യങ്ങളും കണ്ടറിഞ്ഞാണ് 1969-ലെ സഹകരണ നിയമത്തിന് മാറ്റങ്ങൾ വരുത്തികൊണ്ട് ഇവിടെ നിരവധി ഭേദഗതികൾ അവതരിപ്പിച്ച് അംഗീകരിക്കുകയും നിരാകരിക്കുകയും ചെയ്തിട്ടുള്ളത്. ഇൻഡ്യയിലെ സമ്പദ്വ്യവസ്ഥയിൽ മൊത്തത്തിലും കേരളത്തിലെ സാമ്പത്തിക മേഖലയിൽ തൽഫലമായും നിലവിൽ വന്നിട്ടുള്ള പുതിയ പരിഷ്കാരങ്ങൾ സാധാരണക്കാർക്ക് യഥാസമയം വായ്പയും മറ്റും ലഭിക്കാൻ കഴിയാത്ത സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്. പ്രധാനമായും കാർഷികമേഖലയിൽ ചെറുകിടക്കാർക്ക് സഹായകരമായി വർത്തിക്കേണ്ട പൊതുമേഖലാ ബാങ്കുകളും അതുപോലെ മറ്റു സ്ഥാപനങ്ങളും സ്വകാര്യവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും ഫലമായി വിദേശകുത്തകക്കാരുടെ കൈപ്പിടിയിൽ ഒതുക്കാൻ കഴിയുന്ന രീതിയിൽ മാറിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണത്. ഈ സാഹചര്യത്തിൽ കേരളത്തിലെ സഹകരണപ്രസ്ഥാനത്തെ പൂർണ്ണമായും സാധാരണക്കാരന്റെ സഹായിയായി പ്രവർത്തിക്കാൻ കഴിയുന്ന നിലയിലേക്ക് രൂപപ്പെടുത്തേണ്ടതാണ്. മുഴുവൻ കേരളീയരെയും സഹകരണപ്രസ്ഥാനത്തിൽ പങ്കാളികളാക്കാൻ കഴിയുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ഈ ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിന് വേണ്ടിയാണ് ഈ പുതിയ ഭേദഗതി നിയമം അവതരിപ്പിച്ചിരിക്കുന്നത്. സഹകരണ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങളിൽ അനധികൃതമായി നടക്കുന്ന എല്ലാത്തരം പ്രവണതകളും, കഴിഞ്ഞ കാലത്തും വർത്തമാനകാലത്തും നടന്നതുമാതിരിയുള്ള പ്രവർത്തികൾ, അവസാനിപ്പിക്കുവാൻ ഈ നിയമം ലക്ഷ്യം വയ്ക്കുന്നു. പുതിയ നിയമത്തിൽ സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ രൂപീകരിക്കുന്നതിന് വകുപ്പുണ്ട് ഇതനുസരിച്ച് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേതുപോലെ കുറ്റമറ്റ നിലയിൽ സഹകരണസംഘങ്ങളിൽ തെരഞ്ഞെടുപ്പ് നടത്തുന്നതിന് കഴിയും. ഇന്നത്തെപ്പോലെ കയ്യാംകളിയുടെ ആവശ്യം വേണ്ടിവരില്ലായെന്നാണ് എന്റെ വിശ്വാസം. പണംകൊണ്ടും പേശീബലംകൊണ്ടും ഒരുസംഘം ഭരണസമിതി പിടിച്ചെടുക്കുന്ന പ്രവണതയ്ക്ക് ഇവിടെ അന്ത്യം കുറിയ്ക്കേണ്ടതാണ്. ഓഡിറ്റ്, തെരഞ്ഞെടുപ്പ് തുടങ്ങിയ കാര്യങ്ങളിൽ രജിസ്ട്രാർക്ക് ഉണ്ടായിരുന്ന അധികാരങ്ങൾ എടുത്തുകളഞ്ഞിരിക്കുന്നു. അധികാരം രജിസ്ട്രാറിൽ കേന്ദ്രീകരിക്കുന്ന നിലപാടും ഇല്ലാതായിരിക്കുന്നു. മറ്റൊരു പ്രധാന ഭേദഗതിയാണ് പരീക്ഷാ ബോർഡ്. വാണിജ്യബാങ്കുകളോട് മത്സരിക്കാൻ കഴിയുന്ന നിലയിലേക്ക് കാര്യക്ഷമതയുള്ള ജീവനക്കാരെ നിയമിക്കുന്നതിനും നിയമനങ്ങളിലെ ക്രമക്കേടുകൾ അവസാനിപ്പിക്കുന്നതിനും അർഹതപ്പെട്ടവർക്ക് തൊഴിൽ ലഭിക്കുന്നതിനും ഈ ഭേദഗതികൾകൊണ്ട് കഴിയുമെന്നാണ് വിശ്വാസം. സംസ്ഥാനത്തെ സഹകരണബാങ്കുകളുടെ മിച്ചഫണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റും വികസനപ്രവർത്തനങ്ങൾക്കുവേണ്ടി വിനിയോഗിക്കാൻ കഴിയുന്ന കൺസോർഷ്യം ലെൻഡിംഗ് സ്കീം രൂപീകരിക്കുകയാണ്. അത് സംബന്ധിച്ചാണ് ഇവിടെ ചില വിവാദങ്ങൾ വന്നത്. സ്കീം രൂപീകരിക്കുന്നതിന് നിയമത്തിൽ വ്യവസ്ഥയുണ്ട്.

ജനകീയാസൂത്രണപ്രസ്ഥാനം കേരളത്തിന്റെ സമസ്തമേഖലകളിലും ചലനം സൃഷ്ടിച്ചുകൊണ്ട് മുന്നോട്ടുപോകുമ്പോൾ തീർച്ചയായിട്ടും ഈ കൺസോർഷ്യം ലെന്റിംഗ് സ്കീം സമസ്ത മേഖലകൾക്കും സഹായകരമാകുമെന്നാണ് എന്റെ വിശ്വാസം. ഇതിൽ നിന്ന് സംഘങ്ങളെ മാറ്റി നിറുത്താൻ നമുക്ക് കഴിയുകയില്ല. സംഘങ്ങളിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക്
11 P.M.] അംഗത്വം നൽകുന്നതിന് നിയമത്തിൽ വ്യവസ്ഥയുണ്ട്. ഈ സംവിധാനത്തോടെ ജനകീയാസൂത്രണ പ്രസ്ഥാനം കൂടുതൽ കരുത്തോടെ കേരളത്തിൽ മുന്നോട്ടു പോകുമെന്നാണ് വിശ്വാസം. ആഡിറ്റ് രംഗത്തുള്ള കുറവ് പരിഹരിക്കാനും കാലതാമസമൊഴിവാക്കുന്നതിനും ആഡിറ്റിംഗ് വിഭാഗം ഒന്നാകെ ഒരു ആഡിറ്റ് ഡയറക്ടറുടെ കീഴിൽ കൊണ്ടുവരുന്നത് വളരെയധികം മുന്നേറ്റം ഈ രംഗത്തുണ്ടാക്കുമെന്നുള്ളതിൽ സംശയമില്ല. സംഘങ്ങളിൽ അപൂർവമായി മാത്രമുണ്ടാകുന്ന ക്രമക്കേടുകളെപ്പറ്റി അന്വേഷിക്കുന്നതിന് വിജിലൻസ് ഓഫീസറെ നിയമിക്കാനും വ്യവസ്ഥയുണ്ട്. ഇതാണ് ഇവിടെ വന്ന മറ്റൊരു വിമർശനം പിശകുണ്ടെങ്കിൽ നമുക്ക് പിന്നീട് തിരുത്താം. ഇപ്പോഴുള്ള ഓഫീസർ ഇരിക്കട്ടെ. പിശക് വരുമെങ്കിൽ നമുക്ക് പിന്നീട്

31/2010

LIBRARY ARCHIVES Kerala Legislative Assembly

തിരുത്താവുന്നതാണ്. സഹകരണ മേഖലയ്ക്ക് പുതിയ തലങ്ങളിൽ പ്രവേശിക്കാൻ കഴിയുന്ന നിലയിൽ വ്യക്തികളും സംഘങ്ങളും ചേർന്ന് ഫെഡറൽ സംഘങ്ങൾ രൂപീകരിക്കുന്നതിന് നിയമത്തിൽ വ്യവസ്ഥചെയ്യുന്നുണ്ട്. കേരളത്തിലെ സാമൂഹ്യ ജീവിതത്തിന്റെ സകലമേഖലകളിലും വൻ പരിവർത്തനങ്ങൾക്ക് നിദാനമായി ഈ നിയമം മാറും. ഗ്രാമീണ മേഖല ഒരു നവചൈതന്യം കൈവരിക്കും. കക്ഷി രാഷ്ട്രീയ പരിഗണനകൾക്ക് അതീതമായി ആരോഗ്യകരമായ ചെറുകിട സാമ്പത്തിക സ്ഥാപനങ്ങൾ ഗ്രാമതലങ്ങളിൽ വളർന്ന് പന്തലിക്കുക തന്നെ ചെയ്യും. കാർഷിക കേരളം സഹകരണ സ്ഥാപനങ്ങളുടെ തണലിൽ വൻമുന്നേറ്റം കാഴ്ചവയ്ക്കുമെന്നാണ് വിശ്വസിക്കുന്നത്. പുതിയ സഹസ്രാബ്ദത്തിലേക്ക് കേരളം പ്രവേശിക്കുന്നത് സാധാരണക്കാർക്ക് അത്താണിയായ സഹകരണ മേഖലയ്ക്ക് പുതിയ നിയമത്തിന്റെ കരുത്ത് പകർന്നുകൊണ്ടും കഴിഞ്ഞകാലത്തെ അഴിമതികൾ ഇല്ലാതാക്കിക്കൊണ്ടുമായിരിക്കും. തീർച്ചയായും ഈ സർക്കാരിന്റെ നിയമനിർമ്മാണ ചരിത്രത്തിൽ തങ്കലിപികളാൽ ആലേഖനം ചെയ്യേണ്ട ഒന്നാണ് 1999-ലെ കേരള സഹകരണസംഘം (ഭേദഗതി) നിയമം എന്ന് ഞാൻ പറയുകയാണ്. ഈ നിയമം ഏകകണ്ഠമായി പാസാക്കി തരണമെന്ന് എല്ലാവരോടും അഭ്യർത്ഥിക്കുന്നു.

ശ്രീ. ടി. എം. ജേക്കബ് : സർ, അങ്ങയുടെ ഒരു റൂളിംഗ് പെന്റിംഗിലുണ്ട്.

മി. സ്പീക്കർ : ഈ ബില്ലിനെ സംബന്ധിക്കുന്ന റൂളിംഗാണല്ലോ. അതിന് സമയവും സന്ദർഭവുമൊക്കെയുണ്ടായിരുന്നു. അന്ന് ആകാമായിരുന്നു. പക്ഷേ ഈ സമയത്ത് അത് വേണ്ടെന്നാണ് തോന്നുന്നത്. അത് ഞാൻ പരിശോധിച്ചു.

ശ്രീ. ടി. എം. ജേക്കബ് : സർ, നാളെ പറഞ്ഞാൽ മതി.

മി. സ്പീക്കർ : ഞാൻ അത് മുഴുവൻ പരിശോധിച്ചു. അതിന്റെ രേഖകളും സെലക്ട് കമ്മിറ്റിയുടെ വെർബാറ്റിം പ്രൊസീഡിംഗ്സുമെല്ലാം പരിശോധിച്ചതാണ്. അങ്ങ് ഉന്നയിച്ചതിൽ പ്രസക്തിയില്ലെന്നാണ് അതുസംബന്ധിച്ച് പറയാനുള്ളത്. വെർബാറ്റിം പ്രൊസീഡിംഗ്സിൽ ഉള്ള കാര്യങ്ങൾ തന്നെയാണ് ബഹുമാനപ്പെട്ട സഹകരണവകുപ്പുമന്ത്രി ഇവിടെ പ്രകടിപ്പിച്ചത്. ആ സ്പിരിറ്റ് ഉൾക്കൊണ്ടു കൊണ്ടാണ് ഇവിടെ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. മറ്റൊരു കാര്യം ചെയറിന് സൂചിപ്പിക്കാനുള്ളത്. ഇതിന്റെ ഒരു നടപടിക്രമത്തിന്റെ ഭാഗമായിട്ട് ഒരു റിപ്പോർട്ട് സെലക്ട് കമ്മിറ്റി അംഗീകരിച്ചാൽ അംഗീകരിക്കുന്ന റിപ്പോർട്ടിനെ ബേയ്സ് ചെയ്തിട്ടാണ് പിന്നീട് ഡിസന്റ് എഴുതുന്നത്. അംഗീകരിച്ച റിപ്പോർട്ടിൽ ഇതെല്ലാമുണ്ട്. നിങ്ങൾ എങ്ങനെയാണ് ഡിസന്റ് എഴുതുന്നത് ? ഒന്നും കാണാതെയല്ലല്ലോ. ഒരു റിപ്പോർട്ടിനെ ബേയ്സ് ചെയ്തിട്ടല്ലേ ? ഒരു റിപ്പോർട്ട് കണ്ടിട്ടല്ലേ എഴുതുന്നത് ? ഇത് ആ റിപ്പോർട്ടിലുണ്ട്. മറ്റൊരു കാര്യം പറയാനുള്ളത്, പിന്നീട് നടന്ന ചർച്ചകളെ സംബന്ധിച്ചാണ്. ചർച്ചകളും പരിശോധിച്ചു. അവിടെ വന്ന അഭിപ്രായ പ്രകടനങ്ങളൊക്കെ പരിശോധിക്കുകയുണ്ടായി. അത്രയേ അതുസംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നുള്ളൂ. ഈ വൈകിയ സന്ദർഭത്തിൽ ഈ ബില്ലിനെസംബന്ധിച്ച് ചെയർ കൂടുതലായി ഒന്നും പറയാനാഗ്രഹിക്കുന്നില്ല. ഇതിനോട് സഹകരിച്ച എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി പ്രകാശിപ്പിക്കുകയാണ്.

1999-ലെ കേരള സഹകരണസംഘം (ഭേദഗതി) ബിൽ പാസാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ....

അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ ....

പ്രമേയം ശബ്ദവോട്ടോടുകൂടി അംഗീകരിക്കപ്പെട്ടിരിക്കുന്നു. ബിൽ പാസാക്കിയിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1999 ഡിസംബർ മാസം 23-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാത്രി 11.05 ന് പിരിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly